# നോമ്പിന്റെ യാഥാർത്ഥ്യം

(THE TRUTH ABOUT SOUM)











## ഖുർആൻ സൂക്തങ്ങളുടെ ആത്മാവിലൂടെ

ഡോ: അബ്ദുൽ ജലീൽ

# നോമ്പിന്റെ യാഥാർത്ഥ്യം

## (The Truth About Soum)


സാമ = നിർത്തലാക്കി, അവസാനിപ്പിച്ചു. **(Stopped, Ceased)** നിർമ്മാർജ്ജനം ചെയ്തു.

സിയാം = നിർത്തലാക്കൽ, അവസാനിപ്പിക്കൽ, നിർമ്മാർജ്ജനം ചെയ്യൽ **(to stop).**

അൽ-സിയാം (അസ്സ്വിയാം)-മാനവരാശിയുടെ ഭൗതികവും, ബൗദ്ധികവുമായ ദാരിദ്ര്യനിർമ്മാർജ്ജനത്തിനുള്ള ദൈവീക രൂപരേഖ അഥവാ വിശുദ്ധ ഖുർആൻ ! അൽസിയാം **(Al-Siyam).** അതൊരു പ്രത്യേക നിർമ്മാർജ്ജന പദ്ധതിയാണ്. അതൊരു പ്രത്യേക നിർത്തലാക്കൽ പരിപാടിയാണ്. അതെന്താണ്? നാം നിർമ്മാർജ്ജനം ചെയ്യേണ്ടത് എന്തിനെയാണ്? ഖുർആനും മുഹമ്മദ് നബിയും നിർത്താൻ ഒരിക്കൽപോലും സൂചന നൽകിയിട്ടില്ലാത്ത തീറ്റയും, കുടിയുമോ? അതല്ല ഖുർആനും മുഹമ്മദ് നബിയും നൂറുകണക്കിന് സൂക്തങ്ങളിലൂടെ ആവർത്തിച്ച് പഠിപ്പിച്ച സമൂഹത്തിലെ തിന്മകളുടെ നിർമ്മാർജ്ജനമോ?. അസ്സിയാം-വേദഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിലുള്ള സമഗ്ര ദാരിദ്ര്യ നിർമ്മാർജ്ജനം. ചിന്തിക്കുക, പഠിക്കുക.







# നോമ്പിന്റെ യാഥാർത്ഥ്യം

**(The Truth About Soum)**

ദാരിദ്ര്യം മാനവരാശിയുടെ ഏറ്റവും വലിയ ശത്രുവാകുന്നു. ദാരിദ്ര്യം എന്നത് കേവലം പദാർത്ഥപരമായ (ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നീ മേഖലകളിൽ മാത്രമുള്ള) ദാരിദ്ര്യമല്ല. സാംസ്കാരിക ദാരിദ്ര്യവും അതിലുൾപ്പെടുന്നു. മാനവരാശിയുടെ ഭൗതികവും, ബൗദ്ധികവുമായ ദാരിദ്ര്യമകറ്റാൻ അല്ലാഹു മുഹമ്മദ് നബിയിലൂടെ നൽകിയ മഹത്തായ ഒരു 'സമഗ്രദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി'യാണ് 'അൽസിയാം' (അസ്സ്വിയാം) എന്നും, അത് വിശുദ്ധ ഖുർആൻ തന്നെയാണെന്നുമുള്ള ഖുർആനിക സത്യം തിരിച്ചറിഞ്ഞാൽ നാം വിജയിച്ചു. (**Al-Siyam = Holy Khur'aan - Total Poverty Eradication Programme. Poverty include both material and intellectual**). സമൂഹത്തിലെ എല്ലാ തിന്മകളേയും തടുക്കാനുള്ള ഒരു പരിചയാകുന്നു വിശുദ്ധ ഖുർആൻ. സമൂഹത്തിൽ കാലാകാലങ്ങളിലായി വരാൻ സാദ്ധ്യതയുള്ള തിന്മകളാകുന്ന കൂരിരുട്ടുകൾ നിർമ്മാർജ്ജനം ചെയ്യേണ്ടതിന് വേണ്ടി വിശുദ്ധ ഖുർആൻ കൊണ്ടുള്ള സമഗ്ര ദാരിദ്ര്യ നിർമ്മാർജ്ജന പരിശീലനം നിങ്ങൾ പൂർത്തിയാക്കി വയ്ക്കുക-അഥവാ വിശുദ്ധ ഖുർആനിൽ പരിപൂർണ്ണ അവഗാഹം നിങ്ങൾ നേടിവയ്ക്കുക (2:187) എന്ന ഖുർആനിക പാഠം പഠിക്കുകയും ഉൾക്കൊള്ളുകയും ചെയ്താൽ നാം വിജയിച്ചു. അല്ലാതെ അമവി അറബികൾ പഠിപ്പിച്ചതുപോലെ, റംസാൻ മാസത്തിൽ രാത്രിയാകുന്നതുവരെ നിങ്ങൾ വ്രതം അനുഷ്ഠിക്കു – 'റംസാൻ മാസം മുഴുവൻ പകലിൽ പട്ടിണി കിടക്കു' എന്നുള്ള ഒരു കല്പനയല്ല അത്.

ഡോ: അബ്ദുൾ ജലീൽ

Websites

www.aastana.com
www.thequranicvision.in
www.chekanoormoulavi.com
www.khur-aansunnathsociety.com

**പരിഭാഷ**
**അബൂയാസിൻ, അബുൽ കലാം, അബൂനിദാൽ**

Special thanks to
**Dr. Qamar Zaman & crew**
www.aastana.com

# നോമ്പിന്റെ യാഥാർത്ഥ്യം

ഡോ. എം.അബ്ദുൽജലീൽ, പുറ്റെക്കാട്

# Nombinte Yatharthyam

(Malayalam)

Based on Dr. Qamar Zaman's famous book

'The Truth about fasting'

***by* Dr. M. Abdul Jaleel, Puttekkad**

*First Edition:*
*July 2014*

*Printed at:*
*Kozhikode*

*Published by:*
*IRPC Kozhikode*
*Chekanur Moulavi Memorial Building*
*Govindapuram, Kozhikode - 16*
*Kerala - India*

പരിഭാഷ
അബൂയാസിൻ, അബുൽ കലാം, അബൂനിദാൽ

Special thank to
Dr. Qamar Zaman & crew
www.aastana.com

# അകത്താളുകളിൽ


ദാരിദ്ര്യമോ ദാരിദ്ര്യനിർമ്മാർജ്ജനമോ? (അവതാരിക) ................................. 7

അൽ-സിയാം (അസ്സിയാം) (വ്രതാനുഷ്ഠാനം - നോമ്പ്)-
സമഗ്ര ദാരിദ്ര്യ നിർമ്മാർജ്ജന പരിശീലനം-എന്നാൽ എന്ത് ? .................. 9

ശഹറു റംസാൻ, പട്ടിണിമാസം ആയതെങ്ങനെ ?............................................... 13

'ത്വആമു മിസ്കീൻ' : പൊരുൾ തേടുമ്പോൾ .................................................. 16

അല്ലാഹു എവിടെ എന്നതിന് ഖുർആന്റെ മറുപടി ......................................... 17

ദൈവദൂതന്റെ അൽ-സിയാം (അസ്സിയാം)അഥവാ വിശുദ്ധ ഖുർആൻ .. 20

വെളുത്തനൂലും കറുത്തനൂലും ! ..................................................................................27

മസ്ജിദ് പള്ളിയായപ്പോൾ!
അല്ലാഹുവിന്റെ മസ്ദിജ്-വിശുദ്ധ ഖുർആൻ-കേവലം ഒരു കെട്ടിടമായപ്പോൾ ......... 29

പട്ടിണിമാറ്റൽ പട്ടിണിയായപ്പോൾ.. ...................................................................... .34

റംസാനിലെ 'പട്ടിണി നോമ്പു'ണ്ടാക്കാൻ ഖുർ ആൻ വചനങ്ങളുടെ
അർത്ഥവും ആശയവും മാറ്റുന്നു ........................................................................ .36

ആരാണ് മുത്തഖി...? ആരാണ് ജാഗ്രതയുള്ളവൻ.? ........................................ 37

ആരാധനകൾക്ക് - ചടങ്ങുപ്രാർത്ഥനകൾക്ക്
പ്രാധാന്യം കൽപ്പിക്കാത്തവനാണ് മുത്തഖി എന്ന് വിശുദ്ധഖുർആൻ ...... 38

റംസാനിലെ തിന്മകൾ ............................................................................................ 39

റംസാൻ പുണ്യങ്ങളുടെ പൂക്കാലമോ? .............................................................. 39

സമാധാനം യുദ്ധമായപ്പോൾ...!
ഇസ്ലാം, യുദ്ധം ചെയ്യാനുള്ള കേവലം പന്ത്രണ്ട് മാസങ്ങളായപ്പോൾ...! 43

അസ്സിയാമിന്റെ ലക്ഷ്യം പട്ടിണി മാറ്റലാണെന്ന് വിശുദ്ധ ഖുർആൻ...!
അല്ലെന്ന് അബൂഹുറൈറകൾ.!!................................................................................ 49

ചരിത്രത്തിൽ നിന്നൊരു പാഠം-അസ്സിയാമിന്ന് ഒരു നല്ല ഉദാഹരണം ....... .51

ഖുർആനിലെ 'ശിക്ഷാ' നോമ്പുകൾ .................................................................. 60

ദൈവനാമത്തിൽ പട്ടിണി കിടക്കാമോ? ............................................................. 64

വേണം, ഒരുചികിത്സ !............................................................................................ 64






**ഖുർആൻ കൊണ്ട്**
**ധർമ്മസമരം (ജിഹാദ്) നടത്താൻ**
**ഞങ്ങളെ പഠിപ്പിച്ച**
**ഞങ്ങളുടെ പ്രിയപ്പെട്ട**
**ചേകന്നൂർ മൗലവിയ്ക്ക്**

## അവതാരിക

### *'അത്യുദാരനും കരുണാനിധിയുമായ അല്ലാഹുവിന്റെ അടയാളത്തിൽ'*

# ദാരിദ്ര്യമോ ദാരിദ്ര്യനിർമ്മാർജ്ജനമോ?

### വ്രതാനുഷ്ഠാനം : പട്ടിണി കിടക്കലോ, പട്ടിണി മാറ്റലോ?

'സമൂഹത്തിലെ (തിന്മകളാകുന്ന) ഇരുട്ടുകളിലേക്ക് (അവയെ പാടെ നിർമ്മാർജ്ജനം ചെയ്യേണ്ടതിന്) വേദഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിലുള്ള സമ്പൂർണ്ണ പരിശീലനം (നിങ്ങൾ) നേടി വെയ്ക്കുക.(2:187) അല്ലാതെ, രാവിലെ മുതൽ രാത്രി ആകുന്നതുവരെ പട്ടിണി കിടക്കുക എന്നല്ല ആ മഹത്തായ ഖുർആനിക സൂക്തത്തിന്റെ അർത്ഥം. മാത്രമല്ല മനുഷ്യനെ ആരാധാനാ ഭ്രാന്തനാക്കുന്ന ഒരൊറ്റ സൂക്തം പോലും ഖുർആനിൽ എവിടെയുമില്ല എന്നതാണ് സത്യം. വിശുദ്ധഖുർആനിൽ കൽപിച്ചതെന്ന വ്യാജേന പുരോഹിതൻമാർ അടിച്ചേൽപിച്ച,-മുസ്ലിം സമുദായം നൂറ്റാണ്ടുകളായി ആചരിച്ചുവരുന്ന-നമസ്കാരം, ബാങ്കുവിളി, ഹജ്ജ്, ചേലാകർമ്മം, അംഗസ്നാനം തുടങ്ങിയവക്ക് വിശുദ്ധഖുർആനുമായി യാതൊരു ബന്ധവും ഇല്ലെന്ന് സമർത്ഥിക്കുന്ന ധാരാളം രചനകൾ ഇതിനകം മലയാളത്തിലും ഉണ്ടായെന്നത് ഖുർആനിക നവോത്ഥാന ചിന്തകളെ നെഞ്ചേറ്റുന്നവരിൽ ആശ്വാസവും അഭിമാനവും പകരുന്നതാണ്.

എന്നാൽ വർഷത്തിൽ ഒരുമാസം നിർബന്ധമായും, മറ്റ് പല ദിവസങ്ങളിൽ ഐച്ഛികമായും ആചരിച്ചുവരുന്ന വ്രതാനുഷ്ഠാനത്തിന്റെ പൊരുൾ തേടിയുള്ള ഒരു സത്യാന്വേഷണഗ്രന്ഥത്തിന്റെ അഭാവം നവോത്ഥാന സൃഷ്ടികളിൽ പ്രകടമായിരുന്നു. ഡോ.എം.അബ്ദുൽ ജലീൽ പുറ്റെക്കാട് രചിച്ച നോമ്പിന്റെ യാഥാർത്ഥ്യം എന്ന ഈ പുസ്തകം ആ പോരായ്മ നികത്തുന്നതോടൊപ്പം ഖുർആന്റെ ആധുനിക വായനയിൽ വളരെ വിലപ്പെട്ട ഒരു രചനകൂടി ആയിത്തീരുന്നു.

കേവല ഉപവാസം കൊണ്ട് - ചടങ്ങു പ്രാർത്ഥന കൊണ്ടും അനുഷ്ഠാനങ്ങൾ കൊണ്ടും ആരും ഒന്നും നേടുന്നില്ലെന്ന പരമസത്യം ബോധ്യപ്പെടാത്തവരായി ആരും ഇല്ല. പകൽ പട്ടിണി കിടക്കാനല്ല, മറിച്ച് തീവ്ര പരിശീലനത്തിലൂടെ സമൂഹത്തിലെ ഇരുട്ടുകളെ വിപാടനം ചെയ്തു എല്ലാവരും സുഭിക്ഷമായി കഴിയുന്ന ഒരു സ്വർഗ്ഗീയ ജീവിതം സൃഷ്ടിച്ച് പ്രകൃതിയോടിണങ്ങിക്കഴിയാനാണ് ഖുർആൻ ആഹ്വാനം ചെയ്യുന്നത്. സുമ്മഅത്വിമ്മുസ്സിയാമ ഇലല്ലൈലി... (സമൂഹത്തിലെ തിന്മകളാകുന്ന) ഇരുട്ടുകളിലേക്ക് അവയെ നിർമ്മാർജ്ജനം ചെയ്യേണ്ടതിന് വേദഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിലുള്ള സമ്പൂർണ്ണ പരിശീലനം നിങ്ങൾ നേടി വെയ്ക്കുക) എന്ന ഖുർആനിക വചനം (2:187) ഇതാണ് അടിവരയിടുന്നത്.

റംസാനിൽ പട്ടിണി കിടക്കാനല്ല, വേദഗ്രന്ഥമുപയോഗിച്ച് പട്ടിണിയും ദാരിദ്ര്യവും നിർമ്മാർജ്ജനം ചെയ്യുന്ന ഒരു സമൂഹ സൃഷ്ടിപ്പിനുള്ള തീവ്രപരിശീലനമാണ് നടത്തേണ്ടതെന്ന ഖുർആനിക സന്ദേശമാണ് ഖുർആൻ വിശ്വാസികൾ ഉൾക്കൊള്ളേണ്ടതെന്ന് ഗ്രന്ഥകാരൻ ഇതിൽ സമർത്ഥിക്കുന്നു. ഡോ.ജലീൽ സാഹിബ് ഇതിനകം കൈരളിക്ക് സമ്മാനിച്ച ചേലാകർമ്മം അനിസ്ലാമികം, ആമീൻ, അംഗസ്നാനം, ഇസ്ലാമും ജനാധിപത്യവും തുടങ്ങിയ ഗ്രന്ഥങ്ങളുടെ പ്രമേയം പോലെ ഇതും വളരെയേറെ പ്രധാന്യമർഹിക്കുന്നതാണ്. വ്രതാനുഷ്ഠാനം (ഒരു മാസത്തെ പകൽ പട്ടിണി) എന്ന പേരിൽ തെറ്റിദ്ധരിക്കപ്പെട്ട അസ്സിയാം സംബന്ധിച്ച ശരിയായ ഒരു രചനയുടെ അഭാവത്തിൽ വിശേഷിച്ചും.

ചരിത്രാവബോധത്തിന്റെ പിൻബലത്തിൽ, സത്യസന്ദേശങ്ങളുടെ യഥാർത്ഥ കാതലിന്റെ പൊരുളിൽ, തൂലിക സമൂഹ നന്മക്കായി പടവാളാക്കുന്ന ഒരു യഥാർത്ഥ വിശ്വാസിയുടെ അക്ഷരക്കൂട്ടുകൾ ഒരുപക്ഷെ പാരമ്പര്യത്തിന്റെ ചങ്ങലകളാൽ ബന്ധിക്കപ്പെട്ടവർക്ക് അസഹ്യമായി തോന്നുന്നത് സ്വാഭാവികം മാത്രം. ഒരു സാമൂഹ്യ നവോത്ഥാന ശ്രമത്തെയും ചുവപ്പ് പരവതാനി വിരിച്ച് കാലം സ്വീകരിച്ചിട്ടില്ല. ഒരു സത്യപ്രബോധകനെയും പൂമാലയിട്ട് ആനയിച്ചിട്ടുമില്ല. പക്ഷേ കാലം സത്യത്തെ ജീവിപ്പിച്ചു നിർത്തുക തന്നെ ചെയ്യും. ഖുർആനിക നവോത്ഥാന സംരംഭങ്ങളിൽ ഈ രചന മുന്നിട്ട് നിൽക്കും. വളരെ തിരക്കുപിടിച്ച കൃത്യനിർവ്വഹണത്തിനിടയിലും ഈ ഗ്രന്ഥരചനക്ക് സമയം കണ്ടെത്തിയ ഡോ.ജലീൽ സാഹിബിന് അഭിനന്ദനങ്ങൾ.

**അബുയാസീൻ**

# നോമ്പിന്റെ യാഥാർത്ഥ്യം

ജീവിതത്തിൽ ഒരിക്കൽ പോലും അല്ലാഹുവിനെ ആരാധിക്കുന്നതിന്റെ ഭാഗമായി പകൽമുഴുവൻ അന്നപാനീയങ്ങൾ ഉപേക്ഷിച്ച് പട്ടിണികിടക്കണം എന്ന് കൽപിക്കുന്ന ഒരൊറ്റ സൂക്തം പോലും ഖുർആനിൽ എവിടെയും ഇല്ല എന്നിരിക്കെ, ഒരു മാസം പകൽ മുഴുവൻ (റംസാൻ മാസം മുഴുവൻ) പട്ടിണി കിടക്കുകയും, അതേ രാത്രികളിൽ അതിന്റെ നാലിരട്ടി വെട്ടി വിഴുങ്ങുകയും ചെയ്യുന്ന ഒരു പറ്റം 'ശാപ്പാട്ടുരാമൻമാർ' മുസ്‌ലിം സമുദായത്തിൽ എങ്ങനെയുണ്ടായി എന്ന് അന്വേഷിക്കുന്നത് തികച്ചും കൗതുകകരമായ ഒരു കാര്യമല്ലേ. യഥാർത്ഥത്തിൽ പട്ടിണി കിടക്കാനല്ല, പട്ടിണി മാറ്റാനുള്ള കൂട്ടായ സമഗ്ര ദാരിദ്ര്യ നിർമ്മാർജ്ജന പരിശീലന പദ്ധതികളാണ് ഖുർആൻ അൽ-സിയാം (അസ്സ്വിയാം) എന്ന 'തീവ്ര വ്രതാനുഷ്ഠാന പരിപാടി' യിലൂടെ ലക്ഷ്യമിടുന്നത്. ദാരിദ്ര്യം എന്നത് കേവലം ഭൗതികമായ ദാരിദ്ര്യമല്ല. പട്ടിണി എന്നത് കേവലം ആമാശയപരമായ പട്ടിണിയുമല്ല.ആശയപരമായ പട്ടിണിയും-സാംസ്കാരിക ദാരിദ്ര്യവും (പ്രത്യയശാസ്ത്രപരമായ ദാരിദ്ര്യവും) അതിൽ ഉൾപ്പെടും.

ഖുർആനിലെ സിയാം, അൽ-സിയാം (അസ്സ്വിയാം) , ശഹറുറംസാൻ, ലൈലത്തസ്സിയാം, അശ്ശഹറുൽ ഹറാം എന്നിങ്ങനെയുള്ള പദങ്ങളുടെ യഥാർത്ഥ അർത്ഥവും ആശയവും ഖുർആൻ കൊണ്ടും, ഖുർആൻ വിരുദ്ധമല്ലാത്ത ഹദീസുകൾ കൊണ്ടും (ചരിത്രസത്യങ്ങൾ കൊണ്ടും) വിശകലനം ചെയ്തു പഠിച്ചാൽ നമുക്ക് മനസ്സിലാക്കാൻ കഴിയുന്ന അത്ഭുത സത്യങ്ങളാണ് ഇതെല്ലാം. സമൂഹത്തിലെ ഏതാണ്ടെല്ലാ തിന്മകളുടെയും അടിസ്ഥാന കാരണം പട്ടിണിയും ദാരിദ്ര്യവുമാണ്. അക്രമവും അനീതിയും മറ്റ് മനുഷ്യാവകാശ ലംഘനങ്ങളുമൊക്കെ പലപ്പോഴും അതിന്റെ ഉപോൽപന്നങ്ങളായി വരുന്ന പരിണിതഫലങ്ങളാണ്. നിരാലംബരായ യാചകർക്കു പോലും ഭക്ഷണവും, വസ്ത്രവും, പാർപ്പിടവും നൽകി, അവരുടെ ദാരിദ്ര്യം ഇല്ലാതാക്കി, അവരെ സംസ്കാര സമ്പന്നരാക്കി - നാടിനും സമൂഹത്തിനും ഉപകാരപ്പെടുന്ന രീതിയിൽ വളർത്തിയെടുക്കുക എന്നതാണ് ഓരോ ഇസ്‌ലാമിക സമൂഹത്തിന്റെയും ലക്ഷ്യം. അത്തരത്തിലുള്ള കർമ്മപദ്ധതികൾക്കും, സാമൂഹ്യ നിർമ്മിതിക്കുമാണ് ഖുർആൻ 'അൽസിയാമി' ലൂടെ (അസ്സ്വിയാമിലൂടെ) ഊന്നൽ നൽകുന്നത്.

പ്രകൃതിയും പ്രകൃതിവിഭവങ്ങളും അടിസ്ഥാനപരമായി അല്ലാഹുവിന്റേതാണ്. അത് അധ്വാനിക്കുന്നവന് അവകാശപ്പെട്ടതാണ്. അധ്വാനം കൊണ്ടേ പ്രകൃതിയും മനുഷ്യജീവിതവും മാറുകയുള്ളൂ കേവല പ്രാർത്ഥനകൾ കൊണ്ട് ഈ പ്രകൃതിയിൽ (ജീവിതത്തിൽ) ഒരു മാറ്റവും വരുത്താൻ ആർക്കുമാകില്ല. ദൈവദൂതൻമാർക്കു പോലും അത്തരം മാജിക്കുകൾ (മുഅ്ജിസത്തുകൾ) കാണിക്കാൻ സാധ്യമല്ലായെന്ന് ഖുർആൻ പഠിപ്പിക്കുന്നു. ദൈവവിശ്വാസത്തിലധിഷ്ഠിതമായ സൽകർമ്മങ്ങൾകൊണ്ടുമാത്രമെ ഈ പ്രകൃതിയിൽ നമുക്ക് മാറ്റം വരുത്താനും, സ്വർഗ്ഗീയമായ ഒരു ജീവിതം ഈ ഭൂമിയിൽ കെട്ടിപ്പടുക്കാനും കഴിയുകയുള്ളൂ. ഖുർആൻ പഠിപ്പിക്കുന്ന സ്വലാത്തും സക്കാത്തും, അൽഹജ്ജും, അസ്സ്വി യാമുമെല്ലാം അത്തരം കർമ്മപദ്ധതികളാണ്. പ്രകൃതിവിരുദ്ധമായ-അല്ലാഹുവിനു തീരെ ഇഷ്ടമില്ലാത്ത - ജാതി-മത-ഗോത്ര ചിന്തകൾക്കതീതമായി നിന്നുകൊണ്ട് സ്വർഗ്ഗതുല്യമായ സമാധാനജീവിതം നയിക്കുമ്പോൾ "അവിടെ നിങ്ങൾക്ക് അല്ലാഹുവിനെ കാണാം " എന്നാണ് ഖുർആൻ ആവർത്തിച്ച് പഠിപ്പിക്കുന്നത്. കേവലം ആചാരാനുഷ്ഠാനങ്ങളിലൂടെ സ്വർഗ്ഗീയമായ ജീവിതം കെട്ടിപ്പടുക്കാൻ നമുക്ക് സാധ്യമല്ല. ഒരു ചടങ്ങുപ്രാർത്ഥനകളും ഖുർആനിൽ കാണുക സാധ്യമല്ല. പ്രത്യുത മനുഷ്യന്റെ സമയവും സമ്പത്തും ഊർജ്ജവും പാഴാക്കിക്കൊണ്ടുള്ള എല്ലാ ചടങ്ങ് പ്രാർത്ഥനകളെയും ഖുർആൻ നിരാകരിക്കുന്നു. ഒരു തരത്തിലുള്ള ചടങ്ങ് പ്രാർത്ഥനകളും ആചാരങ്ങളും ഖുർആനിൽ ഇല്ല. അഞ്ച് നേരം അറബി ഭാഷയിൽ പടിഞ്ഞാറ് ഭാഗത്തേക്ക് മുഖം തിരിച്ച് ഒരു പ്രകടന നമസ്കാരം (ചടങ്ങു പ്രാർത്ഥന) നടത്തണമെന്നോ, മക്കത്തുപോയി അടിവസ്ത്രം ഉടുക്കാതെ ഒരു മുറിമുണ്ടുടുത്ത് കല്ലെറിഞ്ഞും, കല്ല് ചുംബിച്ചും ഒരു ശിർക്കൻ ഹജ്ജ് ചെയ്യണമെന്നോ, റംസാൻ മാസം മുഴുവൻ പട്ടിണി കിടക്കണമെന്നോ, അഞ്ച് നേരം സ്പീക്കറിലൂടെ ബാങ്ക് വിളിച്ച് അല്ലാഹുവിനെയും നാട്ടുകാരെയും ശല്യപ്പെടുത്തണമെന്നോ, ചേലാകർമ്മം ചെയ്യണമെന്നോ, 'ആമീൻ' പറഞ്ഞു പ്രാർത്ഥിക്കണമെന്നോ

സുന്നത്തു നമസ്കാരങ്ങൾ, സുന്നത്തു നോമ്പുകൾ, സുന്നത്തുഹജ്ജുകൾ എന്നിങ്ങനെ ഐച്ഛരിക മായ ആരാധനകൾ ചെയ്യണമെന്നോ-ഖുർആൻ വിരുദ്ധമായ ഇത്തരം മണ്ടത്തരങ്ങൾ ആചരിക്കുന്ന ''അഹ്ലുസ്സുന്നയുടെ'' ആൾക്കാർക്ക് മാത്രമെ സ്വർഗ്ഗവും പരലോക മോക്ഷവുമുള്ളൂ എന്നിങ്ങനെ യുള്ള സങ്കുചിത ചിന്താഗതികളൊന്നും ഖുർആനിലില്ല..! സാക്ഷാൽ നബിയോ, ഖലീഫ ഉമറോ, ഇമാം അലിയോ അങ്ങനെ ഒരു പാഠം പഠിപ്പിച്ചിട്ടുമില്ല. എന്നാൽ അമവി - അബ്ബാസി അറബികൾ വികൃതമാ ക്കിയ ഖുർആൻ പരിഭാഷകളിൽ (സുന്നി - ശിയാ തഫ്സീറുകളിൽ) നമുക്കതു ധാരാളം കാണാം. അത്തരം ഖുർആൻ പരിഭാഷകളിലെ പൊള്ളത്തരങ്ങൾ പുറത്തുകൊണ്ടുവരലും, നബിയുടെയും ഇസ്ലാ മിന്റെയും സുന്ദരമായ മുഖം ലോകത്തിന് മുമ്പിൽ വീണ്ടും അവതരിപ്പിക്കുക എന്നതുമാണ് ഖുർആൻ സുന്നത്ത് സൊസൈറ്റിയുടെ പ്രഖ്യാപിത ലക്ഷ്യങ്ങളിലൊന്ന്.

## അൽസിയാം (അസ്സിയാം=വ്രതാനുഷ്ഠാനം=നോമ്പ്)=സമഗ്ര ദാരിദ്ര്യ നിർമ്മാർജ്ജന പരിശീലനം എന്നാൽ എന്ത് ?

അവസാനിപ്പിച്ചു, നിർത്തലാക്കി (Stopped, Ceased) എന്നൊക്കെ അർത്ഥം പറയാവുന്ന സ്വാമ എന്ന പദത്തിന്റെ നാമരൂപമാണ് സിയാം. അതിന്റെ അർത്ഥം നിർത്തൽ, അവസാനിപ്പിക്കൽ, നിർമ്മാർജ്ജനം ചെയ്യൽ (To stop, To Cease, etc) എന്നൊക്കെയാണ്. (നോമ്പിന്റെ സത്യം - അബൂയാസീൻ, The Truth about Soum by Dr. Qamar Zaman എന്നീ ഗ്രന്ഥങ്ങൾ വായിക്കുക). അപ്പോൾ അസ്സിയാം എന്നുപറഞ്ഞാൽ പ്രത്യേകമായ എന്തോ ഒന്നിനെ നിർത്തൽ ചെയ്യലാണ്, പ്രത്യേകമായ എതോ ഒന്നിനെ അവസാനിപ്പിക്കലാണ്; പ്രത്യേകമായ എന്തോ ഒന്നിനെ തടഞ്ഞുനിർത്തലാണ്. തടഞ്ഞു നിർത്തേണ്ടത് ഈ സമൂഹത്തിലെ തിന്മകളെയാണ് എന്ന് ഖുർആൻ കൊണ്ട് സമർത്ഥിക്കുകയാണ് ഞങ്ങൾ ഇവിടെ ചെയ്യുന്നത്. സമൂഹത്തിലെ എല്ലാവിധ തിന്മകളെയും തടയാൻ അല്ലാഹു നമുക്ക് നൽകിയ ഒരു 'ദൈവീക പരിച'യാണ് വിശുദ്ധ ഖുർആൻ. (അൽ-സിയാം = അസ്സിയാം). നന്മയെ പ്രോത്സാഹിപ്പിക്കുകയും തിന്മയെ തടയുകയും ചെയ്യുന്ന ഒരുവിഭാഗം 'ശ്രദ്ധാലുക്കളായ മനുഷ്യർ' എന്നും ഈ ഭൂമുഖത്തുണ്ടായിരിക്കണം. അതിനുവേണ്ട ശിക്ഷണ നടപടികളാണ് ഖുർആനിലൂടെ അല്ലാഹു അവതരിപ്പിക്കുന്നത് എന്ന് ഖുർആൻ ആവർത്തിച്ച് പഠിപ്പിക്കുന്നു. മാത്രമല്ല മാനവരാശിയെ ഇരുട്ടിൽ നിന്നും വെളിച്ചത്തിലേക്ക് നയിക്കാനാണ് മുഹമ്മദ് നബിക്ക് വേദഗ്രന്ഥം നൽകിയതെന്ന് ഇടയ്ക്കിടയ്ക്ക് ഖുർആൻ ഉണർത്തുന്നു. (തമസോമാ : ജ്യോതിർഗമയാ) (2:257) (5:15) (6:122) (14:1,5) (33:43) (57:19) (65:11)

മാനവരാശിയെ ബാധിക്കുന്ന ഇരുട്ടുകൾ പലതാണ്. അറിവില്ലായ്മ, അക്രമം, അനീതി, അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ, ദാരിദ്ര്യം, പട്ടിണി എന്നിവയെല്ലാം കാലാകാലങ്ങളിലായി സമൂഹത്തിൽ കടന്നുവരാൻ സാദ്ധ്യതയുള്ള ഇരുട്ടുകളാണ്. അത്തരം ഇരുട്ടുകളിൽ നിന്ന് മാനവരാശിയെ മോചിപ്പിക്കുക എന്നതാണ് ഖുർആൻ എന്ന വേദഗ്രന്ഥത്തിന്റെ ആത്യന്തിക ലക്ഷ്യവും. ഖുർആൻ പഠിപ്പിക്കുന്ന സ്വലാത്തും, സകാത്തും, അൽ ഹജ്ജുമെല്ലാം അത്തരം ലക്ഷ്യങ്ങൾ മുൻനിർത്തിയുള്ള കർമ്മ പദ്ധതികളാണ്. അതുപോലെ സമൂഹത്തിലെ ഏറ്റവും വലിയ പ്രശ്നങ്ങളായ പട്ടിണി, ദാരിദ്ര്യം, ഭക്ഷ്യക്ഷാമം, തൊഴിലില്ലായ്മ, നിരക്ഷരത, അക്രമം, അനീതി തുടങ്ങിയവ പാടെ നിഷ്കാസനം ചെയ്യാനുള്ള സമഗ്രപരിശീലന പദ്ധതിയാണ് അസ്സിയാം എന്ന പദം കൊണ്ട് ഖുർആൻ അർത്ഥമാക്കുന്നത്. അതുവിശുദ്ധ ഖുർആന്റെ അടിസ്ഥാനത്തിലായിരിക്കുകയും വേണം (AL -Siyam is an intensive training programme based on Holy Khur'aan, to stop the evils of the society like poverty, starvation, famine, black marketing, unemployment, violence, intolerance and social injustice).

മുസ്ലിംകളെ വെറുതെ കുരങ്ങുകളിപ്പിക്കാനും, കഷ്ടപ്പെടുത്താനും പട്ടിണിക്കിടാനും വേണ്ടി-ആചാരാനുഷ്ഠാനങ്ങളിൽ തളച്ചിട്ട് അവരെ ചൂഷണം ചെയ്യാൻ വേണ്ടി-അമവി അറബികൾ (ഖുറൈശി അറബികൾ) (അമവി - അബ്ബാസി രാജാക്കന്മാരും അവരുടെ പുരോഹിതൻമാരും) വിശിഷ്യാ അബൂഹുറയ്റയും, മുആവിയയും വളരെ ആസൂത്രിതമായി കെട്ടിപ്പൊക്കിയ ഒരു ആഗോളപ്രസ്ഥാന മാണ് അഹ്ലുസുന്നത്ത് വൽ ജമാഅത്ത് എന്ന് നാം മുമ്പ് വേണ്ടത്ര തെളിവുകൾ സഹിതം സമർത്ഥി ച്ചിട്ടുണ്ട്. വിശുദ്ധഖുർആൻ മറച്ചുവെക്കാനും, ദുർബലപ്പെടുത്താനും, പ്രവാചകനെ ഒരു വഷളനായി ചിത്രീകരിക്കാനും വേണ്ടിയാണ് അബൂഹുറയ്റയും മുആവിയയും ഖുർആനിന് സമാന്തരമായിക്കൊണ്ട് രണ്ടാം പ്രമാണം എന്ന പേരിൽ ഹദീസുകൾ കെട്ടിയുണ്ടാക്കിയതും, ആ ഹദീസുകളുടെ അടിസ്ഥാന ത്തിൽ അഹ്ലുസുന്ന എന്ന അറേബ്യൻ പാരമ്പര്യമതമുണ്ടാക്കിയതും. ഗോത്രവർഗ്ഗ ചിന്തകൾക്കതീത മായി ഖുർആൻ കൊണ്ട് മുഹമ്മദ് നബി ഒന്നിപ്പിച്ച് നിർത്തിയ അറബികളെ ഭിന്നിപ്പിക്കാനും അതുവഴി

'ഭിന്നിപ്പിച്ച് ഭരിക്കുക' എന്ന തങ്ങളുടെ പഴയ ബൂർഷ്വാ തന്ത്രം വീണ്ടും നടപ്പിലാക്കാനുമാണ് ഖുറൈശി അറബികൾ ഖുർ ആനോ പ്രവാചകനോ പഠിപ്പിക്കാത്ത ആചാരാനുഷ്ഠാനങ്ങളുണ്ടാക്കി (നമസ്കാരവും, നോമ്പും, ഹജ്ജും, ബാങ്കുമൊക്കെയുണ്ടാക്കി) അറബികളെ ഭിന്നിപ്പിച്ചത്.

അങ്ങനെ മുഹമ്മദ് എന്ന ദൈവദൂതൻ ഒരൊറ്റ ശരീരം പോലെ ഖുർആൻ കൊണ്ട് ഒന്നിപ്പിച്ച് നിർത്തിയ അറേബ്യൻ മുസ്‌ലിംകൾ സുന്നികളും ശിയാക്കളുമായി നടുപിളർന്നു. സുന്നി,മുജാഹിദ്, ജമാഅത്ത്, തബലീഗ്, ഖാദിയാനി എന്നിങ്ങനെ സുന്നികളിലും ശിയാക്കളിലുമായി 300 ഓളം ഗ്രൂപ്പുകൾ ഇന്ന് മുസ്‌ലിം ലോകത്തുണ്ട്. എല്ലാവരും ഭിന്നിച്ച് നിൽക്കുന്നത് ഖുർആൻ ഒരിക്കൽ പോലും ഒരു സൂചനയും നൽകിയിട്ടില്ലാത്ത – 'കർമ്മശാസ്ത്രം' എന്നവർ ഓമനപ്പേരിട്ടു വിളിക്കുന്ന – ഹദീസുകൾ അഥവാ 'രണ്ടാം പ്രമാണം' എന്നവർ വിശ്വസിക്കുന്ന –ഹദീസുഗ്രന്ഥങ്ങളുടെയും, ആ ഹദീസിന്റെ അടിസ്ഥാനത്തിൽ മാത്രം ഉടലെടുത്ത നമസ്കാരത്തിന്റെയും നോമ്പിന്റെയും, ഹജ്ജിന്റെയും, ബാങ്കിന്റെയും വിഷയങ്ങളിലാണ്. അതിൽ നമസ്കാരത്തെക്കുറിച്ചും, ഹജ്ജിനെക്കുറിച്ചും ധാരാളം ഗ്രന്ഥങ്ങൾ പാക്കിസ്ഥാനിൽ അല്ലാമ പർവേഷും, ഇന്ത്യയിൽ ചേകനൂർ മൗലവിയും നമുക്ക് സമ്മാനിച്ചു.

സുന്നി, ശിയാ മുസ്‌ലിംകളുടെ നമസ്കാരത്തിലും ബാങ്കിലും ഹജ്ജിലുമൊക്കെയായി ഖുർആൻ വിരുദ്ധമായ നൂറുകണക്കിനു തെറ്റുകളുണ്ടെന്ന് – ശിർക്കുകളുണ്ടെന്ന് ചേകനൂർ മൗലവി സമർത്ഥിച്ചിട്ട് വർഷം 50 കഴിഞ്ഞു. ഒരൊറ്റ സുന്നി-മുജാഹിദ്-ജമാഅത്ത് പണ്ഡിതനും, ആ ആരോപണങ്ങൾക്ക് പണ്ഡിതോചിതമായ ഒരു മറുപടി പറയാനോ, മൗലവിയുടെ വാദങ്ങൾ തെറ്റാണെന്ന് സമർത്ഥിക്കാനോ കഴിഞ്ഞിട്ടില്ല. ഇനിയൊട്ടു കഴിയുകയുമില്ല. കേരളത്തിലെ ഖുർആൻ സുന്നത്ത് സൊസൈറ്റിയുടെ വളർച്ച സൂചിപ്പിക്കുന്നത് അതാണ്. നമസ്കാരത്തെക്കുറിച്ചും ബാങ്കിനെക്കുറിച്ചും, ഹജ്ജിനെക്കുറിച്ചും അതിലെ പൊള്ളത്തരങ്ങളെക്കുറിച്ചും 19 ഗ്രന്ഥങ്ങൾ മൗലവി രചിച്ചിട്ടുണ്ടെങ്കിലും, ഇസ്‌ലാമിലെ വ്രതാനുഷ്ഠാത്തെക്കുറിച്ച്-ഒരുമാസത്തെ പട്ടിണി നോമ്പിനെക്കുറിച്ച് ആധികാരികമായ ഒരു ഗ്രന്ഥം അദ്ദേഹം രചിച്ചിരുന്നില്ല. പ്രസംഗ കാസറ്റുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. പാക്കിസ്ഥാനിൽ പർവേഷിന്റെയും, കേരളത്തിൽ ചേകന്നൂർ മൗലവിയുടേയും പാത പിന്തുടർന്നുകൊണ്ട് മുന്നോട്ടുപോയ ഞങ്ങൾക്ക് ഒരുപാട് ഞെട്ടിപ്പിക്കുന്ന കുറെ ചരിത്ര സത്യങ്ങളും ആവേശം കൊള്ളിക്കുന്ന കുറെ ഖുർആനിക ആശയങ്ങളും പിന്നീട് കണ്ടെത്താനും പഠിക്കാനുമായി. അതെല്ലാം ഉൾപ്പെടുത്തി ഒരു കൊച്ചു ഗ്രന്ഥമായി അവതരിപ്പിക്കാം എന്നുകരുതിയതുകൊണ്ടാണ് നോമ്പിനെക്കുറിച്ചുള്ള ഗ്രന്ഥം ഇത്ര വൈകിയത്, ആദർശബന്ധുക്കൾ ക്ഷമിക്കുമല്ലോ.

'അഹ്‌ലുസുന്നത്ത് വൽ ജമാഅത്ത്' എന്ന ഖുർആൻ വിരുദ്ധ സുന്നി മതത്തിന്റെ നെടുംതൂണുകളിലൊന്നായ – പഞ്ചസ്തംഭങ്ങളായ 5 ഇസ്‌ലാം കാര്യങ്ങളിൽ ഒന്നായ – നോമ്പിന്റെ പിറകിലുള്ള ഖുർആൻ ദുർവ്യാഖ്യാനവും അട്ടിമറിയും പഠിക്കുമ്പോൾ അതിന്റെ ആദ്യപടിയായി ഖുർആൻ വ്രതാനുഷ്ഠാനത്തെക്കുറിച്ച് പഠിപ്പിക്കുന്ന (അസ്സിയാമിന്റെ) സൂക്തങ്ങളുടെ (2:183 – 189) ശരിയായ അർത്ഥവും ആശയവും നമുക്ക് ആദ്യം പഠിക്കാം. പിന്നീട് അബൂഹുറയ്റയും മുആവിയയും മറ്റു അമവി-അബ്ബാസി രാജാക്കൻമാരും വികൃതമാക്കിയ സുന്നി പരിഭാഷകളും, അതിലെ പൊള്ളത്തരങ്ങളും നമുക്ക് പഠിക്കാം. അതിനു ശേഷം എന്തുവേണമെന്ന് മാന്യവായനക്കാർക്ക് തീരുമാനിക്കാം.

**(2: 183) യാ-അയ്യുഹല്ലദീന-ആമനൂ-കുതിബ അലൈക്കുമുസ്സിയാമു കമാ-കുതിബ അലല്ലദീന മിൻ ഖബ്‌ലിക്കും – ല അല്ലക്കും തത്തഖൂൻ**. (സമൂഹത്തിൽ ശാന്തിയും സുരക്ഷിതത്വവും നൽകുന്നവരായി ജീവിച്ചുകൊള്ളാമെന്ന് – ദൈവദൂതൻ മുഖേന (ഖുർആൻ മുമ്പിൽ വെച്ചുകൊണ്ട് പ്രതിജ്ഞ ചെയ്തിട്ടുള്ള) സത്യവിശ്വാസികളെ (60:12, 48:10, 48:18, 2:62) (65:10,11) (4:100) (3:101)

(ദാര്യദ്ര്യവും, ഭക്ഷ്യക്ഷാമവും തൊഴിലില്ലായ്മയും അതിനെത്തുടർന്ന് വരാൻ സാധ്യതയുള്ള അക്രമവും അനീതിയും അന്ധവിശ്വാസങ്ങളും, അനാചാരങ്ങളും മറ്റു മനുഷ്യാവകാശലംഘനങ്ങളും തടഞ്ഞു നിർത്തുക – അതിനുവേണ്ട തീവ്രപരിശീലനം സംഘടിപ്പിച്ചുനേടുക എന്ന 'തീവ്രവ്രതാനുഷ്ഠാനം' നിങ്ങൾക്കു നിയമമാക്കിയിരിക്കുന്നു.

(വേദഗ്രന്ഥം ഉപയോഗിച്ച് സമൂഹത്തിലെ തിന്മകളെ) തടയൽ നിങ്ങൾക്കു നിയമമാക്കിയിരിക്കുന്നു.)

(അറിവില്ലായ്മ, അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ, അക്രമങ്ങൾ, അനീതികൾ, ദാരിദ്ര്യം തുടങ്ങിയ സമൂഹത്തിലെ ഇരുട്ടുകളുടെ) നിർമ്മാർജ്ജനം നിങ്ങൾക്കു നിയമമാക്കിയിരിക്കുന്നു.

(വേദഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ മാനവരാശിയുടെ ഭൗതികവും ബൗദ്ധികവുമായ ദാരിദ്ര്യ

ത്തിന് കാരണമായ തിന്മകൾ) തടയൽ നിങ്ങൾക്ക് നിയമമാക്കിയിരിക്കുന്നു. നിങ്ങൾക്ക് മുമ്പുണ്ടായിരുന്ന സമൂഹങ്ങൾക്ക് നിയമമാക്കിയതുപോലെ. നിങ്ങൾ സൂക്ഷ്മതയുള്ളവരാവാൻ വേണ്ടി.

**(2 : 184) അയ്യാമൻ മഅ്ദൂദാതിൻ** – മുന്നൊരുക്കത്തിന്റെ ഏതാനും ദിവസങ്ങൾ. (തയ്യാറെടുപ്പിന്റെ ഏതാനും ദിവസങ്ങളായി നിങ്ങൾ അതാചരിക്കുക).

**ഫമൻകാന – മിൻകും മരീളൻ – ഔ – അലാ – സഫരിൻ – ഫഇദ്ദത്തുൻ – മിൻ അയ്യാമിൻ – ഉഖർ** നിങ്ങളിലാരെങ്കിലും 'രോഗി' യാവുകയോ, 'യാത്രയിലാവുകയോ' ആണെങ്കിൽ (അത്തരം ശാരീരിക മാനസിക വൈകല്യങ്ങളൊക്കെ അതിജീവിച്ച ശേഷം) മറ്റൊരു ഘട്ടത്തിൽ ആ തയ്യാറെടുപ്പ് നടത്തേണ്ടതാണ്. (മറ്റ് ദിവസങ്ങളിൽ ആ പരിശീലനം അവർ പൂർത്തിയാക്കട്ടെ.)

**വ-അലല്ലദീന – യുതീഖൂനഹൂ – ഫിദ്‌യത്തുൻ-ത്വആമു മിസ്കീൻ** : തീവ്ര വ്രതാനുഷ്ഠാനത്തിന് കഴിയുന്നവർ (സമഗ്രദാരിദ്ര്യ നിർമ്മാർജ്ജനപദ്ധതിയിൽ പങ്കെടുക്കാൻ കഴിയുന്നവർ) തന്റെ സമൂഹത്തിലുള്ള ഒരഗതിയുടെ സമ്പൂർണ്ണ സംരക്ഷണം (അവന്റെ ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നിവ നൽകിക്കൊണ്ട്) ഏറ്റെടുക്കുക എന്നത് ജീവിതത്തിൽ തന്റെ ബാധ്യതയായി – (ലക്ഷ്യമായി) – കാണേണ്ടതാണ്.

(നമ്മുടെ പൂർവ്വികർ വേദഗ്രന്ഥമനുസരിച്ച് ജീവിക്കാതിരുന്നതുകൊണ്ടാണ് ഇവിടെ പട്ടിണിപ്പാവങ്ങൾ ഉണ്ടായത്. ഖുർആൻ പഠിപ്പിക്കുന്ന അസ്സ്വലാത്തും, സകാത്തും, അസ്സിയാമും, അൽഹജ്ജുമൊക്കെ അവർ മുറപോലെ അനുഷ്ഠിച്ചിരുന്നുവെങ്കിൽ നമ്മുടെ നാട്ടിൽ പട്ടിണിപ്പാവങ്ങൾ ഉണ്ടാകുമായിരുന്നില്ല. ആ തെറ്റ് നാം ആവർത്തിക്കാൻ പാടില്ല. അപ്പോൾ അവർ ചെയ്ത ആ തെറ്റിന്റെ ധാർമ്മികമായ ഉത്തരവാദിത്വം നാം സ്വയം ഏറ്റെടുത്ത്, അഗതി സംരക്ഷണം നമ്മുടെ ബാദ്ധ്യതയും ലക്ഷ്യവുമായി കാണണം എന്നും വ്യാഖ്യാനിക്കാം.)

വേദഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിലുള്ള സമഗ്ര ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിയിൽ പങ്കെടുക്കാൻ കഴിയുന്നവർ (അൽ-സിയാമിനു കഴിയുന്നവർ) അതിൽ പങ്കെടുക്കാതെ മാറി നിൽക്കുകയാണെങ്കിൽ ഒരു പിഴ എന്ന നിലക്ക് (പകരമായി) ഒരഗതിക്ക് ജീവിക്കാൻ വേണ്ട വിഭവങ്ങൾ നൽകേണ്ടതാണ് എന്നും വ്യാഖ്യാനിച്ചവരുണ്ട്.**രണ്ടായാലും അഗതി സംരക്ഷണമാണ് (ത്വആമു മിസ്കീൻ** ആണ്) **സിയാമിന്റെ ലക്ഷ്യം.**

**ഫമൻ-തതവ്വഅ-ഖൈറൻ-ഫഹുവ-ഖൈറുൻലഹു-** ആരെങ്കിലും ദൈവിക നിയമങ്ങളെ അനുസരിച്ചാൽ, അതിന്റെ ഗുണം അവനുതന്നെയാണ്.

(മാനവരാശിയുടെ സുഖത്തിനും സംതൃപ്തിക്കും, സന്തോഷത്തിനും വേണ്ടി, ഈ പ്രകൃതിയിലൂടെ ധാരാളം അനുഗ്രഹങ്ങൾ (പ്രകൃതി വിഭവങ്ങൾ) അല്ലാഹു നമുക്ക് നൽകിയിട്ടുണ്ട്. അവയെല്ലാം ഖൈർ (നന്മ) ആണ്. അതുപോലെ നമ്മുടെ ജീവിതത്തിനാവശ്യമായ നല്ലൊരു പ്രത്യയ ശാസ്ത്രവും (ജീവിത പദ്ധതി) അല്ലാഹു നമുക്ക് നൽകിയിട്ടുണ്ട്. അതാണ് അൽ-ഖൈർ (2:105). അഥവാ വിശുദ്ധ ഖുർആൻ. ആ ദൈവിക നിയമങ്ങളെ അനുസരിച്ച് ജീവിക്കാനാണ് (ഇത്വാഅത്ത്) ചെയ്യാനാണ് മാനവരാശിയെ, ഖുർആൻ നിരന്തരം ആഹ്വാനം ചെയ്യുന്നത്. അല്ലാഹു നമുക്ക് നൽകിയ വരദാനമായ ഈ ജീവിതം ആരെയും വെറുപ്പിക്കാതെ, സുഖമായും, സംതൃപ്തമായും, സമാധാനത്തോടെയും ജീവിച്ചു തീർക്കുക. അതുപോലെ ജീവിക്കാൻ സമൂഹത്തിലെ ദുർബല ജനവിഭാഗങ്ങളെയും (അൽ- നിസാഉകളെയും) സഹായിക്കുക. ഇതാണ് വിശുദ്ധ ഖുർആന്റെ മഹത്തായ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ ഒന്ന്.

**വഅൻ തസൂമു-ഖൈറുൻ ലകും-ഇൻകുൻതും തഅ്‌ലമൂൻ** (എന്നാൽ ദൈവിക നിയമങ്ങൾ അനുസരിച്ച് കൊണ്ട് കേവലം ഒരു അനുഭാവിയായി നിൽക്കാതെ, ദാരിദ്ര്യത്തിനും അനീതിക്കും, അക്രമത്തിനും ,അന്ധവിശ്വാസത്തിനും, അനാചാരങ്ങൾക്കും, മറ്റു മനുഷ്യാവകാശ ലംഘനങ്ങൾക്കും എതിരായി പോരാടുക. അതിനു വേണ്ട കൂട്ടായ പരിശീലനം വേദഗ്രന്ഥത്തിലൂടെ നേടുക) സമഗ്രദാരിദ്ര്യനിർമ്മാർജ്ജന പരിശീലന പരിപാടികൾ കൂട്ടായി നടപ്പിലാക്കുക എന്നതാണ് നിങ്ങൾക്ക് കൂടുതൽ ഉത്തമമെന്ന് നിങ്ങൾ മനസ്സിലാക്കുകയും ചെയ്യുക.

## അൽസിയാം (അസ്സിയാം) : തിന്മകൾ തടയാനുള്ള തീവ്രപരിശീലനം

വേദഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ സമൂഹത്തിലെ തിന്മകൾ തടയാനുള്ള ഒരു തീവ്ര പരിശീലന പരിപാടിയാണ് അസ്സിയാം അഥവാ തീവ്ര വ്രതാനുഷ്ഠാനം. അത് പട്ടിണികിടക്കാനുള്ളതല്ല. ദാരി

ദ്ര്യം, തൊഴിലില്ലായ്മ, ഭക്ഷ്യക്ഷാമം, അക്രമം, അനീതി തുടങ്ങി സമൂഹത്തിലെ തിന്മകൾ നിർമ്മാർജ്ജനം ചെയ്യാനുള്ള  ഒരു സമഗ്ര നിർമ്മാർജ്ജന പദ്ധതിയാണത്. ഖുർആൻ അവതരിച്ച ജാഹിലിയ്യാ കാലഘട്ടത്തിലും ഇന്നും മനുഷ്യന്റെ ഏറ്റവും വലിയ പ്രശ്നം വിശപ്പാണ്; പട്ടിണിയാണ്. ദാരിദ്ര്യമാണ് ഏതാണ്ടെല്ലാ തിന്മകളുടെയും ഉറവിടം. 'വിശക്കുന്നവന്റെ മുമ്പിൽ ദൈവം പോലും അപ്പമായി വരുന്നു' എന്നു ഗാന്ധിജി പറയാനും കാരണം അതാണ്. വികസ്വര രാഷ്ട്രങ്ങൾ ഇന്നു നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിൽ ഒന്ന് ദാരിദ്ര്യം തന്നെയാണ്. ദാരിദ്ര്യനിർമ്മാർജ്ജനത്തിന് ബുദ്ധിജീവികളും വിവിധ സംഘടനകളും ഗവൺമെന്റുകളും  പലതരം പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുന്നുണ്ട്.

വിശക്കുന്നവന് നമുക്ക് ഒരു നേരത്തെ ആഹാരം കൊടുക്കാം. അതോടുകൂടി അവന്റെ അന്നത്തെ പട്ടിണി മാറാം. എന്നാൽ അവന് നിത്യവും ആഹാരം ഉണ്ടാകാനുള്ള മാർഗം - ഒരു തൊഴിൽ -കുറച്ച് സമ്പന്നർ ചേർന്ന് ശരിയാക്കി കൊടുത്താൽ അവന്റെയും കുടുംബത്തിന്റെയും പട്ടിണി എന്നന്നേക്കുമായി മാറും. നിങ്ങൾ ഒരു മത്സ്യം വാങ്ങി ഒരു പാവപ്പെട്ടവന് നൽകുന്നതും വള്ളവും വലയും വാങ്ങിക്കൊടുത്ത് ആ പാവത്തെ മത്സ്യം പിടിച്ചു ജീവിക്കാൻ പഠിപ്പിക്കുന്നതും തമ്മിൽ വലിയ അന്തരമില്ലേ? എന്നും നിങ്ങളുടെ മുന്നിൽ കൈനീട്ടുന്ന ഒരു കുടുംബത്തിലെ യുവാവിനെ പിടിച്ച് അവനെ ഡ്രൈവിംഗ് പഠിപ്പിക്കുക. അതിന് ശേഷം ഒരു ഓട്ടോ വാങ്ങിക്കൊടുത്ത് വരുമാനം ഉണ്ടാക്കി അത് കൊണ്ട് ജീവിക്കാൻ അവനെ പഠിപ്പിച്ചാൽ, അവനും അവന്റെ കുടുംബവും ജീവിതകാലം മുഴുവൻ സുഖമായി കഴിഞ്ഞുകൊള്ളും. **ഖുർആൻ ലക്ഷ്യം വെക്കുന്നത് അത്തരം ഒരു സമഗ്ര ദാരിദ്ര്യനിർമാർജ്ജന പദ്ധതിയാണെന്ന് വ്യക്തം.** ത്വആമു മിസ്കീൻ എന്നതു കൊണ്ട് ഒരാൾ അല്ലെങ്കിൽ ഒരു കുടുംബം തൽക്കാലം ഒരു നേരത്തേക്ക് അല്ലെങ്കിൽ കുറച്ച് നാളത്തേക്ക് രക്ഷപ്പെടും. എന്നാൽ ഖലീഫയോ, ഭരണകൂടമോ കൂട്ടായി അസ്സിയാം ചെയ്താൽ- ഒരു സമഗ്ര ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കിയാൽ -ഒരു കുടുംബം എന്നന്നേക്കും രക്ഷപ്പെടും. അൻ-തസൂമു-ഖൈറുൻ-ലകും- നിങ്ങൾ കാര്യം ശരിക്കും മനസ്സിലാക്കുന്നവരാണെങ്കിൽ ത്വആമു മിസ്കീനിനേക്കാൾ നല്ലത് (അഗതിക്ക് ഒരു നേരത്തെ ആഹാരം സ്വന്തമായി നൽകുന്നതിനേക്കാൾ നല്ലത്) അസ്സിയാം എന്ന ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടി സംഘടിച്ച് നടപ്പിലാക്കൽ തന്നെയാണ് എന്ന് ഖുർആൻ പറഞ്ഞതിന്റെ പൊരുൾ ഇപ്പോൾ മാന്യ വായനക്കാർക്ക് ബോധ്യപ്പെട്ടിട്ടുണ്ടാകുമെന്ന് കരുതുന്നു. **അന്നദാനം മഹാദാനം തന്നെയാണ്. എന്നാൽ മാനവരാശിക്ക് എന്നും അന്നം (ഭൗതികവും പ്രത്യയശാസ്ത്രപരവുമായ അന്നം) കിട്ടാനുള്ള നൂതനവും സമഗ്രവുമായ പദ്ധതികൾ കണ്ടുപിടിച്ചു- ആവഷ്കരിച്ചു - അതു കൂട്ടായി നടപ്പിലാക്കാനുള്ള തീവ്രയജ്ഞമാണ് അസ്സിയാമിലൂടെ ഖുർആൻ ലക്ഷ്യമിടുന്നത്.** അതേ പോലെ ഒരു സാമൂഹ്യദ്രോഹിയെ-ഒരക്രമിയെ-ഒറ്റക്ക് നേരിടുന്നതും, കൂട്ടായി നേരിടുന്നതും തമ്മിൽ അന്തരമുണ്ട്.

നോക്കൂ...! ഹിന്ദുവെന്നോ, മുസ്ലിമെന്നോ, ക്രിസ്ത്യാനിയെന്നോ വ്യത്യാസമില്ലാതെ - ജാതിമത ഭേദമന്യേ ലോകം നേരിടുന്ന ഏറ്റവും വലിയ പ്രശ്നമായ ദാരിദ്ര്യം, ഭക്ഷ്യക്ഷാമം, തൊഴിലില്ലായ്മ, എന്നിവയേയും, അക്രമം, അനീതി എന്നിങ്ങനെയുള്ള തിന്മകളെയും നേരിടാൻ മുഹമ്മദ് നബി തിരുമേനിയിലൂടെ അല്ലാഹു പഠിപ്പിച്ച ഒരു ഖുർആൻ സൂക്തത്തെ വളച്ചൊടിച്ച്, അതേ സൂക്തം കൊണ്ട് സുന്നികൾ എന്ന് പറയുന്ന ഒരു വിഭാഗത്തെ വളർത്തിയെടുത്ത്, ഒരു മാസം മുഴുവൻ അവരെ പട്ടിണിക്കിട്ട-ഇപ്പോഴും പട്ടിണിക്കിട്ടുകൊണ്ടിരിക്കുന്ന ഖുറൈശി അറബികളായ അബൂഹുറയ്റയുടേയും മുആവിയയുടേയും- അവരുടെ പിൻ ഗാമികളായ മറ്റു അമവി- അബ്ബാസി രാജാക്കൻമാരുടേയും അവരുടെ പുരോഹിതൻമാരുടേയും വക്ര ബുദ്ധിയെ 'എത്ര  പ്രശംസിച്ചാലും' അധികമാവുമോ? ഗൂഢാലോചനക്ക് ഒരു നോബേൽ സമ്മാനം ഏർപ്പെടുത്തുകയാണെങ്കിൽ അത് ആദ്യമായി കിട്ടുക ഇസ്ലാമിനെ അഹലുസുന്നത്തു വൽ ജമാഅത്താക്കി അട്ടിമറിച്ച അബൂഹുറൈറക്കും മുആവിയക്കുമാണ് എന്ന കാര്യത്തിൽ ആർക്കും സംശയം വേണ്ട.

**(2:185) ശഹ്റു റമളാനല്ലദി-ഉൻസില ഫീഹിൽ ഖുർആൻ ഹുദൻലിന്നാസി-വബയ്യിനാത്തിൻ മിനൽ ഹുദാ വൽഫുർഖാൻ** (ദാരിദ്ര്യം, പട്ടിണി, തൊഴിലില്ലായ്മ, ഭക്ഷ്യക്ഷാമം, അവയെ തുടർന്നുണ്ടാകുന്ന, അക്രമങ്ങൾ, അനീതികൾ,  രക്ത ചൊരിച്ചിലുകൾ (ഗോത്ര യുദ്ധങ്ങൾ) അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ, പെൺശിശുഹത്യകൾ, മറ്റു മനുഷ്യാവകാശ ലംഘനങ്ങൾ എന്നിവകൊണ്ടെല്ലാം) ജനങ്ങൾ പ്രയാസപ്പെട്ട (ചൂടുപിടിച്ച) (പൊറുതിമുട്ടിയ) ഒരു സാഹചര്യത്തിലാണ്, മാനവരാശിക്ക് മാർഗദർശനമായി വിശുദ്ധഖുർആൻ അവതരിപ്പിക്കപ്പെട്ടത്.

മറ്റൊരുവിധത്തിൽ പറഞ്ഞാൽ 'നിങ്ങൾക്കെല്ലാം വളരെ സുപരിചിതമായ - ചൂടുപിടിച്ച ഒരു കാലഘട്ടത്തിലാണ് (രക്തപങ്കിലമായ ഒരവസ്ഥയിലാണ് - കുപ്രസിദ്ധമായ ഒരു കൊടും വേനലിലാണ് അഥവാ) ശഹറു റംസാനിലാണ് ജനങ്ങൾക്ക് ഒരു മാർഗ്ഗദർശനമായിക്കൊണ്ടും സത്യവും, അസ

ത്യവും വേർതിരിച്ചുകാണിക്കുന്ന സുവ്യക്ത വചനങ്ങളുള്ള (വചനങ്ങൾ വിശദീകരിക്കപ്പെട്ട) ഒരു ന്യായപ്രമാണം എന്ന നിലക്കും വിശുദ്ധ ഖുർആൻ അവതരിപ്പിക്കപ്പെട്ടത്'.

(ചരിത്രത്തിൽ ജാഹിലീയ്യ കാലഘട്ടം - ഇരുണ്ട യുഗം - അന്ധകാരയുഗം (Period of Ignorance) എന്നൊക്കെ അറിയപ്പെടുന്ന (AD 450 - AD 570) ഒരു കാലഘട്ടത്തിലാണ് പ്രവാചകൻ മക്കയിൽ ജനിച്ചത്. പ്രവാചകന്റെ (ഖുർആന്റെ) ഏറ്റവും വലിയ നേട്ടമായി ചരിത്രത്തിൽ നമുക്ക് കാണാൻ കഴിയുന്നത് നബി അറേബ്യയിലെ-ആ കാലഘട്ടത്തിലെ അന്ധകാരം അവസാനിപ്പിച്ചു എന്നതാണ്. കൂടുതൽ വിവരത്തിന് ഇസ്‌ലാമികഭരണത്തിന്റെ അവസാനവും അഹ്‌ലുസുന്നത്തുവൽ ജമാഅത്തിന്റെ ആരംഭവും എന്ന ഗ്രന്ഥവും ഇസ്‌ലാമും ജനാധിപത്യവും - 'വുളുവിന്റെ സത്യം' എന്നീ ഗ്രന്ഥങ്ങളും പരിശോധിക്കുക www.khur-aan-sunnath society.com, www.aastana.com

## ശഹറുറംസാൻ പട്ടിണിമാസം ആയതെങ്ങനെ?
## 'തിന്മയുടെ സാഹചര്യം' പുണ്യമാസമായതെങ്ങനെ?

അറബി ഭാഷയിൽ ശഹ്ർ എന്നാൽ പ്രസിദ്ധമായത്, നല്ലവണ്ണം അറിയപ്പെടുന്നത് എന്നൊക്കെയാണർത്ഥം. പ്രസിദ്ധമായതെന്തിനെയും ശഹ്ർ എന്ന് പറയാവുന്നതാണ്. അതൊരു വ്യക്തിയാവാം, സ്ഥലമാവാം, സാഹചര്യമാവാം, സംഭവമാവാം. അറബി ഭാഷയിൽ ശിൻ-ഹാ-റാ എന്നിങ്ങനെയുള്ള അക്ഷരങ്ങൾ ചേർന്നുണ്ടാകുന്ന ശഹറ (പ്രസിദ്ധമായി) എന്ന മൂല പദത്തിൽ നിന്നാണ് ശഹർ എന്ന പദം നിഷ്പന്നമാകുന്നത്. വിശദീകരണത്തിന് (നോമ്പിന്റെ സത്യം - by അബൂയാസിൻ എന്ന ഗ്രന്ഥം പരിശോധിക്കുക) ഒരു വർഷത്തിൽ മാസങ്ങളുടെ എണ്ണം 12 ആണ് എന്ന് എല്ലാവർക്കും അറിയാം എന്നതുകൊണ്ട് അറബിയിൽ മാസങ്ങൾക്ക് ശഹർ എന്ന അർത്ഥം പിന്നീട് വന്നുചേർന്നതാണ്. (ലുഗത്ത്-അൽ-ഖുർആൻ-റാഷിദ് നുഅ്മാനി) മശ്ഹൂർ, തശ്ഹീർ, മുശാഹിർ എന്നൊക്കെയുള്ള പദങ്ങളും പ്രസിദ്ധമായത് (Well-known/famous) എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്നുണ്ട്. ഒരു വാള് ഉറയിൽ നിന്ന് ഊരുന്നതിനും ശഹറ എന്നു പറയുന്നു. ഇതിൽ നിന്നാണ് ശഹർ എന്ന വാക്കിന് വാൾ എന്നും യുദ്ധം എന്നുമൊക്കെ അർത്ഥമുണ്ടായത്. (The condition of blood shed is what the Qur An is revealed about - രക്തപങ്കിലമായ ഒരു സാഹചര്യത്തിലാണ് ഖുർആൻ അവതരിപ്പിക്കപ്പെട്ടത്) എന്നിങ്ങനെ ഡോ.ഖമർ സമാനിനെപ്പോലുള്ളവർ അർത്ഥം നൽകാനും കാരണം ഇതാണ്.

അബൂഹുറൈറയും മുആവിയയും, സുന്നി ശിയാ പണ്ഡിതൻമാരും, അവരെ തുടർന്നുവന്ന മറ്റുള്ളവരും അഹ്‌ലുസുന്നത്ത് വൽ ജമാഅത്ത് എന്ന അറേബ്യൻ ആചാരമതം ഉണ്ടാക്കുകയും അത് ഭംഗിയായി നിലനിർത്തുകയും ചെയ്യുന്നതിന്റെ ഭാഗമായി അട്ടിമറിച്ച ഒരു പദമാണ് ശഹറു റംസാൻ എന്നു നാം പഠിച്ചുകൊണ്ടിരിക്കുയാണല്ലോ. ഇനി അതിലെ റംസാൻ എന്ന പദത്തെക്കുറിച്ച് നമുക്ക് അൽപം പഠിക്കാം.

റമളാൻ (റംസാൻ) എന്ന പദത്തിന്റെ അർത്ഥം കഠിന ചൂട്, തൊലിയെ ഉരുക്കിക്കളയുന്ന അത്യുഷ്ണം, കൊടുംവേനൽ എന്നൊക്കെയാണ്. വാളിന്റെ മൂർച്ചയുള്ള ഭാഗത്തിനും വാൾ ഉറയിൽ നിന്നെടുത്ത് മൂർച്ച കൂട്ടുന്നതിനും റമളാൻ എന്നുപറയും. ശഹർ എന്ന പദത്തിന്റെയും റമളാൻ എന്ന പദത്തിന്റെയും അർത്ഥങ്ങളും ചില അർത്ഥ ഭേദങ്ങളും നാം കണ്ടു. നബിയുടെയും ഇസ്‌ലാമിന്റെയും, വിശിഷ്യാ ഖുർആൻ അവതരണത്തിന് കാരണമായ ജാഹിലീയ കാലഘട്ടത്തെയും ശരിക്കും പഠിച്ചറിഞ്ഞ സഹൃദയനായ ഒരു വ്യക്തി ഖുർആൻ വായിക്കുമ്പോൾ - സിയാമുമായും, അൽ സിയാമുമായും (ശഹറ് റമളാനുമായും ബന്ധപ്പെട്ട സൂക്തങ്ങൾ പഠിക്കുമ്പോൾ) - ആ ഖുർആനിക സൂക്തങ്ങളുടെ യഥാർത്ഥ അർത്ഥവും ആശയവും അതിലെ സന്ദേശങ്ങളും പഠിക്കുമ്പോൾ - അക്ഷരാർത്ഥത്തിൽ അത്ഭുതപ്പെട്ടുപോകും. അബൂഹുറൈറയും മുആവിയയും നബിവിരോധികളായിരുന്ന മറ്റ് അറബികളും ഇസ്‌ലാമിൽ നടത്തിയ അട്ടിമറികൾ കണ്ട് - ഖുർആൻ വ്യാഖ്യാനത്തിൽ അവർ കാണിച്ച ചെപ്പടിവിദ്ധ്യകൾ കണ്ട് - നാം ഞെട്ടിത്തരിച്ചുപോകും.

**ശഹ്റു റംസാൻ എന്നു പറഞ്ഞാൽ തിന്മകൾ നിലനിൽക്കുന്ന സാഹചര്യമാണ്. ജനങ്ങൾ പൊറുതിമുട്ടിയ ഒരു സാഹചര്യം. ഇതിന്റെ വിപരീത പദമാണ് 'അശ്ശഹറുൽ ഹറാം'. വ്യക്തമായ വിലക്കുകൾ അടങ്ങിയ നിയമങ്ങളുടെ സാന്നിദ്ധ്യം കൊണ്ട് (മസ്ജിദുൽഹറാമിന്റെ സാന്നിദ്ധ്യ കൊണ്ട് - വിശുദ്ധ ഖുർആന്റെ സാന്നിദ്ധ്യം കൊണ്ട്) പവിത്രമായ- ശാന്തമായ- ഒരു സാഹചര്യം (അഥവാ ഇസ്‌ലാമിക സമൂഹം. ഇസ്‌ലാമിക സാഹചര്യം) അല്ലാതെ ശഹ്റുൽ ഹറാം എന്നാൽ കേവലം യുദ്ധം ഹറാമായ മാസങ്ങളല്ല. (9:34) (2:194) ഇതു വിശദമായി തുടർന്നു വരുന്ന 'സമാധാനം യുദ്ധമായപ്പോൾ' എന്ന അദ്ധ്യായത്തിൽ വിശദീകരിക്കുന്നുണ്ട്.**

അത്യുന്നതമായ ദർശനങ്ങളും ആശയങ്ങളും അത്യുദാത്തവും അതേസമയം ഹ്രസ്വവുമായ രീതിയിൽ അവതരിപ്പിക്കുന്ന ഒരു ദൈവീക ഗ്രന്ഥമാണ് ഖുർആൻ. എന്നാൽ നബിയുടെയും ഖുർആന്റെയും ശത്രുക്കളായ അമവി - അബ്ബാസി രാജാക്കൻമാരും അവരുടെ പുരോഹിതൻമാരും ഇസ്‌ലാമിനെ ഒരു 'അഹ്‌ലുസുന്ന' എന്ന അറേബ്യൻ പാരമ്പര്യമതമാക്കുന്നിതിന്റെ ഭാഗമായി അതിഭീഭത്സമായ ഒരു അട്ടിമറിയിലൂടെ ഖുർആന്റെ അർത്ഥവും ആശയവും അട്ടിമറിച്ചുകളഞ്ഞു. അക്രമങ്ങൾ കൊണ്ടും അനീതികൊണ്ടും രക്തച്ചൊരിച്ചിലുകൾ കൊണ്ടും മറ്റു മനുഷ്യാവകാശ ലംഘനങ്ങൾ കൊണ്ടും ചൂടുപിടിച്ച ഒരു കാലഘട്ടം - കുപ്രസിദ്ധമായ ഒരു കാലഘട്ടം, കൊടുംവേനൽ, രക്തപങ്കിലമായ ഒരു അവസ്ഥ എന്നൊക്കെ ഖുർആൻ ഉദാത്തമായ സാഹിത്യഭാഷയിൽ പരിചയപ്പെടുത്തിയ ജാഹിലീയ കാലഘട്ടത്തെക്കുറിച്ച് പരാമർശിക്കാതെ പിന്നീട് ഖുറൈശി അറബികളുണ്ടാക്കിയ - നബി തിരുമേനിയുടെ മരണം കഴിഞ്ഞ് നാൽപ്പതു വർഷങ്ങൾക്കുശേഷം അമവീരാ രാജാക്കന്മാർ, ഖലീഫാ ഉമറിന്റെ പേരിൽ കെട്ടിയുണ്ടാക്കിയ ഒരു ഹിജ്റ കലണ്ടറിലെ കേവലം ഒരു റമളാൻ മാസം എന്ന അർത്ഥത്തിൽ മാത്രം ആ പദത്തെ ഒതുക്കുകയാണ് അറേബ്യൻ സുന്നികൾ ചെയ്തത്. അതിനുവേണ്ടി അമവീ രാജാക്കൻമാർ തന്ത്രപൂർവ്വം സൂര്യവർഷത്തിൽ നിന്ന് ചന്ദ്രവർഷത്തിലേക്ക് മാറുകയും ഖലീഫ ഉമറിന്റെ പേരിൽ ഒരു ഹിജ്റ കലണ്ടർ ആരംഭിക്കുകയും ചെയ്തു. ഹിജ്റ കലണ്ടറിന്റെ ചരിത്രം വിശദമായി നമുക്ക് പിന്നീട് പഠിക്കാം.

**ഫമൻ - ശഹിദ - മിൻകുമുശ്ശഹറ - ഫൽ - യസുംഹു** - 'അതുകൊണ്ട് ആരെങ്കിലും അത്തരമൊരു (തിന്മയുടെ) സാഹചര്യത്തിന് സാക്ഷിയായാൽ അവൻ അതിനെ തടുത്തുനിർത്തട്ടെ' (അക്രമവും അനീതിയും കണ്ടാൽ സ്വയം അതിൽ നിന്ന് മാറി നിൽക്കുകയും അത് ചെയ്യുന്നവരെ അതിൽ നിന്ന് തടയുകയും ചെയ്യേണ്ടത് സത്യവിശ്വാസികളുടെ ബാധ്യതയാണ്). (അല്ലാതെ, റംസാൻ മാസത്തെ തടുക്കട്ടെ എന്നല്ല അർത്ഥം. ഒരു നിമിഷത്തെയോ, ഒരു മണിക്കൂറിനെയോ, ഒരു ദിവസത്തെയോ, ഒരു മാസത്തെയോ തടുക്കാൻ നമുക്കാവില്ല. അതേ സമയം ആ സമയത്തു നടക്കുന്ന തിന്മകളെ തടുത്തു നിർത്താൻ നമുക്കു കഴിയും. ഫമൻ-ശഹിദ-മിൻകുമുശ്ശഹറ-ഫൽ-യസുംഹു- അതുകൊണ്ട് ആ മാസത്തിൽ - റംളാൻ മാസത്തിൽ നിങ്ങൾ 'ഹാജരുണ്ടെങ്കിൽ' - 'നിങ്ങൾ ജീവനോടെയുണ്ടെങ്കിൽ ആ മാസത്തെ നിങ്ങൾ നോൽക്കുക' എന്നത് ഒരു വികലമായ ശൈലിയും പരിഭാഷയുമാണ്. (യസുംഫീഹി = ആ മാസത്തിൽ തടുക്കട്ടെ എന്നല്ല ഖുർആൻ പറഞ്ഞത്. യസുംഹു-അതിനെ തടുക്കട്ടെ എന്നാണ്) ഖുർആനിലുള്ള എല്ലാ കൽപ്പനകളും ജീവിച്ചിരിക്കുന്നവർക്കു വേണ്ടി മാത്രമുള്ളതാണ്.) സത്യവും നീതിയും പ്രോത്സാഹിപ്പിക്കുന്ന-നന്മയെ പ്രോത്സാഹിപ്പിക്കുകയും തിന്മയെ തടയുകയും ചെയ്യുന്ന ഒരു സമൂഹം എന്നും ഈ ഭൂമിയിൽ ഉണ്ടാകണം. ഖുർആന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ ഒന്നാണത്. (11:116), (3:110), (3:104), (3:114), (4:85), (5:2), (9:67), (9:71), (7:199), (7:157), (16:89), (23:96), (13:22), (16:90)./(2:257) (5:15) (6:122) (14:1,5) (33:43) (57:19) (65:11)

'ഭൂമിയിൽ നാശമുണ്ടാക്കുന്നതിൽ നിന്നും (ജനങ്ങളെ) തടയുന്ന, നന്മയുടെ പാരമ്പര്യമുള്ള ഒരു വിഭാഗം നിങ്ങൾക്കുമുമ്പുള്ള തലമുറകളിൽ നിന്ന് എന്തുകൊണ്ട് ഉണ്ടായില്ല. അവരിൽ നിന്ന് നാം രക്ഷപ്പെടുത്തിയവരുടെ കൂട്ടത്തിൽ ചുരുക്കം ചിലരൊഴികെ. എന്നാൽ (അക്രമകാരികൾ പാവങ്ങളെയും തങ്ങളുടെ ദൈവീക ബാദ്ധ്യതകളെയും മറന്നുകൊണ്ട്) തങ്ങൾക്ക് നൽകപ്പെട്ട സുഖാഢംഭരങ്ങളുടെ പിന്നാലെ പോവുകയാണ് ചെയ്തത്. അങ്ങനെ അവർ കുറ്റവാളികളായിത്തീർന്നു'. (11:116)

വീണ്ടും കാണുക, 'മനുഷ്യവംശത്തിന് വേണ്ടി രംഗത്ത് കൊണ്ടുവരപ്പെട്ട ഉത്തമ സമുദായമാകുന്നു നിങ്ങൾ. നിങ്ങൾ നല്ല കാര്യങ്ങൾ കൽപിക്കുകയും ചീത്തകാര്യങ്ങളിൽ നിന്ന് (ജനങ്ങളെ) തടയുകയും അല്ലാഹുവിനെക്കൊണ്ട് (അല്ലാഹു എന്ന ആ മഹാശക്തിയുടെ മഹത്തായ പ്രാപഞ്ചിക വ്യവസ്ഥിതി-ഖുർആൻ എന്ന ദൈവീക ഭരണഘടന) ഉപയോഗിച്ചുകൊണ്ട് സമൂഹത്തിൽ സമാധാനം കൊണ്ടുവരികയും ചെയ്യുന്നു. വേദം നൽകപ്പെട്ടവർ (നബിയിൽ) വിശ്വസിച്ചിരുന്നുവെങ്കിൽ (അങ്ങനെ നബിയോടൊപ്പം ചേർന്ന്, നബിയുടെ സാമൂഹ്യ സാംസ്കാരിക പ്രവർത്തനങ്ങളിൽ സഹകരിക്കുകയും സമാധാനത്തിന്റെ വക്താക്കളും പ്രയോക്താക്കളുമാവുകയും ചെയ്തിരുന്നുവെങ്കിൽ) അതവർക്ക് നല്ലതാവുമായിരുന്നു. അവരുടെ കൂട്ടത്തിൽ ശരിയായ വിശ്വാസികളുണ്ട്. എന്നാൽ അവരിൽ അധികപേരും ധിക്കാരികളാകുന്നു.(3:110).

'നന്മയിലേക്ക് ക്ഷണിക്കുകയും (വേദഗ്രന്ഥത്തിലേക്ക് ക്ഷണിക്കുകയും) നല്ലത് കൽപിക്കുകയും ദുരാചാരത്തിൽ നിന്ന് വിലക്കുകയും ചെയ്യുന്ന ഒരു സമുദായം നിങ്ങളിൽ നിന്ന് ഉണ്ടായിരിക്കട്ടെ. അവരത്രെ വിജയികൾ' (3:104). വീണ്ടും കാണുക. ലുഖ്മാൻ തന്റെ മകനെ ഉപദേശിക്കുന്നു'. എന്റെ



പൊന്നുമകനെ, നീ വേദഗ്രന്ഥം മുറപോലെ നിലനിർത്തുകയും (വിശുദ്ധ ഖുർആൻ എന്ന വേദഗ്രന്ഥ ത്തിന്റെ അടിസ്ഥാനത്തിലുള്ള ധാർമ്മികവ്യവസ്ഥിതിയെ കണിശമായി ജീവിതത്തിൽ പുലർത്തുകയും അങ്ങനെയൊരു ദൈവിക വ്യവസ്ഥിതിയെ - Divine System സ്ഥാപിച്ചെടുക്കുകയും) സദാചാരം കൽപി ക്കുകയും, ദുരാചാരത്തിൽ നിന്ന് വിലക്കുകയും നിനക്ക് ബാധിച്ച വിഷമങ്ങളിൽ (പതറാതെ) ക്ഷമ യോടെ (കഠിനാധ്വാനം ചെയ്ത്) മുന്നേറുകയും ചെയ്യുക (വേദഗ്രന്ഥത്തിലൂടെ - ഖുർആനിലൂടെ നിന്നോട് നിരന്തരം കൽപിക്കപ്പെട്ട) ശക്തമായ ശാസനകളിൽപ്പെട്ടതത്രെ അത് (33:17).

നന്മയിലേക്ക് ക്ഷണിക്കുകയും തിന്മയെ തടയുകയും ചെയ്യുന്ന ഒരു സമൂഹം എന്നും ഈ ഭൂമി യിൽ ഉണ്ടായിരിക്കണം. അതാണ് ഖുർആന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിലൊന്നെന്ന് നൂറുകണക്കിന് സന്ദർഭങ്ങളിൽ ഖുർആൻ ഉണർത്തുന്നതായി നാം കണ്ടുവല്ലോ. യഥാർത്ഥത്തിൽ ഖുർആൻ പരിചയ പ്പെടുത്തുന്ന സ്വലാത്തും (അഞ്ച് നേര നമസ്കാരമല്ല) ഹജ്ജും (കല്ലേറും, കല്ല് ചുംബനവും മറ്റുമുള്ള തീർത്ഥ യാത്രയല്ല) അസ്സിയാമും (പട്ടിണിനോമ്പല്ല) എല്ലാം വിശുദ്ധ ഖുർആന്റെ ഈ ലക്ഷ്യം മുന്നിൽക ണ്ടുകൊണ്ടുള്ള സമഗ്രപ്രവർത്തന പദ്ധതികളാണ്. ഇവയെല്ലാം പരസ്പരപൂരകങ്ങളുമാണ്. (സ്വലാ ത്തിന്റെ സത്യം), നോമ്പിന്റെ സത്യം, നമസ്കാരത്തിന്റെ യാഥാർഥ്യം, വുളുവിന്റെ സത്യം, ഹജ്ജിന്റെ യാഥാർത്ഥ്യം, ഹജ്ജ്, The Truth about Salath, The Truth about Hajj, The Truth about Siyam എന്നിങ്ങനെ മലയാളത്തിലും, ഇംഗ്ലീഷിലും, ഉറുദുവിലും ഡോ.ഖമർ സമാനും, അബൂയാസീനും ഈയുള്ളവനു മൊക്കെ എഴുതിയ ഗ്രന്ഥങ്ങൾ പരിശോധിക്കുക. (Visit : www.khur-aan sunnath society.com, www.aastana.com)

# ‘ത്വആമു മിസ്കീൻ’ : പൊരുൾ തേടുമ്പോൾ

**പുരാതന കാലത്തും ഇന്നും എല്ലാ മനുഷ്യരുടെയും അടിസ്ഥാന പ്രശ്നങ്ങളാണ് ഭക്ഷണം, വസ്ത്രം, പാർപ്പിടം (20:115–125). ഇതിൽ ഏറ്റവും പ്രധാനമായത് ഭക്ഷണം തന്നെയാണ്. അതുകൊണ്ടാണ് ത്വആമു മിസ്കിൻ എന്ന പദം അസ്സിയാമിന്റെ സുക്തത്തോടൊപ്പം– അൽസിയാമിന്റെ ലക്ഷ്യമായി – അല്ലാഹു അവതരിപ്പിച്ചത്. ദാരിദ്ര്യം, തൊഴിലില്ലായ്മ, ഭക്ഷ്യക്ഷാമം എന്നിവ നിർത്തലാക്കാനുള്ള പദ്ധതികൾ ആവഷ്കരിച്ച് നടപ്പിലാക്കാനുള്ള വിശ്വാസികളോടും അവരുടെ ഭരണസമിതിയോടുമുള്ള പ്രത്യേക കൽപനകളാണ് പ്രസ്തുത സൂക്തങ്ങളിൽ അല്ലാഹു വ്യക്തമാക്കുന്നത്. ആധുനിക ഭരണകൂടങ്ങളും ഖുർആന്റെ ഈ സിദ്ധാന്തം അറിഞ്ഞോ, അറിയാതെയോ പ്രത്യേകം നടപ്പിലാക്കുന്നത് കാണാം. ഭക്ഷ്യവകുപ്പ്, കൃഷിവകുപ്പ്, വ്യവസായവകുപ്പ്, ശാസ്ത്രസാങ്കേതികവകുപ്പ്, തൊഴിൽവകുപ്പ്, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, ഹൗസിംഗ് ബോർഡ് ഇതെല്ലാം ജാതി മതി ഭേദമന്യേ ദൈവവിശ്വാസികളായ ജനങ്ങൾ അൽ സിയാം നടത്തിയതിന്റെ ഭാഗമായി ലോകത്ത് നിലവിൽ വന്ന കാര്യങ്ങളാണ്.** എന്നിട്ടും പ്രസ്തുത സൂക്തങ്ങളുടെ അർത്ഥങ്ങളും ആശയവും ശരിക്കും പഠിക്കാതെ, ആ സൂക്തങ്ങൾ ഈണത്തിലോതി ആകാശത്തേക്ക് കയ്യും നീട്ടി പ്രാർത്ഥിക്കാൻ സുന്നികളെ ആഹ്വാനം ചെയ്യുകയാണ് പുരോഹിതൻമാർ ഇന്നും ചെയ്യുന്നത്. കേവല പ്രാർത്ഥനകളല്ല, – പ്രാർത്ഥനകൾ കൊണ്ട് കാര്യമില്ലെന്നും, – അല്ലാഹുവിലും അന്ത്യദിനത്തിലുമുള്ള വിശ്വാസത്തോടുകൂടിയുള്ള സൽപ്രവർത്തനങ്ങൾക്ക് മാത്രമേ നമ്മുടെ ഇഹപര ജീവിതങ്ങൾ സ്വർഗ്ഗീയമാക്കാനാകൂ, – സമാധാനത്തിനായി പ്രവർത്തിച്ചവർക്ക് മാത്രമെ ഈ ഭൂമിയിലും പരലോകത്തും സ്വർഗ്ഗീയ ജീവിതമുള്ളൂ എന്ന് ഖുർആൻ പ്രഖ്യാപിച്ചിട്ടും, അതൊക്കെ അട്ടിമറിച്ച്, ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് ‘അഞ്ച് നേരം അറബി ഭാഷയിൽ പ്രാർത്ഥിക്കുന്നവർക്ക് മാത്രമെ സ്വർഗ്ഗമുള്ളൂ’എന്ന ഖുർആൻ വിരുദ്ധ സിദ്ധാന്തം ലോകത്ത് പ്രചരിപ്പിച്ച അമവി രാജാക്കൻമാരും അവരുടെ പുരോഹിതൻമാരും, അൽസിയാമും, (അസ്സ്വിയാമും) അൽഹജ്ജും അട്ടിമറിച്ചതിൽ എന്താണ് അത്ഭുതപ്പെടാനുള്ളത്.

മാനവരാശിയുടെ അടിസ്ഥാനപ്രശ്നമാണ് പട്ടിണി എന്നു നാം മനസ്സിലാക്കിയല്ലോ. മുഹമ്മദ് എന്ന ദൈവദൂതൻ മക്കയിൽ വരുമ്പോൾ അവിടെയുള്ള സാധാരണക്കാരുടെ പ്രധാനപ്രശ്നം ദാരിദ്ര്യവും തൊഴിലില്ലായ്മയും തന്നെയായിരുന്നു. വെള്ളത്തിനും മേച്ചിൽ സ്ഥലങ്ങൾക്കും ആടുമാടുകൾക്കും ഒട്ടകത്തിനും മുയലിനും വേണ്ടിയുള്ള തർക്കങ്ങളിൽ തുടങ്ങിയ അതിഭീകരമായ ഗോത്രയുദ്ധങ്ങൾ കൊണ്ടും, രക്തച്ചൊരിച്ചിലുകൾ കൊണ്ടും തകർന്നുപോയ ഒരു നാടായിരുന്നു അറേബ്യ. ആ സമൂഹത്തിലേക്കാണ് ദൈവദൂതൻ ഖുർആൻ എന്ന വേദവും കൊണ്ട് കടന്നുവന്നത്. ഖുർആൻ എന്ന പുണ്യതീർത്ഥം ഉപയോഗിച്ച് പ്രവാചകൻ അറേബ്യൻ ഗോത്രങ്ങൾക്കിടയിലുണ്ടായിരുന്ന കുടിപ്പകയുടെയും വിദ്വേഷത്തിന്റെയും അഴുക്കുകൾ കഴുകിക്കളഞ്ഞതായും അവരുടെ ഹൃദയങ്ങളെ കൂട്ടിയിണക്കിയതായും,അങ്ങനെ അവരെ ഒന്നിപ്പിച്ചതായും ഖുർആനും ചരിത്രവും സാക്ഷ്യപ്പെടുത്തുന്നു.

‘ഭിന്നിപ്പിച്ച് ഭരിക്കുക’ എന്നതായിരുന്നു. അറേബ്യയുടെ ഭരണസാരഥ്യം വഹിച്ചിരുന്ന ഖുറൈശി ഗോത്രത്തലവൻമാരുടെ നയം. അറേബ്യൻ ഗോത്രങ്ങൾക്കിടയിലുള്ള ശത്രുതയും കുടിപ്പകയും, മാത്സര്യവും, അനാചാരങ്ങളും പ്രോത്സാഹിപ്പിച്ച് – അവരെ തമ്മിലടിപ്പിച്ച് – അറേബ്യൻ ഗോത്രങ്ങളെ ചൂഷണം ചെയ്തുകൊണ്ടായിരുന്നു ഖുറൈശികൾ ഭരിച്ചിരുന്നത്. ഇതിനെതിരെയാണ് പ്രവാചകൻ രംഗത്ത് വന്നത്. പരസ്പരം ഗോത്രദൈവങ്ങളുടെ പേരിൽ ഭിന്നിച്ചു നിന്നു മരിക്കാതെ, ദൈവനാമത്തിൽ ഒന്നിച്ചു നിൽക്കാനും അറേബ്യയെ ഏകീകരിക്കാനും, അറേബ്യയെ ഒരു സ്വർഗ്ഗഭൂമിയാക്കാനും ആ ദൈവദൂതൻ ആഹ്വാനം ചെയ്തു. അറേബ്യയിലെ ഭരണവർഗ്ഗമായ ഖുറൈശികളും അവരുടെ റാൻമൂളികളും ഒരുവശത്തും, ഖുറൈശിഗോത്രത്തലവനായിരുന്ന അബ്ദുൽ മുത്തലിബിന്റെ പേരക്കുട്ടിയായ മുഹമ്മദ് എന്നദൈവദൂതനും അറേബ്യയിലെ പാവപ്പെട്ട ഗോത്രങ്ങളും, , മദ്ധ്യവർഗ്ഗത്തിലെ (Middle class society യിലെ) ഏതാനും ഗോത്രങ്ങളും, മറ്റൊരു ചേരിയിലുമായി, 23 വർഷം അറേബ്യയിൽ ഏറ്റുമുട്ടിയ ചരിത്രമാണ് ഇസ്ലാമിന്റെ ആദ്യകാല ചരിതം. ഖുർആൻ കൊണ്ടുള്ള ദൈവദൂതന്റെ ആ നവോത്ഥാന നീക്കം ഭരണവർഗ്ഗമായ ഖുറൈശികളെ ചൊടിപ്പിച്ചു. അവർ നബിക്കെതിരെയും നബിയുടെ നവോത്ഥാനപ്രസ്ഥാനമായ ഇസ്ലാമിനെതിരെയും ശക്തമായ ചെറുത്തുനിൽപുകൾ നടത്തിനോക്കി. എങ്കിലും ദൈവദൂതന്റെയും അദ്ദേഹത്തോടൊപ്പം ഉറച്ചുനിന്ന ധീരരായ അനുയായികളുടെയും നിശ്ചയദാർഢ്യത്തിനു മുമ്പിൽ അവർക്ക് മുട്ടുമടക്കേണ്ടി വന്നു. മാനവരാശിയുടെ ഭൗതികവും, ബൗദ്ധികവുമായ ദാരിദ്ര്യം അകറ്റാൻ നബി തിരുമേനിക്ക് അല്ലാഹു നൽകിയ മഹത്തായ ഒരു ‘സമഗ്ര ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി’യുടെ രൂപരേഖയാണ് അൽസിയാം അഥവാ വിശുദ്ധ ഖുർആൻ. ആ വേദഗ്രന്ഥമുപയോഗിച്ച് ഗോത്രദൈവങ്ങളേയും ഗോത്രചിന്തകളേയും അടിസ്ഥാനരഹിതമായ എല്ലാ

ഗോത്രാചാരങ്ങളേയും മതചിന്തകളേയും മുഹമ്മദ് എന്ന ദൈവദൂതൻ അറബികളുടെ മനസ്സിൽ നിന്ന് പിഴുതെറിഞ്ഞു. ആ വേദഗ്രന്ഥം ഉപയോഗിച്ച് മുഹമ്മദ് എന്ന ദൈവദൂതൻ അറബികളെ ഒന്നിപ്പിക്കുകയും അറേബ്യയിലെ ഭൗതികവും പ്രത്യയശാസ്ത്രപരവുമായ ദാരിദ്ര്യം ഇല്ലാതാക്കുകയും ചെയ്തു.

**വമൻകാന മരീളൻ – ഔ – അലാ സഫരിൻ – ഫ– ഇദ്ദത്തുമിൻ – അയ്യാമിൻ – ഉഖ്ർ;** നിങ്ങളിൽ ആരെങ്കിലും രോഗിയാവുകയോ, യാത്രയിലാവുകയോ ചെയ്താൽ (അത്തരം ശാരീരിക – മാനസിക വൈകല്യങ്ങളെയൊക്കെ അതിജീവിച്ച ശേഷം) മറ്റ് ദിവസങ്ങളിൽ – മറ്റൊരു ഘട്ടത്തിൽ ആ തീവ്ര പരിശീലന പരിപാടിയിൽ (അൽ സിയാമിൽ) പങ്കുചേരേണ്ടതാണ്.

**യുരീദുല്ലാഹു–ബികുമുൽ–യുസ്റ–വലാ യൂരീദുബികുമുൽ – ഉസ്റ** (ഇത്തരം ഒരു ശിക്ഷണ പരിപാടിയിലൂടെ (ഈ രീതിയിലുള്ള സംഘടിതവും കർശനവുമായ സമഗ്ര ദാരിദ്ര നിർമ്മാർജ്ജന പരിശീലന പരിപാടികളിലൂടെ) നിങ്ങൾക്ക് ആശ്വാസമുണ്ടാകുവാനാണ് (പ്രയാസരഹിതമായ ഒരു ജീവിതം) ഉണ്ടാക്കുവാനാണ് അല്ലാഹു ഉദ്ദേശിക്കുന്നത്. നിങ്ങൾക്ക് പ്രയാസമുണ്ടാക്കുവാൻ അല്ലാഹു ഉദ്ദേശിക്കുന്നില്ല. (നമ്മൾ ജീവിതത്തിൽ കഷ്ടപ്പെടുന്നത് നമ്മൾക്ക് ഇഷ്ടമല്ലാത്തതുപോലെ അല്ലാഹുവിനും അത് ഇഷ്ടമേയല്ല എന്നു സാരം)

**വലി–തുക്മിലുൽ ഇദ്ദത്ത – വലി തുകബ്ബിറുല്ലാഹ–അലാമാ–ഹദാക്കും–വ–ലഅല്ലകും–തശ്കുറൂൻ.** നിങ്ങൾ ആ പരിശീലനം (Intensive Training Programme) പൂർത്തിയാക്കുവാനും നിങ്ങൾക്ക് സന്മാർഗ്ഗം കാണിച്ചുതന്നതിന്റെ പേരിൽ അല്ലാഹുവിന്റെ മഹത്വം നിങ്ങൾ പ്രകീർത്തിക്കുവാനും (അങ്ങനെ പ്രയാസരഹിതമായ – സന്തോഷനിർഭരമായ ഒരു സമാധാന ജീവിതം ഖുർആനിലൂടെ നിങ്ങൾക്ക് നൽകിയതിന്) അല്ലാഹുവിനോട് നന്ദിയുള്ളവരായിരിക്കാനും വേണ്ടിയാണ്. (അവൻ ഇത്തരത്തിലുള്ള ദാരിദ്ര്യനിർമ്മാർജ്ജന പരിശീലന പരിപാടികൾ (അസ്സിയാം) നിങ്ങൾക്ക് നിയമമാക്കിയത്).

അല്ലാഹുവിനെ പ്രകീർത്തിക്കുക എന്നു പറഞ്ഞാൽ 'അല്ലാഹു അക്ബർ' അൽഹംദുലില്ലാ, എന്നിങ്ങനെ നാവുകൊണ്ടു ചുമ്മാ പറയലല്ല. അല്ലാഹുവിനെ ഉപയോഗിച്ച് – അവന്റെ വേദം ഉപയോഗിച്ച് ഒരു സാമൂഹിക – സാമ്പത്തിക ഭദ്രതയുള്ള ഒരു സംതൃപ്ത സമൂഹത്തെ വാർത്തെടുക്കലാണ്. ആ വിപ്ലവം വ്യക്തിയിൽ നിന്നാരംഭിക്കണം. അതൊരു കുടുംബമായി വളർന്ന് – സമൂഹമായി വളർന്ന്, ഒരു രാഷ്ട്രമായി-ദൈവീക രാഷ്ട്രമായി പരിണമിക്കണം. അപ്പോൾ നമുക്ക് സുഖസമ്പൂർണ്ണമായൊരു ജീവിതം വളർത്തിയെടുക്കാൻ കഴിയും. അങ്ങിനെ സുഖമായി ജീവിച്ചുകൊണ്ടാണ് നാം അല്ലാഹുവിനോട് നന്ദി കാണിക്കേണ്ടത്.

ജാതിമത ഭേദമന്യേ സമൂഹത്തിന്റെ ഐശ്വര്യവും ക്ഷേമവും ലക്ഷ്യംവെച്ചുകൊണ്ടുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളാണ് അൽസിയാമിലൂടെ ഇസ്‌ലാമിക രാഷ്ട്രത്തിന്റെ ഖലീഫയോ, മഹല്ല് കമ്മിറ്റിയോ, ഖാസിയോ, സർക്കാരോ ഒക്കെ ആസൂത്രണം ചെയ്യുന്നത്. അതുകൊണ്ട് തന്നെ അത്തരം പരിശീലന പരിപാടികളിൽ നിന്ന് മാറി നിൽക്കാൻ ഒരു വിശ്വാസിക്കും പാടുള്ളതല്ല. നിങ്ങൾ രോഗിയോ, യാത്രയിലോ ആയാൽ മറ്റ് ദിവസങ്ങളിൽ ആ പരിശീലനപരിപാടിയിൽ പങ്കുചേരണം. രോഗം ശാരീരികമാവാം, മാനസികമാവാം. അതുപോലെ യാത്രയും ശാരീരികമാവാം. അല്ലെങ്കിൽ പ്രത്യയശാസ്ത്രപരമാവാം. ഇസ്‌ലാമിന്റെ ഖലീഫയോ, മഹല്ല് കമ്മറ്റിയോ, ഖാസിയോ, നിലവുള്ള ഭരണകൂടമോ ഇപ്പോൾ നടപ്പിലാക്കാനുദ്ദേശിക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജനപരിപാടിയോട് നിങ്ങൾക്ക് താത്വികമായോ, പ്രായോഗികമായോ സഹകരിക്കാൻ എന്തെങ്കിലും പ്രയാസമുണ്ടെങ്കിൽ തൽക്കാലം നിങ്ങൾ മാറിനിൽക്കുന്നതിൽ തെറ്റില്ല. എന്നാൽ അത്തരം ശാരീരിക മാനസിക വൈകല്യങ്ങളെ അതിജീവിച്ച ശേഷം – പരിപാടി പൂർണ്ണമായും ആവശ്യവും സമയോചിതവുമാണ് എന്ന് നിങ്ങൾ പഠിച്ചറിഞ്ഞാൽ – അൽസിയാമിനോട് നിങ്ങൾ പൂർണ്ണമായി സഹകരിക്കേണ്ടതാണ്. തുടർന്ന് ഖുർആൻ അല്ലാഹുവിനെ സാന്ദർഭികമായി വീണ്ടും പതിവു രീതിയിൽ പരിചയപ്പെടുത്തുന്നു.

## അല്ലാഹു എവിടെ എന്നതിന് ഖുർആന്റെ മറുപടി

**(2:186) വ–ഇദാ–സഅലക–ഇബാദീ–അന്നീ–ഫ–ഇന്നീ–ഖരീബുൻ–ഉജീബു–ദഅ്വത്ത–ദ്ദാഈ– ഇദാ –ദആനീ–ഫൽയസ്തജീബൂലീ–വൽയുഉ്മീനൂബി–ല അല്ലഹും യർശദൂൻ;** 'എന്നെപ്പറ്റി എന്റെ ദാസൻമാർ നിന്നോട് ചോദിച്ചാൽ ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവനാണ് എന്ന് നീ മറുപടി പറയണം. ഞാൻ അവന്റെ വിളിക്ക് ഉത്തരം നൽകുന്നതാണ്. അതുകൊണ്ട് (ഈ വേദഗ്രന്ഥത്തിലൂടെ ഞാൻ നടത്തിയ ആഹ്വാനങ്ങൾക്ക്) അവൻ എനിക്കുത്തരം നൽകുകയും, എന്നെ ഉപയോഗിച്ച് (എന്റെ വേദ ഗ്രന്ഥം ഉപയോഗിച്ച്) അവൻ ഭൂമിയിൽ സമാധാനം കൊണ്ടുവരികയും ചെയ്യട്ടെ. അവർ സന്മാർഗ്ഗം പ്രാപിച്ചേക്കാം'.

വിളിക്കുന്നവൻ എന്നെ വിളിച്ചാൽ (ചോദിക്കുന്നവൻ ചോദിക്കേണ്ട രീതിയിൽ എന്നോട് ചോദിച്ചാൽ) ഞാൻ ഉത്തരം നൽകുന്നതാണ് എന്നാണ് ഖുർആൻ തുടർന്നു പറയുന്നത്. മാനവരാശിയുടെ ഐശ്വര്യം നിറഞ്ഞ ജീവിതത്തിന് വേണ്ടി ഈ പ്രപഞ്ചത്തിൽ ഒരുപാട് നിയമങ്ങളും ചട്ടങ്ങളും നടപടിക്രമങ്ങളും അല്ലാഹു സംവിധാനിച്ചിട്ടുണ്ട്. അവയെന്തെന്ന് ഖുർആനിലൂടെ പഠിപ്പിച്ചിട്ടുമുണ്ട്. ആ കൽപനകൾ ചെവികൊണ്ടാൽ സമാധാനത്തോടെ ഭൂമിയിൽ നിങ്ങൾക്ക് സസുഖം വാഴാം.

കേവല പ്രാർത്ഥനകൾ കൊണ്ട് ഒന്നും നേടാൻ പറ്റില്ലെന്നാണ് ഖുർആൻ ആവർത്തിച്ചു പഠിപ്പിക്കുന്നത്. ന്യായമായ അനുസരണവും പ്രവർത്തനവുമാണ് വേണ്ടത്. എത്ര പ്രാർത്ഥിച്ചിട്ടും കാര്യമില്ല. അതിനനുസരിച്ചുള്ള പ്രവൃത്തിയിലൂടെ മാത്രമെ ഈ പ്രപഞ്ചത്തിൽ കാര്യങ്ങൾ നടക്കുകയുള്ളൂ എന്ന് ഖുർആൻ വ്യക്തമാക്കുന്നു. (പ്രാർത്ഥനയും പ്രവൃത്തിയും എന്ന അദ്ധ്യായം കാണുക). നമ്മുടെ ന്യായമായ അഭിലാഷങ്ങളും ആഗ്രഹവുമാണ് പ്രാർത്ഥനയായി മാറുന്നത്. ആ പ്രാർത്ഥനകൾ രഹസ്യമായ പ്രതിജ്ഞകളായി മാറുന്നു. ഖുർആനിലെ പ്രാരംഭ അദ്ധ്യായത്തിൽ-ആമുഖത്തിൽ - അല്ലാഹു നമ്മോട് ആ പ്രതിജ്ഞയും പ്രാർത്ഥനയും ഒന്നിച്ചെടുപ്പിക്കുന്നു.

ഇയ്യാക്ക-നഅ്ബുദു-വഇയ്യാക്ക-നസ്തഈൻ = നിന്നെമാത്രം ഞങ്ങൾ ആരാധിക്കുന്നു. നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുകയും ചെയ്യുന്നു.

സത്യത്തിലും നീതിയിലും മാത്രം അധിഷ്ഠിതമായ അല്ലാഹുവിന്റെ ഈ പ്രപഞ്ചത്തിനും പ്രകൃതിവ്യവസ്ഥക്കും മാത്രമെ, (പ്രകൃതിയെ സ്നേഹിക്കുന്ന, വ്യക്തികൾക്കും പ്രസ്ഥാനങ്ങൾക്കും മാത്രമേ ഞാൻ എന്റെ സേവനങ്ങൾ നൽകുകയുള്ളൂ). വ്യക്തിപരമായാലും, കുടുംബപരമായാലും സാമൂഹ്യപരമായാലും എന്തുപ്രശ്നങ്ങളിലും നീതിയുടെയും നന്മയുടെയും പക്ഷത്ത് മാത്രമെ ഞാൻ നിൽക്കുകയുള്ളൂ. ജാതി മത ഭേദമന്യേ അത്തരമൊരു വ്യവസ്ഥിതിക്കും പ്രസ്ഥാനത്തിനും, വ്യക്തികൾക്കും മാത്രമേ ഞാൻ സേവനം ചെയ്യുകയുള്ളൂ. അത്തരം ഒരു വ്യവസ്ഥിതിയിൽ നിന്നു മാത്രമെ ഞാൻ സഹായം സ്വീകരിക്കുകയുള്ളൂ. **സത്യത്തിലും നീതിയിലും നന്മയിലും അധിഷ്ഠിതമായ ഒരു വ്യവസ്ഥിതി, അതൊരു വ്യക്തിയാവാം, സമൂഹമാവാം, ഒരു ഭരണസമിതിയാവാം, സാക്ഷാൽ ഈ പ്രകൃതി തന്നെയാവാം. അത്തരമൊന്നിൽ നിന്ന് മാത്രമെ ഞാൻ സഹായം സ്വീകരിക്കുകയുള്ളൂ എന്നാണ് മേൽ ഉദ്ധരിച്ച സൂക്തത്തിന്റെസാരം. ദൈവത്തിനെ മാത്രം ആരാധിക്കുക-ദൈവത്തിന് മാത്രം സേവനം ചെയ്യുക എന്നതിന്റെ പൊരുൾ അതാണ്. പ്രകൃതിയെയും പ്രകൃതിവിഭവങ്ങളെയും മനുഷ്യരെയും സ്നേഹിക്കുന്ന പ്രത്യയശാസ്ത്രങ്ങളെയും വ്യക്തികളെയും മാത്രമെ ഞാൻ പ്രത്സോഹിപ്പിക്കുകയുള്ളൂ. അതുപോലെ അത്തരം നിഷ്കളങ്കമായ പ്രകൃതിയോടുകൂടിയ വ്യക്തികളിൽ നിന്നും, പ്രസ്ഥാനങ്ങളിൽ നിന്നും പ്രത്യയശാസ്ത്രങ്ങളിലും നിന്നു മാത്രമെ ഞാൻ സഹായം സ്വീകരിക്കുകയുള്ളൂ. ഇത്തരമൊരു മഹത്തായ പ്രതിജ്ഞ എല്ലാവരും ആത്മാർത്ഥമായി എടുത്തുകഴിഞ്ഞാൽ ഇവിടെ കള്ളൻമാർക്കും കൊള്ളക്കാർക്കും നിലനിൽപുണ്ടാകുമോ.** ഈ പ്രതിജ്ഞ മാനവരാശിയെക്കൊണ്ട് എടുപ്പിച്ചതിനുശേഷമാണ് ഖുർആൻ എനിക്ക് നീ ചൊവ്വായ മാർഗ്ഗം കാണിച്ചുതരേണമേ എന്ന് പറയാൻ കൽപിക്കുന്നത് (ഇഹ്ദിനസ്സിറാത്തൽ മുസ്തഖീം). സത്യത്തിലും നീതിയിലും നന്മയിലും അധിഷ്ഠിതമായ കർമ്മങ്ങൾ ചെയ്യുന്നതിന് മുമ്പുള്ള ഒരു പ്രതിജ്ഞയാണത്. പ്രാർത്ഥിക്കാനല്ല, പ്രതിജ്ഞയെടുത്ത് (രഹസ്യമായി പ്രാർത്ഥിച്ച്) നല്ലരീതിയിൽ പ്രവർത്തിക്കാനാണ് അല്ലാഹു മാനവരാശിയെ നിരന്തരം ആഹ്വാനം ചെയ്യുന്നത്.

## വ്യക്തിയും വ്യക്തിത്വവും - ശരീരവും, ആത്മാവും

അല്ലാഹു ആരാണ്...? അല്ലാഹു എവിടെയാണ്...? മാനവരാശിക്ക് ബോധം വെച്ചതുമുതൽ നാം കേൾക്കാൻ തുടങ്ങിയ ചോദ്യമാണിത്. അതേ ചോദ്യവും അതിനുള്ള ഉത്തരവുമാണ് ഖുർആൻ (2:186ൽ) നമുക്ക് നൽകുന്നത്. ആരെങ്കിലും അല്ലാഹുവിനെ കണ്ടിട്ടുണ്ടോ...? നമ്മുടെ ശരീരത്തിന് പിറകിലുള്ള ആത്മാവിനെ നമുക്ക് കാണാൻ പറ്റാത്തതുപോലെ-നമ്മുടെ ശരീരത്തിലെ ഓരോ കോശങ്ങളിലും നിറഞ്ഞുനിൽക്കുന്ന ആ ചൈതന്യത്തെ നമുക്ക് കാണാൻ പറ്റാത്തത് പോലെ - നമ്മുടെ ഉള്ളിന്റെയുള്ളിലെ ബോധസ്വരൂപനെ നമുക്ക് കാണാൻ പറ്റാത്തത് പോലെ - അനന്തമായ ഈ പ്രപഞ്ചം മുഴുവൻ നിറഞ്ഞുനിൽക്കുന്ന-പ്രപഞ്ചത്തിന് പിറകിലുള്ള ആ മഹാശക്തിയെയും നമ്മുടെ സ്ഥൂലമായ നേത്രങ്ങൾ കൊണ്ട് കാണാൻ നമുക്ക് സാധ്യമല്ല. അല്ലാഹു നമ്മുടെ കണ്ഠനാഡിയേക്കാൾ അടുത്തുണ്ടെന്നാണ് ഖുർആൻ പറയുന്നത്. ഒരേ സമയം നമ്മുടെ ശരീരത്തിലും ഈ പ്രപഞ്ചം മുഴുവനും അവൻ നിറഞ്ഞു നിൽക്കുന്നു. അല്ലാഹു. അവൻ ഇല്ലാതെ ഒരു കണികപോലും ഈ പ്രപഞ്ചത്തിലെവിടെയുമില്ല. ആകാശത്ത് പറക്കുന്ന പറവകളെ നോക്കി ഖുർആൻ ചോദിക്കുന്നു; നിങ്ങളാണോ അവയെ താങ്ങിനിർത്തുന്നത്? അതോ നാമോ ? മനുഷ്യർക്ക് സന്തോഷവാർത്തകളുമായി-കച്ചവടച്ചരക്കുകളുമായി-കടലിലൂടെ

കൂറ്റൻ തിരമാലകൾക്ക് മീതെ ആടിയുലഞ്ഞ്- അവയെ കീറിമുറിച്ച് അതിശീഘ്രം സഞ്ചരിക്കുന്ന കപ്പലുകളെ നോക്കി അല്ലാഹു ചോദിക്കുന്നു; നിങ്ങളാണോ ആ കപ്പലിനെ സമുദ്രത്തിന്റെ അഗാധതയിലേക്ക് ആണ്ടു പോകാതെ സംരക്ഷിച്ച് കരക്കെത്തിക്കുന്നത്? അതല്ല നാമോ? ചുട്ടുപൊള്ളുന്ന കൊടും വേനലിൽ കിണറുകളും, കുളങ്ങളുമൊക്കെ വറ്റിവരളുമ്പോൾ, കരുവാളിച്ച മുഖവും വറ്റിവരണ്ട തൊണ്ടയുമായി മനുഷ്യർ നെട്ടോട്ടമോടുമ്പോൾ - ഒരു വേഴാമ്പലിനെപ്പോലെ ആകാശത്തേക്ക് നോക്കി അവർ നെടുവീർപ്പെടുമ്പോൾ - അതാവരുന്നു സന്തോഷസൂചകമായി ഒരു കുളിർക്കാറ്റും മഴമേഘങ്ങളും... ! നിങ്ങളാണോ ആ ഭാരമുള്ള മേഘങ്ങളെയും വഹിച്ച് സന്തോഷസൂചകമായി ആ കുളിർക്കാറ്റിനെ അയച്ചവർ...? അതല്ല നാമോ...? ഇങ്ങനെയൊക്കെയാണ് അല്ലാഹു ഖുർആനിലൂടെ അല്ലാഹുവിനെ നമുക്ക് പരിചയപ്പെടുത്തുന്നത്. നിഷ്കളങ്കമായ പ്രകൃതിയിലൂടെയും പ്രാപഞ്ചിക പ്രതിഭാസങ്ങളിലൂടെയും പ്രകൃതി നിയമങ്ങളിലൂടെയും, പ്രകൃതിയെ സ്നേഹിക്കുന്ന മനുഷ്യരിലൂടെയുമാണ് അല്ലാഹു നമുക്ക് അല്ലാഹുവിനെ സ്വയം പരിചയപ്പെടുത്തുന്നത്. നിഷ്കളങ്കമായ ഈ പ്രാപഞ്ചിക വ്യവസ്ഥയിൽ - ജാതി മത ഭേദമന്യേ എല്ലാവർക്കും ഒരുപോലെ ബാധകമായ ഈ പ്രകൃതിവ്യവസ്ഥയിൽ - പ്രകൃതി നിയമങ്ങളെ സ്നേഹിക്കുകയും പ്രോത്സാഹിപ്പിക്കുകയും താലോലിക്കുകയും ചെയ്യുന്ന വ്യക്തികളിൽ, കുടുംബങ്ങളിൽ, സമൂഹങ്ങളിൽ, ഭരണകൂടങ്ങളിൽ, രാഷ്ട്രങ്ങളിൽ നിങ്ങൾക്ക് അല്ലാഹുവിനെ കാണാം. അതാണ് രാമരാജ്യം... അതാണ് സ്വർഗ്ഗരാജ്യം... അതാണ് അല്ലാഹുവിന്റെ സാമ്രാജ്യം. (Divine Kingdome or the Court of God).

**ഈ പ്രകൃതി നീതിയിലും, നന്മയിലും അധിഷ്ഠിതമാണ്. നീതിയും നന്മയും അല്ലാത്തത് എന്തു ചെയ്താലും നമ്മുടെ പ്രകൃതിയും ശരീരവും നശിക്കുന്നു!! പിന്നെ നാമില്ല. അപ്പോൾ പ്രകൃതിയെ സ്നേഹിക്കുന്ന, നീതിക്കും നന്മക്കും വേണ്ടി നിലകൊള്ളുന്ന, വ്യക്തികളിൽ കുടുംബങ്ങളിൽ, പ്രസ്ഥാനങ്ങളിൽ രാഷ്ട്രങ്ങളിൽ നിങ്ങൾക്ക് അല്ലാഹുവിനെ കാണാം. അങ്ങനെ മാത്രമെ ഈ ലോകത്ത് നിങ്ങൾക്ക് അല്ലാഹുവിനെ കാണാൻ കഴിയൂ എന്നാണ് ഖുർആൻ ആവർത്തിച്ചു പറയുന്നത്.** അല്ലാഹുവിന്റെ കാണുന്ന ഭാഗമായ പ്രകൃതിയെയും സ്വന്തം ശരീരത്തെയും സനേഹിച്ചുകൊണ്ട് ഓരോ വ്യക്തിയും നിഷ്കളങ്കവും സന്തോഷഭരിതവുമായ ഒരു കുടുംബം വളർത്തിയെടുക്കണം. അതിന് ഓരോ വിശ്വാസിയും ഖുർആൻ എന്ന അല്ലാഹുവിന്റെ ആത്മാവിനെ - ഖുർആൻ എന്ന പ്രത്യയശാസ്ത്രത്തെ (3:30) പഠിച്ച് സ്വന്തം ആത്മാവിൽ ആവാഹിക്കണം. ഓരോ മുസ്ലിമും സഞ്ചരിക്കുന്ന ഒരു ഖുർആനായി മാറണം. അത്തരം ഒരവസ്ഥയിൽ ഒരു മുസ്ലിമും അവനുചുറ്റുമുള്ള പ്രകൃതിയും തമ്മിൽ പരസ്പരം താദാത്മ്യം പ്രാപിക്കുന്നു. പ്രകൃതിയും മുസ്ലിമും ഒന്നാകുന്നു. രണ്ട് അർദ്ധവൃത്തങ്ങൾ ചേർന്ന് ഒരു വൃത്തമാകുമ്പോൾ പിന്നെ ആ അർദ്ധവൃത്തത്തെ (Bracketsനെ) ആ വൃത്തത്തിൽ നിന്ന് തിരിച്ചറിയാൻ നമുക്ക് പറ്റാതാകും. വിശ്വാസിയും പ്രകൃതിയും പരസ്പരം അടുത്തറിഞ്ഞ് ഒന്നായി മാറും. അവിടെ അവൻ പ്രകൃതിയും പ്രകൃതി അവനുമായി മാറുന്നു. അത്തരമൊരവസ്ഥയിൽ മുഹമ്മദ് എന്ന മക്കയിലെ കച്ചവടക്കാരൻ എത്തിയപ്പോഴാണ് അല്ലാഹുവിനെ കണ്ടതെന്നും, മുഹമ്മദ് ദൈവദൂതനായി മാറിയതെന്നും ആ അവസ്ഥയിലാണ് മുഹമ്മദ് നബിക്ക് അല്ലാഹു ഖുർആൻ എന്ന ദൈവീക ഗ്രന്ഥം ബോധനത്തിലൂടെ (വഹ്‌യിലൂടെ) നൽകിയതെന്നും ഖുർആൻ നമ്മെ ഉണർത്തുന്നു. (53:1-18)

അത്തരമൊരവസ്ഥയിൽ നാം എത്തിയാൽ, ജാതിമത ഭേദമന്യേ തന്നെക്കാൾ ദുർബലരായ വ്യക്തികളെ (വേദജ്ഞാനം (ദൈവബോധം) ലഭിച്ചിട്ടില്ലാത്ത വ്യക്തികളെ) (അന്നിസാഇനെ) അതിനു സഹായിക്കണം. അങ്ങനെ സന്തോഷഭരിതരും സംതൃപ്തരുമായ ഒരുപറ്റം ദൈവവിശ്വാസികൾ ഒന്നിച്ചു നിൽക്കുമ്പോൾ ഒരു വലിയ സമൂഹവും, ക്ഷേമരാഷ്ട്രവും നിലവിൽ വരുന്നു. അല്ലാഹുവിന്റെ നിലക്കാത്ത അനുഗ്രഹങ്ങളുടെ ഒരു അക്ഷയപാത്രമായ പ്രകൃതിയും, പ്രകൃതിവിഭവങ്ങളും വിവേകപൂർവ്വം ഉപയോഗിച്ചുകൊണ്ട് ഉള്ളവനും ഇല്ലാത്തവനം തമ്മിലുള്ള അന്തരമില്ലാതെ, ഉള്ളവൻ അറിഞ്ഞുകൊണ്ട് ഇല്ലാത്തവന് നൽകിയും, ഇല്ലാത്തവൻ തന്റെ ഇല്ലായ്മയുടെ കാരണങ്ങളും വൈകല്യങ്ങളും സ്വയം മനസ്സിലാക്കി തിരുത്താൻ ശ്രമിച്ചുകൊണ്ട് ഉള്ളവനിൽ നിന്ന് സ്വീകരിച്ചും, പരസ്പരം സഹായിച്ചും സഹകരിച്ചും - ആരും ആരെയും അക്രമിക്കാത്ത, ആരും ആരാലും ചൂഷണം ചെയ്യപ്പെടാത്ത ഒരു സമൂഹമാണ് - അല്ലാഹുവിന്റെ സാമ്രാജ്യമാണ് - ദൈവീകഭരണമാണ് - സ്വർഗ്ഗരാജ്യമാണ് - രാമരാജ്യമാണ്, അല്ലാഹുവിന്റെ ദിനങ്ങളാണ്, ഖുർആൻ ലക്ഷ്യം വെക്കുന്നത്. അത്തരമൊരു ശാന്തമായ ജീവിതവ്യവസ്ഥിതിയിൽ നിങ്ങൾക്ക് അല്ലാഹുവിനെ കാണാമെന്നാണ് ഖുർആൻ പറയുന്നത്. അതിന് വേണ്ടി, അതിന്റെ ആദ്യപടിയായി ഓരോ വിശ്വാസിയും സമാധാനം നിറഞ്ഞ - സന്തോഷവും, സംതൃപ്തവുമായ ഒരു കുടംബജീവിതം വേദഗ്രന്ഥം ഉപയോഗിച്ച് കെട്ടിപ്പടുക്കേണ്ടതുണ്ട് . അതാണ് സ്വലാത്ത്! അതാണഖുർആന്റെ **ആകെത്തുക** .അത് നാം തെറ്റിദ്ധരിച്ചത്പോലെ പ്രാർത്ഥിക്കലല്ല. 'കുരങ്ങൻ പ്രാർത്ഥനക്ക്'(Monkey prayer ന്) ഇസ്ലാമിൽ (ഖുർആനിൽ) യാതൊരു സ്ഥാനവും, തെളിവുമില്ല ! (അസ്സ്വലാത്ത്). എന്നാൽ അതൊരു എളുപ്പമുള്ള കാര്യമല്ലെന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്.

## പ്രാർത്ഥനയല്ല, പ്രവർത്തനമാണ് വേണ്ടത്!!

(13;14) (2;139) (2;200,201)(2;286)(4;121,124 .(.6;127132) (10;41) .. (14;33 ) .(39;2124) (52; 21)
( 53;3940)(59;8)(58;67) (62;8)(64;79) (66;7) (67;2) (74;38) (89;24) (94;78) (95;6)(99;6) //.
(13;14) (7;142144) (60;3) (24;3841) (101;9) (103;3) . (3;190 195)

വിശുദ്ധ ഖുർആനിലൂടെ അല്ലാഹു വാഗ്ദത്തം ചെയ്ത അത്തരമൊരു സ്വർഗ്ഗീയജീവിതവും, സ്വർഗ്ഗരാജ്യവുമൊക്കെ ഇവിടെ പുലരണമെങ്കിൽ ചില നിബന്ധനകളൊക്കെ എല്ലാവരും പാലിക്കണമെന്നാണ് ഖുർആനിലൂടെ അല്ലാഹു വ്യക്തമാക്കുന്നത്. കേവലം ചടങ്ങു പ്രാർത്ഥനകളിലൂടെയോ, ആചാരാനുഷ്ഠാനങ്ങളിലൂടെയോ നമുക്കതു നേടാൻ സാധ്യമല്ല. ഖുർആനിലൂടെ അല്ലാഹു നൽകിയ ചില ഉത്തരവുകളും, ആഹ്വാനങ്ങളും സ്വീകരിക്കാനും അതിനോട് ന്യായമായ രീതിയിൽ പ്രതികരിക്കാനുമാണ് ഖുർആൻ നമ്മോടു കൽപിച്ചിരിക്കുന്നത്. അതിലൊന്നാണ് അസ്സിയാം. ദാരിദ്ര്യം, ജലക്ഷാമം, ഭക്ഷ്യക്ഷാമം, തൊഴിലില്ലായ്മ ഇത്തരം കെടുതികളിൽ നിന്നുണ്ടാകുന്ന അക്രമം, അനീതി, മനുഷ്യാവകാശ ലംഘനങ്ങൾ തുടങ്ങിയ സമൂഹത്തിലെ തിന്മകൾ നിർത്തൽ ചെയ്യാനുള്ള-ഇല്ലാതാക്കാനുള്ള-ഇസ്‌ലാമിക ഖലീഫയുടെയോ, ഖാസിയുടെയോ, മഹല്ല് കമ്മിറ്റിയുടെയോ,സർക്കാറിന്റെയോ, ഭരണാധികാരികളുടെയോ ആഹ്വാനത്തിൽ, പ്രത്യേക പരിശീലന പരിപാടികളിൽ/ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളിൽ എല്ലാവരും പങ്കാളികളവണം. അസ്സിയാം പോലെത്തന്നെ വളരെ പ്രധാനപ്പെട്ട കർമ്മപദ്ധതികളാണ് ഖുർആൻ പഠിപ്പിക്കുന്ന അൽഹജ്ജും, അസ്സലാത്തും, സക്കാത്തുമൊക്കെ. ഇതൊന്നും അബൂഹുറയ്റ സുന്നികളെ പഠിപ്പിച്ചതുപോലെ കേവലം ആരാധനകളല്ല. അനുഷ്ഠാനങ്ങളുമല്ല. മറിച്ചു ബൃഹത്തായ കർമ്മ പദ്ധതികളാണ്. ഇവയെല്ലാം സാന്ദർഭികമായി നാം മുമ്പ് ധാരാളം വിവരിച്ചിട്ടുണ്ട്. ഇനിയും വിവരിയ്ക്കുന്നുമുണ്ട്. (ഇൻശാ-അല്ലാ...)

## ദൈവദൂതന്റെ അസ്സിയാം അഥവാ വിശുദ്ധ ഖുർആൻ!!

കേവലം 23 വർഷം കൊണ്ട് അറേബ്യയിലും പരിസരങ്ങളിലുമുണ്ടായിരുന്ന പട്ടിണിയും ദാരിദ്ര്യവും കൊലവിളികളും രക്തച്ചൊരിച്ചിലുകളും ഗോത്രയുദ്ധങ്ങളും, ലൈംഗിക അരാചകത്വവും അനീതികളും പ്രവാചകൻ ഖുർആൻ കൊണ്ടു പിഴുതെറിഞ്ഞു. അഗ്നികുണ്ഡത്തിന്റെ വക്കിലായിരുന്ന അറേബ്യയെ ഒരു സ്വർഗ്ഗഭൂമിയാക്കാൻ നബിക്കും അനുചരൻമാർക്കും കഴിഞ്ഞു (3:103). അറേബ്യയിലെ ദാരിദ്ര്യവും അനീതിയും അക്രമവും അവസാനിപ്പിക്കാൻ രാവും പകലും അനുസ്യൂതം ഓടിനടന്നു പ്രവർത്തിച്ച (അറേബ്യയിലെ പട്ടിണി മാറ്റാൻ അസ്സിയാം നടത്തിയ) ഒരു കർമ്മധീരനെയാണ് ദൈവദൂതനിലൂടെ ഖുർആൻ നമുക്ക് പരിചയപ്പെടുത്തുന്നത്. ആ 23 വർഷവും ദൈവദൂതനും അനുചരൻമാർക്കും വിശ്രമമില്ലായിരുന്നു. രാവും പകലും രാത്രിയുടെ പകുതി വരെയും അർദ്ധരാത്രി കഴിഞ്ഞാലും ഖുർആൻ പഠനവും മറ്റ് സാമൂഹ്യസാംസ്കാരിക പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള ആസൂത്രണങ്ങളും, അതിനുവേണ്ട തീവ്രപരിശീലനവുമൊക്കെയായി കർമ്മനിരതരായിരുന്ന ഒരു സമൂഹത്തെയാണ് ഖുർആൻ നമുക്ക് പരിചയപ്പെടുത്തുന്നത്. (73:20). ചുരുക്കത്തിൽ മാനവരാശിയുടെ പട്ടിണിമാറ്റാൻ, അല്ലാഹു മുഹമ്മദ് നബി തിരുമേനിയിലൂടെ അറേബ്യയിൽ (അന്ധകാരയുഗത്തിൽ) അവതരിപ്പിച്ച സമഗ്രദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിക്കുള്ള കരടു രൂപമാണ് അൽസിയാം, അഥവാ വിശുദ്ധ ഖുർആൻ. ആ വിശുദ്ധ ഖുർആൻ സൂക്തങ്ങളുപയോഗിച്ച് ഭൂമിയിലുള്ള എല്ലാ ദാരിദ്ര്യവും- സാംസ്കാരിക ദാരിദ്ര്യമടക്കം എല്ലാം-ഇല്ലായ്മ ചെയ്യണമെന്നാണ് ഖുർആൻ നമ്മോട് (2:183-189) കൽപ്പിച്ചിരിക്കുന്നത്.

എല്ലാ ഇരുട്ടുകൾക്ക് ശേഷവും ഒരു പ്രഭാതം വരുന്നു. എല്ലാ ഇരുട്ടുകളും അങ്ങനെയാണ്. എല്ലാ അന്ധകാരങ്ങളും അങ്ങനെയാണ്. ആ ഇരുട്ടുകളിൽ അന്ധത ബാധിക്കാത്ത ഒരുപറ്റം ചെറുപ്പക്കാർ എന്നുമുണ്ടാകും. സമൂഹത്തിലെ ഇരുട്ടുകൾ മാറ്റാൻ പ്രതിജ്ഞയെടുത്ത സാംസ്കാരിക പ്രവർത്തകർ, സാമൂഹ്യ പരിഷ്കർത്താക്കൾ, ജനനായകർ, എന്നുമുണ്ടാകും. തീർച്ചയായും അന്ധത ബാധിക്കുന്നത് കണ്ണുകളെയല്ല. മനസ്സിനെയാണ്, എന്നും ഖുർആൻ പറയുന്നു. സ്വർഗ്ഗവും നരകവുമൊക്കെ അടിസ്ഥാനപരമായി നമ്മുടെ മനസ്സിന്റെ രണ്ടു അവസ്ഥകളാണ്. ഈ 'ഇഹലോകമായാലും', പരലോകമായാലും നമ്മുടെ മനസ്സ് സംതൃപ്തമല്ലെങ്കിൽ നാം നരകത്തിൽതന്നെ !

ഏത് കൂരിരുട്ടിന് ശേഷവും ഒരു പ്രഭാതം പൊട്ടിവിടരുന്നത് നമുക്ക് കാണാം. ഏതൊരു താഴ്ചയോടൊപ്പവും ഒരു ഉയർച്ചയും ഉണ്ടാകും. രാത്രിക്ക് ശേഷം പകൽ വരുന്നതുപോലെ. വീഴ്ചക്ക്

ശേഷം ഒരു ഉയർച്ചയുണ്ടാകും. എന്നാൽ ആ ഉയർച്ച താനെ വരുന്നതാണോ. അല്ല. കഠിനമായ അദ്ധ്വാനത്തിലൂടെ മാത്രമെ നമുക്കതിനെ നേടിയെടുക്കാൻ കഴിയൂ. ഏതന്ധകാരത്തിലും അതിനെതിരെ പോരാടാൻ ഒരാളുണ്ടാകും. അർപ്പണബോധമുള്ള ഒരുപറ്റം ആൺകുട്ടികളും (അബ്നാഉം) അനുയായികളായി അദ്ദേഹത്തോടൊപ്പമുണ്ടാകും. ദൈവദൂതനായ മോസസ് (മൂസനബിയും) കൂട്ടുകാരും, ഫിർഔന്റെ കരാളഹസ്തങ്ങളിൽ നിന്ന് ഇസ്രായീൽ സന്തതികളെ മോചിപ്പിച്ചതുപോലെ, അറേബ്യയിലെ ഖുറൈശി പ്രമുഖരുടെ ദുർഭരണത്തിൽ നിന്നും ചൂഷണത്തിൽ നിന്നും പ്രവാചകൻ മുഹമ്മദ് നബി അറബികളെ രക്ഷപ്പെടുത്തി, അറേബ്യയെ ഏകീകരിച്ചതുപോലെ, എബ്രഹാം ലിങ്കണും കൂട്ടുകാരും അമേരിക്കയിലെ അടിമക്കച്ചവടം അവസാനിപ്പിച്ചതുപോലെ, ബ്രിട്ടീഷുകാരുടെ ദുർഭരണത്തിൽ നിന്ന് ഗാന്ധിജിയും അനുയായികളും ഇന്ത്യയെ മോചിപ്പിച്ചതുപോലെ... അതെ! അന്ധകാരങ്ങൾ എവിടെയുണ്ടോ-അനീതിയും അന്ധവിശ്വാസങ്ങളും അക്രമവും ദാരിദ്ര്യവും മറ്റ് മനുഷ്യാവകാശ ലംഘനങ്ങളും നാടിനെ ഗ്രസിക്കാൻ തുടങ്ങുമ്പോൾ അതിനെതിരെ പ്രതികരിക്കാനും പ്രവർത്തിക്കാനും ഒരുപറ്റം ആളുകളും അവരുടെ നേതാവും രംഗത്ത് വരുന്നു. അതവർക്ക് കഠിനാധ്വാനത്തിന്റെ നാളുകളായി മാറുന്നു. ഒളിത്താവളങ്ങളിലും രാത്രിയുടെ ഇരുണ്ട യാമങ്ങളിലുമൊക്കെ ഒത്തുകൂടി ചർച്ചകളും, സ്റ്റഡി ക്ലാസുകളുമൊക്കെയായി അവർ അണിയറപ്രവർത്തനങ്ങൾ നടത്തുന്നു... അതൊരു കഠിനതപസ്സിന്റെ നാളുകളായി മാറുന്നു. ആ അന്ധകാരം ഒരുകൂട്ടം സാമൂഹ്യപരിഷ്കർത്താക്കൾക്ക് തീവ്ര പരിശീലനത്തിന്റെ (ലൈലത്തസ്സിയാമിന്റെ) രാത്രികളായി മാറുന്നു. ഖുർആൻ ഇറങ്ങിയ ജാഹിലീയ കാലഘട്ടത്തെ ശഹറു റംസാൻ, ലൈലത്തസ്സിയാം എന്നൊക്കെ ഖുർആൻ പരിചയപ്പെടുത്തുന്നു.

ഉഹില്ല-ലക്കും ലൈലത്തസ്സിയാമ - അർ റഫസുഇലാ നിസാഇകും. അന്ധകാരയുഗത്തിൽ ദുർബല ജനവിഭാഗങ്ങളോട് മോശമായി പെരുമാറുക എന്നത് നിയമവിധേയമായി നിങ്ങൾ (സ്വയം) കണക്കാക്കിയിരുന്നു (2:187) എന്ന് ഖുർആൻ പിന്നീട് പരിചയപ്പെടുത്തുന്നത് കാണാം. ഖുർആൻ അവതരിപ്പിക്കപ്പെട്ട ജാഹിലിയ കാലഘട്ടത്തെക്കുറിച്ച് പഠിക്കുമ്പോൾ ശഹറു റംസാനും, ലൈലത്തസ്സിയാമുമൊക്കെ നമുക്ക് വിശദമായി മനസ്സിലാകും.

**(2:187) ഉഹില്ല-ലകും-ലൈലത്തസ്സിയാമി-അർറഫസു-ഇലാ-നിസാഇകും. ഹുന്ന-ലിബാസുൻലകും-വഅൻതും-ലിബാസുൻ-ല്ലഹുന്ന; അലിമല്ലാഹു-അന്നക്കും-കുൻതും തഖ്താനൂനഅൻഫുസകും-ഫതാബഅലൈകും-വ-അഫാ-അൻകും വൽആനബാശിറുഹുന്ന-വബ്തഗൂ-മാ കതബല്ലാഹുലകും-വകുലൂ-വശ്റബൂ-ഹത്താ-യതബയ്യനലകുമുൽ ഖൈത്തുൽ അബ്‌യളു-മിനൽ ഖൈത്തുൽ അസ്‌വദി-മിനൽ ഫജ്‌രി - സുമ്മ - അതിമ്മുസ്സിയാമ-ഇലല്ലൈലി-; വലാ-തുബാഷിറുഹുന്ന-വ അൻതും ആഖിഫുന-ഫിൽമസാജിദി-തിൽക്കഹുദുദൂല്ലാഹി-ഫലാതഖ്റബൂഹാ-കദാലികയുബയ്യിനുള്ളാഹു-ആയാതിഹീ-ലിന്നാസി-ല അല്ലഹും യത്തഖൂൻ.**

അർത്ഥം : - അജ്ഞാന കാലത്ത് (അന്ധകാരയുഗത്തിൽ-അറേബ്യയിലെ ദാരിദ്ര്യവും, പട്ടിണിയും ഗോത്രയുദ്ധങ്ങളും, കൂട്ടക്കുരുതികളും, അക്രമങ്ങളും, അനീതികളും മറ്റു മനുഷ്യാവകാശലംഘനങ്ങളും നിർമ്മാർജ്ജനം ചെയ്യാൻ മുഹമ്മദ്നബിയും കൂട്ടുകാരും രാവും പകലും അൽസിയാം (അൽഖുർആൻ) എന്ന അതിവിപ്ലവകരമായ ഒരു സമഗ്ര ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതി നടപ്പിലാക്കിയതുകൊണ്ട് അൽ-ലൈലത്തുസ്സിയാം-ദാരിദ്ര്യനിർമ്മാർജ്ജനത്തിന്റെ മഹത്തായ രാത്രികൾ എന്ന് അറിയപ്പെട്ട ആ ജാഹിലിയ്യാ കാലഘട്ടത്തിൽ- **(മാനവരാശിയുടെസമഗ്ര ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുള്ള രൂപരേഖ- അസ്സിയാം അഥവാ വിശുദ്ധ ഖുർആൻ അവതരിക്കപ്പെട്ട ആ ഇരുണ്ട കാലഘട്ടത്തിൽ)** (AD 450-AD 570) ദുർബല ജനവിഭാഗങ്ങളോട് (അന്നിസാഇനോട്) മോശമായിപ്പെരുമാറുക എന്നത്, നിയമവിധേയമായി നിങ്ങൾ (സ്വയം) കരുതിയിരുന്നു. (പാവങ്ങളോട് എത്ര മോശമായും പെരുമാറാം - പാവങ്ങളെ എന്തും ചെയ്യാം എന്നൊരു ചിന്താഗതി - അവരെ കൊച്ചാക്കി സംസാരിക്കാം - എന്നൊരു ധാരണ ആ സമൂഹത്തിൽ നിലനിന്നിരുന്നു. ഇന്നും അതുണ്ട്. അതു കുബുദ്ധികളും ബൂർഷ്വാസികളുമായ മനുഷ്യർ സ്വയം കണ്ടുപിടിച്ചു നിയമമാക്കിയതാണ്. (ഉഹില്ലലകും = നിങ്ങൾക്കു നിയമവിധേയമാക്കപ്പെട്ടിരുന്നു. ഹലാലാക്കപ്പെട്ടിരുന്നു (ആരോ നിങ്ങൾക്കതുനിയമമാക്കി തന്നിരുന്നു. അഥവാ നിയമവിധേയമായി നിങ്ങൾ സ്വയം ഗണിച്ചിരുന്നു. അല്ലാതെ (അഹല്ല ല്ലാഹു) - അല്ലാഹു നിങ്ങൾക്ക് അനുവദിച്ചിരിക്കുന്നു എന്നല്ല പറഞ്ഞത്). സമൂഹത്തിലെ എല്ലാ തിന്മകളും, മോശമായ ചിന്താഗതികളും പ്രത്യയശാസ്ത്രങ്ങളുമൊന്നും അല്ലാഹുവിന്റേതല്ല. അതെല്ലാം അക്രമികളായ മനുഷ്യർ സ്വയം കെട്ടിയുണ്ടാക്കുന്നതാണ്.

പണം കൊണ്ടും, പദവികൾ കൊണ്ടും, വിദ്യാഭ്യാസം കൊണ്ടും താഴെയുള്ളവരോട് ഒരു പുച്ഛ

വും, പരിഹാസവും, അകൽച്ചയും വെച്ചുപുലർത്തൽ സമൂഹത്തിലെ ചില കുബുദ്ധികളായ പണക്കാരുടെ സമ്പ്രദായമാണ്. അവരെ അനുകരിച്ച് അവരുടെ മക്കളും അതു തുടരുന്നു. അത് പാടില്ല എന്നാണ് ഖുർആനും മുഹമ്മദ്നബിയും പഠിപ്പിക്കുന്നത്. അതേപോലെ 'റഫസ' എന്ന പദത്തിന് 'ലൈംഗികബന്ധത്തിലേർപ്പെട്ടു' എന്നൊരർത്ഥം (സാങ്കേതികാർത്ഥം) അറബി ഭാഷയിൽ ഹദീസുകളിലൂടെ അബൂഹുറൈറയും, മുആവിയയും, അമവി ഗവർണർമാരിൽ പ്രമുഖൻമാരായിരുന്ന ഹജ്ജാജുബിൻ യൂസുഫിനെപ്പോലെയുള്ളവരും പിന്നീട് കണ്ടുപിടിച്ചു ഖുർആനിനെ വികലമാക്കാൻ, അടിച്ചേൽപിച്ച അർത്ഥങ്ങളാണ്. മോശമായി പെരുമാറുക, കൊച്ചാക്കി സംസാരിക്കുക (Bad mouthing, Behave badly), മോശമായ പെരുമാറ്റം, മോശമായ സംസാരം എന്നൊക്കെയാണ് അറബി ഭാഷയിൽ റഫസിന്റെ ആദ്യത്തെ അർത്ഥം. അതുപോലെ നിസാഅ് (അൽ-നിസാഅ്) സ്ത്രീകളല്ല. സമൂഹത്തിലെ എല്ലാ വേദജ്ഞാനം ലഭിച്ചിട്ടില്ലാത്ത ദുർബല ജനവിഭാഗങ്ങളും അതിൽപ്പെടും. ദുർബലജനവിഭാഗങ്ങളുടെ (അന്നിസാഅ്) ക്ഷേമത്തിനും, ഐശ്വര്യത്തിനും വേണ്ടി പ്രവർത്തിക്കേണ്ടതിന്റെ പ്രാധാന്യം പ്രത്യേകം പഠിപ്പിച്ചുകൊണ്ടുള്ള ഒരധ്യായം തന്നെ അല്ലാഹു നമുക്കു അവതരിപ്പിച്ചു തന്നിട്ടുണ്ട്. (അദ്ധ്യായം 4. അന്നിസാഅ് എന്നതിന് the weak (Sector of the society) എന്നർത്ഥം പറയേണ്ടതിന് 'സ്ത്രീകൾ' എന്നാണ് സുന്നി-മുജാഹിദു-ജമാഅത്ത് മൗലവിമാർ പ്രസ്തുത അദ്ധ്യായം ഭാഷാന്തരം ചെയ്തിട്ടുള്ളത്. (വിശദവിവരത്തിന് ഡോ. ഖമർസമാൻ, അബൂയാസീൻ എന്നിവർ ഉറുദുവിലും, ഇംഗ്ലീഷിലും, മലയാളത്തിലും എഴുതിയ അന്നിസാഅ് എന്ന അദ്ധ്യായത്തിന്റെ പരിഭാഷയും വുളുവിന്റെ സത്യം എന്ന ഗ്രന്ഥവും ഓഡിയോ കാസറ്റുകളും ശ്രദ്ധിച്ചു കേട്ടു പഠിക്കുക).

ചുരുക്കത്തിൽ ഉഹില്ലലകും ലൈലത്തസ്സിയാമി അർറഫസു ഇലാ-നിസാഇകും ''നോമ്പിന്റെ രാത്രികളിൽ നിങ്ങളുടെ ഭാര്യമാരെ 'പ്രാപിക്കൽ' നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു'' എന്നു സുന്നികളെ അബൂഹുറയ്റയും മുആവിയയും സുന്നി-ശിയാ പരിഭാഷകളിലൂടെ പഠിപ്പിച്ചത് ശുദ്ധ ബോഷ്കും അസംബന്ധവും അക്ഷന്തവ്യമായ ഖുർആൻ ധിക്കാരവും അല്ലാഹു ഒരിക്കലും പൊറുക്കാത്ത ഒരപരാധവുമാണ് (ശിർക്കുമാണ്).

**ഹുന്ന-ലിബാസുൻലകും-വഅൻതും-ലിബാസുൻ-ലഹുന്ന-** 'അവർ നിങ്ങൾക്കുള്ള വസ്ത്രമാകുന്നു. നിങ്ങൾ അവർക്കും ഒരു വസ്ത്രമാകുന്നു'. പണമുള്ളതുകൊണ്ടുമാത്രം ഒരു പണക്കാരൻ പണക്കാരനാവുന്നില്ല. പണം എന്ന നാണയത്തുട്ടുകൊണ്ട്, അല്ലെങ്കിൽ കടലാസു കഷ്ണങ്ങൾ കൊണ്ട് പണക്കാരന് ഒന്നും നേടാൻ ആവില്ല. പണിക്കാരനെ ആശ്രയിക്കാതെ പണക്കാരനും പണക്കാരനെ ആശ്രയിക്കാതെ പണിക്കാരനും രക്ഷപ്പെടാനാവില്ല. പ്രകൃതിയും, പ്രകൃതിവിഭവങ്ങളും, അതിലെ അനുഗ്രഹങ്ങളും അടിസ്ഥാനപരമായി അല്ലാഹുവിന്റേതാകുന്നു. അവിടെ അദ്ധ്വാനിക്കുന്നവൻ സമ്പന്നനാകുന്നു. കൂടുതൽ ആസൂത്രിതമായി അധ്വാനിക്കുന്നവൻ കൂടുതൽ സമ്പന്നനാകുന്നു. ഇതു പ്രകൃതി നിയമമാണ്. കേവലം ചടങ്ങുകളും ചടങ്ങു പ്രാർത്ഥനകളും, അനുഷ്ഠാനങ്ങളും നടത്തിയാൽ സ്വന്തം ജീവിതവും പ്രകൃതിയും മാറ്റുവാൻ ഒരാൾക്കും സാധ്യമല്ല. കേവലം പ്രാർത്ഥന കൊണ്ടു മാത്രം അല്ലാഹു ഉത്തരം ചെയ്യും എന്നത്- കേവലം പ്രാർത്ഥനകളിലൂടെ മാത്രം എന്തെങ്കിലും നേടിക്കളയാം എന്നത് അന്ധവിശ്വാസത്തിന്റെ ആരംഭമാണ്. എന്നാൽ മനുഷ്യൻ ആഗ്രഹിക്കുമ്പോൾ, മനസ്സുകൊണ്ട് രഹസ്യമായി അല്ലാഹുവിനോട് ആവശ്യപ്പെടുമ്പോൾ, തുടർന്ന് അതിനനുസരിച്ച് പ്രവർത്തിക്കുമ്പോൾ അവൻ മാറുന്നു. അവന്റെ ചുറ്റുമുള്ള പ്രകൃതിയും മാറുന്നു. ഇതാണ് ഖുർആൻ പഠിപ്പിക്കുന്നത്. അല്ലാഹുവിന്റെ നിയമങ്ങൾ അനുസരിച്ച് ഒരാൾ പ്രവർത്തിച്ചു; അദ്ധ്വാനിച്ച് പണക്കാരനായി; എന്നാൽ തന്നെ ആ പണം കൊണ്ട് എല്ലാം അവന് നേടാനാവില്ല. കേരളത്തിലെ കുട്ടനാട്ടിലെ വയലിൽ വിളയുന്ന നെൽക്കതിരുകൾ അങ്ങകലെ അറേബ്യയിലുള്ള ഒരു അറബിയുടെ വയറിൽ അന്നമായി എത്തുമ്പോഴേക്കും, കർഷകനും, കച്ചവടക്കാരനും, ചുമട്ടുതൊഴിലാളിയും, ഡ്രൈവർമാരുമൊക്കെയായി നൂറുകണക്കിനു പാവങ്ങളുടെയും പണക്കാരുടെയും കരങ്ങളിലൂടെ അതു കടന്നുപോകുന്നു. പണക്കാരനു മനോഹരമായ ഒരു രമ്യഹർമ്യം നിർമ്മിക്കണമെങ്കിൽ ആശാരിയും, കൽപ്പണിക്കാരനും, ചുമട്ടുതൊഴിലാളിയും, കാര്യസ്ഥനും, എഞ്ചിനീയറുമൊക്കെയായി നൂറുകണക്കിന് വ്യക്തികളും കടമ്പകളും കടക്കണം. മനോഹരങ്ങളായ നമ്മുടെ വസ്ത്രങ്ങളും അങ്ങനെ തന്നെ. പരുത്തികൃഷി ചെയ്യുന്ന കർഷകൻ മുതൽ ടെയ്‌ലർമാർ വരെ അധ്വാനിക്കുമ്പോഴാണ് നാം മനോഹരമായ ഒരു ഉടുപ്പ് ധരിക്കുന്നത്. ചുരുക്കത്തിൽ ഒരു വസ്ത്രം പോലെ നമ്മോട് എപ്പോഴും ഒട്ടിക്കഴിഞ്ഞു ജീവിക്കുന്നവരാണ്-ജീവിക്കേണ്ടവരാണ്-നമ്മുടെ സമൂഹത്തിലെ ദുർബല ജനവിഭാഗങ്ങൾ. വസ്ത്രങ്ങൾ നമ്മുടെ നാണവും ന്യൂനതകളും മറക്കുന്നു. നമ്മുടെ പോരായ്മകൾ നികത്തുന്നു. നമുക്ക് അലങ്കാരം പ്രധാനം ചെയ്യുന്നു.

സർവ്വോപരി നമ്മെ സംരക്ഷിക്കുന്നു. നാം പുച്ഛത്തോടു കൂടി കാണുന്ന ദുർബല ജനവിഭാഗങ്ങൾ യഥാർത്ഥത്തിൽ നമ്മുടെ വസ്ത്രങ്ങളാണ്. നമ്മുടെ വസ്ത്രങ്ങൾ പോലെ നമുക്ക് ഒഴിച്ചുകൂടാൻ പറ്റാത്ത അവിഭാജ്യഘടകങ്ങളാണ്. ആ ദുർബ്ബല ജനവിഭാഗങ്ങളാണ് സമ്പന്നരുടെ പ്രവർത്തന മേഖല. അല്ലാഹുവിന്റെ ഈ നിയമം - പ്രകൃതിയുടെ ഈ നിയമം പണക്കാരനായ ആണിനും പെണ്ണിനും ഒരുപോലെ ബാധകവുമാണ്. യഥാർത്ഥത്തിൽ മനുഷ്യസമൂഹം ഒരൊറ്റ വ്യക്തിത്വത്തിൽ നിന്ന് ഉണ്ടായതാണ്. മനുഷ്യസമൂഹം ഒറ്റക്കെട്ടായി നിൽക്കണം. അവിടെ-ഞാൻ-നീ എന്നുള്ള വ്യത്യാസം ഉണ്ടാകരുത്; 'നമ്മളേ'-നമ്മൾ എന്ന ചിന്ത മാത്രമേ-ഉണ്ടാവാൻ പാടുള്ളൂ. അപ്പോൾ നാം നമ്മുടെ കീഴിലുള്ള ദുർബ്ബല വിഭാഗങ്ങളോട് മോശമായി പെരുമാറുമ്പോൾ, അവരെ ഇകഴ്ത്തി സംസാരിക്കുമ്പോൾ-അവരെ അവഹേളിക്കുമ്പോൾ-നാം നമ്മെത്തന്നെയാണ്. അവഹേളിക്കുന്നത്. നാം ദുർബ്ബല ജനവിഭാഗങ്ങളെ വഞ്ചിക്കുമ്പോൾ നാം സ്വയം വഞ്ചിക്കപ്പെടുകയാണ് എന്ന തിരിച്ചറിവുണ്ടായാൽ നാം രക്ഷപ്പെട്ടു. ഇതാണ് ഖുർആൻ തുടർന്നു പറയുന്നത്.

**അലിമല്ലാഹു-അന്നക്കും-കുൻതും തഖ്താനൂന-അൻ ഫുസക്കും**-നിങ്ങൾ നിങ്ങളോടു തന്നെ (നിങ്ങളുടെ പ്രത്യയശാസ്ത്രത്തോട്) വഞ്ചന കാട്ടുകയാണെന്ന് അല്ലാഹു അറിഞ്ഞിരിക്കുന്നു.

(ഓരോ വിശ്വാസിയും ഖുർആൻ എന്ന അല്ലാഹുവിന്റെ ആത്മാവിനെ - ഖുർആൻ എന്ന പ്രത്യയശാസ്ത്രത്തെ (3:30) പഠിച്ച് സ്വന്തം ആത്മാവിൽ ആവാഹിക്കണം. ദുർബ്ബല ജനവിഭാഗങ്ങളോട് മോശമായി പെരുമാറുന്നതിലൂടെ നിങ്ങൾ നിങ്ങളോട് തന്നെയാണ് മോശമായി പെരുമാറുന്നത്. നിങ്ങൾ നിങ്ങളുടെ പ്രത്യയശാസ്ത്രത്തെ - ഖുർആനിനെ വഞ്ചിക്കുമ്പോൾ നിങ്ങളെത്തന്നെയാണ് വഞ്ചിക്കുന്നത്. പാവപ്പെട്ടവരെ അവഹേളിക്കുമ്പോൾ നിങ്ങൾ നിങ്ങളെത്തന്നെയാണ് അവഹേളിക്കുന്നത് എന്ന തിരിച്ചറിവ് നിങ്ങൾക്കുണ്ടാകണം. താഴെക്കിടയിലുള്ളവരെ വഞ്ചിക്കുമ്പോൾ നിങ്ങൾ സ്വയം വഞ്ചിക്കപ്പെടുകയാണ് എന്ന തിരിച്ചറിവ് നിങ്ങൾക്കുണ്ടാകണം). ആ ആത്മവഞ്ചന സ്വയം മനസ്സിലാക്കിയതിനാൽ (നിങ്ങൾ പ്രായശ്ചിത്തം ചെയ്യാൻ തീരുമാനിച്ചതിനാൽ(4:17) (4:18)) നിങ്ങളുടെ പശ്ചാത്താപം അല്ലാഹു സ്വീകരിക്കുകയും, നിങ്ങളുടെ പാപങ്ങൾ അവൻ) നിങ്ങൾക്ക് പൊറുത്തുതരികയും ചെയ്തിരിക്കുന്നു.

**ഫതാബ അലൈക്കും വ-എഫാ-അൻകും- 'അല്ലാഹു നിങ്ങളിലേക്ക് മടങ്ങി വന്നിരിക്കുന്നു'. അവൻ നിങ്ങൾക്ക് പൊറുത്തു തരികയും ചെയ്തിരിക്കുന്നു**. അല്ലാഹു നിങ്ങളുടെ പാശ്ചാത്താപം സ്വീകരിച്ചിരിക്കുന്നു. യഥാർത്ഥത്തിൽ അല്ലാഹു എന്നു പറഞ്ഞു ഖുർആൻ പരിചയപ്പെടുത്തുന്നത് മുഴുവൻ അല്ലാഹുവിന്റെ കാണുന്ന ഭാഗമായ ഈ പ്രകൃതിയും, മനുഷ്യനും, അല്ലാഹുവിന്റെ ആത്മാവായ (3:30) വിശുദ്ധ ഖുർആനുമാണ്. മനുഷ്യരേയും, പ്രകൃതിയേയും സംരക്ഷിക്കുന്ന മനുഷ്യനും ഭരണകൂടവും (ഹുക്കൂമത്തെ ഇലാഹി) ഖാസിയും, രാജാവുമൊക്കെ അല്ലാഹുവിന്റെ പ്രതീകമാണ്. ഇതെല്ലാം ഒന്നായി നിൽക്കുന്ന അവസ്ഥയാണ് ഇസ്ലാം-അഥവാ ശാന്തി. ഖുർആൻ അനുസരിച്ച് നാം ജീവിക്കുമ്പോൾ നാം ഒരു മുസ്ലീം-സമൂഹത്തിനു 'സമാധാനം നൽകുന്നവൻ' ആയി മാറുന്നു. ഖുർആൻ നമ്മിൽ നിന്നകലുമ്പോൾ നാം സമൂഹത്തിൽ ഒരു പ്രശ്നമായി മാറുന്നു, - മൃഗമായി മാറുന്നു. അല്ലാഹു നിങ്ങളിലേക്ക് മടങ്ങി വരിക എന്നു പറഞ്ഞാൽ (ഖുർആനികാശയങ്ങൾ - അല്ലാഹുവിന്റെ നഫ്സിനെ ) അല്ലാഹുവിന്റെ പ്രത്യയശാസ്ത്രത്തെ നിങ്ങളുടെ ജീവിതത്തിലേക്കു തിരിച്ചുകൊണ്ടുവരിക എന്നാണ്.

**ഫൽആന-ബാശിറൂഹുന്ന-വബ്തഗൂ-മാ-കതബല്ലാഹുലകും**

'അതുകൊണ്ട് ഇനിമുതൽ നിങ്ങൾ ആ ദുർബല ജനവിഭാഗങ്ങളോട് ഉറ്റ സൗഹൃദം സ്ഥാപിക്കുകയും (അവർക്ക് സന്തോഷവാർത്തകൾ നൽകുന്നവരായിക്കൊണ്ട്) (ഈ വേദഗ്രന്ഥത്തിലൂടെ) അല്ലാഹു നിങ്ങൾക്കു നിയമമാക്കിയതു (വേദഗ്രന്ഥം അനുസരിച്ചുള്ള എല്ലാ ആനുകൂല്യങ്ങളും അനുഗ്രഹങ്ങളും) തേടിക്കൊള്ളുകയും ചെയ്യുക.'

വ കുലൂ-വശ്റബൂ-നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്യുക.

(ഇതു ആമാശയത്തിലേക്കുള്ള തീറ്റയും കുടിയും അല്ലെന്ന് തുടർന്നുവരുന്ന വചനങ്ങൾ നമുക്ക് മനസ്സിലാക്കിത്തരുന്നു. ഖുർആൻ പ്രതിപാദിക്കുന്ന തീറ്റയും കുടിയും 95 ശതമാനം സന്ദർഭങ്ങളിലും വയറ്റിലേക്കുള്ള തീറ്റയും കുടിയുമല്ല. മറിച്ച് ഹൃദയത്തിലേക്കുള്ള (ചിന്തയിലേക്കുള്ള) തീറ്റയും കുടിയുമാണ്. വേദം പഠിക്കുകയും അതു ജീവിതത്തിൽ പ്രായോഗവൽക്കരിക്കുകയും (അത് ഉൾക്കൊള്ളുകയും) ചെയ്യുന്നതിനാണ്, അധിക സന്ദർഭങ്ങളിലും ഖുർആൻ ഈ പദങ്ങൾ ഉപയോഗിച്ചിട്ടുള്ളത്. (2:168), (2:93). വ-ഉശ്രിബു-ഫീഖുലൂബീഹുമുൽ-ഇജ്ല-ബി-കുഫ്രിഹിം-അവരുടെ നിഷേധം കാരണം (സത്യത്തെ (വേദത്തെ) അവഗണിക്കുക മൂലം) 'കാളക്കുട്ടി'യോടുള്ള ഭക്തി (വേദവിരുദ്ധമായ കാര്യ

ങ്ങളോടവർക്കുള്ള അഭിവാഞ്ച - ഈ ലോകജീവിതത്തോടുള്ള അന്ധമായ അഭിനിവേശം - അതിഭൗതികത) അവരുടെ മനസ്സിലേക്കു കുടിപ്പിക്കപ്പെട്ടു (2:93).

## ഖുർആനിക യുഗം

ഖുർആനിന്റെ അടിസ്ഥാനത്തിലുള്ള ഒരു സമൂഹം ഇവിടെ നിലവിൽ വരികയും (വേദ ഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ ഒരു നവയുഗം (ഒരു ഖുർആനിക പുലരി - അൽഫജർ) നിങ്ങൾ കെട്ടിപ്പടുക്കുകയും, അങ്ങനെ വേദ ഗ്രന്ഥത്തിലെ തിളക്കമാർന്ന വചനങ്ങൾ സമൂഹത്തിലെ തിൻമകൾ തിരിച്ചറിയാൻ നിങ്ങൾക്കു കഴിവ് നൽകുന്നതുവരെ-നന്മയും തിന്മയും തിരിച്ചറിയാനുള്ള കഴിവ് നിങ്ങൾ ആർജ്ജിക്കുന്നതുവരെ നിങ്ങൾ വേദപഠനത്തിൽ മുഴുകുക. (നിങ്ങൾ തിന്നുകയും, കുടിക്കുകയും ചെയ്യുക) എന്നാണ് ഖുർആൻ തുടർന്നു പറയുന്നത്. ഇതാണ് ഖുർആൻ പഠിപ്പിക്കുന്ന 'അൽസിയാം'. സമയബദ്ധിതമായി ഖുർആൻ പഠിച്ചുകൊണ്ട് സമൂഹത്തിലെ നന്മയും തിന്മയും വേർതിരിച്ചറിയാനുള്ള ഒരു കഴിവ് എല്ലാവരും നേടിയെടുക്കണം. അതിനുള്ള ഏതാനും ദിവസത്തെ പരിശീലനമാണ് 'അൽസിയാം' (അസ്സിയാം) അല്ലാതെ പട്ടിണി കിടന്ന് 'ചാവാലിയായി തുപ്പി നാറിച്ചു നടക്കാനല്ല' ഖുർആനും, നബിയും പഠിപ്പിക്കുന്നത്. എന്നാൽ വിശുദ്ധ ഖുർആന്റെ ഈ സാഹിതീ പ്രയോഗം തീരെ തിരിച്ചറിയാതെ നമ്മുടെ പൂർവ്വപുരോഹിതൻമാർ, 'റംസാനിലെ രാത്രികളിൽ നേരം പുലരുന്നതുവരെ തിന്നോളൂ കുടിച്ചോളൂ, ഭാര്യമാരെ പ്രാപിച്ചുകൊള്ളൂ അങ്ങനെ നിങ്ങൾക്ക് വിധിച്ച വിശിഷ്ട സന്താനങ്ങളെ നേടിക്കൊള്ളൂ, പകൽ പട്ടിണി കിടക്കുകയും ചെയ്തുകൊള്ളൂ' എന്നു വ്യാഖ്യാനിച്ചുകൊണ്ട് പട്ടിണി നോമ്പ് സുന്നികൾക്ക് നിർബന്ധമാക്കി. വിഷയം വളരെ ഗൗരവമുള്ളതായതിനാൽ ആ വചനങ്ങളിലെ ഓരോ പദങ്ങളുടെയും അർത്ഥം നാം പ്രത്യേകം പഠിക്കുക തന്നെ വേണം.

**വ കുലൂ - വശ്റബൂ** - നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുക.

ഹത്തായതബയ്യനലക്കും-അൽഖൈത്തുഅൽഅബ്യളു-മിനൽ ഖൈത്തുൽ അസ്‌വദി. (അൽ ഖൈത്തുൽ അബ്യളു (ഒരു പ്രത്യേകമായ വെള്ളനൂൽ (വേദഗ്രന്ഥത്തിലെ തിളക്കമാർന്ന വചനങ്ങൾ) ഒരു പ്രത്യേകമായ കറുത്ത നൂലിനെ (അൽഖൈത്തുൽ അസ്‌വദിനെ) (സമൂഹത്തിലെ തിന്മകളെ) നിങ്ങൾക്കു വേർതിരിച്ചു കാണിച്ചുതരുന്നതുവരെ.

മിനൽ ഫജ്‌രി - (മിൻ - അൽഫജ്‌രി)-അൽ ഫജർ എന്നതുകൊണ്ട് സാധാരണ പ്രഭാതമല്ല (ഫജർഅല്ല) എന്ന് വ്യക്തം. സാധാരണ പ്രഭാതമാണെങ്കിൽ അറബി ഭാഷാ നിയമപ്രകാരം ഫജറു എന്നു അൽ എന്ന പ്രത്യയമില്ലാതെ പറയണം. പക്ഷെ ഖുർആനിലുള്ളത് മിനൽ ഫജ്‌രി എന്നാണ്. അതൊരു പ്രത്യേക പുലരിയാണ്. സാധാരണ പ്രഭാതമല്ല. ഖുർആൻ ആവർത്തിച്ചു പഠിപ്പിക്കുന്ന 'അൽഫജർ' (ഖുർആൻ നടപ്പിൽ വരുന്ന നവയുഗം) ആണ്. സാധാരണപ്രഭാതത്തിൽ വെളിച്ചം വന്നുകഴിഞ്ഞാൽ പിന്നെ വെള്ള രശ്മികൾ മാത്രമെ ഉണ്ടാകൂ. പ്രഭാതത്തിൽ വെളുപ്പും കറുപ്പും രശ്മികൾ ഉണ്ടാകാറില്ല. സൂര്യ രശ്മി വരുമ്പോൾ തന്നെ ഇരുട്ടിന്റെ കറുത്ത രശ്മികൾ വഴിമാറും, എന്നാൽ സമൂഹത്തിൽ 'കറുപ്പും വെളുപ്പും' എന്നും ഉണ്ടാകും. അപ്പോൾ നന്മയും തിന്മയും തമ്മിൽ പരസ്പരം തിരിച്ചറിയാനുള്ള ഒരു കഴിവുണ്ടാകുന്ന ഘട്ടത്തെയാണ് ഖുർആൻ 'അൽ ഫജർ' എന്നതുകൊണ്ടുദ്ദേശിക്കുന്നത്. അത് ഖുർആനിന്റെ പുലരിയാണ്. നമ്മുടെ പുരോഹിതൻമാർ നമ്മെ പഠിപ്പിക്കുന്നതുപോലെ, ഖുർആൻ ഓതാനുള്ളതല്ല. അതു ജീവിതത്തിൽ നടപ്പിലാക്കാനുള്ളതാണ്. അങ്ങനെ ഖുർആനിന്റെ അടിസ്ഥാനത്തിൽ ഒരു വ്യക്തിജീവിതവും, കുടുംബജീവിതവും, സാമൂഹിക ജീവിതവും നാം കെട്ടിപ്പടുക്കണം. അതാണ് ഖുർആനിക സലാത്ത്. അപ്പോൾ ഖുർആനിന്റേതായ ഒരു നവയുഗം (ഒരു ഖുർആനിക പുലരി) ഇവിടെ പൊട്ടിവിടരും. ഖുർആൻ പറയുന്നത് ശ്രദ്ധിക്കുക.

**വ-അഖിമിസ്സ്വലാത്ത-ലി-ദുലുക്കിശ്ശംസി-ഇലാഗ്വസക്കില്ലൈലി-വ-ഖുർആനൽ ഫജ്‌രി-ഇന്ന ഖുർആനൽ ഫജ്‌രി-കാന മശ്ഹൂദാ (17:78).** നമ്മുടെ വിഷയം അൽസിയാം ആണ്. ഖുർആൻ മുന്നോട്ടുവെക്കുന്ന തീവ്രദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പിലാക്കാനുള്ള പരിശീലനമാണ്. അൽസിയാമിനോടൊപ്പം നാം പഠിക്കേണ്ട വിഷയങ്ങളാണ് ഖുർആൻ മുന്നോട്ട് വെക്കുന്ന പ്രധാനകർമ്മപദ്ധതികളായ അൽഹജ്ജും, അ-സ്സ്വലാത്തും സക്കാത്തുമൊക്കെ. അതിൽ സ്വലാത്തിനെ (അസ്സ്വലാത്തിനെ) ക്കുറിച്ച് ചെറുതായി ഒന്നു പരാമർശിക്കാതെ തരമില്ല. വിശദവിവരത്തിന് (ഡോ.ഖമർസമാൻ, അബൂ യാസീൻ എന്നിവർ എഴുതിയ സലാത്തിന്റെസത്യം, നമസ്കാരത്തിന്റെ യാഥാർത്ഥ്യം. (The Truth about Salat) എന്നിങ്ങനെ ഇംഗ്ലീഷിലും, ഉറുദുവിലും, മലയാളത്തിലും എഴുതിയ മുൻപറഞ്ഞ ഗ്രന്ഥങ്ങൾ കാണുക) സ്വലാത്ത് എന്നുപറഞ്ഞാൽ അബൂഹുറയ്റ സുന്നികളെ പറ്റിച്ചു പഠിപ്പിച്ചതുപോലെ അഞ്ചു നേരം അറബി ഭാഷയിൽ 'തല കുത്തിമറിയ'ല്ലല്ല. നമസ്കാരമല്ല. സ്വലാത്തെന്നാൽ വേദഗ്രന്ഥം നടപ്പിൽ വരുത്തലാണ്. അതായത് വിശുദ്ധഖുർആൻ വായിച്ചും, പഠിച്ചും, പഠിപ്പിച്ചും, അതു പ്രചരിപ്പിച്ചും,



Poverty is not an accident. like slavery and apartheid,
It is man-made and
can be removed by the actions of human beings...

Nelson Mandela

ദാരിദ്ര്യം ആകസ്മികമായി ഉണ്ടാകുന്ന
ഒരവസ്ഥാവിശേഷമല്ല. അടിമത്വവും, വർണ്ണവിവേചനവും പോലെ
മനുഷ്യനിർമ്മിതമാണത്. മനുഷ്യരുടെ പ്രയത്നം കൊണ്ടുമാത്രമേ
അതിനെ നിർമ്മാർജ്ജനം ചെയ്യാനും പറ്റുകയുള്ളു.

നെൽസൺ മണ്ടേല

വേദഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ ജീവിക്കുന്ന-നീതിയും നന്മയും അടിസ്ഥാനമാക്കി ജീവിക്കുന്ന - ഒരു സമൂഹത്തെ വളർത്തിയെടുക്കുക എന്നതാണ്. അത്തരമൊരു സമൂഹത്തിൽ ജാതി-മത-വർഗ്ഗ ചിന്തകളുണ്ടാകില്ല. യാതൊരുവിധ ചൂഷണങ്ങളുമുണ്ടാവില്ല. ഗോത്രങ്ങളും, ഗോത്രദൈവങ്ങളും അനാവശ്യമായ ചടങ്ങുകളും, ചടങ്ങു പ്രാർത്ഥനകളുണ്ടാകില്ല. പ്രകൃതിവിരുദ്ധമായ മതങ്ങളും, മതഗ്രൂപ്പുകളും ഗോത്രദൈവങ്ങളും ഉണ്ടാവില്ല. അല്ലാഹുവിന്റെ കാണുന്ന ഭാഗമാണ് ഓരോ മനുഷ്യനും, മനുഷ്യന് ചുറ്റുമുള്ള പ്രകൃതിയും. ആ മനുഷ്യനും പ്രകൃതിക്കും യാതൊരു ഭംഗവുമേൽപിക്കാതെ-പ്രകൃതിക്കും മനുഷ്യനും സേവനം ചെയ്തുകൊണ്ട് (അല്ലാഹുവിനെ ആരാധിച്ചുകൊണ്ട്) ഉള്ളവനും ഇല്ലാത്തവനും ഒരുപോലെ സംതൃപ്തിയോടെയും, സമാധാനത്തോയെടെയും ജീവിക്കുന്ന ഒരു സമൂഹമാണ് ഖുർആൻ വിഭാവനം ചെയ്യുന്നത്. അത്തരമൊരു സമൂഹത്തിൽ ഉള്ളവൻ ഇല്ലാത്തവനെ അക്രമിക്കുകയില്ല. മുതലാളി തൊഴാലാളിയെയോ, തൊഴിലാളി മുതലാളിയെയോ ചൂഷണം ചെയ്യില്ല. മുതലാളിയും തൊഴിലാളിയും ചേർന്ന് പ്രകൃതിയെയും ചൂഷണം ചെയ്യില്ല. അത്തരം ഒരു നവയുഗം (ഒരു അൽഫജർ=ഖുർആനികപുലരി) ഇവിടെ നടപ്പിൽ വരും എന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്. (ഖുർആനിക ഭരണം = ഇസ്ലാമിക ഭരണം). അതിന് ഖുർആൻ പഠിക്കണം. അതു വെറുതെ ഓതിയാൽ പോര. ഖുർആൻ പഠിച്ചു, അതിനനുസരിച്ചു പ്രവർത്തിക്കണം. ഏതൊരു ഗ്രന്ഥവും നിലനിൽക്കുന്നത് അതനുസരിച്ചു ജീവിക്കുന്ന ഒരു വ്യക്തി - ഒരു സമൂഹം ഇവിടെ നിലനിൽക്കുമ്പോഴാണ്.ഉന്നതസമൂഹങ്ങളേയും, വ്യക്തികളേയും (രാജാക്കന്മാർ, പ്രധാനമന്ത്രിമാർ, അദ്ധ്യക്ഷൻമാർ എന്നിവരെ) ഒരു പ്രത്യേക സൂര്യൻ അശ്ശംസ് (അൽ-ശംസ്) (The Sun) എന്നാണ് ഖുർ ആൻ പരിചയപ്പെടുത്തുന്നത്. അതേപോലെ അവരുടെ കീഴിലുള്ള സമൂഹത്തെ (Satellite Society - ആശ്രിത സമൂഹത്തെ) അൽഖമർ എന്നും ഖുർആൻ പരിചയപ്പെടുത്തുന്നു. (54:1-55) (12:4)

**(അറിവില്ലായ്മ, അന്ധവിശ്വാസങ്ങൾ, ദാരിദ്ര്യം, അനാചാരങ്ങൾ, അക്രമം, അനീതി, മനുഷ്യാവകാശ ലംഘനങ്ങൾ എന്നിങ്ങനെ സമൂഹത്തിൽ കാണപ്പെടുന്ന തിന്മകളുടെ) ഇരുട്ടിലേക്കു അവയെ നിർമ്മാർജ്ജനം ചെയ്യാൻ ഉന്നത സമൂഹങ്ങളേയും, വ്യക്തികളേയും (സൂര്യനെ) ചലിപ്പിക്കുന്നതിനു വേണ്ടിയും, (അവരെ പ്രേരിപ്പിക്കാനും, പ്രാപ്തരാക്കാനും) അങ്ങനെ ഖുർആനിന്റേതായ ഒരു പൊൻപുലരി (ഒരു ഖുർആനിക യുഗം) ഇവിടെ പുലർന്നുകാണുന്നതിനും നിങ്ങൾ വേദഗ്രന്ഥം നിലനിർത്തുക. (സ്വലാത്ത്- ദൈവീക വ്യവസ്ഥിതിയെ സ്ഥാപിച്ചെടുക്കുക). തീർച്ചയായും ഖുർആനിന്റേതായ ഒരു പുലരി (ഖുർആനിന്റെ അടിസ്ഥാനത്തിലുള്ള ഒരു നവയുഗം) ഇവിടെ പുലർന്നാൽ (അതിന്റെ ഗുണങ്ങൾക്ക്) എല്ലാവരും സാക്ഷ്യം വഹിക്കുന്നതാണ് (17:78).** അതായത് ഖുർആനിന്റേതായ ഒരു നവയുഗം ഇവിടെ പുലർന്നാൽ അതുകൊണ്ടുള്ള ഗുണം ജാതി-മത-ഭേദമന്യേ ആബാലവൃദ്ധം ജനങ്ങൾക്ക് അനുഭവിക്കാൻ കഴിയും എന്നാണ് ഖുർആനും മുഹമ്മദ്നബിയും പഠിപ്പിക്കുന്നത്. അല്ലാതെ, അബൂഹുറയ്റ നമ്മളെ പറ്റിച്ചു പഠിപ്പിച്ചതുപോലെ നേരം വെളുക്കുന്നതിന് മുമ്പ് ലോകസമുദായങ്ങളൊക്കെ ഉറങ്ങുമ്പോൾ എഴുന്നേറ്റ് അല്ലാഹുവിനെയും, പ്രകൃതിയെയും പരിസരവാസികളെയും ശല്യംചെയ്ത് ബാങ്കുവിളിച്ച് സുബ്ഹി നമസ്കരിച്ചാൽ പടച്ചവനും, മലക്കുകളും ഇറങ്ങിവന്ന് ആ സുബ്ഹി എന്ന ജൂതനമസ്കാരത്തിന് സാക്ഷ്യം വഹിക്കും എന്നല്ല. സ്വലാത്തിലെ അട്ടിമറിയെക്കുറിച്ച് 'നമസ്കാരത്തിന്റെ യാഥാർത്ഥ്യം' 'സ്വലാത്തിന്റെ സത്യം' എന്നീ ഗ്രന്ഥങ്ങളിൽ വേണ്ടത്ര വിശദീകരിച്ചതിനാൽ, ഇവിടെ അതാവർത്തിക്കുന്നില്ല. വീണ്ടും നമുക്ക് അസ്സിയാമിന്റെ ബാക്കി സൂക്തങ്ങളുടെ യഥാർത്ഥ പൊരുൾ തേടി പോകാം.

അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ, ദാരിദ്ര്യം, അക്രമം, അനീതികൾ, മനുഷ്യാവകാശ ലംഘനങ്ങൾ തുടങ്ങിയ ഇരുളുകൾ സമൂഹത്തെ ബാധിക്കുമ്പോൾ അൽസിയാം ചെയ്യണമെന്നും ആ അസ്സിയാം (തീവ്ര ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ) കാലാകാലങ്ങളിലായി നടപ്പിലാക്കേണ്ടത്, അടിസ്ഥാനപരമായും വിശുദ്ധഖുർആൻ കൊണ്ടായിരിക്കണം എന്നുമാണ് ഖുർആൻ ആവർത്തിച്ചുപഠിപ്പിക്കുന്നത്. (2:183-21:188) അൽഖൈർ, (അഥവാ, വിശുദ്ധഖുർആൻ) അൽഖൈത്തുൽ അബ്യളു (വെളുത്ത നൂലുകൾ-വിശുദ്ധഖുർആനിലെ സ്വർണ്ണനൂലുകൾ പോലെയുള്ള തിളക്കമാർന്ന സൂക്തങ്ങൾ), അൽഖൈത്തുൽ അസ്വദ്- (കറുത്ത നൂലുകൾ - സമൂഹത്തിലെ തിന്മകൾ) അൽഫജർ (ഖുർആനിന്റേതായ ഒരു നവയുഗം) ഇവയൊക്കെ അൽസിയാമിന്റെ (തീവ്രവ്രതാനുഷ്ഠാനത്തിന്റെ) സൂക്തങ്ങളിൽ നമുക്കു കാണാം. അതുകൊണ്ട് തന്നെ 'അൽസിയാം' നടപ്പിലാക്കേണ്ടത് പട്ടിണികിടന്നിട്ടല്ല. ഖുർആൻ പഠിച്ചുകൊണ്ടാണ് എന്ന് വ്യക്തം. പട്ടിണി കിടക്കാനും, ആത്മഹത്യ ചെയ്യാനുമൊന്നും ഖുർആനിൽ തെളിവില്ല. സുന്നി-ശിയ മുസ്ലീംകൾ റംസാനിൽ ചെയ്യുന്ന ദാനധർമ്മങ്ങൾ പോലുള്ള സൽകർമ്മ

ങ്ങൾക്ക് മാത്രമേ ഖുർആനിൽ തെളിവുള്ളു. പട്ടിണി കിടക്കാൻ യാതൊരു തെളിവുമില്ല എന്നു സാരം.

## മറ്റൊരു സുപ്രധാന തെളിവുകൂടി !!

### അൽഖൈത്തുൽ അബ്‌യളു എന്ന പദം കർത്താവാണോ അതോ കർമ്മമാണോ..?

സുന്നിപരിഭാഷകളിൽ അൽഖൈത്തുൽ അബ്‌യളു എന്ന പദത്തെ കർമ്മമായിട്ടാണ് പ്രയോഗിച്ചിട്ടുള്ളത്. അറബിഭാഷാ വ്യാകരണ നിയമപ്രകാരം ഈ സുന്നീഭാഷ്യം വികലമായ ഒരു ഭാഷ്യമാണ്. അതായത് 'പ്രഭാതത്തിൽ കറുത്തനൂലും, വെളുത്തനൂലും തമ്മിൽ തിരിച്ചറിയാൻ കഴിയുന്നതുവരെ നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്യുക' എന്നതാണ് പാരമ്പര്യ സുന്നിപരിഭാഷകളിൽ എഴുതി വെച്ചിട്ടുള്ളത്. അതായത് നോമ്പ് നോൽക്കുന്ന വ്യക്തി (കാണുന്ന വ്യക്തിയാണ്) സുന്നി തഫ്സീർ പ്രകാരം കർത്താവ്. പക്ഷേ ഖുർആൻ പരിചയപ്പെടുത്തുന്ന കർത്താവ് 'അൽ ഖൈത്തുൽ അബ്‌യളു' (ആ ഒരു പ്രത്യേക വെള്ളനൂൽ - അഥവാ വിശുദ്ധ ഖുർആനിലെ തിളക്കമാർന്ന വചനങ്ങൾ) ആണ്. അതുകൊണ്ടാണ് ഖൈത്തൽ അബ്‌യള എന്ന് അകാരത്തിൽ പറയാതെ അൽഖൈത്തുൽ അബ്‌യളു എന്ന് ഉകാരത്തിൽ ഖുർആൻ പരിചയപ്പെടുത്തുന്നത്. അതുകൊണ്ടു വിശുദ്ധഖുർആൻ പ്രകാരം കർത്താവ് അൽഖൈത്തുൽ അബ്‌യളു തന്നെയാണ്. അല്ലാതെ സുന്നി മുല്ലമാർ വികലമായി വ്യാഖ്യാനിച്ച് ഒപ്പിച്ചതുപോലെ നോമ്പ് നോൽക്കുന്ന വ്യക്തിയല്ല. നാം, കറുത്ത നൂലും വെള്ള നൂലും കണ്ടു തിരിച്ചറിയുന്നതുവരെ എന്നല്ല, 'ആ വെള്ളനൂൽ ആ കറുത്തനൂലിനെ' നിങ്ങൾക്ക് വ്യക്തമാക്കി കാണിച്ചുതരുന്നതുവരെ എന്നാണ് ഖുർആനിലുള്ളത്. അപ്പോൾ ഖുർആനിന്റെ അടിസ്ഥാനത്തിലുള്ള ഒരു നവയുഗം ഇവിടെ പുലരുകയും, ആ പ്രഭാതത്തിൽ-ആ നവയുഗത്തിൽ - വേദഗ്രന്ഥത്തിലെ തിളക്കമാർന്ന വചനങ്ങൾ സമൂഹത്തിലെ തിന്മകളാകുന്ന കറുത്ത നൂലുകളെ തിരിച്ചറിയാൻ നിങ്ങൾക്ക് പ്രാപ്തി നൽകുന്നതുവരെ വേദപഠനത്തിലും അതിനുവേണ്ട പരിശീലനത്തിലും (സമഗ്രദാരിദ്ര്യ നിർമ്മാർജ്ജനത്തിലും) മുഴുകുക എന്നതാണ് അതിന്റെ ശരിയായ താൽപര്യം.

## വെളുത്തനൂലും കറുത്തനൂലും

അബുയാസിൻ 'നോമ്പിന്റെ സത്യം' എന്ന ഗ്രന്ഥത്തിൽ എഴുതിയ ഭാഗം കൂടി മാന്യവായനക്കാരുടെ ശ്രദ്ധയിൽപെടുത്തിയ ശേഷം ഈ ഭാഗം അവസാനിപ്പിക്കാം. ''പുലരിയിൽ വെളുത്ത നൂല് കറുത്ത നൂലിൽ നിന്നും തിരിച്ചറിയുന്നതുവരെ തിന്നുകയും കുടിക്കുകയും ചെയ്യുക എന്ന വചനത്തിന്റെ അർത്ഥം പാരമ്പര്യ മുഫസ്സിറുകളും, ഇമാമുകളും നോമ്പ് നോൽക്കാനുള്ള സമയമായിട്ടാണ് വ്യാഖ്യാനിക്കുന്നത്. അവരുടെ വിശദീകരണപ്രകാരം വെളുത്ത നൂല് എന്നത്, പ്രഭാതത്തിന്റെ ആരംഭവും, കറുത്ത നൂല് എന്നത് രാത്രിയുടെ അവസാനവുമാണ്. അതല്ല കറുത്തനൂലും വെളുത്തനൂലും തലയണയുടെ ചുവട്ടിൽവെച്ച് കിടന്നുറങ്ങാറുണ്ടായിരുന്നുവെന്നും, കറുത്തനൂലും, വെളുത്തനൂലും നേരം പുലരുമ്പോൾ തിരിച്ചറിയുന്നതുവരെ ഭക്ഷണപാനീയങ്ങൾ ഉപയോഗിക്കാനാണ് ഈ കൽപന എന്നും വിശദീകരിക്കുന്നവരുണ്ട്.

'പുലരിയുടെ വെളുത്ത ഇഴകൾ കറുത്ത ഇഴകളിൽ നിന്നും തെളിഞ്ഞുകാണുന്നതുവരെ നിങ്ങൾ തിന്നുകയും, കുടിക്കുകയും ചെയ്യുക' എന്ന പരിഭാഷയിലെ മൗലികമായ തെറ്റ് എന്തെന്നാൽ, ഈ പ്രസ്താവനയിലെ കർത്താവ് മനുഷ്യനും, ആ മനുഷ്യൻ കാണുന്നവനുമായിട്ടാണ്. ഈ പ്രസ്താവനയിൽ നിങ്ങൾ എന്ന് പരിഭാഷപ്പെടുത്താവുന്ന അറബി പദമില്ല. രണ്ടാമത്തെ തെറ്റ് അൽഗൈതുൽ അബ്‌യളു എന്ന സംയുക്തവാക്കിനെ കർമ്മമാക്കി എന്നതാണ്. യഥാർത്ഥത്തിൽ അത് കർത്താവാണ്. അൽഗൈതുൽ അസ്‌വദ് (കറുത്തനൂല്) എന്നത് കർമ്മവുമാണ്. അതുകൊണ്ട് വെളുത്തനൂലാണ് കറുത്തനൂലിനെ വേർതിരിക്കുന്നത്. ഈ പരിഭാഷയിലെ മൂന്നാമത്തെ തെറ്റ് സംജ്ഞാനാമത്തിന്റെ (മഅരിഫ) പ്രയോഗത്തെ കണക്കിലെടുത്തില്ല എന്നതാണ്. അൽഫജ്ർ എന്നത് സംജ്ഞാനാമമാണ്. അതായത് അത് ഒരു പ്രത്യേക പദമാണ്. ഒന്നുകൂടി വ്യക്തമായി പറഞ്ഞാൽ അത് ഒരു പ്രത്യേക പ്രഭാതമാണ്; അല്ലാതെ നാം നിത്യവും കാണുന്ന ദിനാരംഭത്തിന്റെ പ്രഭാതമല്ല. അതുപോലെത്തന്നെയാണ് അൽഖൈതുൽഅബ്‌യളും (വെളുത്തനൂല്), അൽഖൈതുൽ അസ്‌വദ് (കറുത്തനൂല്) എന്നീ പദങ്ങളും. അവയും സംജ്ഞാനാമങ്ങൾ തന്നെയാണ്. ചുരുക്കത്തിൽ വെളുത്തനൂലിനെയും, കറുത്തനൂലിനെയും നിങ്ങൾക്ക് തിരിച്ചറിയുന്നതുവരെ എന്ന അർത്ഥം ലഭിക്കണമെങ്കിൽ ഹത്താ യതബയ്യനലക്കും ഖൈതൽ അബ്‌യള വഖൈതൽ അസ്‌വദ എന്നാണ് പറയുക. അൽഖൈതുൽ അബ്‌യളു എന്ന സംജ്ഞാനാമത്തിന്റെ രണ്ട് ഭാഗത്തിനും ഉകാര (റഫ്അ്) മിട്ടു പറഞ്ഞതുകൊണ്ട് അത് കർത്താവാകാനെ (Subject) പറ്റുക

യുള്ളൂ. ഒരിക്കലും കർമ്മമാവുകയില്ല. അങ്ങനെ പറയണമെങ്കിൽ അൽഖൈതൽ അബ്‌യള എന്ന്‌അ കാര (നസ്ബ്) മിട്ടു പറയുക തന്നെ ചെയ്യണം.

**സാധാരണനിലയിൽ ഓരോരുത്തരും തങ്ങൾ ശരിയെന്നുകരുതുന്ന കാര്യങ്ങൾ തെറ്റാണെന്ന് ബോദ്ധ്യപ്പെടുന്നത് യഥാർത്ഥ ശരിയുടെ വരവോടുകൂടി മാത്രമാണ്. പല അജ്ഞതകളെയും മികച്ച അറിവുകളായി തെറ്റിദ്ധരിച്ച് പുലർത്തിപ്പോരുന്നവർക്ക് താൻ ധരിച്ചുവെച്ചിരിക്കുന്ന കാര്യങ്ങൾ പര മാബദ്ധങ്ങളാണെന്ന് ബോദ്ധ്യപ്പെടുന്നത് യഥാർത്ഥ അറിവിന്റെ ആഗമനത്തോടുകൂടി മാത്രമായിരി ക്കും. പ്രകാശം, വെളുപ്പ്, ഉദയം, അന്ധകാരം, അന്ധത, കറുപ്പ്, തുടങ്ങിയ ചില പദങ്ങൾ സംസ്കാ രത്തെക്കുറിച്ചും, അജ്ഞതയെക്കുറിച്ചും, സംസ്കാരരാഹിത്യത്തെക്കുറിച്ചും സൂചിപ്പിക്കുന്നവയുമാ ണ്. കറുപ്പും, വെളുപ്പും യഥാക്രമം തെറ്റ്, ശരി, അറിവില്ലായ്മ, അറിവ് എന്നിവയെ പ്രതിനിധീകരി ക്കുന്ന രീതി ഇന്നും നിലവിലുണ്ടല്ലോ. നൂൽ സാധാരണ നിലയിൽ രാശി, രേഖ തുടങ്ങിയ സൂചന കളെ ധ്വനിപ്പിക്കാനാണ് ഉപയോഗിക്കുന്നത്. വലിയ വസ്തുവിന്റെ പ്രാരംഭം കുറിക്കാനാണ് അതിന്റെ രേഖ എന്നു പറയുന്നത്. ”**

**- നോമ്പിന്റെ സത്യം - അബുയാസീൻ**

## സുമ്മ അതിമ്മുസ്വിയാമ ഇലല്ലൈലി-

വിശുദ്ധഖുർആനിലെ മഹത്തായ വചനങ്ങളും അതിലെ ആശയങ്ങളും പഠിച്ചുകൊണ്ട് (സമൂഹ ത്തിലെ അക്രമങ്ങളെയും അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയുമൊക്കെ തിരിച്ചറിയാനുള്ള കഴിവ് നിങ്ങൾക്കുണ്ടായാൽ) (ആ വെള്ളനൂൽ ഉപയോഗിച്ച് ആ കറുത്ത നൂലുകളെ തിരിച്ചറിയാനുള്ള കഴിവ് നിങ്ങൾക്ക് വന്നുചേർന്നാൽ) കാലാകാലങ്ങളിലായി സമൂഹത്തിൽ വരാൻ സാധ്യതയുള്ള അത്തരം ഇരുട്ടുകൾ (അൽ-ലൈൽ) ഇല്ലാതാക്കേണ്ടതിലേക്ക് അൽസിയാം എന്ന സമഗ്ര ദാരിദ്ര്യ നിർമ്മാർജ്ജന പരിശീലനം (വിശുദ്ധ ഖുർആൻ) നിങ്ങൾ പൂർത്തിയാക്കി വയ്ക്കുക. അഥവാ വിശുദ്ധ ഖുർആനിൽ പൂർണ്ണ അവഗാഹം നിങ്ങൾ നേടി വെയ്ക്കുക (2:187). അല്ലാതെ ‘രാത്രിവരെ പട്ടിണികി ടക്കുക’ എന്നല്ല. രാത്രിയിലേക്ക് എന്നാണ് ഖുർആനിൽ ഉള്ളത്. ‘അൽ-ലൈൽ’ അതൊരു പ്രത്യേക രാത്രിയാണ്. വെറും രാത്രിയാണെങ്കിൽ ലൈൽ എന്നു മാത്രമെ പറയൂ. അതൊരു പ്രത്യേക അന്ധകാ രമാണ്. അജ്ഞതയുടെ - അന്ധവിശ്വാസത്തിന്റെ - അക്രമങ്ങളുടെ - അനീതികളുടെ - സ്വേച്ഛാധിപ ത്യത്തിന്റെ - അന്ധകാരമാണ്. അന്ധകാരങ്ങൾ വരുമ്പോൾ അവ നീക്കം ചെയ്യേണ്ടതിലേക്കായി നിങ്ങൾ ഖുർആൻ കൊണ്ടുള്ള പരിശീലനം പൂർണ്ണമായും നേടിവെക്കുക. നോക്കൂ, മഹാനായ മോസസും (മൂസാ നബിയും) കൂട്ടുകാരും വേദഗ്രന്ഥം കൊണ്ട് അസ്സ്വലാത്തും അസിയാമും, അൽഹ ജ്ജുമൊക്കെ ചെയ്തപ്പോൾ ഈജിപ്തിലെ ഇരുട്ട് അപ്രത്യക്ഷമായി. ഫിർഔൻ എന്ന ആ സ്വേച്ഛാധി പതി വീണു.

ഇബ്രാഹിം എന്ന ദൈവദൂതൻ തനിക്കുകിട്ടിയ വേദം കൊണ്ട് അവിടുത്തെ സ്വേച്ഛാധിപതിയെ വെല്ലുവിളിച്ചപ്പോൾ - പോരാടിയപ്പോൾ ഇറാഖിലെ നംറൂദിന്റെ സിംഹാസനം ആടിയുലഞ്ഞു. നമ്മെ പ്പോലെ ആഹാരം കഴിക്കുകയും, അങ്ങാടിയിലൂടെ നടക്കുകയും ചെയ്ത ഒരു സാധാരണ മനുഷ്യൻ എന്നു ഖുർആൻ പരിചയപ്പെടുത്തിയ മുഹമ്മദ് എന്ന മക്കയിലെ പ്രസിദ്ധനായ ഒരു കച്ചവടക്കാരൻ വിശുദ്ധ ഖുർആൻ കൊണ്ട്, അസ്സ്വലാത്തും, അസ്സ്വിയാമും, അൽഹജ്ജുമൊക്കെ ചെയ്യാൻ അറബി കളെ പഠിപ്പിച്ചപ്പോൾ - വിശുദ്ധ ഖുർആൻ എന്ന വേദം കൊണ്ടു പോരാടാൻ അറബികളെ പഠിപ്പിച്ച പ്പോൾ - ഖുറൈശികളുടെ ‘ഭിന്നിപ്പിച്ചു’ ഭരിക്കുക എന്ന തന്ത്രം പരാജയപ്പെടുകയും അറേബ്യയും അറബികളും ഒന്നാകുകയും, ലോകവൻശക്തികളായി മാറുകയും അറേബ്യയിലെ ഖുറൈശികളുടെ സ്വേച്ഛാധിപത്യം അവസാനിക്കുകയും ചെയ്തു. ഭഗവത്ഗീതയിൽ നിന്നു പാഠമുൾക്കൊണ്ടുകൊണ്ട്- അഹിംസാ സിദ്ധാന്തം ഉപയോഗിച്ചുകൊണ്ട്, ഗാന്ധിജിയും കൂട്ടരും പോരാടിയപ്പോൾ ബ്രിട്ടീഷുകാ രുടെ മേൽക്കോയ്മയിൽ നിന്ന് ഇന്ത്യ സ്വതന്ത്രമായി. ബൈബിൾ പഴയ നിയമത്തിൽ നിന്നും പ്രചോദ നമുൾക്കൊണ്ട് അബ്രഹാം ലിങ്കണും കൂട്ടരും പോരാടിയപ്പോൾ അമേരിക്കയിലെ അടിമക്കച്ചവടം അവസാനിച്ചു. അതെ, വേദഗ്രന്ഥത്തിലെ തിളക്കമാർന്ന സൂക്തങ്ങൾ നാം പഠിച്ചുകഴിഞ്ഞാൽ ആ സ്വർണ്ണനൂൽ ഉപയോഗിച്ച് സമൂഹത്തിലെ വാഴനാരുകളാകുന്ന അന്ധവിശ്വാസങ്ങളെയും, അനാചാര ങ്ങളെയും സമൂഹത്തിലെ സ്വേച്ഛാധിപത്യ പ്രവണതകളെയും, സാമൂഹ്യ സാമ്പത്തിക ചൂഷണങ്ങ ളെയും മനുഷ്യാവകാശ ലംഘനങ്ങളെയും പെട്ടന്ന് തിരിച്ചറിയാനും, പ്രതികരിക്കാനും, പ്രതിരോധി ക്കാനും ഇല്ലാതാക്കാനും നമുക്കു കഴിയുന്നു.

**ഖുർആൻ പഠനമാണ് അസ്സ്വിയാമിന്റെ അടിസ്ഥാനം എന്നും, വേദവചനങ്ങൾ പഠിച്ചുകൊണ്ട് സമൂഹത്തിലെ തിന്മകൾ തിരിച്ചറിയാനും ഇല്ലാതാക്കാനുമുള്ള കഴിവ് ഓരോരുത്തരും നേടണമെന്നും – പോരാ – വേദഗ്രന്ഥം (വിശുദ്ധ ഖുർആൻ) പൂർണ്ണമായും പഠിച്ചുവെച്ചുകൊണ്ട്-വിശുദ്ധഖുർആനിൽ പരിപൂർണ്ണ അവഗാഹം നേടിയെടുത്തുകൊണ്ട് – ലോകസമൂഹങ്ങളിൽ ഭാവിയിൽ വരാൻ സാദ്ധ്യതയുള്ള എല്ലാ ഇരുട്ടുകളും വളരെ കാര്യക്ഷമമായി ഇല്ലായ്മ ചെയ്യേണ്ടതിന് വിശുദ്ധ ഖുർആൻ കൊണ്ടുള്ള പരിശീലനം പൂർണ്ണമായും നേടി വെയ്ക്കണമെന്നുമാണ് ഖുർആൻ ഇവിടെ പ്രത്യേകം ഉണർത്തിയത്. വിശുദ്ധ ഖുർആന്റെ മഹത്തായ ഈ സിദ്ധാന്തമാണ് അമവി അറബികൾ 'ഒരു മാസത്തെ പട്ടിണി'യിൽ പൊതിഞ്ഞ് ഇല്ലാതാക്കിയത്. ദാരിദ്ര്യം ഇല്ലാതാക്കുന്നതിന് പകരം അവർ ആ വേദ ഗ്രന്ഥം തന്നെ 'ഇല്ലാതാക്കി' എന്നു സാരം!.**

## മസ്ജിദ് പള്ളിയായപ്പോൾ!

### അല്ലാഹുവിന്റെ മസ്ദിജ്-വിശുദ്ധ ഖുർആൻ-കേവലം ഒരു കെട്ടിടമായപ്പോൾ !!

വ-ലാ തുബാശിറൂഹുന്ന-വ-അൻതും-ആകിഫുനഫിൽ മസാജിദി-'നിങ്ങൾ ദൈവികനിയമങ്ങൾ നടപ്പിൽ വരുത്താനുള്ള അണിയറ പ്രവർത്തനങ്ങളിൽ മുഴുകിയിരിക്കേ, (ആ പദ്ധതികൾ നടപ്പിൽ വരുത്തുന്നതിന് മുമ്പായി) ആദുർബല ജനവിഭാഗങ്ങൾക്ക് (വമ്പിച്ച വാഗ്ദാനങ്ങളാകുന്ന) സന്തോഷ വാർത്തകൾ നൽകരുത്.' അബൂഹുറൈറകൾ പഠിപ്പിച്ചതുപോലെ 'നിങ്ങൾ പള്ളികളിൽ ഭജനമിരിക്കെ സത്രീകളുമായി സഹവസിക്കരുത് (ഭാര്യമാരെ പ്രാപിക്കരുത്)' എന്നല്ല. പള്ളികളിൽ (മുസ്‌ലിംകൾ) ആരെങ്കിലും കുടുംബസമേതം-ഭാര്യാസമേതനായി – താമസിക്കാറുണ്ടോ ....? സുന്നികൾ അവരുടെ വിശ്വാസപ്രകാരം സ്ത്രീകളെ എന്നെങ്കിലും പള്ളിയിൽ കയറാൻ അനുവദിക്കുമോ? അഥവാ പള്ളികളിൽ ഇഅ്തികാഫ് ഇരിക്കുകയാണെങ്കിൽ – ഭജനമിരിക്കുകയാണെങ്കിൽ – അതല്ലാത്ത സമയത്ത് സ്ത്രീകളെ പള്ളികളിൽ വെച്ച് പ്രാപിക്കാമോ ? വിശുദ്ധ ഖുർആനിലെ സ്വലാത്തും, സിയാമും, ഹജ്ജും, സകാത്തും ഒക്കെ അട്ടിമറിച്ചതുപോലെ, അഹ്‌ലുസ്സുന്നത്തുവൽ ജമാഅത്ത് എന്ന അറേബ്യൻ പാരമ്പര്യ മതമുണ്ടാക്കാൻ അമവി-അബ്ബാസി അറബികൾ അട്ടിമറിച്ച മറ്റൊരു പദമാണ് ഖുർആനിലെ മസ്ജിദ്. അതുകൊണ്ട് എന്താണ് മസ്ജിദ് എന്ന് ഖുർആൻ കൊണ്ട് നാം ഹ്രസ്വമായിട്ടെങ്കിലും മനസ്സിലാക്കിവെക്കണം. 'എങ്കിലേ പട്ടിണി നോമ്പു'ണ്ടാക്കാൻ വേണ്ടി – മുസ്ലിംകളെ കഷ്ടപ്പെടുത്താൻ വേണ്ടി-അബൂഹുറയ്റകൾ ഖുർആൻ പരിഭാഷയിൽ നടത്തിയ അട്ടിമറികളുടെ ഭീകരത നമുക്ക് പൂർണ്ണമായും ബോധ്യമാകൂ. (മസ്ജിദിന്റെ വിശദമായ പഠനത്തിന് അബൂയാസീനും മുതൂർഅബൂബക്കർ മൗലവിയും, ഈയുള്ളവനുമൊക്കെ എഴുതിയ മസ്ജിദിന്റെ സത്യം, മസ്ജിദ്, സുജൂദ് എന്നീ ഗ്രന്ഥങ്ങൾ പഠിക്കുക) മസ്ജിദ് എന്താണെന്നു ഖുർആന്റെ അടിസ്ഥാനത്തിൽ ഹ്രസ്വമായി വിവരിക്കാം.

ജാതി-മത-ഭേദമന്യേ മനുഷ്യർക്ക് സുഖമായി ഈ ഭൂമിയിൽ ജീവിക്കാനുള്ള അടിസ്ഥാന തത്വങ്ങളും നിർദ്ദേശങ്ങളും, നിയമങ്ങളുമാണ് വിശുദ്ധ ഖുർആനിലൂടെ അല്ലാഹു പഠിപ്പിക്കുന്നത്. വിശുദ്ധ ഖുർആനും, ബൈബിളും, ഭഗവത്ഗീതയുമൊക്കെ, ഒരേ അല്ലാഹുവിന്റെ ഒരേ ദർശനങ്ങൾ വിവിധ നാടുകളിലും സന്ദർഭങ്ങളിലും – വിവിധ പേരുകളിൽ വന്നതാണ്. എല്ലാം ഒന്നു തന്നെ. സാക്ഷാൽ അല്ലാഹുവിന്ന് ആദ്യവും അവസാനവും ഇല്ലാത്തതുപോലെ – ഈ പ്രപഞ്ചത്തിനും കാലത്തിനും ആദ്യവും അവസാനവും ഇല്ലാത്തതുപോലെ – മനുഷ്യശരീരം സൃഷ്ടിക്കപ്പെട്ട ആ പദാർത്ഥത്തിന് (Matter) ആദ്യവും അവസാനവും ഇല്ലാത്തതുപോലെ – ആ വേദനിയമങ്ങൾക്കും (ദൈവീകനിയമങ്ങൾക്കും) ആദ്യവും അവസാനവും ഇല്ല. ഭൂമിയിൽ പിറന്നുവീണ ഓരോ മനുഷ്യനും മരണം വരെ-മരണം കഴിഞ്ഞാലും-എങ്ങനെ സുഖമായും, സുഭിക്ഷമായും സന്തോഷമായും ജീവിക്കാം എന്നതിനുള്ള അടിസ്ഥാന നിയമങ്ങളും നിർദ്ദേശങ്ങളുമാണ് ഖുർആൻ പഠിപ്പിക്കുന്നത്. ഓരോ മനുഷ്യനും അവശ്യമായും അറിഞ്ഞിരിക്കേണ്ട അടിസ്ഥാനപരമായ വിധി വിലക്കുകൾ (മസ്ദിജുൽ ഹറാം) മുതൽ മനുഷ്യനെ ദൈവത്തോളം ഉന്നതനാക്കാൻ സഹായിക്കുന്ന – മനുഷ്യനെ സാംസ്കാരികതയുടെ – നാഗരികതയുടെ പാരമ്യതയിൽ – 'മഖാമൻ മഹ്മൂദിൽ' – എത്താൻ സഹായിക്കുന്ന നിയമങ്ങൾ -'മസ്ജിദുൽഅഖ്സ' – ഉൾക്കൊള്ളുന്നതാണ് വിശുദ്ധ ഖുർആൻ എന്ന മസ്ജിദ്. ആ മസ്ജിദിന് മനുഷ്യനോളം പഴക്കമുണ്ട്. വിശുദ്ധ ഖുർആൻ എന്ന ആ മസ്ജിദിന്നാണ് – ആ ദൈവീക നിമയങ്ങൾക്കാണ് നാം 'സുജൂദ്' ചെയ്യേണ്ടത്. എന്നു പറഞ്ഞാൽ വിനയപൂർവ്വം, അഹങ്കാരം നടിക്കാതെ, നാം കീഴ്പ്പെടേണ്ടത്! (22:18) (16:47–50) (19:58) (48:29) (32:15) (84:21) (17:107) (31:7) (84:21) (18:57) (7:206). അല്ലാതെ ഒരു ചടങ്ങ് എന്ന നിലക്ക് തല-(നെറ്റി)-നിലത്തിട്ട് ഉരച്ചിട്ട് യാതൊരു കാര്യവുമില്ല. അല്ലാതെ കല്ലുകൊണ്ടും സിമന്റുകൊണ്ടും ഒരു കെട്ടിടമുണ്ടാക്കി, ആ കെട്ടിടത്തിൽ പോയി ദിവസവും അഞ്ചുനേരം നെറ്റി തറ

യിൽ വെച്ച് അറബി ഭാഷയിൽ ഒരു ചടങ്ങു പ്രാർത്ഥന നടത്തിയാൽ, ഇവിടെ സ്വർഗ്ഗീയജീവിതവും, മരിച്ചുചെന്നാൽ പരലോകമോക്ഷവും തരാമെന്ന് ഖുർആനിൽ എവിടെയും അല്ലാഹു വാഗ്ദാനം ചെയ്തിട്ടില്ല. പള്ളികൾ ഖുർആനിക നിയമങ്ങൾ പഠിക്കാനും, പഠിപ്പിക്കാനും തദ്ദേശവാസികളുടെ ജീവിതപ്രശ്നങ്ങൾ ചർച്ച ചെയ്യാനുള്ള, (ജാതി-മത-ഭേദമന്യേ മനുഷ്യരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും അതു നടപ്പിലാക്കാനുമുള്ള) സാംസ്കാരിക കേന്ദ്രങ്ങൾ (ഓഫീസുകൾ) മാത്രമാണ്. മസ്ജിദുൽഹറാം എന്നാൽ അതു മക്കത്തെ പള്ളിയല്ല. ജാതി-മത ഭേദമന്യേ എല്ലാവരും മുറുകെ പിടിക്കേണ്ട-മനുഷ്യൻ ലംഘിക്കാൻ പാടില്ലാത്ത അല്ലാഹുവിന്റെ പവിത്രമായ നിയമങ്ങളാണ്. മഹത്തായ വിലക്കുകളാണ്.

ഖുർആൻ പറയുന്നത് ശ്രദ്ധിക്കുക (6:151:153) "(നബിയേ) പറയുക (പ്രഖ്യാപിക്കുക) നിങ്ങൾ വരൂ. നിങ്ങളുടെ രക്ഷിതാവ്, നിങ്ങളുടെ മേൽനിഷിദ്ധമാക്കിയ കാര്യങ്ങൾ (ഏതൊക്കെയാണെന്ന്) ഞാൻ നിങ്ങൾക്ക് (ഖുർആനിൽ നിന്ന് വായിച്ചു) കേൾപ്പിച്ചു തരാം. അല്ലാഹുവിൽ നിങ്ങൾ ആരെയും പങ്കുചേർക്കരുത്. (അതായത് അല്ലാഹുവിൽ-അല്ലാഹുവിന്റെ ഈ നിയമങ്ങളിൽ-ഖുർആനിക നിയമങ്ങളിൽ-നിങ്ങൾ നിങ്ങളുടേതായ നിയമങ്ങൾ കൂട്ടിച്ചേർക്കരുത് ജീവിതത്തിന്റെ ഒരു ഘട്ടത്തിലും നീതിയും, ന്യായവുമല്ലാത്ത ഒരു കാര്യവും ചെയ്യരുത്). മാതാപിതാക്കൾക്ക് (അവർ രണ്ടുപേരും, അല്ലെങ്കിൽ അവരിൽ ആരെങ്കിലും ഒരാൾ വാർദ്ധക്യത്തിൽ നിന്റെ അധീനതയിൽ വന്നാൽ അവരോട് ഛേ എന്നുപോലും പറയരുത് (17:23) എന്നുമാത്രമല്ല അവർക്കുവേണ്ട എല്ലാ ആദരവുകളും, സൗകര്യങ്ങളും, നന്മകളും ചെയ്തുകൊടുക്കുക, ദാരിദ്ര്യഭയം കാരണമായി സ്വന്തം മക്കളെ നിങ്ങൾ കൊന്നുകളയരുത്. നാമാണ് (നിങ്ങൾക്കു ചുറ്റുമുള്ള എന്റെ പ്രകൃതിയിലൂടെ) നിങ്ങൾക്കും അവർക്കും വേണ്ട ആഹാരങ്ങൾ നൽകുന്നത്. പ്രത്യക്ഷവും പരോക്ഷവുമായ എല്ലാ അനിസ്ലാമിക പ്രവർത്തനങ്ങളോട് (ഖുർആനിലൂടെ പരാമർശിക്കപ്പെട്ട-ഖുർആൻ വിരുദ്ധമായ പ്രവർത്തനങ്ങളോട് നിങ്ങൾ അടുത്തു പോകരുത്. അല്ലാഹു പവിത്രമാക്കിയ മനുഷ്യജീവനെ വേദവചനങ്ങൾ കൊണ്ടല്ലാതെ നിങ്ങൾ കൊല്ലരുത്. (കുറ്റങ്ങൾക്കുള്ള ശിക്ഷയും ശിക്ഷണവുമെല്ലാം വേദഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിലല്ലാതെ നിങ്ങൾ നടപ്പിലാക്കരുത്.) നിങ്ങൾ കാര്യങ്ങൾ ചിന്തിച്ചു മനസ്സിലാക്കാൻ ഖുർആനിലൂടെ അല്ലാഹു നിങ്ങൾക്കു നൽകിയ ഉപദേശമാകുന്നു അത്". തുടർന്ന് അനാഥകളുടെ മുതൽ അപഹരിക്കരുതെന്നും, വിശുദ്ധഖുർആൻ അല്ലാതെ, ഖുർആൻ കൈവിട്ടുകൊണ്ട് നിങ്ങൾ പല കക്ഷികളായി പിരിയരുതെന്നും നിങ്ങൾ ഒരൊറ്റ സമൂഹമായി നിൽക്കണമെന്നുമൊക്കെ ഖുർആൻ കൽപിക്കുന്നു. (6:151–159)

മസ്ജിദ് എന്ന പദത്തിന്റെ യഥാർത്ഥ അർത്ഥവും ആശയവും, നാം ഖുർആനിൽ നിന്നു നേരിട്ട് പഠിക്കുമ്പോൾ നാം ഞെട്ടിത്തരിച്ചുപോകും. നിലവിലുള്ള സുന്നി-ശിയാ പരിഭാഷകൾ വായിക്കുമ്പോൾ ചില സന്ദർഭങ്ങളിൽ മസ്ജിദ് എന്ന പദം വരുന്ന സ്ഥലത്തൊക്കെ കൊടുത്ത അർത്ഥം വായിക്കുമ്പോൾ അത്യധികം (കൺഫ്യൂഷൻ) ഉണ്ടാകുകയും ചെയ്യും. യാതൊരു ആശയക്കുഴപ്പവുമില്ലെന്നും കേരളക്കരയിൽ ഖുർആൻ സുന്നത്തു സൊസൈറ്റി ഇറക്കിക്കൊണ്ടിരിക്കുന്ന മാസികകളും, സി.ഡി.കളും ഗ്രന്ഥങ്ങളും ശ്രദ്ധിച്ചു പഠിക്കണമെന്നും, അബൂയാസീനും, മുതുർ അബൂബക്കർ മൗലവിയുമൊക്കെ ചേർന്ന് ഇറക്കാൻ പോകുന്ന ഖുർആൻ പരിഭാഷ വായിക്കുമ്പോൾ നിങ്ങളുടെ എല്ലാ സംശയങ്ങളും തീരുമെന്നും അല്ലാഹുവിനെ സാക്ഷിയാക്കി ഈയുള്ളവൻ ഉറപ്പുതരുന്നു. മാന്യ വായനക്കാർ ക്ഷമയോടെ കാത്തിരിക്കുക.

നമുക്ക് നോമ്പുമായി ബന്ധപ്പെട്ട മസ്ജിദിന്റെ അർത്ഥം സാന്ദർഭികമായി പഠിക്കലാണല്ലോ ലക്ഷ്യം. മസ്ജിദുൽ ഹറാം എന്നാൽ മക്കത്തെ പള്ളിയല്ലെന്നും, അതു മനുഷ്യർ അടിസ്ഥാനമായി അറിഞ്ഞിരിക്കേണ്ട അല്ലാഹുവിന്റെ പവിത്രമായ വിലക്കുകളാണെന്നും (Divine donts) നാം മനസ്സിലാക്കണം. മസ്ജിദ് എന്നാൽ അല്ലാഹുവിന്റെ നിയമങ്ങളാണെന്ന് (വിശുദ്ധ ഖുർആൻ ആണെന്ന്) നാം പഠിച്ചു.അതുപോലെ ആ മസ്ജിദ് നിലനിൽക്കുന്ന (ഖുർആനിക നിയമങ്ങൾനിലനിൽക്കുന്ന) ഏതൊരു സമൂഹത്തിനും, ഏതൊരു വ്യക്തിയ്ക്കും, സ്ഥലത്തിനും മസ്ജിദ് എന്നുപറയാം. ഈ പ്രപഞ്ചം മുഴുവൻ പ്രകൃതി നിയമങ്ങളാൽ സുബദ്ധവും, സുരക്ഷിതവുമാണ്. മനുഷ്യശരീരവും ഈ ഭൂമിയും ആ അർത്ഥത്തിൽ മസ്ജിദ് തന്നെ. ഈ ഭൂമി മുഴുവൻ അല്ലാഹുവിന്റെ പള്ളിയാണെന്ന് (ക്ഷേത്രമാണെന്ന്) പണ്ടുമുതലേ ഇസ്ലാം മതത്തിലെയും ഹിന്ദുമതത്തിലേയും പണ്ഡിതന്മാർ പറയാൻ കാരണവുമതാണ്.

ജാതിമത ഭേദമന്യേ എല്ലാവരും ആ വിലക്കുകൾ മുറുകെപ്പിടിച്ചാൽ ഈ ഭൂമിയിൽ ദുരിതരഹിതമായ ഒരു സമാധാന ജീവിതം കൈവരാൻ തുടങ്ങും. നല്ല ആഹാരം കഴിച്ച്, നല്ല വസ്ത്രമുടുത്ത്, സമാധാനത്തോടുകൂടി അന്തിയുറങ്ങാൻ നമ്മുടെ സമൂഹത്തിലുള്ള എല്ലാ ജനവിഭാഗങ്ങൾക്കും കഴിയണം. അത്തരമൊരു സമാധാന അന്തരീക്ഷത്തിൽ മാത്രമേ ഇസ്ലാം എന്ന ശാന്തിമാർഗ്ഗത്തിന് പ്രസക്തിയു

ള്ളു. സമാധാന പൂർണ്ണമായ സ്വർഗ്ഗീയ ജീവിതമാണ് ഇസ്ലാം എന്ന പ്രത്യയശാസ്ത്രത്തിന്റെ - ദീനുൽ ഇസ്ലാമിന്റെ - അസ്ഥിവാരം എന്ന് പല രീതിയിലും പല ശൈലിയിലും ഖുർആൻ പഠിപ്പിക്കുന്നുണ്ട്. അതിനു രണ്ടു കാര്യങ്ങൾ നാം ചെയ്യണം എന്ന് ഖുർആൻ പറയുന്നു. ഒന്ന് അല്ലാഹുവിനെ ഉപയോഗപ്പെടുത്തി - അവന്റെ ഈ വേദം ഉപയോഗിച്ച് നാം സമൂഹത്തിൽ സമാധാനം കൊണ്ടുവരണം. അഥവാ ഓരോ മുസ്ലീമും സമാധാനദായകരാവണം. മസ്ജിദുൽ ഹറാമിൽ കയറിയാൽ നമുക്കതിനുള്ള മിനിമം യോഗ്യതയായി. അപ്പോൾ തന്നെ നമ്മുടെ ജീവിതം സന്തോഷകരമാവാൻ തുടങ്ങും. എന്നാൽ നമ്മൾ മസ്ജിദുൽ ഹറാമിൽ ആയാൽ പോര മസ്ജിദുൽ അഖ്സയിൽ എത്തണം എന്നാണ്, ('മഖാമൻ മഹ്മൂദി'ൽ എത്തണമെന്നാണ്, അത്യുന്നതമായ ഒരു ചിന്താമണ്ഡലത്തിൽ - 'സിദ്റത്തുൽ മുൻതഹ'യിൽ എത്തണമെന്നാണ്. - സാംസ്കാരികതയുടെ പാരമ്യതയിലെത്തണമെന്നാണ്) ഖുർആൻ പഠിപ്പിക്കുന്നത്. അതിനായി നാം അല്ലാഹു ഖുർആനിലൂടെ പഠിപ്പിച്ച മസ്ജിദുൽ ഹറാമിനപ്പുറമുള്ള നിയമങ്ങൾ, അസ്സ്വലാത്ത്, അസ്സ്വിയാം, അൽഹജ്ജ്, സകാത്ത്, ജിഹാദ് (ധർമ്മസമരം) എന്നിങ്ങനെയുള്ള സാമൂഹ്യ-സാംസ്കാരിക-സാമ്പത്തിക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം. അപ്പോൾ നിങ്ങളും ഒരു 'മുഹമ്മദ്നബി'യായി മാറുന്നു. അപ്പോൾ നിങ്ങളുടെ ഭൂമിക നിങ്ങൾക്കൊരു സ്വർഗ്ഗമായി മാറുന്നു. അപ്പോൾ മുഹമ്മദ്നബി കണ്ടതുപോലെ നിങ്ങൾക്കും അവിടെ നിങ്ങളുടെ കണ്ഠനാടിയോട് ചേർന്ന് നിൽക്കുന്ന അല്ലാഹുവിനെ കാണാം എന്നാണ് ഖുർആൻ പറയുന്നത്.

വ-ലാതുബാശിറൂഹുന്ന-വഅൻതും ആകിഫൂന-ഫിൽമസാജിദി = നിങ്ങൾ ദൈവീക നിയമങ്ങൾ നടപ്പിൽ വരുത്താനുള്ള അണിയറ പ്രവർത്തനങ്ങളിൽ സജീവമായിരിക്കെ, ആ പദ്ധതികൾ നടപ്പിൽ വരുത്തുന്നതിന്റെ മുമ്പായി, അനാവശ്യമായ വാഗ്ദാനങ്ങളൊന്നും ആ പാവങ്ങൾക്ക് നൽകരുത് എന്നാണ് ഖുർആനും മുഹമ്മദ്നബിയും തുടർന്ന് പഠിപ്പിക്കുന്നത്. വിശുദ്ധ ഖുർആന്റെ ലക്ഷ്യം തന്നെ 'ജീവച്ഛവ'മായി നിൽക്കുന്ന മനുഷ്യർക്കു ജീവൻ നൽകലാണ്. അതായത് 'ചത്തതിനൊക്കുമേ ജീവിച്ചിരിക്കലും' എന്ന മട്ടിൽ ജീവിക്കുന്ന സമൂഹത്തിലെ ദുർബല ജനവിഭാഗങ്ങളെ കണ്ടുപിടിച്ചു, അവർക്കു ജീവൻ നൽകി അവനെ, വീട്ടുകാർക്കും, നാട്ടുകാർക്കും, സമൂഹത്തിനും ഉപകാരപ്പെടുന്ന രീതിയിൽ വളർത്തിക്കൊണ്ടുവരിക എന്നതാണ്. അൽസിയാമിന്റെ (തീവ്ര ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ) ആത്യന്തിക ലക്ഷ്യവും അതുതന്നെയാണ്. വിശുദ്ധഖുർആനിലെ ഓരോ നിയമങ്ങളും അതു ചെറുതാവട്ടെ വലുതാവട്ടെ അത് ഭൂമിയിൽ പ്രാവർത്തികമാക്കാനുള്ളതാണ്. അതുവഴി ഭൂമിയിൽ ഒരു സ്വർഗ്ഗീയജീവിതം പണിയാനുള്ളതാണ്. നിങ്ങൾ മസാജിദുകളിൽ ആയിരിക്കേ-നിങ്ങൾ ദൈവീക നിയമങ്ങളിൽ ആയിരിക്കെ-നിങ്ങൾ വിശുദ്ധ ഖുർആനിലെ ഓരോ നിയമങ്ങളും നടപ്പിലാക്കാനുള്ള അണിയറ പ്രവർത്തനങ്ങളിലായിരിക്കേ-എന്നാണ് അതിന്റെ അർത്ഥം. അല്ലാതെ അബൂഹുറൈറകൾ പഠിപ്പിച്ചതുപോലെ നിങ്ങൾ പള്ളികളിൽ ഭജനമിരിക്കേ പെണ്ണുങ്ങളുമായി സഹവസിക്കരുത്, (പെണ്ണുങ്ങളെ പ്രാപിക്കരുത്) എന്ന വഷളൻ ആശയമല്ല.

വിഷയം വളരെ ഗൗരവമുള്ളതായതുകൊണ്ട് ഒരു ഉദാഹരണത്തിലൂടെ ഇതു വ്യക്തമാക്കി, ഈ ഭാഗം അവസാനിപ്പിക്കാം. നമ്മുടെ മഹല്ലിൽ -നമ്മുടെ ഗ്രാമത്തിൽ - പാടെ ദരിദ്രരായ നാലഞ്ചു കുടുംബങ്ങൾ ഒരു കോളനിയിൽ തിങ്ങിത്താമസിക്കുന്നുണ്ട് എന്നുകരുതുക. അവർക്ക് രാവിലെയും പകൽ സമയങ്ങളിലുമൊക്കെ പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കാനും കുളിക്കാനും മറ്റും ആവശ്യമായ കിണറും, കക്കൂസുകളും ഒന്നുമില്ലാത്തതിനാൽ അവർ വളരെ ദുരിതമനുഭവിക്കുന്നു. അവരുടെ കഷ്ടപ്പാടുകൾ മഹല്ലിലെ - ഗ്രാമത്തിലെ - ഏതാനും നല്ലവരായ ചെറുപ്പക്കാരുടെ ശ്രദ്ധയിൽപ്പെടുന്നു. ആ ചെറുപ്പക്കാർ അതിനൊരു പരിഹാരമുണ്ടാക്കണമെന്ന പ്രതിജ്ഞയെടുക്കുന്നു. ഉടനെ അവർ അവിടെയുള്ള ഭരണത്തലവൻമാരെയോ, ഇസ്ലാമിക ഖലീഫയെയോ, പള്ളിയിലെ ഖാസിയുടെയോ അടുത്തുപോയി ഈ പ്രശ്നം ഗൗരവമായി അവതരിപ്പിക്കുന്നു. മഹല്ല് ഖാസിക്കും പ്രശ്നം ബോദ്ധ്യപ്പെടുന്നു. ഉടനെത്തന്നെ ഖാസി തന്റെ മഹല്ലിലുള്ള പ്രധാനികളുടെ ഒരു യോഗം വിളിക്കുന്നു. ഒരു ദൈവീക സമൂഹം എന്ന നിലക്ക് ആ പാവങ്ങളെ സംരക്ഷിക്കേണ്ടതിന്റെ ബാധ്യത അവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. തുടർന്ന് നല്ലവരായ ആ സമ്പന്നർ കുറച്ചു സ്ഥലവും പണവുമൊക്കെ നൽകാൻ തയ്യാറാകുന്നു. ആ സമ്പന്നർ നൽകിയ സ്ഥലവും പണവുമൊക്കെ ഉപയോഗിച്ച് ആവശ്യമായ കക്കൂസുകളും, കിണറുമൊക്കെയായി ഒരു ചെറിയ ഹൗസിംഗ് കോളനി പണിയണമെന്നും, ഒരു വർഷം കൊണ്ട് അതെല്ലാം പൂർത്തിയാക്കാം എന്നും അവർ തീരുമാനിക്കുന്നു. അങ്ങനെ ഒരു വർഷം കഴിഞ്ഞ് ഹൗസിംഗ് കോളനിയുടെ പണി പൂർണ്ണമായും തീർന്നതിന് ശേഷം ഖാസി ആ നാല് നിർധന കുടുംബങ്ങളെയും വിളിപ്പിക്കുന്നു. നാട്ടിലെ നല്ലവരായ കുറെ സമ്പന്നരുടെയും സാമൂഹ്യപ്രവർത്തകരുടെയും

ഫലമായി അവർക്ക് കിട്ടിയ പുതിയ വീടിനെക്കുറിച്ചും മെച്ചപ്പെട്ട ജീവിത സാഹചര്യത്തെക്കുറിച്ചും അത് നടപ്പിൽവരാൻ അഹോരാത്രം അധ്വാനിച്ച വ്യക്തികളെയുമൊക്കെ അഭിനന്ദിച്ച ശേഷം, ആ പാവങ്ങളോടും അവർക്കു കഴിയുന്ന രീതിയിൽ ഇത്തരം സാമൂഹ്യ-സാംസ്കാരിക പരിപാടികൾക്ക് അവരുടേതായ സംഭാവനകൾ നൽകണമെന്നും ഒരു പ്രതിജ്ഞയെടുപ്പിച്ച ശേഷം പുതിയ വീടുകൾ അവർക്ക് കൈമാറുന്നു. അപ്പോൾ അവരുടെ സന്തോഷത്തിനും, കൃതജ്ഞതക്കും അതിരുണ്ടാവുമോ ? മാത്രമല്ല ആ പാവങ്ങൾക്ക് സാമൂഹ്യപ്രവർത്തകരായ ചെറുപ്പക്കാരിലും മഹല്ല് കമ്മറ്റിയിലും ഖാസിയിലും -ഇസ്ലാമിക വ്യവസ്ഥയിൽ - അവർക്കുള്ള ബഹുമാനവും ശുഭാപ്തിവിശ്വാസവും വർദ്ധിക്കുകയും ചെയ്യും. നേരെമറിച്ച് ഇങ്ങനെ ഒരു ആശയം, തലയിൽ ഉദിച്ച അന്നു തന്നെ, ആ യുവാക്കൾ പോയി ആ പാവപ്പെട്ട കുടുംബങ്ങളോടു പറയുകയും, ആ പദ്ധതിയെക്കുറിച്ച് സംസാരിക്കുകയും, 'ഇൻശാ അല്ലാ' ഒരു വർഷം കഴിഞ്ഞാൽ നിങ്ങൾക്കെല്ലാം ഒരു പുതിയ വീട് കിട്ടാൻ പോകുന്നു എന്നു പ്രഖ്യാപിക്കുകയും പിന്നീട് ആ പദ്ധതി നടപ്പിലാവാതെ പോവുകയും ചെയ്താൽ ആ പാവങ്ങൾക്ക് ആ വ്യക്തികളോടും കമ്മറ്റിയോടും-ആ ഇസ്ലാമിക വ്യവസ്ഥയോട് തന്നെ ഒരു പുച്ഛവും ദേഷ്യവും വരും എന്നുമാത്രമല്ല, ആ വ്യക്തികളെ അവർ ഒരു കാലത്തും 'നമ്പു'കയുമില്ല.

നോക്കൂ. എത്ര മഹത്തായ ഒരാശയമാണ് ഈ ഖുർആൻ സൂക്തങ്ങളിലൂടെ അല്ലാഹു പഠിപ്പിച്ചത്. ആ വചനത്തിന്റെ അർത്ഥവും ആശയവും മാറ്റിമറിച്ചുകൊണ്ട് 'നിങ്ങൾ പള്ളിയിൽ ഭജനമിരിക്കെ സ്ത്രീകളുമായി ബന്ധപ്പെടരുത്' എന്നർത്ഥം നൽകിയ ഈ ജൂതാസുകളെ എത്ര വിമർശിച്ചാലും അധികമാകുമോ...? ഇതൊക്കെ അല്ലാഹുവിന്റെ നിയമങ്ങളുടെ പരിധികളാണെന്നും അതുകൊണ്ട് ആ നിയമപരിധികൾ നിങ്ങൾ ലംഘിക്കരുതെന്നും തുടർന്ന് ഖുർആൻ പഠിപ്പിച്ചപ്പോൾ, 'നിങ്ങൾ പള്ളികളിൽ ഭജനമിരിക്കുമ്പോൾ ഭാര്യമാരുമായി ബന്ധപ്പെടാൻ അവരോടടുക്കരുത്' എന്ന് വ്യാഖ്യാനിച്ച മുസ്ലിം പുരോഹിതൻമാരെ നാം എന്തുചെയ്യണം...? വലാ തഖ്റബൂഹുന്ന (ആ പെണ്ണുങ്ങളോട് എന്നല്ല) ഖുർആനിലുള്ളത്. വലാതഖ്റബൂഹാ (ആ നിയമങ്ങളോട്) എന്നാണ്.

**തിൽക്ക-ഹുദൂദുല്ലാഹി-വ-ലാ തഖ്റബൂഹാ**-അല്ലാഹുവിന്റെ നിയമപരിധികളാണ് അതെല്ലാം. (അതുകൊണ്ട് നിങ്ങൾ ആ പരിധികളെ അതിലംഘിക്കാൻ അവയോടടുക്കരുത്.

**കദാലിക്ക-യുബ്ബയ്യിനുല്ലാഹു ആയാത്തിഹീ-ലിന്നാസി-ല അല്ലഹും-യത്തഖൂൻ**-ജനങ്ങൾ ശ്രദ്ധ



യുള്ളവരായേക്കാം എന്നതുകൊണ്ടാണ് ഈ രീതിയിലൊക്കെ അല്ലാഹുവിന്റെ വചനങ്ങൾ അവൻ നിങ്ങൾക്കു വിശദീകരിച്ചു തരുന്നത്.

തുടർന്ന് നോമ്പിന്റെ - തീവ്രവ്രതാനുഷ്ഠാനത്തിന്റെ - അൽസിയാമിന്റെ - സമഗ്ര ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ - മഹത്തായ ഒരു ലക്ഷ്യവും, അതു നടപ്പിൽ വരുത്തുമ്പോൾ (അൽസിയാം നടപ്പിൽ വരുത്തുമ്പോൾ) ഉണ്ടാകുന്ന സ്വാഭാവികമായ ഒരു ദുരന്തവും നമ്മെ ഓർമ്മപ്പെടുത്തിക്കൊണ്ടും തീവ്ര വ്രതാനുഷ്ഠാനത്തിന്റെ വചനങ്ങൾ അല്ലാഹു അവസാനിപ്പിക്കുന്നു.

**വ-ലാ-തഅ്കുലൂ- അംവാലക്കും-ബൈനക്കും-ബിൽ ബാത്വിലി-വതദ്‌ലൂ-ബിഹാ-ഇലൽഹുക്കാമി-ലി-തഅ്കുലൂ-ഫരീഖൻ-മിൻ-അംവാലിന്നാസി-ബിൽ-ഇസ്മി-വ-അൻതും-തഅ്‌ലമൂൻ.** അർത്ഥം - 'നിങ്ങളുടെ മുതലുകൾ അന്യായമായി നിങ്ങൾ അന്യോന്യം തിന്നരുത്. അറിഞ്ഞുകൊണ്ടുതന്നെ ജനങ്ങളുടെ സ്വത്തുക്കളിൽ നിന്ന് വല്ലതും അധാർമ്മികമായി നേടിയെടുത്ത് സ്വന്തമാക്കാൻ (കൈക്കൂലി നൽകിക്കൊണ്ട്) അതിൽ ഒരു വിഹിതവുമായി ഭരണകർത്താക്കളെ നിങ്ങൾ സമീപിക്കുകയും ചെയ്യരുത്.'

**നിങ്ങൾ ആരെയും അക്രമിക്കരുത്. നിങ്ങൾ അക്രമിക്കപ്പെടരുത്. (2:279) നിങ്ങൾ ആരെയും ഒരുവിധത്തിലും ചൂഷണം ചെയ്യരുത്. നിങ്ങൾ ചൂഷണം ചെയ്യപ്പെടുകയുമരുത്. വിശുദ്ധ ഖുർആന്റെ ആവർത്തിച്ചുള്ള ഒരു കൽപ്പനയും താക്കീതും, നയവുമാണിത്. ഇതേ തത്ത്വം തന്നെയാണ് നോമ്പിന്റെ മേൽ വിവരിച്ച സൂക്തങ്ങളിലൂടെയും അല്ലാഹു ആവർത്തിക്കുന്നത്.**

പാവപ്പെട്ടവന്റെ പട്ടിണിയും മറ്റു ദാരിദ്ര്യങ്ങളും നിർമ്മാർജ്ജനം ചെയ്യാനുള്ള സമഗ്രപദ്ധതികളാണ് അൽസിയാം എന്ന് നാം പഠിച്ചുകഴിഞ്ഞു. അത് ദൈവീകഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം എന്നും നമുക്ക് മനസ്സിലായി. മാത്രമല്ല ആ നിർമ്മാർജ്ജനപദ്ധതികൾക്ക് കഴിയുന്നവരെല്ലാം ഒരു അഗതിയുടെ സംരക്ഷണം ഏറ്റെടുത്ത് (ഒരു അഗതിക്കുവേണ്ട സംരക്ഷണം-അവന്റെ ഭക്ഷണം - വസ്ത്രം-പാർപ്പിടം-വിദ്യാഭ്യാസം-പൗരബോധം എന്നിവ നൽകി) അതിൽ പങ്കാളികളാവണം എന്നും നാം കണ്ടു. ആ സമഗ്രദാരിദ്ര്യനിർമ്മാർജ്ജന പരിശീലനം ഏതാനും ദിവസങ്ങളിലായി സമയബദ്ധിതമായി വർഷം തോറും നടത്തപ്പെടണം എന്നും നമുക്കു മനസ്സിലായി. അതു വ്യക്തിപരമായല്ല. കൂട്ടായ യജ്ഞമാണെന്നും മനസ്സിലാക്കി. അതുകൊണ്ടുതന്നെ ധർമ്മനിഷ്ടരായ സമ്പന്നരും സാമൂഹ്യബോധമുള്ളവരും ആ പ്രവർത്തനങ്ങളിലേക്ക് ധാരാളം പണം സംഭാവനകൾ നൽകും. ഭരണതലത്തിലാണെങ്കിൽ നികുതിയിനത്തിലും, സകാത്തിന്റെ ഇനത്തിലും മറ്റുമായി ധാരാളം പണം പൊതുഖജനാവിൽ വന്നുചേരും. അതു സംഘടനയുടെ-അല്ലെങ്കിൽ സർക്കാറിന്റെ സ്വത്താണെങ്കിലും, അടിസ്ഥാനപരമായി അത് പാവപ്പെട്ടവന്റെ മുതലും അവകാശവുമാണ്. ആ പൊതുമുതൽ കൊള്ളയടിക്കരുത് എന്നാണ് ഖുർആനും മുഹമ്മദ്നബിയും തുടർന്ന് പഠിപ്പിക്കുന്നത്. നാട്ടിൻപുറത്തെ ഒരു ചെറിയ സാമൂഹ്യസാംസ്കാരിക സംഘടനയായാലും നമ്മുടെ സർക്കാർ ഭരണമായാലും ധാരാളം '**കുംഭകോണ**'ങ്ങൾ നടക്കുന്നത് നാം കണ്ടിട്ടുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും ഒരു വിഹിതം നൽകി-അവരെ നിശ്ശബ്ദരാക്കിക്കൊണ്ടാണ്-ചില മന്ത്രിമാരും രാഷ്ട്രീയ നേതാക്കളും, മതനേതാക്കളും ഇങ്ങനെ പൊതുമുതലുകൾ കൊള്ളയടിക്കുന്നത്. അത്തരം അനധികൃത സ്വത്തുക്കൾ വെട്ടിപ്പിടിച്ച് വിഴുങ്ങുന്നതിലൂടെ അവർ അഗ്നിയാണ് വിഴുങ്ങുന്നത് എന്നും അതിന്റെ ഭീകരമായ അനന്തരഫലം അവർ അടുത്തുതന്നെ അവരുടെ ജീവിതത്തിൽ അനുഭവിക്കുമെന്നുമൊക്കെ ഖുർആൻ പലരീതിയിലും, പലശൈലിയിലും പലയിടത്തും താക്കീത് ചെയ്യുന്നുണ്ട്.


ഇത്രയും പറഞ്ഞതിൽ നിന്ന് ഇസ്‌ലാമിലെ വ്രതാനുഷ്ഠാനം എന്താണെന്ന് മാന്യവായനക്കാർക്ക് മനസ്സിലായിട്ടുണ്ടാകും എന്നുകരുതുന്നു. 1500 വർഷമായി 150 കോടിയലധികം വരുന്ന രണ്ട് മതവിഭാഗങ്ങൾ - സുന്നികളും ശിയാക്കളും ആചരിച്ചുവരുന്ന ഒരുമാസത്തെ പകൽ പട്ടിണി എന്ന വ്രതാനുഷ്ഠാനത്തിന് (റംസാൻ നോമ്പിന്) യാതൊരു തലയും വാലുമില്ല - ഖുർആനിൽ അതിന് യാതൊരു തെളിവുമില്ല എന്ന് ചേകനൂർ മൗലവിയുടെയും അല്ലാമ പർവേഷിന്റെയും ചില അനുയായികൾ ഖുർആൻ കൊണ്ട് സമർത്ഥിക്കുമ്പോൾ, അതൊരു ചില്ലറ കാര്യമല്ലെന്നും, അതീവ ഗൗരവമുള്ള വിഷയമാണതെന്നും, നമുക്ക് ബോദ്ധ്യമുള്ളതുകൊണ്ടുമാണ് ഇത്രയും വിശദീകരിച്ച് നോമ്പിന്റെ സൂക്തങ്ങളുടെ അർത്ഥം ഈയുള്ളവന് അവതരിപ്പിക്കേണ്ടിവന്നത്. ആദർശബന്ധുക്കൾ കാര്യം മനസ്സിലാക്കി ക്ഷമിക്കുമല്ലോ. മാത്രമല്ല, ഖുർആൻ വിശ്വാസികളായ സാധാരണക്കാർക്ക് - തങ്ങളുടെ കുട്ടികൾക്കും കൂട്ടുകാർക്കുമൊക്കെ നോമ്പിന്റെ യഥാർത്ഥ സന്ദേശം പറഞ്ഞുമനസ്സിലാക്കിക്കൊടുക്കണമെങ്കിൽ ഈ രീതിയിലുള്ള ഒരു പരിഭാഷയും വിശദീകരണവും ആവശ്യം തന്നെയാണ്. അബൂയാസീനും മുതൂർ അബൂബക്കർ മൗലവിയുമൊക്കെ അത്തരം ഒരു പരിഭാഷയുടെ പണിപ്പുരയിലാണ്. ഘട്ടംഘട്ടമായി നമുക്കത് ലഭിക്കും (ഇൻശാ അല്ലാ...) നാം കാത്തിരിക്കുക. തീവ്രവ്രതാനുഷ്ഠാനത്തിന്റെ - സമ

ദ്രദാരിദ്ര്യനിർമ്മാർജ്ജന പരിശീലനപരിപാടിയുടെ-അൽസിയാമിന്റെ സൂക്തങ്ങളുടെ അർത്ഥം ഹ്രസ്വമായി ഒന്നുകൂടി അവതരിപ്പിച്ച ശേഷം ഇതവസാനിപ്പിക്കാം.

## പട്ടിണിമാറ്റൽ പട്ടിണിയായപ്പോൾ...!
## 'ദാരിദ്ര്യനിർമ്മാർജ്ജനം'
## കേവലം ഒരു 'പട്ടിണി കിടക്കൽ പരിപാടി'യായപ്പോൾ...

വിശുദ്ധഖുർആന്റെ അടിസ്ഥാനത്തിൽ ഒരു നവയുഗം (ഒരു ഖുർആനിക പുലരി-അൽഫജർ - ഇസ്ലാമിക ഭരണം) ഇവിടെ സ്ഥാപിച്ചെടുക്കണമെന്നും അങ്ങനെ ജാതിമതിഭേദമന്യേ, ആബാലവൃദ്ധം ജനങ്ങൾ വളരെ സന്തോഷത്തോടെയും സമാധാനത്തോടെയും സംതൃപ്തിയോടെയും കഴിയണമെന്നും, അല്ലാഹുവിന്റെ കാണുന്നഭാഗമായ ഈ പ്രകൃതിയെ സ്നേഹിക്കുന്ന മനുഷ്യരിലൂടെയും പ്രസ്ഥാനങ്ങളിലൂടെയും സമൂഹങ്ങളിലൂടെയും, സർക്കാറുകളിലൂടെയും-വിശുദ്ധ ഖുർആനിലൂടെയും നിങ്ങൾക്ക് അല്ലാഹുവിനെ കാണാമെന്നും നിരന്തരം പഠിപ്പിക്കുകയാണല്ലോ ഖുർആൻ ചെയ്യുന്നത്. അത്തരം ഒരു സമൂഹ നിർമ്മിതിക്കുവേണ്ടി ഓരോ വ്യക്തിയും ഖുർആൻ പഠിപ്പിച്ച അസ്വലാത്തും, അൽഹജ്ജും, സകാത്തും, അസ്സിയാമുമൊക്കെ ചെയ്യണമെന്നും ഖുർആനും, മുഹമ്മദ് നബിയും പല രീതിയിലും പലശൈലിയിലും ആവർത്തിച്ച് ഉണർത്തുകയും ചെയ്തു.

ഒരു കാലത്ത് ഒന്നുമല്ലാതിരുന്ന ഒരുകൂട്ടം കാട്ടറബികളെ സംസ്കാരത്തിന്റെയും നാഗരികതയുടെയും ബാലപാഠങ്ങൾ പഠിപ്പിച്ചുകൊണ്ട്, മുഹമ്മദ് എന്ന ദൈവദൂതൻ അവരിലുള്ള ദൈവീകാംശത്തെ തട്ടിയുണർത്തിയപ്പോൾ, ആ പടക്കുതിരകൾ സത്യവും നന്മയും മാത്രം മുറുകെപ്പിടിച്ച്, - ധർമ്മത്തിന്റെ വക്താക്കളായി അന്നത്തെ ഏറ്റവും വലിയ രണ്ട് സാമ്രാജ്യങ്ങൾ (റോമ, പേർഷ്യൻ സാമ്രാജ്യങ്ങൾ) കീഴടക്കുന്നതാണ് അത്ഭുതത്തോടുകൂടി ലോകം കണ്ടത്. 'ചത്തതിനൊക്കുമേ ജീവിച്ചിരിക്കലും' എന്ന മട്ടിൽ കന്നുകാലികളെപ്പോലെ അലഞ്ഞുതിരിഞ്ഞു ജീവിച്ചിരുന്ന ആ കാട്ടറബികൾക്കാണ് മുഹമ്മദ് എന്ന ദൈവദൂതൻ ഖുർആനാകുന്ന പുണ്യതീർത്ഥം നൽകി അവരെ ലോകത്തിന്റെ നേതാക്കളും നായകരുമാക്കിയത്. നബിയുടെ ശിഷ്യനായിരുന്ന-ഇസ്ലാമിന്റെ രണ്ടാമത്തെ ഖലീഫയായ ഉമർ, റോമും പേർഷ്യയും ഒരു രക്തരഹിത വിപ്ലവത്തിലൂടെ നിഷ്പ്രയാസം കീഴടക്കുന്നത് കണ്ട് ലോകം അന്തംവിട്ടുനിന്നു. ഇസ്ലാമിന്റെ കൊടിക്കുകീഴിൽ റോമും പേർഷ്യയും അറേബ്യയും ഒന്നായപ്പോൾ കുറച്ച് കാലത്തേക്ക് ലോകം ആശ്വസിച്ചു. ദുഷ്ടൻമാരും ക്രൂരൻമാരുമായിരുന്ന റോമാ, പേർഷ്യൻ സാമ്രാജ്യ



ങ്ങളിലെ ചില ചക്രവർത്തിമാരും, പ്രഭുക്കൻമാരും 'നിധി കാക്കുന്ന ഭൂതങ്ങളെപ്പോലെ' ഒരുക്കൂട്ടി വെച്ചിരുന്ന എല്ലാ സമ്പത്തും അന്നാട്ടിലെ പാവപ്പെട്ടവരുടെ ക്ഷേമത്തിനും മറ്റു നിർമ്മാണപ്രവർത്തികൾക്കും ഖലീഫ ഉമർ ചെലവഴിച്ചു. എന്നിട്ടും ഖജനാവിൽ പൊതുമുതൽ കുന്നുകൂടിക്കിടന്നപ്പോൾ വൃദ്ധൻമാർക്കും വികലാംഗർക്കും സ്ത്രീകൾക്കും പ്രത്യേക പെൻഷൻ പദ്ധതികൾ ലോകചരിത്രത്തിലാദ്യമായി ഖലീഫ ഉമർ നടപ്പിലാക്കി. ധാരാളം വിദ്യഭ്യാസ സ്ഥാപനങ്ങളും ഖുർആൻ പ്രചരണകേന്ദ്രങ്ങളും ഖലീഫ ഉമർ സ്ഥാപിച്ചു. എന്നാൽ ഇസ്‌ലാമിന്റെ ആ നല്ല നാളുകൾ അധികകാലം നിലനിന്നില്ല. കേവലം 23 വർഷം കൊണ്ട് ഖുർആൻ കൊണ്ടുള്ള ഒരു ധർമ്മസമരത്തിലൂടെ അറേബ്യയുടെ ഭരണം തങ്ങളുടെ കൈകളിൽ നിന്ന് അടർത്തിമാറ്റിയ മുഹമ്മദിനോട് ഖുറൈശികൾക്കും, റോമ, പേർഷ്യൻ സാമ്രാജ്യങ്ങൾ കീഴടക്കിയ ഖലീഫ ഉമറിനോട് അവിടുത്തെ പഴയ രാജാക്കൻമാർക്കും തീരാത്ത പകയുണ്ടായിരുന്നു. നബി തോൽപിച്ച ഖുറൈഷികളും ഉമർ തോൽപിച്ച റോമ പേർഷ്യൻ സാമ്രാജ്യങ്ങളിലെ ചില ചക്രവർത്തിമാരും പിന്നെ ഒറ്റക്കെട്ടായി ഉമറിന്റെ കാലത്ത് കൂട്ടം കൂട്ടമായി ഇസ്‌ലാമിലേക്ക് വരുന്നതാണ് ലോകം കണ്ടത്. ഉമറിന്റെ കാലത്ത് ഇസ്‌ലാമിൽ കടന്നുകൂടിയ ആ കപടൻമാർ ക്രമേണ ശക്തിപ്രാപിക്കുകയും ഇസ്‌ലാമിക ലോകത്ത് അന്തഛിദ്രങ്ങൾ ആരംഭിക്കുകയും ചെയ്തു. മുഹമ്മദ് നബിയും, ഖലീഫ ഉമറും, ഇമാം അലിയുമൊക്കെ ഖുർആൻ കൊണ്ട് ഒരൊറ്റ ശരീരം പോലെ ഒരുമിപ്പിച്ചുനിർത്തിയ മുസ്‌ലിംകളെ ഖുർആനിൽ നിന്ന് അകറ്റിയില്ലെങ്കിൽ ലോകം മുഴുവൻ 'മുഹമ്മദിന്റെ കുട്ടികൾ കീഴടക്കും' എന്നതായിരുന്നു അവരുടെ ഭയം. വാളുകൊണ്ട് മുഹമ്മദിനെയും മുഹമ്മദിന്റെ പുത്തൻ പ്രസ്ഥാനമായ ഇസ്‌ലാമിനെയും ഇല്ലാതാക്കാൻ പറ്റില്ലെന്ന് തികച്ചും അനുഭവത്തിലൂടെ ബോധ്യമായവരായിരുന്നു അവർ. അതുകൊണ്ടാണ് അവർ ബുദ്ധിയുടെ മാർഗ്ഗം ഉപയോഗിച്ചത്. ഖലീഫ ഉമറിന്റെ കാലത്ത് ഇസ്‌ലാമിനോട് സ്നേഹം നടിച്ച് തന്ത്രപൂർവ്വം കൂട്ടംകൂട്ടമായി ഇസ്‌ലാമിൽ ചേക്കേറിയവരിൽ ചിലർ ക്രമേണ ഇസ്‌ലാമിക സമൂഹത്തിൽ വിള്ളലുകളുണ്ടാക്കി. ഖലീഫ ഉമർ വധിക്കപ്പെട്ടു. മൂന്നും നാലും ഖലീഫമാരായിരുന്ന ഉസ്മാനും ഇമാം അലിയും അദ്ദേഹത്തിന്റെ മക്കളുമൊക്കെ ഒന്നൊന്നായി വധിക്കപ്പെട്ടു. മുഹമ്മദ് നബിയും, ഖലീഫ ഉമറും തോൽപിച്ച റോമ, പേർഷ്യൻ സാമ്രാജ്യങ്ങൾ, നാലാം ഖലീഫയുടെ മരണശേഷം യഥാക്രമം നബിതിരുമേനി തോൽപിച്ച ഖുറൈശികളുടെ കീഴിൽ അമവി-അബ്ബാസി ഭരണകൂടങ്ങളായി തിരിച്ചുവന്നു. 'പഴയ വീഞ്ഞ് പുതിയ കുപ്പിയിൽ' എന്ന പോലെ....!! കഴുകൻ കോഴിക്കുഞ്ഞുങ്ങളെ റാഞ്ചിപ്പറക്കുന്നതുപോലെ വിശുദ്ധഖുർആൻ അമവി-അബ്ബാസി അറബികൾ റാഞ്ചി...!! ഖുർആൻ അമവികളുടെയും അബ്ബാസികളുടെയും (പഴയ ഖുറൈശി പ്രമുഖരുടെ) സ്വന്തമായി മാറി. ഖുർആനും ഇസ്‌ലാമും മുഹമ്മദ്നബിയുമൊക്കെ അവർ തന്നെയായി മാറി. എതിർത്തു നിന്ന വ്യക്തികളെയും സമൂഹങ്ങളെയും അറേബ്യയിൽ നിന്നവർ പാടെ ഇല്ലാതാക്കി. ജീവനിൽ കൊതിയുള്ള പലരും എല്ലാം സഹിച്ചും ക്ഷമിച്ചും മിണ്ടാതിരുന്നു. നബിയും ഖലീഫ ഉമറും ഇമാം അലിയുമൊക്കെ പടുത്തുയർത്തിയ ആ സമൂഹം അമവികളുടെയും അബ്ബാസികളുടെയും ആ മലവെള്ളപ്പാച്ചിലിൽ ഗത്യന്തരമില്ലാതെ ഒന്നായിച്ചേർന്ന് ഇല്ലാതായി....! ഇസ്‌ലാമിക സംസ്കാരം അറേബ്യൻ സംസ്കാരമായി. മുസ്‌ലിംകൾ എന്നാൽ അറബികൾ എന്നു മാത്രമായി...! വിശുദ്ധ ഖുർആന് പകരം ഹദീസുകൾ വന്നു, ഇസ്‌ലാമിന് പകരം അഹ്‌ലുസുന്നത്ത് വൽ ജമാഅത്ത് എന്ന ഒരു അറേബ്യൻ പാരമ്പര്യമതം അവർ തന്ത്രപൂർവ്വം വളർത്തിയെടുത്തു. അറബിയിൽ പറയുന്നതെന്തും 'ഇസ്‌ലാം' ആണെന്ന ഒരു ധാരണ അനറബികളിൽ അവർ വളർത്തി. ഇസ്‌ലാം എന്നാൽ ഖുർആനിൽ എവിടെയും ഇല്ലാത്ത നമസ്കാരവും നോമ്പും ഹജ്ജും മാത്രമുള്ള ഒരു ആചാരമതമായി മാറി. ഇസ്‌ലാമിന്ന് കൂച്ചുവിലങ്ങിടാൻ മുആവിയയും അബൂഹുറൈറയും കണ്ടുപിടിച്ച പ്രത്യയശാസ്ത്രമാണ് 'അഹ്‌ലുസുന്നത്ത് വൽ ജമാഅത്ത്'. അപ്പോഴും വിശുദ്ധഖുർആൻ അവർക്കൊരു വെല്ലുവിളിയായിത്തന്നെ നിലനിന്നു. കാരണം ഉമറിന്റെ കാലത്ത് (ആധുനിക എഴുത്തുപകരണങ്ങളും അച്ചടിവിദ്യകളും ഒന്നുമില്ലാത്ത അക്കാലത്ത്), ഖുർആന്റെ ആയിരക്കണക്കിന് കയ്യെഴുത്തുപ്രതികൾ എഴുതിയുണ്ടാക്കി അറേബ്യയുടെ എല്ലാ ഗോത്രങ്ങളിലും, റോമ പേർഷ്യൻ സാമ്രാജ്യങ്ങളുടെ നാനാഭാഗത്തേക്കും ഖലീഫ ഉമറിന്റെ നിർദ്ദേശപ്രകാരം സൈന്യം എത്തിച്ചിരുന്നു. അതുകൊണ്ട് തന്നെ ഖുർആനിക വചനങ്ങളെ മാറ്റിമറിക്കാൻ അവർക്കു കഴിഞ്ഞില്ല. പകരം വിശുദ്ധ ഖുർആനിലെ തെരഞ്ഞെടുത്ത ചില പദങ്ങൾക്ക് ചില സാങ്കേതിക അർത്ഥം നൽകി അവർ അറബി ഭാഷയെ അതിനനുസരിച്ച് വളച്ചൊടിച്ചു. ആ വികലമായ അറബി ഭാഷ ഉപയോഗിച്ച് ഖുർആനിനെയും വികലമാക്കാം എന്ന് ആ ദുഷ്ടൻമാർ കണക്കുകൂട്ടി.ഖുർആനിലെ അവർ തെരഞ്ഞെടുത്ത ഏതാണ്ടെല്ലാ വചനങ്ങൾക്കും പദങ്ങൾക്കും അവർ ഹദീസിലൂടെ പ്രത്യേക അർത്ഥം സങ്കൽപിച്ചുണ്ടാക്കി. അങ്ങനെയാണ് ഖുർആനിലെ പല പദങ്ങൾക്കും 'സാങ്കേതികാർത്ഥം' നിലവിൽ വന്നത്. അങ്ങനെ അറബികൾ കണ്ടുപിടിച്ച ആചാരങ്ങൾക്കും അനു

ഷ്ടാനങ്ങൾക്കും ചടങ്ങുപ്രാർത്ഥനകൾക്കും ഹദീസുകളിലൂടെ അവർ അടിസ്ഥാനമുണ്ടാക്കി. അതാണ് ഇന്നു കാണുന്ന 'അഹ്‌ലുസുന്ന' എന്ന ആചാരമതം. അഹ്‌ലുസുന്നത്തിന്റെ ഏറ്റവും വലിയ മുഖമുദ്ര യാണ് നമസ്കാരം, ബാങ്ക്, നോമ്പ്, ഹജ്ജ്. അതിൽ നമസ്കാരവും, ബാങ്കും, ഹജ്ജും ഉണ്ടാക്കാൻ അമവി അറബികൾ ചെയ്ത ക്രിത്രിമം നാം പഠിച്ചുകഴിഞ്ഞു. ഇനി നമുക്ക് പട്ടിണിനോമ്പുണ്ടാക്കാൻ അമവി-അബ്ബാസി പുരോഹിതൻമാർ ചെയ്ത ഖുർആൻ ദുർവ്യാഖ്യാനങ്ങളിലെ ചില അതീവ ഗുരുത രമായ പൊള്ളത്തരങ്ങൾ കൂടി ഒന്നു വിശദമാക്കിയതിന് ശേഷം ഈ ഗ്രന്ഥം അവസാനിപ്പിക്കാം.

സുന്നി പരിഭാഷകളിലെ (2:183-189) വരെയുള്ള വചനങ്ങളും അതിലെ അബദ്ധങ്ങളും, അപകട ങ്ങളും ഖുർആൻ വിരുദ്ധ സ്വഭാവങ്ങളും ശ്രദ്ധിക്കുക.

## റംസാനിലെ 'പട്ടിണി നോമ്പു'ണ്ടാക്കാൻ ഖുർ ആൻ വചനങ്ങളുടെ അർത്ഥവും ആശയവും മാറ്റുന്നു.

(2:183) 'സത്യവിശ്വാസികളെ നിങ്ങളുടെ മുമ്പുള്ളവരോട് കൽപിച്ചിരുന്നതുപോലെത്തന്നെ നിങ്ങൾക്കും നോമ്പ് (ഒരുമാസത്തെ പകൽപട്ടിണി) നിർബന്ധമാക്കി കൽപിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ സൂക്ഷ്മതയുള്ളവർ (മുത്തഖി) ആവേണ്ടതിന് വേണ്ടി:'-

ഇവിടെ നമ്മുടെ ചോദ്യം ഇതാണ്; അബൂഹുറയ്റയും മുആവിയയും 1500 കൊല്ലങ്ങൾക്കുമുമ്പ് (സുന്നി-ശിയാ മുസ്‌ലിംകളെ ഒരുമാസം പകൽമുഴുവൻ പട്ടിണിക്കിടുന്നതിന് മുമ്പ്) ഏതെങ്കിലും ഒരു സമൂഹത്തിൽ, മുസ്‌ലിംകൾ ഇന്ന് അനുഷ്ഠിക്കുന്നത് പോലെയുള്ള വ്രതാനുഷ്ഠാനം നടത്തിയതായി നമുക്ക് കാണാൻ കഴിയുന്നുണ്ടോ ?. ലോകം മുഴുവൻ തിരഞ്ഞാലും, ചരിത്രം മുഴുവൻ പരിശോധി ച്ചാലും ഒരുമാസം പകൽമുഴുവൻ അന്നപാനീയങ്ങൾ ഉപേക്ഷിച്ച് പട്ടിണികിടന്ന് വ്രതം അനുഷ്ഠി ക്കുന്ന ഒരുമത വിഭാഗത്തെയും കാണാൻ സാധ്യമല്ല. സുന്നി-ശിയാ മുസ്‌ലിംകളെ മതഭ്രാന്തൻമാരാ ക്കാൻ നബിയുടെ മരണശേഷം മുആവിയയും അബൂഹുറൈറയും ചേർന്ന് ആവിഷ്കരിച്ച ഒരു മഹാ തന്ത്രമാണ് റംസാനിലെ പകൽപട്ടിണി. തുടർന്ന് വരുന്ന വിശദീകരണത്തിൽ നിങ്ങൾക്കത് ബോദ്ധ്യമാ കും. എണ്ണത്തിലും രൂപത്തിലും സുന്നികളും ശിയാക്കളും ഇന്നാചരിച്ചുവരുന്ന തരത്തിലുള്ള ഒരു പട്ടി ണിനോമ്പ് ലോകചരിത്രത്തിലെവിടെയും കാണുക സാധ്യമല്ല. നബിയുടെ മരണം കഴിഞ്ഞ് സുമാർ നാൽപ്പത് വർഷം കഴിഞ്ഞ് സുന്നികളും ശിയാക്കളും അറേബ്യൻ ചരിത്രത്തിൽ വന്നതുമുതലാണ് അറേബ്യയിൽ ഒരുമാസത്തെ പകൽപട്ടിണി (നോമ്പ്) ആരംഭിച്ചത്.

അതേ സമയം ലോകചരിത്രത്തിൽ-മനുഷ്യസമൂഹം ആവിർഭവിച്ചത് മുതൽ മനുഷ്യന്റെ വിശപ്പ ടക്കാൻ-സമൂഹത്തിലെ തിന്മകൾ ഇല്ലായ്മ ചെയ്യാൻ പല പദ്ധതികളും ദൈവദൂതൻമാർ ആവിഷ്കരി ച്ചതായി നമുക്ക് കാണാം. ആദിമ മനുഷ്യന്റെയും ആധുനിക മനുഷ്യന്റെയും അടിസ്ഥാനപ്രശ്നങ്ങ ളായ ഭക്ഷണം-വസ്ത്രം-പാർപ്പിടം എന്നിവയുമായി ബന്ധപ്പെട്ട ദാരിദ്ര്യം, (കൂടെ സാംസ്കാരിക ദാരി ദ്ര്യവും)-അവസാനിപ്പിക്കുക എന്നതാണ് എല്ലാ വേദഗ്രന്ഥങ്ങളുടെയും ദൈവദൂതൻമാരുടെയും ലക്ഷ്യ മെന്ന് ഖുർആൻ പലരീതിയിലും പല ശൈലിയിലും ഇടയ്ക്കിടക്ക് വ്യക്തമാക്കുന്നുണ്ട്. അപ്പോൾ വിശപ്പ് മാറ്റാൻ ഒരു മാസം പകൽ മുഴുവൻ പട്ടിണി കിടക്കണം എന്ന ഭ്രാന്തൻ നിയമം നബിയുടെ പേരിൽ കെട്ടിയുണ്ടാക്കി അത് സുന്നി-ശിയാമുസ്‌ലിംകളുടെ തലയിൽ വെച്ചുകെട്ടിയത്, അല്ലാഹു വിനെ ധിക്കരിക്കലും ഖുർആനിനെ കളിയാക്കലുമായി എന്നു പറയാതെ വയ്യ. സമയത്തിന് ഭക്ഷണം കഴിക്കേണ്ട ഒരു പ്രകൃതത്തോടുകൂടിയാണ് അല്ലാഹു മനുഷ്യരെ-ദൈവദൂതൻമാരെപ്പോലും പടച്ചിട്ടു ള്ളത്. ആ ദൈവീകതാളം തെറ്റിയാൽ, മനുഷ്യൻ ശാരീരികമായും, മാനസികമായും, സാമൂഹികമായും പല വൈകല്യങ്ങൾക്കും വിധേയമാകും. പ്രായപൂർത്തിയാകാത്ത കുട്ടികളാവട്ടെ, അവർക്ക് മൂന്നും നാലും മണിക്കൂറുകൾ കൂടുമ്പോൾ ആവശ്യത്തിന് വെള്ളവും പോഷകാഹാരങ്ങളും കിട്ടിക്കൊണ്ടിരി ക്കണം. തലച്ചോറിന്റെയും മറ്റു പ്രധാന അവയവങ്ങളുടെയും (വിശിഷ്യാ കണ്ണിന്റെയും പല്ലിന്റെയും അടിസ്ഥാന കോശങ്ങൾക്ക്) അടിസ്ഥാന പ്രവർത്തനങ്ങൾക്ക് ക്രമം തെറ്റാതെയുള്ള ഭക്ഷണം അത്യാ വശ്യവുമാണ്. അതുകൊണ്ടാണ് ഇമാം അബുഹനീഫ കുട്ടികളെ നോമ്പ് നോൽക്കാൻ പ്രേരിപ്പിക്കു ന്നത് ഹറാമാണെന്ന് പ്രഖ്യാപിച്ചത്. ഇതൊക്കെയുണ്ടോ 'നോമ്പ് ചൂടൻമാരുടെ' തലയിൽകയറുന്നു...! അപ്പോൾ മുഹമ്മദ് നബി അറേബ്യയിൽ വരുന്നതിന് മുമ്പ്, ഒരു സമുദായത്തോടും 'നിങ്ങൾ എനിക്ക് വേണ്ടി ഒരു മാസം പകൽ മുഴുവൻ പട്ടിണി കിടക്കണം' എന്ന് അല്ലാഹു കൽപിച്ചിട്ടില്ല. മുഹമ്മദ് നബി യോടും കൽപിച്ചിട്ടില്ല. അതുകൊണ്ട്തന്നെ നമ്മളോടും കൽപിച്ചിട്ടില്ല. നബി അത് പഠിപ്പിച്ചിട്ടുമില്ല. എന്നാൽ 'നബി അങ്ങനെ പഠിപ്പിച്ചു. നബി അങ്ങനെ പറഞ്ഞു നബി ഇങ്ങിനെ പറഞ്ഞു' എന്നുപറഞ്ഞ് അബൂഹുറൈറയും മുആവിയയുമാണ് സുന്നികൾക്ക് ഇത് കള്ളഹദീസിലൂടെ നിയമമാക്കിയത്. അതു

കൊണ്ട് ബുദ്ധിയുള്ള മുസ്ലിംകൾക്ക് അത് ബാധകമേയല്ല.

ഇനി നമുക്ക് പട്ടിണിനോമ്പിന്റെ ഏറ്റവും ഗുരുതരമായ ഒരു അപകടത്തെക്കുറിച്ച് പഠിക്കാം. നോമ്പ് നോറ്റാൽ മുത്തഖിയാകും (ശ്രദ്ധാലുവാകും) എന്നാണ് ഖുർആൻ പറയുന്നത്. ഒരു മാസം പട്ടിണി കിടന്നാൽ ഉണ്ടാകുന്ന മുത്തഖിയും ഖുർആൻ പറഞ്ഞതുപോലെ അസ്സിയാം (സമഗ്ര ദാരിദ്ര്യനിർമ്മാർജ്ജന പരിശീലനം) നടത്തിയാലുണ്ടാകുന്ന മുത്തഖിയും തമ്മിൽ അജഗജാന്തരമുണ്ട്. അതു മനസ്സിലാകണമെങ്കിൽ ആരാണ് മുത്തഖി എന്ന് നാം ആദ്യം പഠിക്കണം. ആരാണ് മുത്തഖി എന്ന് നമുക്ക് ഖുർആനിൽ നിന്ന് തന്നെ പഠിക്കാം.

## ആരാണ് മുത്തഖി...? ആരാണ് 'സൂക്ഷ്മത'യുള്ളവൻ...? ആരാണ് 'ശ്രദ്ധ'യുള്ളവൻ...? ആരാണ് 'ജാഗ്രത'യുള്ളവൻ...?

അശ്രദ്ധ മനുഷ്യന്റെ ഏറ്റവും വലിയ ഒരു ശത്രുവാകുന്നു. കേവലം ഭൗതികമായ കാര്യങ്ങളിൽ മാത്രമല്ല, ആത്മീയമായ കാര്യങ്ങളിലും അശ്രദ്ധ വളരെയധികം അപകടങ്ങളുണ്ടാക്കും. അപകടങ്ങളും അപകടമരണങ്ങളും തീരാദുരിതങ്ങളും നാണക്കേടും അതുണ്ടാക്കും. അപ്പോൾ ശ്രദ്ധയുള്ളവനായിരിക്കുക, സൂക്ഷ്മതയുള്ളവരായിരിക്കുക എന്നതാണ് കാര്യം. 'ജാഗ്രത' എന്ന് ഹൈന്ദവപുരാണങ്ങളിൽ പരാമർശിച്ചതും ഈ തഖ്‌വ തന്നെയാണ്. വിശുദ്ധഖുർആൻ ആരംഭിക്കുന്നത് തന്നെ ഈ ഗ്രന്ഥം ''ഹുദൻ-ലിൽ-മുത്തഖീൻ'' (2:1) എന്നു പറഞ്ഞുകൊണ്ടാണ്. മുത്തഖിയാവുന്നതിലേക്കുള്ള-'ശ്രദ്ധാലു ആവേണ്ടതിലേക്കുള്ള മാർഗ്ഗദർശനം ഈ ഗ്രന്ഥത്തിലുണ്ട്' എന്നു പറഞ്ഞുകൊണ്ടാണ്.

അല്ലാതെ സുന്നിപുരോഹിതൻമാർ പരിഭാഷപ്പെടുത്തിയതുപോലെ മുത്തഖീങ്ങൾക്കുള്ള ഒരു ഗ്രന്ഥമല്ല ഖുർആൻ. നന്നായവർക്ക് പിന്നെ ഒന്നുകൂടി നന്നാവാൻ ഒരു ഗ്രന്ഥത്തിന്റെ ആവശ്യമില്ലല്ലോ. എല്ലാ രീതിയിലും 'ശ്രദ്ധിച്ചുജീവിക്കാൻ' വേദത്തിൽ നിന്ന് പഠിച്ചവർക്ക് പിന്നെയൊരു ശിക്ഷണത്തിന്റെ ആവശ്യമില്ല. അപ്പോൾ നന്നാവാൻ ആഗ്രഹിക്കുന്നവർക്ക് വേണ്ട-സൂക്ഷ്മതയുള്ളവരാവാൻ വേണ്ട-മുത്തഖിയാവാൻ ആഗ്രഹിക്കുന്നവർക്കുവേണ്ടിയുള്ള ദർശനങ്ങളാണ് ഖുർആനിലുള്ളതെന്ന് സാരം. ഭൗതികമായ മരണത്തെക്കുറിച്ച് നമുക്കറിയാം. ശാരീരികമായ ധാരാളം 'അകാലമരണങ്ങൾ' നാം കണ്ടിട്ടുണ്ട്. അശ്രദ്ധമായി വാഹനം ഓടിക്കുമ്പോൾ-അപകടങ്ങൾ ഉണ്ടാകുമ്പോൾ, നമ്മിൽ പലരും മരിക്കുന്നു. കാറപകടത്തിൽ, സ്കൂട്ടറപകടത്തിൽ, മൗലവിയും, കപ്യാരും, അച്ഛനും, സന്യാസിയും, വേദപണ്ഡിതൻമാരുമെല്ലാം മരിക്കുന്നു. അവിടെ മരണത്തിന്, അല്ലാഹുവിന്റെ നിയമത്തിന്-അശ്രദ്ധക്ക് ജാതിയും മതവുമൊന്നുമില്ല. നാം അന്യായമായി-അമിതമായി-അശ്രദ്ധമായി-അക്രമമായി-ക്രമം തെറ്റി ഭക്ഷണം കഴിക്കുമ്പോൾ പല അസുഖങ്ങളും വന്നുചേരുന്നു. പ്രമേഹം, പ്രഷർ, ഹൃദ്രോഗങ്ങൾ, കിഡ്നി - മൂത്ര സംബന്ധമായ അസുഖങ്ങൾ, അർബുദങ്ങൾ... അങ്ങനെ പലതരം മാറാവ്യാധികളും, ആധികളും. ജാതിമതഭേദമന്യേ എല്ലാ മനുഷ്യരെയും മതനേതാക്കളെയും, ജനനായകൻമാരെയും, രാഷ്ട്രീയാചാര്യന്മാരെയും അസുഖങ്ങൾ പിടികൂടുന്നു. അവിടെയൊന്നും അല്ലാഹു ഒരു പ്രത്യേക മതവിഭാഗത്തിന് യാതൊരു ഇളവും നൽകിയിട്ടില്ല. അല്ലാഹുവിന്റെ പ്രകൃതിയും ആ പ്രകൃതി നിയമങ്ങളും എല്ലാം, എല്ലാവർക്കും ഒരുപോലെ ബാധകമാണ്. നമ്മുടെ പ്രാണപ്രേയസി ഗർഭിണിയാണെന്നറിഞ്ഞാൽ നാം അതിരറ്റ് സന്തോഷിക്കുന്നു. അവളെ നാം ഒന്നു പ്രത്യേകം ശ്രദ്ധിക്കുന്നു, പരിചരിക്കുന്നു. ഗർഭകാലപരിചരണവും പ്രസവാനന്തര ശുശ്രൂഷയുമൊക്കെ മുറക്ക് നൽകുമ്പോൾ തള്ളയും കുഞ്ഞും ആരോഗ്യവാൻമാരായിരിക്കുന്നു. നാം നമ്മുടെ മക്കളെ ശ്രദ്ധിച്ച് വളർത്തിയില്ലെങ്കിൽ അവർ വല്ല പീഢനക്കേസിലോ മതഭീകരസംഘടനയിലോ, തെമ്മാടിക്കൂട്ടത്തിലോ പെട്ടുപോയാൽ അതിന്റെ നാണക്കേടും ഉത്തരവാദിത്വവും പ്രത്യാഘാതവും നമുക്ക് തന്നെയാണ്. ഇതൊക്കെ നമ്മുടെ ഭൗതികമായ ശ്രദ്ധയുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. ഇതെല്ലാം ഒരുപരിധിവരെ എല്ലാവരും മനസ്സിലാക്കിയിട്ടുണ്ട്. എന്നാൽ ഖുർആൻ സംസാരിക്കുന്നതധികവും 'ധാർമ്മികമായ മരണത്തെ'ക്കുറിച്ചാണ്. നമ്മുടെ ആത്മീയമായ മരണത്തെ സംബന്ധിച്ചാണ്. ചിന്താപരമായ പാപ്പരത്തം! സാസ്കാരിക ദാരിദ്ര്യം!! ശാരീരികമായ മരണത്തെക്കാളും കഠിനമാണ് പ്രത്യയശാസ്ത്രപരമായ-ആത്മീയമായ - അശ്രദ്ധയും തുടർന്നുള്ള മരണവും. അപ്പോൾ ആത്മീയമായി മരിക്കാതിരിക്കാൻ നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. അതിന് നാം ഖുർആൻ നിർദ്ദേശിച്ച 'ശ്രദ്ധാലു' (മുത്തഖി) ആവേണ്ടതുണ്ട്. ആ മുത്തഖി ആരാണെന്നും എന്താണെന്നും ഖുർആൻ പഠിപ്പിക്കുന്നു. ആരാണ് മുത്തഖി ? എന്തൊക്കെയാണ് മുത്തഖിയാവാൻ വേണ്ട നിബന്ധനകൾ. ഖുർആൻ പറയുന്നത് ശ്രദ്ധിക്കുക. (2:177).

''(നിങ്ങൾ) നിങ്ങളുടെ മുഖങ്ങൾ കിഴക്കോട്ടോ പടിഞ്ഞാറോട്ടോ തിരിക്കുക എന്നതല്ല പുണ്യം

(എങ്ങോട്ടു തിരിഞ്ഞു പ്രാർത്ഥിക്കുന്നു എന്നതിലല്ല പുണ്യം.) പുണ്യമെന്നാൽ (മോക്ഷമെന്നാൽ) അല്ലാഹുവിനെക്കൊണ്ട് (അല്ലാഹുവിന്റെ അന്യൂനമായ ഈ പ്രാപഞ്ചികവ്യവസ്ഥ ഉപയോഗിച്ച് - അഥവാ വിശുദ്ധ ഖുർആൻ ഉപയോഗിച്ച്) (അതേപോലെ) അന്ത്യദിനം, മാലാഖമാർ, വേദഗ്രന്ഥങ്ങൾ ദൈവദൂതൻമാർ എന്നിവരെ ഉപയോഗിച്ചും സമൂഹത്തിൽ സുരക്ഷിതത്വം (സമാധാനം) കൊണ്ടുവരുന്നവനും) (താൻ സമ്പാദിച്ച) സ്വത്തിനോട് അതിരറ്റ പ്രിയമുണ്ടായിരിക്കെതന്നെ അത് അടുത്തവർക്കും (അടുത്തബന്ധുക്കൾക്കും അയൽപക്കക്കാർക്കും) അനാഥർക്കും, അഗതികൾക്കും, ദൈവീകമാർഗ്ഗത്തിൽ പ്രവർത്തിക്കുന്നവർക്കും (സഹായം) ചോദിച്ചുവരുന്നവർക്കും, പീഢിതർക്കും അതിൽ നിന്ന് നൽകുന്നവനും, വേദഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ ഒരു സമൂഹ നിർമ്മിതി നടപ്പിലാക്കുന്നവനും (തുടർന്നു അതുമായി ബന്ധപ്പെട്ടുള്ള) സാംസ്കാരിക പ്രവർത്തനങ്ങളോട് സഹകരിക്കുന്നവനും, ഒരു കരാറിൽ ഏർപ്പെട്ടാൽ അത് പൂർത്തിയാക്കുന്നവനും, (ദുഃഖങ്ങൾ, ദുരന്തങ്ങൾ, യുദ്ധങ്ങൾ) പോലുള്ള പ്രതിസന്ധിഘട്ടത്തിൽ ക്ഷമയംവലംബിച്ചു (കഠിനാദ്ധ്വാനം ചെയ്തു) മുന്നേറുന്നവനും, സത്യത്തിന്റെ വക്താക്കളും (ജീവിതത്തിൽ സത്യമേ പറയൂ എന്ന് പ്രതിജ്ഞയെടുത്തവരും) ആരോ, അവരാണ് മുത്തഖികൾ. നോക്കൂ ആരാണ് മുത്തഖി'' എന്ന് വളരെ വ്യക്തമായി, അർത്ഥശങ്കക്ക് അൽപം പോലും ഇടമില്ലാതെ വിശദീകരിച്ചിരിക്കുകയാണ് ഖുർആൻ. (2:177) ൽ ചെയ്യുന്നത്.

## ആരാധനകൾക്ക് - ചടങ്ങുപ്രാർത്ഥനകൾക്ക് പ്രാധാന്യം കൽപിക്കാത്തവനാണ് മുത്തഖി എന്ന് വിശുദ്ധഖുർആൻ

നാം നടക്കുമ്പോൾ, ഇരിക്കുമ്പോൾ, കിടക്കുമ്പോൾ നമ്മുടെ മുഖം പലദിശയിലേക്കും തിരിയാറുണ്ട്. എന്നാൽ ആ 'മുഖം തിരിക്കൽ' ഒരു പുണ്യമാണെന്ന് ഒരു വിഡ്ഢിയും ഇന്നുവരെ പറഞ്ഞിട്ടില്ല. അതേ സമയം ഒരു പ്രത്യേകദിശയിലേക്ക് തിരിഞ്ഞ് നിന്ന് തന്നെ പ്രാർത്ഥിക്കണം, അഞ്ച് നേരം അറബി ഭാഷയിൽ പ്രാർത്ഥിക്കണം, പ്രാർത്ഥിക്കുവാൻ മക്കയിലെ കഅബയിലേക്ക് തന്നെ തിരിഞ്ഞു നിൽക്കണം, അങ്ങനെ പ്രാർത്ഥിക്കാത്തവരൊക്കെ നരകത്തിലെ വിറകാണെന്ന് അടിയുറച്ച് വിശ്വസിക്കുന്നവരാണ് 'അഹ്ലുസ്സുന്ന' എന്ന അറേബ്യൻ പാരമ്പര്യ മതത്തിന്റെ വക്താക്കളായ സുന്നികൾ. അതേപോലെ പ്രാർത്ഥിക്കുമ്പോൾ ജറുസലേമിലെ ബൈതുൽ മുഖദ്ദസ്സിലേക്ക് തിരിഞ്ഞുനിന്നുപ്രാർത്ഥിക്കണം എന്ന് ശഠിക്കുന്നവരാണ് ജൂതപുരോഹിതൻമാർ...!! നജഫിൽ പോയി പ്രാർത്ഥിച്ചാൽ ഒരു പ്രത്യേക ഗുണമുണ്ടെന്ന് ശിയാമുസ്‌ലിംകൾ വിശ്വസിക്കുന്നു. മാനവരാശിയുടെ പാപപരിഹാരാർത്ഥം ക്രിസ്തു കുരിശിൽ കിടന്നുമരിച്ചുവെന്നും അങ്ങനെ വിശ്വസിച്ചാൽ മാത്രമെ സ്വർഗ്ഗലോകം ലഭിക്കൂവെന്നും, ക്രിസ്ത്യൻ പുരോഹിതൻമാരും വിശ്വസിക്കുന്നു. തനിക്കൊരു മകനുണ്ടായാൽ-മകളുണ്ടായാൽ വേളാങ്കണ്ണിയിൽപ്പോയി അല്ലെങ്കിൽ ഗുരുവായൂരിൽ പോയി, അല്ലെങ്കിൽ ശബരിമലയിൽ പോയി, അല്ലെങ്കിൽ അജ്മീരിൽ പോയി, അല്ലെങ്കിൽ മക്കയിൽപോയി പ്രാർത്ഥിക്കാം-നേർച്ചകൾ നൽകാം, എന്നു നിങ്ങൾ തീരുമാനിക്കുമ്പോൾ നിങ്ങൾ ദൈവത്തെ കൊച്ചാക്കുന്നു. നിങ്ങൾ സ്വയം ദൈവത്തെ മറന്ന് ഒരു കൊച്ചായിത്തീരുന്നു. എന്നാൽ വിശുദ്ധ ഖുർആൻ ആരാധനകളുടെ പേരിലുള്ള ഇത്തരം ശാഠ്യങ്ങളെയും പുണ്യങ്ങളെയുമെല്ലാം നിരാകരിക്കുന്നു. ആരാധനാ വിഷയങ്ങളിൽ ശാഠ്യം പിടിക്കുന്നവൻ ഒരു മുത്തഖിയേ അല്ലെന്നാണ് ഖുർആൻ (2:177)ൽ ആദ്യത്തെ വചനത്തിൽ തന്നെ പ്രഖ്യാപിക്കുന്നത്. അപ്പോൾ അഞ്ചുനേരം അറബി ഭാഷയിൽ പടിഞ്ഞാറുഭാഗത്തേക്ക് തിരിഞ്ഞു നിന്നു പ്രാർത്ഥിക്കണം എന്ന് ശഠിക്കുമ്പോൾ, റംസാൻ മാസം പകൽ മുഴുവൻ പട്ടിണി കിടക്കണം എന്ന് നിങ്ങൾ ശഠിക്കുമ്പോൾ, ഖുർആനോ മുഹമ്മദ് നബിയോ പഠിപ്പിക്കാത്ത ഈ ഖുർആൻ വിരുദ്ധ അനാചാരങ്ങൾ ആചരിക്കണമെന്നും, അപ്പോൾ മാത്രമെ സ്വർഗ്ഗാവകാശിയാകൂവെന്നും നിങ്ങൾ വിശ്വസിക്കുമ്പോൾ, നിങ്ങൾ ഒരു മുത്തഖിയല്ലാതാകുന്നു, നിങ്ങൾ ഒരു 'അഹ്ലുസ്സുന്ന'യായി മാറുന്നു..! നിങ്ങൾ അല്ലാഹുവിന്റെയും അവന്റെ കിതാബിന്റെയും ശത്രുവാകുന്നു, നിങ്ങൾ ഒരു പാരയാകുന്നു...!! നിങ്ങൾ ഒരു ഭാരമാകുന്നു. അതെ, സഹോദരന്മാരേ, നിങ്ങൾ നിങ്ങൾക്കുതന്നെ ഒരു പാരയും ഭാരവുമാകുന്നു...!! നിങ്ങൾ അല്ലാഹുവിനു ഒരു പാരയും ഭാരവുമാകുന്നു.!!

ഇനി പറയൂ, ഒരു മാസം പകൽ മുഴുവൻ പട്ടിണി കിടന്നാൽ നിങ്ങൾ ഖുർആൻ പറഞ്ഞ മുത്തഖിയാവുന്നുണ്ടോ...? ഇല്ല എന്നതാണ് പരമസത്യം. അതേ സമയം ഖുർആൻ പറഞ്ഞ അൽസിയാം നിങ്ങൾ അനുഷ്ഠിച്ചാൽ - ഇസ്ലാമിന്റെ ഖലീഫയോ, മഹല്ലുകമ്മറ്റിയോ, സർക്കാരോ നടപ്പിലാക്കുന്ന സമഗ്രദാരിദ്ര്യനിർമ്മാർജ്ജന പ്രക്രിയയിൽ നിങ്ങൾ പങ്കെടുക്കുമ്പോൾ, അതിന് വേണ്ടി, ഖുർആൻ പഠിക്കുമ്പോൾ, നിങ്ങൾക്ക് നിങ്ങളുടെ പണവും, ശരീരവും, സമയവും ഉപയോഗിക്കേണ്ടിവരും. അതിന്റെ

ഗുണം നിങ്ങൾക്കും നിങ്ങളുടെ ചുറ്റുവട്ടത്തുള്ള അഗതികളിലും ആശ്വാസമായെത്തുന്നതും നിങ്ങൾക്കു കാണാം. നിങ്ങൾ ഖുർആനും നബിയും പഠിപ്പിച്ച അസ്സിയാം ചെയ്യുമ്പോൾ അതിന്റെ ഗുണം മറ്റുള്ളവരിൽ വന്നുചേരുന്നത് നിങ്ങൾക്ക് കാണാം. അതേസമയം അബൂഹുറൈറകളെ അന്ധമായി വിശ്വസിച്ചുകൊണ്ട്, കള്ളഹദീസുകളുടെ അടിസ്ഥാനത്തിൽ നിങ്ങൾ പട്ടിണി കിടക്കുമ്പോൾ, നിങ്ങളുടെ സമൂഹത്തിൽ ഒരു മാറ്റവും അത് വരുത്തുന്നില്ല. അത് നിങ്ങളുടെ സമയവും ശരീരവും സമ്പത്തും വെറുതെ പാഴാക്കുന്നു. ശരീരത്തിന്റെയും സമൂഹത്തിന്റെയും ദൈവീക താളം അതു തെറ്റിക്കുന്നു. 'പകലിൽ പട്ടിണി കിടക്കേണ്ടതുണ്ട്' എന്നതുകൊണ്ട് നിങ്ങൾ ആ മാസം നിങ്ങളുടെ ദൈനംദിനചര്യകളും മറ്റു പ്രവർത്തികളും 'ഒന്നങ്ങോട്ടുമിങ്ങോട്ടും' മാറ്റിയെന്നുമാത്രം. എല്ലാ കൊല്ലവും ഒരു ചടങ്ങുപോലെ ഒരു മാസം ആ ആരാധനകൾ വന്നുപോകുന്നു. നിങ്ങൾ വീണ്ടും പഴയതുപോലെ ഒരുമാറ്റവുമില്ലാതെ തുടരുന്നു.

## റംസാനിലെ തിന്മകൾ

അലസതയും, വിലക്കയറ്റവും, കരിഞ്ചന്തയും, പൂഴ്ത്തിവെപ്പും, ധാരാളിത്തവും, നിരുത്തരവാദപരമായ പെരുമാറ്റവും ചില രോഗങ്ങളും, വേദവിരുദ്ധമായ ചടങ്ങുപ്രാർത്ഥനകളുടെ ആധിക്യവും റംസാൻ മാസത്തിന്റെ മുഖമുദ്രകളാകുന്നു. പ്രത്യേകിച്ചും ഗൾഫ് നാടുകളിൽ (സൂപ്പർമാർക്കറ്റുകളിൽ,) അവശ്യസാധനങ്ങളുടെ വില 30 ശതമാനം മുതൽ 80 ശതമാനം വരെ കുതിച്ചുയരുന്നു. സാധാരണ ഒരു മുസ്ലീം കുടുംബത്തിന് മാസ ചെലവ് 5000 രൂപയാണെങ്കിൽ റംളാനിൽ അത് 15000 രൂപയോളമായി ഉയരുന്നു. പകൽ ചെയ്യേണ്ട ജോലികളെല്ലാം വെട്ടിക്കുറക്കുന്നു. പലരും ജോലി രാത്രിയിലാക്കുന്നു. രാത്രി പകലും, പകൽ രാത്രിയുമായി മാറുന്നു. ഭൂരിഭാഗം മുസ്ലിംകളും നേരം വെളുക്കുന്നതുവരെ തിന്നും കുടിച്ചും ജീവിതം ആഘോഷമാക്കുന്നു, പകൽ കിടന്നുറങ്ങുന്നു. നോമ്പ് തുറക്കുന്ന സമയത്ത് ഒരു ആക്രാന്തമാണ്! ട്രാഫിക് സിഗ്നലുകൾ ലംഘിച്ചുകൊണ്ട് ''മുത്തഖി'' മരണപ്പാച്ചിൽ പായുകയാണ്. മൂക്കറ്റം തിന്നുവാൻ...!! ഇതെല്ലാം നമുക്ക് നിഷേധിക്കാൻ പറ്റാത്ത-നാം ഇന്നും കണ്ടുവരുന്ന, റംസാനിലെ തിന്മകളാകുന്നു. ഈ ധർമ്മച്യുതി മാറാൻ ഒരേയൊരു മാർഗ്ഗമേയുള്ളൂ. റംസാനിലെ പട്ടിണി എന്ന ഉണ്ണാവ്രതം നിരോധിച്ചുകൊണ്ട് ഇസ്ലാമിന്റെ ഖലീഫയോ, മുജാഹിദ്-ജമാഅത്ത് മൗലവിമാരോ, ഖുർആന്റെ അടിസ്ഥാനത്തിൽ ഒരു ഫത്വ (മതവിധി) പുറപ്പെടുവിപ്പിക്കുക. എങ്കിലേ ഈ മതഭ്രാന്ത് മാറൂ.

## റംസാൻ പുണ്യങ്ങളുടെ പൂക്കാലമോ...?
## അതോ അനാചാരങ്ങളുടെ പെരുമഴക്കാലമോ...?

റംസാൻ മാസം ആസന്നമായാൽ സ്വർഗ്ഗത്തിന്റെ കവാടങ്ങൾ യഥേഷ്ടം തുറന്നിടപ്പെടുമെന്നും, നരകത്തിന്റെ വാതിലുകൾ കൊട്ടിയടക്കപ്പെടുമെന്നുമൊക്കെയാണ് സുന്നി-മുജാഹിദ്-ജമാഅത്ത് മൗലവിമാർ ഇന്നും പ്രസംഗിച്ചു നടക്കുന്നത്. ബുഖാരിയിലും മുസ്ലിമിലും മറ്റുമുള്ള അബുഹുറയ്റയുടെ കള്ളഹദീസുകളാണ് അഹ്ലുസ്സുന്നത്തിന്റെ പണ്ഡിതന്മാർക്ക് ഇതിനൊക്കെ പ്രചോദനമായി നിൽക്കുന്നത്. ഖുർആൻ ഒരു പ്രത്യേക സമയത്തിനോ, ഒരു പ്രത്യേക സ്ഥലത്തിനോ (മക്കത്തെ പള്ളിക്കുപോലും) യാതൊരു പുണ്യവും ഉണ്ടെന്ന് പഠിപ്പിക്കുന്നില്ല. പ്രത്യുത മനുഷ്യന്റെ കർമ്മങ്ങളിലൂടെയല്ലാതെ സ്വർഗ്ഗലോകവും, പാപമോചനവും, പരലോകമോക്ഷവും നേടാൻ കഴിയില്ലെന്നാണ് ഖുർആനും നബിയും ആവർത്തിച്ചുപഠിപ്പിക്കുന്നത്. എന്നാൽ സാമാന്യജനങ്ങളെ ആരാധനാഭ്രാന്തൻമാരും അലസൻമാരുമാക്കാനും അതുവഴിഅവരെ ഭയപ്പാടിൽ നിർത്തി നിരന്തരം ചൂഷണം ചെയ്യാനുമാണ് അമവി-അബ്ബാസി അറബികൾ (പഴയ ഖുറൈഷി അറബികൾ). ഖുർആനിനും മുഹമ്മദ് നബിക്കും എതിരായി ഹദീസുകൾ എന്ന പേരിൽ ഒരു രണ്ടാം പ്രമാണമുണ്ടാക്കി, അതിന്റെ അടിസ്ഥാനത്തിൽ അഹ്ലുസ്സുന്ന എന്ന ഒരു അനാചാരമതം കെട്ടിപ്പൊക്കിയത്. ആ പാരമ്പര്യമതത്തിലൂടെ തങ്ങളുടെ അറേബ്യൻ ചിന്താഗതികളും, സംസ്കാരങ്ങളും, നടപടിക്രമങ്ങളുമെല്ലാം ചൂഷകരായിരുന്ന അമവി അറബികൾ ലോകത്ത് പരത്തി. അതിലൂടെ ഖുർആനും മുഹമ്മദ് നബിയും മുന്നോട്ടുവെക്കുന്ന ലോക സാഹോദര്യം, ലോക സമാധാനം, എല്ലാവർക്കും നന്മ, എല്ലാവർക്കും നീതി, എല്ലാവരുടേയും ദൈവം ഒന്നുമാത്രം എന്ന ഏകലോകാശയം (തൗഹീദ്) അവർ മറച്ചുവെച്ചു. വിശുദ്ധഖുർആൻ ആഴക്കടലിലേക്ക് വലിച്ചെറിയപ്പെട്ട പവിഴമുത്തുപോലെ അപ്രത്യക്ഷമായി !.

യഥാർത്ഥത്തിൽ സുന്നിഭരണത്തിന്റെ സുവർണ്ണകാലഘട്ടം എന്നുവിശേഷിപ്പിക്കപ്പെടുന്ന മർവാന്റെയും അബ്ദുൽ മലിക്കുബിൻ മർവാന്റെയും കാലഘട്ടത്തിലാണ് (എ.ഡി. 683-എ.ഡി.705)

ചെറിയ പെരുന്നാൾ നമസ്കാരവും, പെരുന്നാൾ ആഘോഷവുമൊക്കെ അറേബ്യൻ ഉപഭൂഖണ്ഡത്തിൽ സർവ്വ സാധാരണമാകുന്നത്, എന്ന് സുന്നികളുടെ തന്നെ ഹദീസ് ഗ്രന്ഥങ്ങളിൽ അവർതന്നെ എഴുതി വെച്ചിരിക്കുന്നു. ആ പെരുന്നാൾ ആഘോഷത്തിന്റെ മുന്നോടിയായിട്ടാണ് മർവാനും, അബ്ദുൽമലിക്ക് ബിൻമർവാനുമൊക്കെ, ഒരുമാസത്തെ റംസാൻ നോമ്പും, ആഘോഷവും, ആചാരങ്ങളുമൊക്കെ തന്ത്രപൂർവ്വം സമയബന്ധിതമായി നടപ്പിലാക്കിത്തുടങ്ങിയത്. ഇസ്‌ലാമിനെതിരായി-ഖുർആനും നബിക്കും എതിരായി തങ്ങളുണ്ടാക്കിയ (തങ്ങളുടെ പൂർവ്വികരായ മുആവിയയേയും, അബുഹുറയ്റയേയും ഉണ്ടാക്കിയ) അറേബ്യൻ പാരമ്പര്യമതത്തിന്റെ (അഹ്‌ലുസ്സുന്നത്തിന്റെ) അടിസ്ഥാന തത്വങ്ങളായ അഞ്ചുനേരത്തെ അറബിഭാഷയിലുള്ള ചടങ്ങുപ്രാർത്ഥനയായ നമസ്കാരം, റംസാനിലെ പട്ടിണി നോമ്പ്, കല്ലേറും കല്ലുചുംബനവും മറ്റുമടങ്ങിയ ഹജ്ജ് തീർത്ഥാടനം, നബി ജീവിതത്തിലൊരിക്കൽ പോലും കേട്ടിട്ടില്ലാത്ത ബാങ്കുവിളി, ചേലാകർമ്മം, സുന്നത്ത് നമസ്കാരങ്ങൾ, സുന്നത്ത് നോമ്പുകൾ, സുന്നത്ത് ഹജ്ജുകൾ, ആമീൻ അടക്കമുള്ള അബദ്ധജടിലമായ ദിഹ്റുകളും, ദുആകളും, തറാവീഹ്, ഖിയാമുല്ലൈൽ, വിത്ർ തുടങ്ങിയ അനാചാരങ്ങൾ, അതർഹിക്കുന്ന ഗൗരവത്തോടെ ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കാനും, നിലനിർത്താനും വേണ്ടിയാണ് റംസാൻ മാസത്തെ ഒരു പുണ്യമാസമായി അവർ ലോകത്ത് അവതരിപ്പിച്ചതും, അത് ഒരാഘോഷമാസമാക്കിയതും. അതുവഴി അഹ്‌ലുസ്സുന്ന എന്ന അവരുടെ അറേബ്യൻ പാരമ്പര്യമതം യാതൊരു ഭംഗവും കൂടാതെ ലോകത്ത് നിലനിർത്താമെന്നും അങ്ങനെ മുസ്‌ലിം ജനവിഭാഗത്തെ എന്നെന്നും ചൂഷണം ചെയ്യാമെന്നും, തങ്ങളുടെ ദുർഭരണത്തിൽ നിന്ന് സാധാരണ ജനങ്ങളുടെ ശ്രദ്ധതിരിച്ചുവിടാമെന്നുമൊക്കെ അവർ കണക്കുകൂട്ടി. ചുരുക്കത്തിൽ റംസാൻ പുണ്യങ്ങളുടെ പൂക്കാലമാണെന്ന് ഏതെങ്കിലും ഹദീസ് പൂജാരികൾ തട്ടിവിടുമ്പോൾ അത് ഖുർആനോ, നബിയോ പഠിപ്പിക്കാത്ത കുറെ ഖുർആൻ വിരുദ്ധ അനാചാരങ്ങളുടെയും, ചടങ്ങു പ്രാർത്ഥനകളുടേയും ഒരു പെരുമഴക്കാലമാണെന്ന ഖുർആനിക പാഠവും, ചരിത്രസത്യവുമാണ് ഖുർആൻ വിശ്വാസികളായ നാം മേലിൽ പ്രചരിപ്പിക്കേണ്ടത്. ഖുർആൻ കൊണ്ട് ധർമ്മസമരം നടത്താൻ തുടർന്നും അല്ലാഹു നമുക്ക് ശക്തി നൽകട്ടെയെന്ന് അല്ലാഹുവിനോട് പ്രാർത്ഥിച്ചുകൊണ്ട് നമുക്ക് പ്രതിജ്ഞയെടുക്കാം.

നമുക്ക് വീണ്ടും വിഷയത്തിന്റെ കാതലായ ഭാഗത്തേക്ക് വരാം. മനുഷ്യരെ മുത്തഖിയാക്കുക എന്നതാണ് ഖുർആന്റെ പ്രഖ്യാപിത ലക്ഷ്യമെന്നും ആ മുത്തഖിയുടെ പ്രധാനപ്പെട്ട ഗുണങ്ങളെന്താണെന്നും നാം കണ്ടു. പ്രധാനപ്പെട്ട ആ ഗുണങ്ങൾ ഒന്നുകൂടി പ്രത്യേകം ശ്രദ്ധിക്കുക.

1) ആരാധനകളിൽ-ചടങ്ങുപ്രാർത്ഥനകളിൽ-(വേദവിരുദ്ധമായ ആചാരാനുഷ്ടാനങ്ങളിൽ) യാതൊരു കാർക്കശ്യവും പുലർത്താത്തവനും, അതുകൊണ്ടുതന്നെ ഒരു മതത്തിലും പെടാതെ പ്രകൃതിയോട് ചേർന്ന് (അല്ലാഹുവിനോട് ചേർന്ന്), നിർമ്മതനായി നിൽക്കുന്നവനുമാണ് മുത്തഖി.

2) അവൻ അല്ലാഹു (അഥവാ അല്ലാഹുവിന്റെ കൽപനകൾ, വിശുദ്ധഖുർആൻ) അന്ത്യദിനം, മാലാഖമാർ (ദൈവത്തിന്റെ ഭരണം ഭൂമിയിൽ നടപ്പിലാക്കുന്ന അധികാരികൾ) വേദങ്ങൾ, ദൈവദൂതൻമാർ എന്നിവ ഉപയോഗിച്ച് സമൂഹത്തിൽ സമാധാനം കൊണ്ടുവരുന്നവനാണ് (ആ മന-ബി) എന്നുപറഞ്ഞാൽ വിശ്വസിച്ചു എന്നല്ല അർത്ഥം; മറ്റുള്ളവർക്ക് സമാധാനം (സുരക്ഷിതത്വം) നൽകിയവൻ എന്നാണ്. വിശദവിവരത്തിന് ഡോ. ഖമർ സമാൻ, അബൂയാസീൻ എന്നീ ഖുർആൻ പണ്ഡിതന്മാർ എഴുതിയ 'സ്വലാത്തിന്റെ സത്യം' എന്ന മുൻപറഞ്ഞ ഗ്രന്ഥം വായിക്കുക).

3) അവൻ വേദഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ ഒരു സമൂഹത്തെ വളർത്തിയെടുക്കുകയും (സ്വലാത്ത് ചെയ്യുകയും) സകാത്ത് (സ്വലാത്തുമായി ബന്ധപ്പെട്ട് സമൂഹത്തിനും പ്രകൃതിക്കും ഉപകാരപ്രദമായ സാംസ്കാരിക പ്രവർത്തനങ്ങൾ) നടപ്പിലാക്കുകയും ചെയ്യുന്നു.

4) അടുത്ത ബന്ധുക്കൾ, അയൽക്കാർ, അഗതികൾ, അനാഥകൾ, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ജീവിതമർപ്പിച്ചവർ, സഹായം ആവശ്യപ്പെടുന്നവർ, സമൂഹത്തിലെ അടിമകളെപ്പോലെയുള്ള പീഢിതവർഗ്ഗം ഇവർക്കൊക്കെ സ്വന്തം സമ്പാദ്യത്തിൽ നിന്നും, സ്വത്തിൽ നിന്നും ആവശ്യമായത് നൽകാൻ തീരെ മടികാണിക്കാത്തവനാണ്.

5) ദുഃഖങ്ങളും, ദുരിതങ്ങളും, യുദ്ധം പോലുള്ള ദുരന്തങ്ങളും വരുമ്പോൾ തളരാതെ കഠിനാദ്ധ്വാനം ചെയ്തു മുന്നേറുന്നവൻ,

6) വാക്കുപറഞ്ഞാൽ പാലിക്കുന്നവൻ

7) സത്യം പറയുക എന്നത് ജീവിത വ്രതമാക്കിയവൻ. ഒരു മുത്തഖി (ശ്രദ്ധാലു) ആവുന്നതിന് അവശ്യം വേണ്ട ഏഴ് ഗുണങ്ങളാണ് ഖുർആൻ മുകളിൽ പറഞ്ഞത്. ഗോത്രങ്ങളുടെയും, ഗോത്ര ദൈവങ്ങളുടെയും പേരിൽ - സങ്കുചിതമായ ഭാഷ-ദേശചിന്തകളുടെ അടിസ്ഥാനത്തിൽ ഭിന്നി

ച്ചുനിന്ന് പരസ്പരം പോരാടിയിരുന്ന അറബികളെ ഖുർആൻ കൊണ്ട് മുഹമ്മദ്നബി ഒന്നിപ്പിച്ചപ്പോൾ, അവരെ വീണ്ടും ഭിന്നിപ്പിക്കാൻ അമവി-അബ്ബാസി രാജാക്കൻമാർ കണ്ടെത്തിയ പുതിയ തന്ത്രമായിരുന്നു ആരാധനകളുടെ പേരിൽ ആചാരമതങ്ങളുണ്ടാക്കി, ആ മതങ്ങളിലൂടെയും മത ഗ്രൂപ്പുകളിലൂടെയും മനുഷ്യരെ ഭിന്നിപ്പിച്ചുനിർത്തുക എന്നത്. അതിനുവേണ്ടിയാണ് അടിസ്ഥാനരഹിതമായ ഒരു ആചാരമതം അവർ 'അഹ്‌ലുസ്സുന്നത്ത് വൽ ജമാഅത്ത്' എന്ന പേരിൽ കെട്ടിപ്പൊക്കിയത്. അങ്ങനെ ഖുർആനും മുഹമ്മദ്നബിയും മുന്നോട്ട് വെച്ച 'ഒരേയൊരു ദൈവം; ഒരൊറ്റ ജനത' എന്ന ഏകലോകാശയം - (തൗഹീദ്) കാറ്റിൽ പറന്നു. മഹത്തായ ഖുർആനികാശയങ്ങളെ കേവലം ഈണത്തിലുള്ള പാരായണത്തിലൊതുക്കി അമവി അറബികൾ അവരുടെ ലക്ഷ്യം നേടി. ഖുർആനിലെ കർമ്മോത്സുകനും ഊർജ്ജസ്വലനുമായ മുത്തഖി, ഹദീസിലെ ആരാധനാഭ്രാന്തനും അലസനുമായ മുത്തഖിയായി മാറി.

## സത്യം മാത്രം പറയുന്നവൻ മുത്തഖി എന്ന് വിശുദ്ധഖുർആൻ!!

## കളവ് പറയുന്നവനാണ് മുത്തഖി എന്ന് ഹദീസ്മതക്കാർ

'നോമ്പില്ലാത്തവൻ (റംസാൻ മാസം പട്ടിണി കിടക്കാത്തവൻ) നോമ്പുകാരനെപ്പോലെ അഭിനയിക്കണം' എന്നൊരു പച്ചനുണ അബൂഹുറയ്റ നബിതിരുമേനിയുടെ പേരിൽ പറഞ്ഞുപരത്തിയിട്ടുണ്ട്. ഇല്ലാത്ത, നോമ്പിന് വല്ലാത്ത പ്രാധാന്യമുണ്ടാക്കാൻ അബൂഹുറൈറ ഇത്തരത്തിലുള്ള ധാരാളം കള്ള ഹദീസുകൾ നമ്മുടെ നബിയുടെ പേരിൽ പടച്ചുവിട്ടിട്ടുണ്ട്. ('അബൂഹുറൈറയുടെ തനിനിറം' മൗലവി ചേകനൂർ എന്ന ഗ്രന്ഥം ഇതിനോട് ചേർത്ത് വായിക്കുക) ഇന്നും ചില സുന്നി-ശിയാ ശക്തികേന്ദ്രങ്ങളിൽ റംസാൻ മാസത്തിൽ പകൽ സമയത്ത് നോമ്പില്ലാത്തവർ പരസ്യമായി വെള്ളം കുടിച്ചാൽ, ഹോട്ടലുകൾ തുറന്നാൽ, അരിശം കൊള്ളുകയും കയ്യേറ്റം ചെയ്യുകയും, ബലമായി ഹോട്ടൽ പൂട്ടിക്കുകയും ചെയ്യുന്ന മതഭ്രാന്തൻമാരുണ്ട്.

**ഇതൊക്കെ അബൂഹുറൈറയുടെ പ്രകൃത കള്ളഹദീസിന്റെ അടിസ്ഥാനത്തിലാണ് അരങ്ങേറുന്നത്. ചുരുക്കത്തിൽ വിശുദ്ധഖുർആനിലെ മുത്തഖി എന്ന ആശയത്തിന് നൂറ് ശതമാനവും കത്തിവെക്കുന്ന ഏറ്റവും വലിയ ഒരു ശിർക്കൻ ആചാരമാണ് റമളാനിലെ ഒരു മാസത്തെ പട്ടിണി നോമ്പ്; എന്നുമാത്രമല്ല, ഒരു മുസ്‌ലിം ഖുർആൻ പറഞ്ഞ മുത്തഖി ആവാതിരിക്കാൻ വേണ്ടി അബൂഹുറൈറയും മുആവിയയും പടുത്തുയർത്തിയ ഒരു ആഗോള അറേബ്യൻ പ്രസ്ഥാനമാണ് 'അഹ്‌ലുസ്സുന്നത്ത് വൽജമാത്ത്'. അതു നിങ്ങൾക്ക് ക്രമേണ ബോദ്ധ്യമാവും. വീണ്ടും നമുക്ക് ഖുർആൻ സൂക്തങ്ങളെ ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് അബൂഹുറൈറകളുണ്ടാക്കിയ സുന്നി തഫ്സീറിലെ മറ്റു ചില മഹാ അക്രമങ്ങൾ കൂടി കാണാം.**

## 'മുത്തഖി' എന്ന പദത്തിന്റെ അർത്ഥമെന്ത്...?

അറബിഭാഷയിൽ വാവ്-ഖാഫ്-യാ എന്നീ അക്ഷരങ്ങൾ ചേർന്നുണ്ടാകുന്ന വഖാ എന്ന പദത്തിൽ നിന്നാണ് മുത്തഖി എന്ന പദം നിഷ്പന്നമാകുന്നത്. വഖാ എന്ന പദത്തിന്റെ അർത്ഥം **'ദോഷകരമായ അന്ത്യം വരാതെ തടഞ്ഞു'**, **'മോശമായ ഒരു പര്യവസാനം ഇല്ലാതാക്കി'** എന്നൊക്കെയാണ്. ഇതിൽ നിന്നാണ് സൂക്ഷിച്ചു, ശ്രദ്ധിച്ചു എന്നൊക്കെ വഖാ ക്ക് അർത്ഥം കിട്ടുന്നത്. അല്ലാഹുവിനെ സൂക്ഷിക്കുക. അഥവാ അല്ലാഹുവിന്റെ നിയമങ്ങളെ (വിശുദ്ധ ഖുർആനിലുള്ള നിയമങ്ങളെ ശ്രദ്ധിച്ചു പഠിച്ചു) സൂക്ഷിച്ചു ജീവിക്കുക, അങ്ങനെ അല്ലാഹുവിന്റെ നിയമങ്ങൾ (ഖുർആൻ) ലംഘിക്കുന്നതിലൂടെ നിങ്ങൾക്കുവരാൻ സാധ്യതയുള്ള മോശമായ അന്ത്യം ഇല്ലാതാക്കുക. അപ്പോൾ തഖ്‌വ എന്നു പറഞ്ഞാൽ അല്ലാഹുവിന്റെ നിയമങ്ങൾ ശ്രദ്ധിച്ചു പഠിച്ചു ജീവിച്ചുകൊണ്ട് ഒരു മോശമായ അന്ത്യം ഇല്ലാതാക്കുക. (To avoid a bad end) എന്നാണ് . അതിനുവേണ്ടി നാം ഖുർആൻ പഠിക്കണം. അപ്പോൾ മാത്രമേ ഖുർആനിൽ എന്തുണ്ട്, എന്തില്ലാ എന്നൊക്ക നമുക്ക് മനസ്സിലാക്കാനും, നടപ്പിലാക്കാനും കഴിയു. നിയമങ്ങൾ എന്തൊക്കെയാണ് എന്നറിയാതെ എങ്ങനെയാണ് നാം നിയമം പാലിക്കുക. അങ്ങനെ ഖുർആൻ പഠിച്ചുകൊണ്ട് (അകാലത്തിൽ) ശാരീരികമായും, സാംസ്കാരികമായും മരിക്കാതിരിക്കാൻ ശ്രദ്ധിക്കുക. അപ്പോൾ മാത്രമേ നാം മുത്തഖി ആകുകയുള്ളു. അതുകൊണ്ടാണ് ഖുർആനിക നിയമങ്ങളിൽ നിങ്ങൾ പരിശീലനം നേടു, നിങ്ങൾ മുത്തഖി ആയേക്കാം (ലഅല്ലക്കും തത്തഖൂൻ) (2:183) എന്ന് ഖുർആൻ ഇടയ്ക്കിടയ്ക്ക് ഉണർത്താൻ കാരണം. എല്ലാ വർഷവും-സമയബദ്ധിതമായി - കുറച്ചുകാലം (റംസാനിൽ) നാം ഖുർആൻ പഠിക്കണം. അതുതന്നെയാണ് സിയാമിന്റെ ഒരു ലക്ഷ്യവും.

ഇത്തഖുല്ലാ (Ittaquallah) എന്നതിന് അല്ലാഹുവിന്റെ നിയമങ്ങൾ (ഖുർആൻ) ശ്രദ്ധിച്ചു ജീവിച്ചു

കൊണ്ട് നിങ്ങൾ മോശമായ ഒരു പര്യവസാനം ഈ ലോകത്തും പരലോകത്തും ഒഴിവാക്കുക എന്നു പരിഭാഷപ്പെടുത്തേണ്ടതാണ്. എന്നാൽ, ഇതിനു പകരം (അല്ലാഹുവിനെ സൂക്ഷിക്കുക എന്നതിനു പകരം) നിങ്ങൾ അല്ലാഹുവിനെ പേടിക്കുക, അല്ലാഹുവിനെ ഭയപ്പെടുക എന്നർത്ഥം നൽകിക്കൊണ്ട് അറേബ്യൻ സുന്നികൾ അല്ലാഹുവിനെ ഒരു ഭീകരസത്വമായി അവതരിപ്പിച്ചു. ഈ ഭൂമിയിൽ എല്ലാ വിശ്വാസികൾക്കും സ്വർഗ്ഗീയസുന്ദരമായ ഒരു ജീവിതം വാഗ്ദാനം ചെയ്യുന്ന ഇസ്ലാം എന്ന ശാന്തിമാർഗ്ഗത്തെ എപ്പോഴും മരണത്തെയും മരണാന്തരജീവിതത്തിലെ ശിക്ഷകളെയും മാത്രം പർവതീകരിച്ച് പഠിപ്പിച്ച് പേടിപ്പിച്ചുകൊണ്ട് അഹ്ലുസ്സുന്ന എന്ന ഒരു 'പേടിപ്പിക്കൽ പ്രസ്ഥാന'മായി മാറ്റിമറിക്കുകയും ചെയ്തു. ഖുർആനിൽ ഇല്ലാത്ത അഞ്ചു നേരത്തെ ചടങ്ങു നമസ്കാരങ്ങൾ, ബാങ്കുവിളി, റംസാനിലെ പകൽപട്ടിണി, ഖുർആൻ വിരുദ്ധമായ ഇസ്ലാം, ഇമാൻ കാര്യങ്ങൾ, ആമീൻ പറയൽ, ഖുർആനിൽ എവിടെയും ഒരു സൂചന പോലുമില്ലാത്ത നമസ്കാരത്തിന്റെ ശർത്തുകൾ, ഫർളുകൾ, വുളുവിന്റെ ശർത്തുകൾ, ഫർളുകൾ സുന്നത്തായ ആരാധനകൾ. ഖുർആനിൽ ഒരു സൂചനപോലുമില്ലാത്ത മയ്യത്ത് നമസ്കാരത്തിന്റെ ശർത്തുകൾ, ഫർളുകൾ എന്നിങ്ങനെ ഇവയിൽ എന്തെങ്കിലും ഒന്ന് മറക്കുകയോ, പിഴക്കുകയോ, തെറ്റുകയോ ചെയ്താൽ ഖബറിലും മരണാന്തരജീവിതത്തിലും കിട്ടുന്ന കൊടും മർദ്ദനങ്ങളെക്കുറിച്ചും, ശിക്ഷകളെക്കുറിച്ചും ഓർമ്മിപ്പിച്ചുകൊണ്ടാണ് അമവി അറബികൾ (വിശിഷ്യ അബൂഹുറയ്റയും മുആവിയയും) അഹ്ലുസ്സുന്നത്ത് വൽ ജമാഅത്ത് എന്ന അറേബ്യൻ ആചാര മതത്തിന് നബിയുടെ മരണം കഴിഞ്ഞ് സുമാർ നാൽപത് വർഷം കഴിഞ്ഞപ്പോൾ അടിത്തറയിട്ടത്. അതുവഴി ലോകമുസ്ലിംകളെല്ലാം സുന്നികളും ശിയാക്കളുമായി ഖുർആനിൽ നിന്ന് അകന്നു.

യഥാർത്ഥത്തിൽ ഖുർആൻ മരണാനന്തരജീവിതത്തെക്കുറിച്ച് വളരെ കുറച്ച് മാത്രമെ പ്രതിപാദിക്കുന്നുള്ളു. ഖുർആൻ സംസാരിക്കുന്നതധികവും ഈ ഭൂമിയിൽ മരിക്കുന്നതുവരെ എങ്ങനെ ആത്മശാന്തിയോടെയും, സന്തോഷത്തോടെയും സംതൃപ്തിയോടെയും ജീവിക്കാം എന്നതിനെക്കുറിച്ചാണ്. യാതൊരു ബോധവുമില്ലാതെ നാളെയെ മറന്നുകൊണ്ടും അല്ലാഹുവിനെ മറന്നുകൊണ്ടും, (53:29) പൊള്ളയായ പൊട്ടിച്ചിരികളും, തമാശകളും അർത്ഥശൂന്യമായ അമിതാഹ്ലാദപ്രകടനങ്ങളുമൊക്കെയായി ജീവിതം 'അടിച്ചുപൊളിച്ചു ജീവിക്കുന്നതിനെ'യാണ് ഖുർആൻ ദുൻയവിയായ ജീവിതം-ഭൗതികതയിൽ മതിമറന്നുകൊണ്ടുള്ള ജീവിതം എന്നൊക്കെ വിമർശിക്കുന്നത്. അതേപോലെ ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നീ മേഖലകളിൽ അടിസ്ഥാനസൗകര്യമാർജ്ജിക്കാതെ നിലവാരം കുറഞ്ഞ ജീവിതം നയിക്കുന്നതിനേയും ഖുർആൻ വിമർശിക്കുന്നു. ഈ രണ്ടു ജീവിത രീതികളെയാണ് (പൊങ്ങച്ചം നിറഞ്ഞ ആർഭാട ജീവിതത്തെയും അടിസ്ഥാന സൗകര്യങ്ങളില്ലാത്ത ദുരിതജീവിതത്തെയുമാണ്) ഖുർആൻ നിരുത്സാഹപ്പെടുത്തുന്നത്. 'പരലോകം ഖുർആനിൽ എന്ന അദ്ധ്യായം കാണുക'. അവരുടെ അന്ത്യനാളുകൾ ഈ ലോകത്തും പരലോകത്തും ദുഃഖപര്യവസായിയായിരിക്കുമെന്ന് ഖുർആൻ താക്കീതുനൽകുന്നു. അതേസമയം സ്വന്തം ശരീരത്തോടും സ്വന്തം കുടുംബത്തോടും, സ്വന്തം സമൂഹത്തോടും (തനിക്കുചുറ്റുമുള്ള അല്ലാഹുവിന്റെ കാണുന്ന ഭാഗമായ പ്രകൃതിയോടും) യാതൊരു അക്രമവും, അനീതിയും ചെയ്യാതെ സന്തോഷത്തോടെ, സംതൃപ്തമായി ജീവിക്കുകയും, അതുപോലെ ജീവിക്കാൻ തന്നെക്കാൾ സാമ്പത്തികമായും, സാമൂഹ്യമായും താഴെക്കിടയിലുള്ള ജനങ്ങളെ പഠിപ്പിക്കുകയും ചെയ്യുന്ന ഒരു സത്യവിശ്വാസിയുടെ ജീവിതമാണ് സ്തുത്യർഹമായ ജീവിതമെന്നും, ആ മാതൃകാസാമൂഹ്യ ജീവിതമാണ് ഇസ്ലാം മതത്തിന്റെ അടിസ്ഥാനമെന്നും, അതാണ് 'ദീനുൽ ഖയ്യിമാ' എന്നും (അതാണ് ഏറ്റവും സുശക്തമായ ഇസ്ലാമിക പ്രത്യയശാസ്ത്രമെന്നും) ഖുർആനും മുഹമ്മദ് നബിയും പഠിപ്പിച്ചപ്പോൾ അല്ല, ജീവിതകാലം മുഴുവൻ ശത്രുരാജ്യത്തോടും നമ്മുടെ മതക്കാരല്ലാത്ത അയൽക്കാരോടും യുദ്ധം ചെയ്തുകൊണ്ട് നരകീയമായ ജീവിതം നയിക്കലാണ് ഇസ്ലാം മതമെന്നും -അതാണ് അഹ്ലുസ്സുന്നയെന്നും-അതിലാണ് മോക്ഷം എന്നുമാണ് അമവി-അബ്ബാസി അറബികൾ സുന്നികളെയും ശിയാക്കളെയും പഠിപ്പിക്കുന്നത്. ഖുർആൻ പറയുന്നത് ശ്രദ്ധിക്കുക.

## സമാധാനം യുദ്ധമായപ്പോൾ...!

## ഇസ്ലാം, യുദ്ധം ചെയ്യാനുള്ള കേവലം പന്ത്രണ്ട് മാസങ്ങളായപ്പോൾ...!!

ഇന്ന-ഇദ്ദത്ത-ശ്ശുഹൂരി-ഇൻദല്ലാഹി-ഇത്നാ അശറ-ശഹറൻ-ഫീ കിതാബില്ലാഹി-യൗമ-ഖലഖസ്സമാവാത്തി-വൽഅർളി-മിൻഹാ-അർബഅതുൻ-ഹുറുമുൻ-ദാലിക്ക-ദീനുൽ ഖയ്യിമ-ഫലാ-തുള്ലിമൂഫീഹിന്ന അൻഫുസക്കും-വ ഖാതിലുൽ മുശ്രിക്കീന കാഫ്ഫത്തൻ-കമാ -യുഖാതിലൂനക്കും-കാഫ്ഫ-വഅ്ലമൂ-അന്നല്ലാഹ-മഅൽ-മുത്തഖീൻ (9:36).

"ആകാശവും ഭൂമിയും ഉണ്ടായതുമുതൽ (അഥവാ ആദിമമനുഷ്യസമൂഹത്തിൽ നിന്നും മാനവരാശി മുന്നോട്ടുപോയി അതിൽ നിന്നും ഉന്നത സമൂഹങ്ങളും (High class society, Elite class), താഴെക്കിടയിലുള്ള സമൂഹങ്ങളും (Low class society) ഉണ്ടായതു മുതൽ) അല്ലാഹുവിന്റെ വീക്ഷണത്തിൽ, ദൈവീകമായ സാഹചര്യത്തിന്നുള്ള തയ്യാറെടുപ്പ് എന്നത്-ഇന്ന ഇദ്ദത്ത ശുഹൂർ എന്നത് (ഇസ്ലാമിക സമൂഹ

ത്തിനുള്ള തയ്യാറെടുപ്പ് എന്നത്-അശ്ശഹറുൽ ഹറാം എന്ന ഖുർ ആനിലൂടെ അറിയപ്പെട്ട ആ ദൈവീക സമൂഹത്തിനുള്ള തയ്യാറെടുപ്പ് എന്നത് - 2:194) സ്തുത്യർഹമായ ജീവിത (praise worthy living) സാഹചര്യമാകുന്നു. (ഇത്നാ അശറ ശഹറൻ).

(അറബി ഭാഷയിൽ 'അശറ' എന്നതിന് പത്ത് എന്നു മാത്രമല്ല അർത്ഥം. ഐശ്വര്യപൂർണ്ണമായ ജീവിതത്തിനും (നല്ല രീതിയിൽ പെരുമാറുന്നതിനും) 'അശറത്ത്' (മുആശറത്ത്) എന്നുപറയും. ഉദാ:- വ-ആശിറൂഹുന്ന ബിൽ-മഅ്റൂഫി (4:19) അവരോട് (ആ ദുർബല ജനവിഭാഗങ്ങളോട്) നിങ്ങൾ നല്ല രീതിയിൽ പെരുമാറുക (4:19) (22:13) (26:214) (9:24) (58:22) അതേപോലെ ഇത്നാ (തനാ-പുകഴ്ത്തി) എന്നാൽ അഭിനന്ദനാർഹമായ (സ്തുത്യർഹമായ - praise worthy) എന്നാണർത്ഥം).

അതിൽപ്പെട്ടതാണ് (അഥവാ ആ ഇസ്ലാമിക സാഹചര്യത്തിൽ ഉൾപ്പെട്ടതാണ്) ഉന്നതമായ വിലക്കുകൾ (മിൻഹാ-അർബഅത്തുൻ-ഹുറുമുൻ)

(അഥവാ ശിർക്കു ചെയ്യരുത്. ദൈവീക നിയമങ്ങളിൽ പങ്കുചേർക്കരുത്. (ഖുർ ആനിക നിയമങ്ങളിൽ നിങ്ങൾ മായം ചേർക്കരുത്. ജാതിമതഭേദമെന്യേ ഈ ഭൂമിയിൽ എല്ലാവർക്കും സമാധാനം പ്രദാനം ചെയ്യുന്ന പ്രത്യയ ശാസ്ത്രമാണ് ഇസ്ലാം. അതിന്റെ വാക്താക്കളാണ് മുസ്ലിംകൾ. ആ സമാധാന ജീവിതം തകർക്കുന്നവരാണ് കാഫിറുകൾ (മുശ്രിക്കുകൾ, മുനാഫിക്കുകൾ) . ഭൂമിയിൽ സമാധാന ജീവിതം തകർക്കുന്നതെന്തും ശിർക്കാണ്. നിങ്ങളുടേയും, സമൂഹത്തിന്റേയും സമാധാനം തകർക്കുന്നതെന്തും ശിർക്കാകുന്നു. അതുകൊണ്ട് ശിർക്ക് ചെയ്യരുതെന്ന് പറഞ്ഞാൽ- അല്ലാഹുവിൽ പങ്കുചേർക്കരുത് എന്നു പറഞ്ഞാൽ നിങ്ങളുടെയും, കുടുംബത്തിന്റെയും, സമൂഹത്തിന്റെയും മനസ്സമധാനം തകർക്കുന്നതൊന്നും ചെയ്യരുത് - ജീവിതത്തിന്റെ ഏതു ഘട്ടത്തിലും നീതിയും ന്യായവും കൈവിടരുത് എന്നാണർത്ഥം), മാതാപിതാക്കളോട് 'ഛെ' എന്നുപോലും പറയരുത്, ദാരിദ്ര്യം നിമിത്തം നിങ്ങൾ കുട്ടികളെ കൊല്ലരുത്, ഖുർആൻ വിരുദ്ധമായ ഒരു കാര്യങ്ങളോടും (ഫാഹിഷത്ത്) നിങ്ങൾ അടുത്തുപോകരുത്, കളവു പറയരുത്, ഏഷണി പറഞ്ഞ് വീട്ടിലും നാട്ടിലും കുഴപ്പമുണ്ടാക്കരുത്, വിശ്വാസവഞ്ചന കാണിക്കരുത്, ഭൂമിയിൽ അഹങ്കാരത്തോടുകൂടി നടക്കരുത്, ദുർബലജനവിഭാഗങ്ങളെ കൊച്ചാക്കി സംസാരിക്കരുത്, അറിവില്ലാത്ത കാര്യങ്ങളെക്കുറിച്ച് അഭിപ്രായം പറയുകയോ, അതിന്റെ പുറകെ കഴുതകളെ പോലെ പോവുകയോ ചെയ്യരുത് (കാരണം ശബ്ദങ്ങളിൽ വച്ച് ഏറ്റവും മോശമായ ശബ്ദം അഹങ്കാരികളായ - വിഢികളായ മനുഷ്യക്കഴുതകളുടെ (ഗ്രന്ഥം ചുമക്കുന്ന കഴുതകളുടെ) 31:19 ശബ്ദമാകുന്നു). നിങ്ങൾ ധനികരാണെങ്കിൽ, നിങ്ങളുടെ സ്വത്തുക്കൾ പാവപ്പെട്ടവരെ ബുദ്ധിമുട്ടിക്കുന്ന രീതിയിൽ ഉപയോഗിക്കരുത്, പലിശ വാങ്ങരുത് (സാമ്പത്തിക ചൂഷണങ്ങൾ നടത്തരുത്, അഥവാ പൊതുമുതൽ കൊള്ളയടിച്ച് സ്വന്തമാക്കരുത്). സ്വന്തം ശരീരത്തേയും തനിക്കു ചുറ്റുമുള്ള പ്രകൃതിയേയും എപ്പോഴും സ്നേഹിക്കുകയും, താലോലിക്കുകയും, സംരക്ഷിക്കുകയും ചെയ്യുക, അങ്ങനെ ഓരോരുത്തരും ഭൂമിയിൽ സ്വർഗ്ഗീയ ജീവിതം പടുത്തുയർത്തുക എന്ന ഖുർ ആനിക പ്രത്യയ ശാസ്ത്രത്തിൽ നിന്നകന്ന് ദൈവനാമത്തിൽ ചടങ്ങുകളും, ചടങ്ങു പ്രാർത്ഥനകളും ഉണ്ടാക്കിക്കൊണ്ട് നിങ്ങൾ വിവിധ മതങ്ങളും മതഗ്രൂപ്പുകളുമായി ഖുർ ആനിൽ നിന്നകലരുത്, അനാഥകളുടെ സ്വത്ത് അപഹരിക്കരുത്, വേദഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിലല്ലാതെ 'അത് ഹറാം, ഇത് ഹലാൽ' (അത് ശരി, ഇത് തെറ്റ്) എന്നിങ്ങനെയുള്ള മത നിയമങ്ങൾ നിങ്ങളുടെ ഇച്ഛക്കനുസരിച്ച് നിങ്ങൾ കെട്ടിപ്പറയരുത് എന്നിങ്ങനെയുള്ള ഏതാനും വിലക്കുകളാണ് (മസ്ജിദുൽഹറാം ആണ്)ഖുർ ആൻ പഠിപ്പിക്കുന്നത്. (6:54) (7:31-33) ...... (31:12:18) ഇത്തരം വിലക്കുകൾ പാലിക്കുന്നതിലൂടെയാണ് ഏതൊരു സമൂഹവും ഒരു ഇസ്ലാമിക കുടുംബവും മാതൃകാസമൂഹവുമൊക്കെയായി മാറുന്നത്).

ഫലാതുള്ലിമൂഫീഹിന്ന-അൻഫുസക്കും = അതുകൊണ്ട് നിങ്ങൾ ആ പ്രത്യയശാസ്ത്രത്തിലായിരിക്കെ നിങ്ങൾ നിങ്ങളുടെ നഫ്സ്നോട് (ആ പ്രത്യയശാസ്ത്രത്തോട് - ഖുർആനിനോട് - ഇസ്ലാം ദീനിനോട്) അക്രമം കാണിക്കരുത്.

(നഫ്സ് എന്നാൽ പ്രത്യയശാസ്ത്രം എന്നാണ് അർത്ഥമെന്ന് ഖുർആൻ നമ്മെ പഠിപ്പിക്കുന്നു.) നമ്മുടെ ചിന്തകൾ- നമ്മുടെ പ്രത്യയശാസ്ത്രം - നമ്മുടെ വ്യക്തിത്വം അത് നമ്മുടെ ആത്മാവിന്റെ ഭാഗമാണ്. ഖുർആൻ കൊണ്ടാണ് - അല്ലാഹുവിന്റെ നഫ്സ് കൊണ്ടാണ് - അല്ലാഹുവിന്റെ പ്രത്യയശാസ്ത്രം കൊണ്ടാണ് - അല്ലാഹു നമ്മെ താക്കീതുചെയ്യുന്നത് (3:30). ഭൂമിയിലുള്ള സർവ്വ മനുഷ്യരെയും സർവ്വ ചരാചരങ്ങളെയും, ഒന്നായിക്കാണാൻ പഠിപ്പിക്കുന്ന ഒരു പ്രത്യയശാസ്ത്രമാണ് ഖുർആൻ. അതായത് നമ്മെ നാമാക്കുന്നത് നമ്മുടെ ഖുർആനാണ്. ആ ഖുർആനാണ് നമ്മുടെ പ്രത്യയ ശാസ്ത്രം. ആ ഖുർആനാണ് നമുക്ക് ജീവൻ നൽകുന്ന 'റൂഹ്'. ഈ റൂഹിനെക്കുറിച്ച് മാത്രമാണ് ഖുർആൻ 'ജീവൻ' എന്നു പ്രതിപാദിക്കുന്നത്. അതുകൊണ്ട് നിങ്ങൾ നിങ്ങളോട് തന്നെ അക്രമം കാണിക്കരുത് എന്നുപറഞ്ഞാൽ (നിങ്ങൾ നിങ്ങളുടെ പ്രത്യയശാസ്ത്രത്തോട് അക്രമം കാണിക്കരുത് എന്നു പറഞ്ഞാൽ)

നിങ്ങൾ നിങ്ങളുടെ സഹജീവികളോട് അക്രമം കാണിക്കരുത് എന്നാണർത്ഥം.

വഖാതിലുൽമുശ്‌രിക്കീന കാഫ്ഫത്തൻ – (എന്നാൽ സമാധാനത്തിന്റെ വക്താക്കളായ നിങ്ങളെ പൂർണ്ണമായും ഇല്ലാതാക്കണം എന്ന ലക്ഷ്യത്തോടുകൂടി) നിങ്ങളോട് സംഘടിച്ചു യുദ്ധം ചെയ്യുന്ന ആ അസമാധാനത്തിന്റെയും അക്രമത്തിന്റെയും വക്താക്കളോട് (മുശ്‌രിക്കുകളോട്) നിങ്ങളും സംഘടിച്ചു തന്നെ പോരാടുക. അല്ലാഹു എപ്പോഴും അല്ലാഹുവിന്റെ നിയമങ്ങൾ സൂക്ഷിച്ചു ജീവിക്കുന്നരോടൊപ്പമാണ് എന്ന സത്യം നിങ്ങൾ അറിഞ്ഞിരിക്കുകയും ചെയ്യുക".

ഇസ്‌ലാമിക പ്രത്യയശാസ്ത്രമെന്നാൽ ദൈവീകമായ വിലക്കുകൾകൊണ്ട് അലങ്കരിക്കപ്പെട്ട സ്തുത്യർഹമായ മാതൃകാ കുടുംബജീവിതമാണെന്നും അതുതന്നെയാണ് സ്വലാത്തിന്റെ അടിസ്ഥാനമെന്നും, അതുതന്നെയാണ് അതിശക്തമായ ദൈവീകപ്രത്യയശാസ്ത്രത്തിന്റെ അടിത്തറയെന്നും (ദീനുൽഖയ്യിമയെന്നും) (98:5) (9:36) (30:30) അർത്ഥശങ്കക്കിടമില്ലാത്തവിധം പഠിപ്പിക്കുകയാണ് ഖുർആൻ ഇവിടെ ചെയ്യുന്നത്.

എന്നാൽ നബിയുടെ മരണം കഴിഞ്ഞ് സുമാർ നാൽപത് വർഷം കഴിഞ്ഞപ്പോൾ നബിയുടെ ആജന്മശത്രുക്കളായിരുന്ന ഖുറൈശി അറബികൾ ഇസ്‌ലാമിന്റെ അധികാരസ്ഥാനങ്ങളിൽ എത്തുകയും ഇമാം അലിയെ ചതിച്ചുകൊണ്ട് മുആവിയ മദീനയിലെ ഇസ്‌ലാമിക ഭരണം (ഖുർആനിക ഭരണം) അവസാനിപ്പിക്കുകയും ചെയ്തപ്പോൾ, ഖുർആൻ ദുർബ്ബലപ്പെടുത്തുകയും, അഹ്‌ലുസ്സുന്ന എന്ന അറേബ്യൻ ആചാരമതം നടപ്പിലാക്കുകയും ചെയ്തു. അതിന്റെ ഭാഗമായി വിശുദ്ധ ഖുർആനിലെ തെരഞ്ഞെടുത്ത കുറെ സൂക്തങ്ങളുടെ അർത്ഥവും വ്യാഖ്യാനവും മാറ്റിമറിച്ചു. ഇവിടെ അവർ ചെയ്ത കൃത്രിമവും, അതിഗുരുതരമായ ഖുർആൻ ദുർവ്യാഖ്യാനവും ശ്രദ്ധിക്കുക. ഏതെങ്കിലും സുന്നി-മുജാഹിദ് പരിഭാഷകൾ പരിശോധിക്കുക (9:36).

**'ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ച ദിവസം അല്ലാഹു രേഖപ്പെടുത്തിയതനുസരിച്ച് അല്ലാഹുവിന്റെ അടുക്കൽ മാസങ്ങളുടെ എണ്ണം പന്ത്രണ്ടാകുന്നു. അവയിൽ നാലെണ്ണം (യുദ്ധം) വിലക്കപ്പെട്ട മാസങ്ങളാകുന്നു. അതാണ് വക്രതയില്ലാത്ത പ്രത്യയശാസ്ത്രം. അതിനാൽ അതിൽ (ആ നാല് മാസങ്ങളിൽ) നിങ്ങളോടുതന്നെ അക്രമം പ്രവർത്തിക്കരുത്. ബഹുദൈവവിശ്വാസികൾ നിങ്ങളോടാകമാനം യുദ്ധം ചെയ്യുന്നതുപോലെ നിങ്ങൾ അവരോടും ആകമാനം യുദ്ധം ചെയ്യുക. അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരുടെ കൂടെയാണ് എന്ന് നിങ്ങൾ മനസ്സിലാക്കുകയും ചെയ്യുക'. (9:36)**

നോക്കൂ... എത്ര വലിയ മണ്ടത്തരമാണ് സുന്നി-മുജാഹിദ് പരിഭാഷകളിൽ, നബിയെ കളിയാക്കിക്കൊണ്ട് അമവി-അബ്ബാസി രാജാക്കൻമാരും അവരുടെ പുരോഹിതൻമാരും എഴുതിയിട്ടുള്ളത്...!!

ഇസ്‌ലാമിക പ്രത്യയശാസ്ത്രം എന്നത് ഏതെങ്കിലും വിഭാഗത്തിന്റെ ആചാരങ്ങളുമായോ, കാലക്രമവുമായോ കലണ്ടറുമായോ മാസങ്ങളുടെ എണ്ണവുമായോ ബന്ധപ്പെട്ടതാണോ..? വർഷത്തിൽ മാസങ്ങളുടെ എണ്ണം, 12, 18 24 എന്നിങ്ങനെയുള്ളതും, ഒരു ശക്തമായ പ്രത്യയശാസ്ത്രവും തമ്മിൽ എന്തു ബന്ധം ?. ക്രിസ്തുവിന് മുമ്പ് ഇന്ത്യയിലും, ഗ്രീസിലും, പേർഷ്യൻ-റോമ സാമ്രാജ്യങ്ങളിലും മൂന്നുമാസത്തെയും ആറ് മാസത്തെയും 12 മാസത്തെയും ഒരുവർഷമായി കണക്കാക്കിക്കൊണ്ടുള്ള കലണ്ടറുകൾ നടപ്പിലുണ്ടായിരുന്നു. പ്രായോഗികമല്ലാത്തതിനാൽ പലകലണ്ടറുകളും പിന്നീട് അപ്രത്യക്ഷമായി. വർഷത്തിൽ മാസങ്ങളുടെ എണ്ണം 12 ആണ് എന്നതിൽ എന്ത് ശക്തമായ പ്രത്യയശാസ്ത്രമാണുള്ളത്?. എന്തുകൊണ്ടാണ് ചില മാസങ്ങൾ പവിത്രവും, ചില മാസങ്ങൾ അശുദ്ധവുമായത് ?. അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ – വിശുദ്ധ ഖുർആനിൽ എവിടെയെങ്കിലും വർഷത്തിലെ ഒരു പ്രത്യേക നിമിഷത്തിനോ, ദിവസത്തിനോ, മാസത്തിനോ (അല്ലെങ്കിൽ ഏതെങ്കിലും പ്രത്യേക സ്ഥലത്തിനോ) എന്തെങ്കിലും പുണ്യമോ, പരിശുദ്ധിയോ ഉള്ളതായി രേഖപ്പെടുത്തുന്നുണ്ടോ?.

എന്നാൽ 'വിലക്കപ്പെട്ട മാസത്തിലെ യുദ്ധത്തിന് വിലക്കപ്പെട്ട മാസത്തിൽ തന്നെ തിരിച്ചടിക്കുക' (2:194) എന്നാണ് ദുർവ്യാഖ്യാനം ആവർത്തിച്ചുകൊണ്ട് അറേബ്യൻ സുന്നികൾ അവരുടെ പരിഭാഷയിൽ എഴുതിവെച്ചിട്ടുള്ളത്. അതായത് അമവി അറബികളുണ്ടാക്കിയ സുന്നി കലണ്ടറിലെ (ഹിജ്റ കലണ്ടറിലെ), മുഹർറം, സഫർ, റബീഉൽഅവ്വൽ (ഒന്നാം വസന്തം), റബിഉൽആഖർ (രണ്ടാം വസന്തം), ജമാദുൽഅവ്വൽ, ജമാദുൽ ആഖർ, റജബ്, ഷഅബാൻ, റംസാൻ, ശവ്വാൽ, ദുൽഖഅദ്, ദുൽഹജ്ജ് എന്നീ പന്ത്രണ്ട് മാസങ്ങളിൽ മുഹർറം(1), റജബ് (7), ദുൽഖഅദ് (10), ദുൽഹജ്ജ് (11), എന്നീ നാല് മാസങ്ങളിൽ യുദ്ധം ഹറാമാണെന്നും, അതുകൊണ്ട് നിങ്ങൾ ആ മാസത്തിൽ ആരെയും അക്രമിക്കരുത് എന്നുമാണ് സുന്നിപരിഭാഷകളിൽ അബൂഹുറയ്റ സുന്നികളെ പഠിപ്പിക്കുന്നത്. എന്നാൽ 'വിലക്കപ്പെട്ട മാസങ്ങളിൽ ആരെങ്കിലും നിങ്ങളെ ആക്രമിച്ചാൽ തിരിച്ചും ആക്രമിച്ചുകൊള്ളൂ' എന്ന് (2:194), സുന്നി – മുജാഹിദുകളുടെ പരിഭാഷയിൽ ഇവർ വീണ്ടും ദുർവ്യാഖ്യാനം ആവർത്തിച്ച് രേഖപ്പെടുത്തിവെച്ചി

ട്ടുള്ളത്. ചുരുക്കിപ്പറഞ്ഞാൽ യുദ്ധം ഹറാമായ മാസം എന്നൊന്നില്ല. കാലാകാലവും യുദ്ധം ചെയ്തു കൊള്ളൂ എന്നൊരു ധ്വനി പ്രസ്തുത രണ്ട് സൂക്തങ്ങളിലുമുണ്ട് (9:36/2:194) അല്ലാഹുവിന്റെ അടുക്കൽ വർഷത്തിൽ മാസങ്ങളുടെ എണ്ണം പന്ത്രണ്ടാണ്. അതുകൊണ്ട് എല്ലാ മാസങ്ങളിലും നിരന്തരം യുദ്ധം ചെയ്തുകൊള്ളൂ (അതാണ് ഇസ്‌ലാംമതം) എന്നൊരു സൂചനയാണതിലുള്ളത്. നോക്കൂ. 'ആഴ്ചയിൽ ദിവസങ്ങൾ 7 ആകുന്നു. അതിൽ ഞായർ, തിങ്കൾ, ചൊവ്വ ദിവസങ്ങളിൽ നീ ആരുമായും 'അടിപിടി യുണ്ടാക്കരുത്'. (എന്നതിൽ ബാക്കി ദിവസങ്ങളിൽ ഇങ്ങോട്ടടിച്ചിട്ടില്ലെങ്കിലും അങ്ങോട്ടുപോയി അടി ക്കാമെന്നൊരു ധ്വനി ( അതു ഹലാലാണെന്നൊരു ധ്വനി) അടങ്ങിയിട്ടില്ലെ?) എന്നാൽ അടിപിടി ഹറാ മായ ആ ദിവസങ്ങളിലും ഇങ്ങോട്ടടിച്ചാൽ അങ്ങോട്ടും തല്ലിക്കൊള്ളൂ എന്ന് പറഞ്ഞാൽ അതിന്റെ അർത്ഥം ആഴ്ചയിൽ എല്ലാദിവസവും അടിപിടിയുണ്ടാക്കണമെന്നല്ലേ?. നോക്കൂ. സ്വന്തം മക്കളെ ഏതെ ങ്കിലും രക്ഷിതാക്കളും അധ്യാപകരും ചേർന്ന് ഇങ്ങനെയൊരു തലതിരിഞ്ഞ പ്രത്യയശാസ്ത്രം പഠിപ്പി ച്ചാൽ എന്തായിരിക്കും ആ കുട്ടിയുടെ ഭാവി. ഒരു 10 വർഷം കഴിയുമ്പോൾ അവൻ ഒരു ക്രിമിനലായി ഏതെങ്കിലും ജയിലിനകത്തുണ്ടാകും. അല്ലെങ്കിൽ ആരുടെയെങ്കിലും തല്ലുകൊണ്ട് അവന്റെ കയ്യോ കാലോ ഒടിഞ്ഞുകാണും, അല്ലെങ്കിൽ അവൻ ചത്തുകാണും. വെറുതെയിരിക്കുന്ന ശത്രുരാജ്യങ്ങളോ ട് പോലും അവർ ഇങ്ങോട്ട് ആക്രമിച്ചിട്ടില്ലെങ്കിലും, വർഷത്തിലൊരിക്കൽ അങ്ങോട്ടുപോയി യുദ്ധം ചെയ്യൽ സുന്നത്താണെന്ന് ഹദീസ് ഗ്രന്ഥങ്ങളിലൂടെ നബിയെ താറടിക്കാൻ എഴുതിവെച്ച ഈ ജൂദാ സുകൾ ഖുർആനിലെ ഇത്തരം വചനങ്ങൾ ദുർവ്യാഖ്യാനം ചെയ്ത് അട്ടിമറിച്ചതിൽ അത്ഭുതമുണ്ടോ...? ഇനി നമുക്ക് അശ്ശഹറുൽ ഹറാം എന്താണെന്ന് നോക്കാം.

ശഹർ എന്നുപറഞ്ഞാൽ മുമ്പ് നാം സൂചിപ്പിച്ചതുപോലെ, മാസം എന്നുമാത്രമല്ല സാഹചര്യം, അവസ്ഥ, എന്നീ അർത്ഥങ്ങളും അതിനുണ്ട്. അശ്ശഹർ ഒരു പ്രത്യേക അവസ്ഥയാണ്. അശ്ശഹറുൽ ഹറാം എന്നുപറഞ്ഞാൽ ഉന്നതമായ - ദൈവീകമായ ചില നിരോധനങ്ങൾ ഉൾക്കൊള്ളുന്ന-വിലക്കു കൾ ഉൾക്കൊള്ളുന്ന നിയമങ്ങളുടെ (ഖുർആൻ ന്റെ )സാന്നിദ്ധ്യം കൊണ്ട് പവിത്രമായ ഒരു സ്ഥലമോ, കാലമോ, സാഹചര്യമോ ആണ്. അത് ജാതിമതഭേദമന്യേ ശാന്തിയും, സന്തോഷവും പ്രദാനം ചെയ്യുന്ന -ഇസ്‌ലാം എന്ന പ്രത്യയശാസ്ത്രം നിലനിൽക്കുന്ന -ഭരണമോ സാഹചര്യമോ ആണ്. അത് ഇസ്‌ലാം തന്നെയാണ്. ഇതിന്റെ വിപരീതമായ ഒരു ആശയമാണ് ശഹറുറംസാൻ. അറിവില്ലായ്മ കൊണ്ടും, അന്ധവിശ്വാസങ്ങൾ കൊണ്ടും അനാചാരങ്ങൾ കൊണ്ടും അക്രമങ്ങൾ കൊണ്ടും, അനീതികൾ കൊണ്ടും മനുഷ്യവകാശ ലംഘനങ്ങൾകൊണ്ടും, 'പൊറുതി മുട്ടിയ' ഒരു കാലഘട്ടം അല്ലെങ്കിൽ സാഹചര്യം . ഉദാഹരണം : ഖുർആൻ അവതരണത്തിന് കാരണമായ ജാഹിലിയ്യ കാലഘട്ടം (Dark Age, AD 450-AD 570). കൃത്യമായി പറഞ്ഞാൽ തനിക്ക് അല്ലാഹുവിൽ നിന്ന് അവതരിച്ചുകിട്ടിയ ഖുർ ആൻ എന്ന ദിവ്യഗ്രന്ഥത്തിലെ നിയമങ്ങൾ കണിശമായും നടപ്പിലാക്കിക്കൊണ്ട് മുഹമ്മദ് നബി തിരു മേനി അറേബ്യയിലെ അന്ധകാരം ഇല്ലാതാക്കി. ഇരുട്ടിൽ നിന്നും വെളിച്ചത്തിലേക്ക് - അറിവില്ലായ്മ യിൽ നിന്ന് അറിവിലേക്ക് - അധർമ്മത്തിൽ നിന്ന് ധർമ്മത്തിലേക്ക് - അസത്യത്തിൽ നിന്ന് സത്യത്തി ലേക്ക് - അശാന്തിയിൽ നിന്നും ശാന്തിയിലേക്ക് ഇതായിരുന്നു. നബിയുടെ മുദ്രാവാക്യം. വിശുദ്ധഖുർ ആനിലെ വ്യക്തമായ വിലക്കുകൾ (മസ്ജിദുൽ ഹറാം) കണിശമായും അറേബ്യയിൽ നടപ്പിലാക്കി ക്കൊണ്ടായിരുന്നു നബി തന്റെ ജൈത്രയാത്ര ആരംഭിച്ചത്. കേവലം 23 വർഷം കൊണ്ട് 'ശഹറു റംസാനി'ലായിരുന്ന അറേബ്യയെ 'അശ്ശഹറുൽ ഹറാം' എന്ന ശാന്തിതീരമാക്കി - സമാധാനത്തിന്റെ താഴ്‌വരയാക്കി, നബിയും കൂട്ടുകാരും മാറ്റിമറിച്ചു. സമാധാനത്തിന്റെ ഖുർആൻ ഉപയോഗിച്ചുകൊ ണ്ടാണ് സമാധാനത്തിന്റേതായ ഒരന്തരീക്ഷം നബിതിരുമേനി മക്കയിൽ നടപ്പിലാക്കിയത്.

അശ്ശഹറുൽ ഹറാമു - ബിശ്ശഹറിൽ ഹറാമി - വൽഹുറുമാത്തുഖിസാസുൻ - ഫമനിഅ്തദാ അലൈകും - ഫഅ്തദൂഅലൈഹി - ബിമിസ്‌ലി - മാഅ്തദാ അലൈക്കും - വത്തഖുല്ലാഹ - വഅ്ലമു - അന്നല്ലാഹ - മഅൽമുത്തഖീൻ (2:194). 'എല്ലാ ദൈവീകമായ നിരോധനങ്ങളും (എല്ലാ വിലക്കുക ളും-അത് ജീവിതത്തിൽ മുറുകെപ്പിടിച്ചാൽ ലഭിക്കുവാൻ സാധ്യതയുള്ള ഗുണങ്ങളും മേന്മകളും എല്ലാം വിശദമായി കഥാകഥനങ്ങളിലൂടെ - ഉദാഹരണസഹിതം) ഈ വേദഗ്രന്ഥത്തിലൂടെ നിങ്ങൾക്ക് വിവരി ച്ചുതന്നിട്ടുണ്ട് എന്നിരിക്കെ) (വൽഹുറുമാത്തുഖിസാസുൻ) ശാന്തവും പവിത്രവുമായ ഒരു സാഹച ര്യത്തെ (ഇസ്‌ലാമിനെ) നിങ്ങൾ കൊണ്ടുവരേണ്ടത്, ശാന്തവും പവിത്രവുമായ മാർഗ്ഗത്തിൽകൂടിയായി രിക്കണം (ലക്ഷ്യം പോലെത്തന്നെ മാർഗ്ഗവും ശുദ്ധമായിരിക്കണം. ചില യുക്തിവാദികളും, നിരീശ്വര- പിന്തിരിപ്പൻ പ്രസ്ഥാനക്കാരും പറയുന്നതുപോലെ ലക്ഷ്യം മാർഗ്ഗത്തെ ന്യായീകരിക്കുന്നില്ല.) എന്നാൽ

ആരെങ്കിലും നിങ്ങൾക്കെതിരിൽ അതിക്രമം കാണിച്ചാൽ അവൻ നിങ്ങളുടെ നേരെ കാണിച്ച അക്രമ ത്തിന് തുല്യമായ 'അതിക്രമം' കാണിക്കാവുന്നതാണ്. (എന്നാൽ തിന്മയെ നന്മകൊണ്ട് തടുക്കുന്ന താണ് ഏറ്റവും ഉത്തമം. കാരണം അങ്ങനെ ചെയ്താൽ നിന്റെ ബദ്ധ ശത്രുവും നിന്റെ ഉറ്റ മിത്രമായി മാറും എന്നും ഖുർആൻ ഉണർത്തുന്നു– 41:34, 23:96). നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. (അഥവാ അല്ലാഹുവിന്റെ നിയമങ്ങൾ ലംഘിച്ചാലുണ്ടാകുന്ന ഭവിഷ്യത്തുകളെ സൂക്ഷിക്കുക). അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരോടൊപ്പമാണ് (എന്ന സത്യം) നിങ്ങൾ അറിഞ്ഞിരിക്കുകയും ചെയ്യുക'.

നോക്കൂ.ശഹർ, അശ്ശഹറുൽ ഹറാം, ശഹറുറംസാൻ, അസ്സിയാം എന്നിങ്ങനെയുള്ള ഖുർആ നിക പദങ്ങൾക്ക് തികച്ചും വിപരീതമായ അർത്ഥവും ആശയവും നൽകി വിശുദ്ധ ഖുർആൻ എന്ന വിപ്ലവ ഗ്രന്ഥത്തെ തികച്ചും അവഗണിക്കുകയും അപ്രസക്തമാക്കുകയും ഇസ്‌ലാം എന്ന ദൈവീക പ്രത്യയശാസ്ത്രത്തെയും മുഹമ്മദ്നബിയെയും ഒരു വഷളൻ മതമായി മാറ്റിമറിക്കുകയുമാണ് അമവി അറബികൾ (ഖുറൈഷി അറബികൾ) ചെയ്തത്. പാക്കിസ്ഥാനിലെയും, തുർക്കിയിലെയും, അറേബ്യയിലേയും, ഇന്ത്യയിലേയും, ഈജിപ്തിലേയും, യൂറോപ്പിലേയും ചില നിഷ്ക്കളങ്കരായ മുസ്‌ലിം പണ്ഡിതൻമാർ ആത്മാർത്ഥമായി അറബി ഭാഷ പഠിക്കുകയും ഇസ്‌ലാമിന്റെയും, ഖുർആനിന്റേയും, നബിയുടേയും ചരിത്രത്തെ വളരെ ഗൗരവമായും സത്യസന്ധമായും സമീപിക്കുകയും ചെയ്തതു കൊണ്ടാണ് മഹത്തായ ഈ ഖുർആനിക സത്യങ്ങൾ ഇപ്പോഴെങ്കിലും നമ്മുടെ ശ്രദ്ധയിൽപ്പെട്ടത്. ആയ തിന് നമുക്ക് അല്ലാഹുവിനെ സ്തുതിക്കാം. അവനോട് നന്ദി പറയാം.

ഇവ്വിധം വിശുദ്ധഖുർആനിലെ 90% സൂക്തങ്ങളും ഹദീസുകൾകൊണ്ട് അർത്ഥം മാറ്റി, വികൃതമാക്കി, മാറ്റിമറിച്ചാണ് സൗദി അറേബ്യയിലെ മക്കയിലും, മദീനയിലുമായി അവതരിച്ച ഖുർആൻ, അമവി അറബികൾ സിറിയയിൽ നിന്നും, ഇറാഖിൽ നിന്നും പുറത്തേക്കുവിട്ടത്. അതുകൊണ്ട് വിശുദ്ധ ഖുർആനിലെ ഇത്തരം ദുർവ്യാഖ്യാനങ്ങളും അർത്ഥവ്യതിയാനങ്ങളും അതിനുള്ള കാരണങ്ങളും കണ്ടു പിടിച്ചു മുസ്‌ലിം സഹോദരൻമാരുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ് ആത്മാർത്ഥതയുള്ള സുന്നി-മുജാ ഹിദ്-ജമാഅത്ത് മൗലവിമാർ മേലിൽ ചെയ്യേണ്ടത്...!!

റംസാൻ നോമ്പുമായും ശഹറുമായും ബന്ധപ്പെട്ട് ഒന്നു രണ്ട് സംശയങ്ങൾ എന്റെ ചില സുഹൃത്തുക്കൾ ചോദിച്ചപ്പോൾ അവർക്കുവേണ്ടി തയ്യാറാക്കിയ ഈ ഭാഗവും കൂടി നോമ്പിന്റെ യാഥാർത്ഥ്യം എന്ന ഈ ഗ്രന്ഥത്തിൽ ഉൾക്കൊള്ളിക്കുന്നത് സന്ദർഭോചിതമാവുമെന്ന് തോന്നി. അതു കൊണ്ടാണ് ശഹറിനെക്കുറിച്ച ഈ ഭാഗം ഇത്ര ദീർഘിച്ചുപോയത്. മാന്യവായനക്കാർക്ക് ഇത് ഉപക രിക്കും എന്നുകരുതുന്നു.

**വീണ്ടും നമുക്ക് ഖുർആൻ സൂക്തങ്ങളെ ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് അബൂഹുറൈറകളു ണ്ടാക്കിയ സുന്നി തഫ്സീറിലെ മറ്റു ചില മഹാ അക്രമങ്ങൾ കൂടി കാണാം.**

## അയ്യാമൻ-മഅ്ദൂദാത്ത്

'അയ്യാമൻ-മഅ്ദൂദാത്തിൻ' എന്നതിന് എണ്ണപ്പെട്ട ഏതാനും ദിവസങ്ങളിൽ എന്നാണ് സുന്നി പരിഭാഷകളിൽ വരെയുള്ളത്. അതായത് അൽസിയാം പകൽപട്ടിണിയാണെങ്കിൽ തന്നെ അത് ഏതാനും ദിവസങ്ങളിൽ മതിയെന്നാണ് സുന്നികൾ പോലും എഴുതിവച്ചിട്ടുള്ളത്. എന്നാൽ മുസ്‌ലിംകളുടെ സമ്പ ത്തും, സമയവും, ആരോഗ്യവും - അവർ പതിനൊന്ന് മാസം സംഭരിച്ചുണ്ടാക്കിയതെല്ലാം - ഒരൊറ്റ മാസം കൊണ്ടുതന്നെ കുറച്ചൊക്കെ തകർക്കണം എന്ന ലക്ഷ്യത്തോടെയാണ് ഇസ്‌ലാമിൽ കടന്നുകൂ ടിയ കപട പുരോഹിതൻമാർ (അമവി അബ്ബാസി രാജാക്കന്മാരുടെ കീഴിൽ) അത് ഒരു മാസത്തേക്ക് നിർബന്ധമാക്കി നിയമമാക്കിയത്. അതിനുവേണ്ടി ധാരാളം കള്ളഹദീസുകൾ അവർ രചിക്കുകയും നബിയുടെ പേരിൽ പ്രചരിപ്പിക്കുകയും ചെയ്തു. ആരാധനാഭ്രാന്തന്മാരായ സുന്നീ മുസ്‌ലിംകൾ അതിൽ വീഴുകയും ചെയ്തു.

യഥാർത്ഥത്തിൽ തയ്യാറെടുപ്പിന്റെ നാളുകൾ (The day of preperations) ആണ് അവ. ഖുർആനിലെ (2:24) (3:131) (4:102)....(76:31) എന്നീ വചനങ്ങൾ ശ്രദ്ധിക്കുക. ഖുർആൻ പഠിപ്പിക്കുന്ന അൽസിയാം എന്ന സമഗ്രദാരിദ്ര്യനിർമ്മാർജ്ജനപദ്ധതിയെ കേവലം ഒരുഅനാചാരമായി ചിത്രീകരിക്കാൻ വേണ്ടിയാണ് ഇവിടെ എണ്ണപ്പെട്ട ദിനങ്ങൾ എന്ന് സുന്നി-ശിയാ പുരോഹിതൻമാർ അർത്ഥം മാറ്റിയത്.

സാധാരണഗതിയിൽ ഒരു മനുഷ്യൻ രണ്ട് അവസ്ഥകളിലാണ് ജീവിക്കുന്നത്. യുദ്ധത്തിലും, സമാ ധാനത്തിലും. (ഹജ്ജും, ഉംറയും - യാഥാർത്ഥ്യമെന്ത് എന്ന അദ്ധ്യായം കാണുക). യുദ്ധം എന്നാൽ രാജ്യങ്ങൾ തമ്മിലുള്ള യുദ്ധങ്ങൾ മാത്രമല്ല. മാനസികമായ-വ്യക്തിപരമായ എല്ലാ സംഘർഷങ്ങളും

ബുദ്ധിമുട്ടുകളും അതിൽ വരും. ഇതെല്ലാം മുന്നിൽ കണ്ടുകൊണ്ട് നാം ഒരുങ്ങിയിരുന്നാൽ യുദ്ധകാലത്തുള്ള കെടുതികളുടെ തീവ്രത നമുക്ക് കുറക്കാനും ഇല്ലാതാക്കാനും കഴിയും. സമാധാനവസ്ഥയിൽ ഓരോ മനുഷ്യനും ചെയ്തിരിക്കേണ്ട ചില പ്രത്യേക തയ്യാറെടുപ്പുകളെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലാണ് അൽസിയാം. അതുപട്ടിണി കിടന്നല്ല. നല്ലരീതിയിൽ ആഹാരം കഴിച്ചും, നല്ല ഊർജ്ജസ്വലതയോടെയും പഠിക്കേണ്ട, ചെയ്യേണ്ട കാര്യങ്ങളാണ്. സമൂഹത്തിലെ തിന്മകൾ എന്തൊക്കെയാണ്?. സമൂഹത്തിലെ കൂരിരുട്ടുകൾ എന്തൊക്കെയാണ്.? അത് എങ്ങനെ വരുന്നു?... അതിനെ എങ്ങനെ ഇല്ലാതാക്കാൻ കഴിയും? സമൂഹത്തിൽ പട്ടിണി എങ്ങനെ വരുന്നു? പാവങ്ങൾ എങ്ങനെയുണ്ടാകുന്നു. അതിന്റെ അടിസ്ഥാനകാരണങ്ങൾ എന്ത്. അത് എങ്ങനെ പരിഹരിക്കാം...? കരിഞ്ചന്തയും പൂഴ്ത്തിവെപ്പും, തൊഴിലില്ലായ്മയും, ഭക്ഷ്യക്ഷാമവുമൊക്കെ എങ്ങനെവരുന്നു ? ഭക്ഷണം-വസ്ത്രം-പാർപ്പിടം എന്നിവയുടെ അഭാവം - ഭൗതികവിഭവങ്ങളിലുള്ള അപര്യാപ്തതയും അഭാവവും - മനുഷ്യനെ സാംസ്കാരിക ദാരിദ്രത്തിലേക്ക് നയിക്കുന്നുണ്ടോ. ഇത് അക്രമങ്ങൾക്കും അനീതികൾക്കും കാരണമാകുന്നുണ്ടോ? സാഹചര്യമാണോ മനുഷ്യനെ കുറ്റവാളിയാക്കുന്നത്. അതല്ല മനുഷ്യൻ കുറ്റവാളിയായി ജനിക്കുന്നുണ്ടോ ? വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം എന്ത് ? എന്താണ് വിദ്യ ? ആരാണ് അല്ലാഹു...? എന്താണ് പ്രകൃതി...? ആരാണ് മനുഷ്യൻ ...?അല്ലാഹുവും പ്രകൃതിയും തമ്മിൽ ബന്ധമുണ്ടോ...? പ്രകൃതിസംരക്ഷണം ആവശ്യമോ...? തീവ്രവാദം എന്നാൽ എന്ത്? മതഭീകരതയുടെ ഭവിഷ്യത്തുക്കൾ എന്തെല്ലാം? തീവ്രവാദം സ്വൈരജീവിതത്തെ എങ്ങിനെ ബാധിക്കുന്നു? എന്നിങ്ങനെ നൂറുക്കണക്കിന് വിഷയങ്ങളിൽ ശിൽപശാലകൾ (Workshop) നടത്താനുള്ള-ചർച്ചകളും, സെമിനാറുകളും നടത്താനുള്ള വകുപ്പുകൾ ഖുർആനിലുണ്ട്.

പ്രകൃതിയും പ്രകൃതിവിഭവങ്ങളും അവയുമായി ബന്ധപ്പെട്ട വിജ്ഞാനങ്ങളുമാണ് ഖുർആന്റെ അടിസ്ഥാനത്തിൽ ഇൽമ് (പ്രകൃതിജ്ഞാനം-Science). ആ വിജ്ഞാനം ഉപയോഗിച്ച് ഈ പ്രപഞ്ചം മുഴുവൻ കീഴടക്കാനും മാനവരാശിയുടെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കാനും അങ്ങനെ ഭൂമിയെ ഒരു സ്വർഗ്ഗമാക്കാനുമാണ് ഖുർആനും മുഹമ്മദ്നബിയും പഠിപ്പിക്കുന്നത്. മനുഷ്യർക്കുപകാരമുള്ള - അവന്റെ ഭൗതികവും ചിന്താപരവുമായ ദാരിദ്ര്യം ഇല്ലാതാക്കാൻ-എന്തെങ്കിലും സംഭാവന ചെയ്യുന്നവനാണ് ഖുർആന്റെ വീക്ഷണത്തിൽ ഏറ്റവും വലിയ പണ്ഡിതൻ (ആലിം). അല്ലാതെ താടിരോമം വളർത്തി, മീശവടിച്ചു ഖുർആനിലെവിടെയുമില്ലാത്ത - പ്രകൃതിയിൽ ഒരു ജീവജാലങ്ങളിലും കാണാത്ത - ഖുർആൻ വിരുദ്ധമായ അഞ്ചുനേര പ്രകടന നമസ്കാരങ്ങൾ, റംസാനിലെ ഒരു മാസത്തെ പകൽപട്ടിണി, ചേലാകർമ്മം, നബി തിരുമേനി കേട്ടിട്ടുപോലുമില്ലാത്ത ബാങ്കുവിളി, കല്ലെറിഞ്ഞും, കല്ല് ചുംബിച്ചും-ശിർക്ക് ചെയ്തുകൊണ്ടുള്ള ഹജ്ജ്, കുളി നിർബന്ധമാകുന്ന കാര്യങ്ങൾ എന്തെല്ലാം, 'മയ്യിത്തി'നെ എങ്ങനെ കൈകാര്യം ചെയ്യണം, ശവത്തെ കുളിപ്പിക്കേണ്ട വെള്ളം എങ്ങനെയായിരിക്കണം, സുന്നത്തുനോമ്പുകൾ, സുന്നത്ത് ഹജ്ജ്, സുന്നത്ത് നമസ്കാരങ്ങൾ എന്നിവയുടെ ശർത്തും ഫർളുമൊക്കെ പഠിച്ചു, ലോകത്ത് ഒരു പുഴുവിന് പോലും ഒരുപകാരവുമില്ലാത്ത ഇത്തരം വിജ്ഞാനീയങ്ങളുടെ മാറാപ്പും പേറി നടക്കുന്നവനല്ല ആലിം. ലക്ഷക്കണക്കിന് പണ്ഡിതൻമാർ പഠിപ്പിച്ചു വരുന്ന സുന്നി-ശിയാ വിഭാഗങ്ങളിലെ എല്ലാ ഹദീസ് വിജ്ഞാനീയങ്ങളും ത്രാസിന്റെ ഒരു തട്ടിൽ വെക്കുകയും, വിശ്വാസിയായ ഒരു സാധാരണ മനുഷ്യൻ കൃഷി ചെയ്തുണ്ടാക്കിയ വാഴക്കുലയുടെ ഒരു തോട് ത്രാസിന്റെ മറ്റെ തട്ടിലും വെച്ചാൽ വിശ്വാസിയുടെ ആ പഴത്തോടിനായിരിക്കും അല്ലാഹുവിന്റെ മുമ്പിൽ കൂടുതൽ മൂല്യം. ആ പഴത്തോട് തിന്നാൽ ഒരു പശുവിന്റെ വിശപ്പെങ്കിലും മാറും. എന്നാൽ സുന്നത്ത് ജമാഅത്തുകാരുടെ ഈ ഖുർആൻ വിരുദ്ധമായ വിജ്ഞാനീയങ്ങൾ ജീവിതകാലം മുഴുവൻ കേട്ടിരുന്നാലും, അത് ലോകത്ത് ഒരു മാറ്റവും, ഒരു ജീവിയിലും വരുത്തില്ല. വിശുദ്ധഖുർആൻ മതപരമായ എല്ലാ ചടങ്ങുപ്രാർത്ഥനകളെയും അനുഷ്ഠാനങ്ങളെയും നിരോധിച്ചതും അതുകൊണ്ടുതന്നെയാണ്. ഖുർആൻ വിരുദ്ധമായ എല്ലാ ചടങ്ങുകളെയും, ചടങ്ങു പ്രാർത്ഥനകളെയും, പ്രതീകങ്ങളെയും 'അൽബഖറ' (ഒരു വിശുദ്ധ പശു) എന്നു ഖുർആൻ പേരിടാനും, അതൊക്കെ നിങ്ങൾ നിങ്ങളുടെ മനസ്സിൽ നിന്നും പിഴുതെറിയണമെന്ന് ഖുർആൻ കൽപ്പിക്കാനും (2:1) കാരണമതാണ്!!) അപ്പോൾ എണ്ണപ്പെട്ട ദിനങ്ങൾ എന്ന് പരിഭാഷപ്പെടുത്തുകയും എന്നിട്ടത് ഒരുമാസമാണെന്ന് വീണ്ടും മാറ്റിപ്പറയുകയും ചെയ്തത് സുന്നത്ത് ജമാഅത്തുകാരുടെ സ്ഥിരം വഞ്ചനയും ഖുർആൻ ധിക്കാരവുമായി നമുക്ക് കണക്കാക്കാം. സുന്നിപരിഭാഷകളിലെ അടുത്ത തെറ്റുകൾ ശ്രദ്ധിക്കുക.

**ഫമൻ കാനമിൻകും-മരീളൻ-ഔഅലാസഫരിൻ-ഫഇദ്ദത്തുമിൻഅയ്യാമൻ ഉഖ്ർ.**

**നിങ്ങളിലാരെങ്കിലും രോഗിയാവുകയോ യാത്രയിലാവുകയോ ചെയ്താൽ മറ്റു ദിവസങ്ങളിൽ**

**നിന്ന് അത്രയും എണ്ണം (നോമ്പ് എടുക്കേണ്ടതാണ്; അതായത് മറ്റു ദിവസങ്ങളിൽ അത്രയും ദിവസം പട്ടിണി കിടക്കേണ്ടതാണ്).**

അൽ സിയാം അബൂബഹുറൈറ പഠിപ്പിച്ചതുപോലെ പട്ടിണിനോമ്പാണെങ്കിൽ തന്നെ അത് രോഗിക്കും യാത്രക്കാരനും ബാധകമല്ല എന്നാണ് സുന്നികളുടെ പോലും തഫ്സീറിൽ, അവർ തന്നെ എഴുതിവെച്ചിട്ടുള്ളത്. അതിൽ നിന്ന് യാത്രയെക്കാൾ ബുദ്ധിമുട്ടുള്ള ഏത് ജോലിക്കും നോമ്പ് ഒഴിവാക്കാം എന്ന് ഒരു സാമാന്യ ബുദ്ധിയുള്ളവന് മനസ്സിലാകും. എന്നാൽ ചുമട്ടുതൊഴിലാളികളായാലും ഭാരം വഹിക്കുന്നവരായാലും കെട്ടിടനിർമ്മാണത്തൊഴിലാളിയായാലും, എന്തുകടുത്ത ജോലിയായാലും നോമ്പനുഷ്ടിക്കണമെന്നും, 'നോമ്പില്ലാത്തവൻ, നോമ്പുകാരനെപ്പോലെ അഭിനയിക്കണമെന്നും', അത് ഇസ്‌ലാമിന്റെ നാലാമത്തെ നെടുന്തൂണാണെന്നുമൊക്കെയാണ് അബൂഹുറൈറകൾ വിളമ്പുന്നത്. ഖുർആൻ പഠിപ്പിക്കുന്ന രോഗവും യാത്രമയുമൊന്നും, കേവലം ശാരീരികമായ യാത്രകളും രോഗവുമല്ലെന്നും, മാനസികവും, പ്രത്യയശാസ്ത്രപരവുമായ രോഗത്തെക്കുറിച്ചും, യാത്രയെക്കുറിച്ചുമാണ് 95% സന്ദർഭങ്ങളിലും ഖുർആൻ പരാമർശിക്കുന്നത് എന്നും നാം മുമ്പ് വേണ്ടത്ര വ്യക്തമാക്കിയിട്ടുണ്ട്. (വുളുവിന്റെ സത്യം എന്ന ഗ്രന്ഥം പരിശോധിക്കുക). ചുരുക്കത്തിൽ കപടന്മാരുടെ ഒരു മതമാണ് അഹ്‌ലുസ്സുന്ന എന്ന് അവരുടെ ഓരോ അനാചാരങ്ങളും അനുഷ്ഠാനങ്ങളും ആഴത്തിൽ പഠിച്ചാൽ നമുക്ക് മനസ്സിലാകും. വാക്കു പാലിക്കുന്നവനും സത്യം മാത്രം പറയുക എന്നത് ജീവിതത്തിൽ വ്രതം ആക്കിയവനും ഖുർആൻ വിരുദ്ധമായ ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും തീരെ താൽപ്പര്യമില്ലാത്തവനുമാണ് മുത്തഖി എന്നും ഖുർആനും മുഹമ്മദ് നബിയും പഠിപ്പിക്കുമ്പോൾ, വാക്കു മാറുന്നവനും, അത്യാവശ്യം നുണ പറയുന്നവനും, താടിരോമം വളർത്തി മീശ വടിച്ച് ഖുറാൻ വിരുദ്ധമായ ചടങ്ങുകളും, ചടങ്ങു പ്രാർത്ഥനകളും വളരെ കർശനമായി നടപ്പിലാക്കുന്ന ഖുറൈഷി അറബികളും അവരുടെ ആശ്രിതന്മാരും, അവരുടെ പണ്ഢിതൻമാരും മാത്രമാണ് മുത്തഖി എന്ന് ഹദീസിലൂടെ ഇവർ നിരന്തരം പഠിപ്പിക്കുന്നതിന്റെ പൊരുൾ ഇപ്പോഴെങ്കിലും മാന്യവായനക്കാർക്ക് ബോധ്യപ്പെട്ടിട്ടുണ്ടാകും എന്നു കരുതുന്നു. ഇനി നമുക്ക് സുന്നി-ശിയാ പുരോഹിതൻമാർ (അമവി - അബ്ബാസി രാജാക്കൻമാരുടെ കീഴിൽ) പട്ടിണി നോമ്പുണ്ടാക്കാൻ ഖുർആൻ പരിഭാഷയിൽ നടത്തിയ ഏറ്റവും വലിയ ഒരു അട്ടിമറിയും ഖുർആൻ ധിക്കാരവുമായ ഒരു ശിർക്കിനെപ്പറ്റി പഠിക്കാം.

## അസ്സിയാമിന്റെ ലക്ഷ്യം പട്ടിണി മാറ്റലാണെന്ന് വിശുദ്ധ ഖുർആൻ...! അല്ലെന്ന് അബൂഹുറയ്റ..!!

നോമ്പിന്റെ വിഷയത്തിൽ മതഭ്രാന്തന്മാരായ സുന്നത്ത് ജമാഅത്തുകാർ സുന്നികളുടെ തന്നെ തഫ്സീർ പോലും അട്ടിമറിക്കുന്ന ഒരുത്ഭുത കാഴ്ചയാണ് നാം കാണാൻ പോകുന്നത്. അത്ശ്രദ്ധിക്കുക.

### ജൂത – ക്രിസ്ത്യൻപുരോഹിതൻമാരെ കടത്തിവെട്ടിയ ഒരു ഖുർആൻ ദുർവ്യാഖ്യാനം!. ഖുർആൻ 'അതെ' എന്നുപറഞ്ഞാൽ 'അല്ല' എന്നാണത്രെ അർത്ഥം. Yes എന്നു പറഞ്ഞാൽ No എന്നാണത്രെ അർത്ഥം!

ജൂത-കൃസ്ത്യൻ പുരോഹിതന്മാർ അവരുടെ വേദങ്ങൾ പൂർണ്ണമായും അട്ടിമറിച്ചു എന്ന് വിശ്വസിക്കുകയും അത് പ്രചരിപ്പിക്കുകയും, അതോർത്ത് 'വിലപിക്കുകയും' ചെയ്യുന്നവരാണ് സുന്നീ-മുജാഹിദ് - ശിയാ പണ്ഡിതന്മാർ. എന്നാൽ അതേ അറേബ്യൻ സുന്നീ പുരോഹിതന്മാർ ചെയ്ത ഒര ക്രമം ഇതാ കണ്ടോളൂ!!

**വ-അലല്ലദീന യുത്വീഖൂനഹൂ ഫിദ്‌യത്തുൻ-ത്വആമു മിസ്കീൻ**-നോമ്പനുഷ്ഠിക്കാൻ കഴിയുന്നവരൊക്കെ ഒരു പാവപ്പെട്ടവനുള്ള ഭക്ഷണം നൽകൽ അവന്റെ ബാദ്ധ്യതയായി ഏറ്റെടുക്കേണ്ടതാകുന്നു.

അൽസിയാം ഒരു മാസത്തെ പകൽപട്ടിണിയാണെന്ന് സങ്കൽപിച്ചാൽ തന്നെ ആ ഒരു മാസം പട്ടിണികിടക്കുന്നവർ ഒരഗതിക്ക് ജീവിക്കാനുള്ള വക-ഒരഗതിക്ക് വേണ്ട ആഹാരം-ഒരു ബാദ്ധ്യതയായി ഏറ്റെടുത്ത് നൽകേണ്ടതാണ് എന്ന് മാത്രമെ സുന്നിപരിഭാഷപ്രകാരവും നമുക്ക് മനസ്സിലാവുകയുള്ളൂ. അതായത്. അൽസിയാം ചെയ്യുന്നതോടൊപ്പം -ഒരു മാസം പട്ടിണി കിടക്കുന്നതോടൊപ്പം- ഓരോ നോമ്പനുഷ്ഠിക്കുന്നവനും ഒരഗതിക്കുള്ള ആഹാരം കൂടി നൽകൽ നിർബന്ധമാണെന്നേ സുന്നി തഫ്സീർകൊണ്ടുപോലും കിട്ടുകയുള്ളൂ. അതായത് സ്വയം പട്ടിണി കിടക്കുന്നതോടൊപ്പം ഒരഗതി

യുടെ പട്ടിണി മാറ്റുകയും വേണം, എന്നൊരാശയമേ അതിൽ നിന്നുകിട്ടൂ. അങ്ങനെ പോയാൽ ലോകം മുഴുവനുമുള്ള പട്ടിണിയും ദാരിദ്ര്യവും മുഹമ്മദിന്റെ അനുയായികളായ മുസ്ലിംകൾ മാറ്റിയെടുക്കും, അങ്ങനെ ലോകത്ത് നിന്ന് ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്തതിന്റെ ക്രെഡിറ്റ് മുഴുവനും 'മുഹമ്മദിന്റെ കുട്ടികൾക്കു' പോകും. ഇതൊക്കെയാലോചിച്ച് ബേജാറായപ്പോഴാണ് അബൂഹുറയ്റ പ്രഭൃതികൾ ആ ഖുർആൻ വചനം പാടെ റദ്ദ് ചെയ്യണം-അസാധുവാക്കണം എന്നുതീരുമാനിച്ചത്. യാതൊരു മനസ്സാക്ഷിക്കുത്തുമില്ലാതെ അവർ ഹദീസിലൂടെ അർത്ഥം മാറ്റുകയും ചെയ്തു. 'കഴിയുന്നവർ' (യുത്വീഖൂനഹൂ) എന്നുഖുർആൻ പറഞ്ഞതിന്റെ യഥാർത്ഥ അർത്ഥം കഴിയാത്തവർ (ലായുത്വീഖൂനഹൂ) എന്നാണെന്ന പച്ചനുണ അവർ ലോകത്താകമാനം സംഘടിതമായി ഹദീസ് ഗ്രന്ഥങ്ങളിലൂടെ പ്രചരിപ്പിച്ചു. ഇന്നും ഏതൊരു കണ്ണുപൊട്ടനുപോലും നോമ്പിന്റെ ആ ആയത്ത് - സുന്നി തഫ്സീർ-വായിച്ചാൽ മനസ്സിലാകുന്ന അമ്പരപ്പിക്കുന്ന യാഥാർത്ഥ്യങ്ങളാണ് ഇതെല്ലാം. നോമ്പ് നോൽക്കാൻ കഴിയാത്തവർ, (ഞെരുങ്ങിക്കൊണ്ട് മാത്രം) നോമ്പനുഷ്ടിക്കാൻ കഴിയുന്നവർ, എന്നിങ്ങനെ ബ്രാക്കറ്റിട്ടും ഇടാതെയും സുന്നി-ശിയാ പുരോഹിതൻമാർ ഖുർആൻ പരിഭാഷയിൽ കസർത്ത് കളിക്കുന്നത് നമുക്ക് കാണാം.

യഥാർത്ഥത്തിൽ 'ത്വആമു മിസ്കീൻ' എന്നു പറഞ്ഞാൽ ഒരഗതിക്കുള്ള ഒരു നേരത്തെ ആഹാരമല്ല. ഒരഗതിക്ക് ജീവിക്കാൻ വേണ്ടവക എന്നാണ് അതുകൊണ്ടുള്ള യഥാർത്ഥ ഉദ്ദേശം. അതിൽ അവന്റെ ഭക്ഷണവും, വസ്ത്രവും, വിദ്യാഭ്യാസവും, താമസസൗകര്യങ്ങളുമൊക്കെ വരും. അതിനെയാണ് സുന്നി പുരോഹിതൻമാർ വെട്ടിച്ചുരുക്കി ഒരു നേരത്തെ ആഹാരം എന്നു വ്യാഖ്യാനിച്ചത്. എന്നാൽ അതെങ്കിലും അവർ നടപ്പിലാക്കിയോ ? ആ മിനിമം പരിപാടിയെങ്കിലും നാം നടപ്പിലാക്കിയിരുന്നുവെങ്കിൽ ഇന്ന് ലോകത്ത് നിന്ന് പട്ടിണി നിഷ്പ്രയാസം മാറുമായിരുന്നു.

ലോകജനസംഖ്യയിൽ സുന്നികളും ശിയാക്കളുമായി 150 കോടിയോളം മുസ്ലിംകളുണ്ട്. ഇവരെല്ലാം ഒരുമാസം നോമ്പനുഷ്ഠിക്കണം, (പട്ടിണി കിടക്കണം) എന്നു നിർബന്ധമുള്ളവരുമാണ്. ആ നോമ്പിനോടൊപ്പം ഒരഗതിക്ക് ആഹാരം കൂടി കൊടുക്കണമെന്ന ഖുർആനിക നിയമം സുന്നി പുരോഹിതന്മാർ നമ്മുടെ സമുദായാംഗങ്ങളെ പഠിപ്പിച്ചിരുന്നുവെങ്കിൽ എന്താകുമായിന്നു സ്ഥിതി? ഒരു നേരത്തെ ആഹാരത്തിന് ചുരുങ്ങിയത് നൂറുരൂപ വേണം. അപ്പോൾ പതിനയ്യായിരം കോടിയും, ഇരുപതിനായിരം കോടിയുമൊക്കെ എല്ലാവർഷവും മുസ്ലിംകളായ നാം പാവപ്പെട്ടവന്റെ വിശപ്പടക്കാൻ നൽകാൻ ബാദ്ധ്യസ്ഥരാണ്. നാം അത് ചെയ്തിരുന്നുവെങ്കിൽ കേരളത്തിലെ-ബംഗാളിലെ-സോമാലിയയിലെ-എത്യോപ്യയിലെ പട്ടിണിയും ദാരിദ്ര്യവും പട്ടിണി മരണങ്ങളുമൊക്കെ എന്നോ അപ്രത്യക്ഷമാകുമായിരുന്നു...!! പക്ഷെ എന്തു ചെയ്യാം. ഖുർആനിൽ ഇല്ലാത്ത അനാചാരങ്ങളും അന്ധവിശ്വാസങ്ങളും സുന്നികളുടെ തലയിൽ കെട്ടിവെക്കുകയും ഖുർആൻ പഠിപ്പിക്കുന്ന മഹത്തായ കാര്യങ്ങൾ മറച്ചുവെക്കുകയും ചെയ്യുക. അങ്ങനെ 'മുഹമ്മദിന്റെ അനുയായികളെ' കുരങ്ങുകളിപ്പിക്കുകയും ബുദ്ധിമുട്ടിക്കുകയും ചെയ്യുക എന്നതായിരുന്നു ഖുറൈശി അറബികളുടെ ഹിഡ്ഡൻ അജണ്ട. അങ്ങനെ ആരാധനകളിലും അനുഷ്ഠാനങ്ങളിലും, 'മാലമൗലൂദുകളിലുമായി' തളച്ചിടപ്പെട്ട ഒരുവർഗ്ഗത്തെ ഭരിക്കാനും ചൂഷണം ചെയ്യാനും എളുപ്പവുമാണല്ലോ. അതിന് ഏറ്റവും നല്ല ഒരു ഉദാഹരണമാണ് അൽസിയാം എന്ന 'ദാരിദ്ര്യനിർമ്മാർജ്ജനത്തിന്റെ' വിഷയത്തിൽ ഖുറൈശി അറബികൾ കാട്ടിക്കൂട്ടിയ ഈ അട്ടിമറി. ചുരുക്കത്തിൽ പട്ടിണി മാറ്റണം അതിനായി നിങ്ങൾ സംഘടിച്ചു പ്രവർത്തിക്കണം എന്നു ഖുർആനും മുഹമ്മദ് നബിയും പഠിപ്പിച്ചപ്പോൾ പട്ടിണി മാറ്റേണ്ട പകരം 'നിങ്ങളെല്ലാവരും കൂട്ടംകൂട്ടമായി പട്ടിണികിടന്നോളൂ' എന്ന ഒരു തലതിരിഞ്ഞ ഭ്രാന്തൻ പ്രത്യയശാസ്ത്രവും ഖുർആൻ വിരുദ്ധചിന്തയുമാണ് അബൂഹുറയ്റകൾ സുന്നികളെ ഹദീസിലൂടെ പഠിപ്പിച്ചത്. ഈ സത്യം മനസ്സിലാക്കിയതുകൊണ്ടാണ് അൽസിയാം എന്നാൽ പട്ടിണി കിടക്കലല്ല, പട്ടിണി മാറ്റലാണ് എന്നൊക്കെ ആദ്യമെ തന്നെ ധൈര്യപൂർവ്വം പ്രഖ്യാപിക്കാൻ ഞങ്ങളെ പ്രേരിപ്പിച്ചത്. ആത്മാഭിമാനമുള്ളവർക്ക്-ആത്മാർത്ഥതയുള്ളവർക്ക് സ്വീകരിക്കാം.

**ഫമൻ-തതവ്വഅ-ഖൈറൻ ഫഹുവ-ഖൈറുൻ ലഹൂ-വഅൻതസൂമു-ഖൈറുൻലക്കും-ഇൻകുൻതും – തഅ്ലമൂൻ**: എന്നാൽ ആരെങ്കിലും സ്വയം സന്നദ്ധരായി കൂടുതൽ നന്മ ചെയ്താൽ അവനത് ഗുണകരമാകുന്നു. എന്നാൽ നിങ്ങൾ കാര്യം ഗ്രഹിക്കുന്നവരാണെങ്കിൽ നോമ്പനുഷ്ഠിക്കുന്നതാകുന്നു (പട്ടിണി കിടക്കുന്നതാകുന്നു) നിങ്ങൾക്ക് കൂടുതൽ ഉത്തമം..! (സുന്നീ പരിഭാഷ).

ഒരു പാവപ്പെട്ടവന് ഭക്ഷണം കൊടുക്കുന്നതും സ്വയം സന്നദ്ധരായി ഒരാൾ കൂടുതൽ ദാനം ചെയ്യുന്നതുമെല്ലാം നല്ലതാണെന്നും എന്നാൽ പരോപകാരമുള്ള അത്തരം സൽപ്രവൃത്തിയെക്കാൾ

നല്ലത് ഒരുമാസം മുഴുവൻ സ്വയം പട്ടിണികിടക്കൽ തന്നെയാണെന്നുമുള്ള ഒരു തലതിരിഞ്ഞ സന്ദേശം - ഖുർആൻ വിരുദ്ധ ഹദീസ് സന്ദേശം വീണ്ടും അരക്കിട്ടുറപ്പിക്കലുമാണ് ഈ സുന്നിവ്യാഖ്യാനത്തിന്റെ ലക്ഷ്യം. പ്രസ്തുത ഖുർആൻ വചനത്തിൽ രണ്ട് ഗുരുതരമായ അട്ടിമറികളാണ് അമവികൾ നടത്തിയത്. അത് നാം മുമ്പ് വിശദമാക്കിയിട്ടുണ്ട്. ആരെങ്കിലും ദൈവികനിയമങ്ങളെ അനുസരിച്ചാൽ (ദൈവിക നിയമങ്ങളെ ഇത്വാഅത്ത് ചെയ്താൽ-ഖുർആനിക നിയമങ്ങൾ അനുസരിച്ചാൽ) അതിന്റെ ഗുണം അവന് തന്നെയാണെന്നും എല്ലാ ധനാഢ്യരായ വിശ്വാസികളും ഒന്നിച്ചുനിന്ന് സമഗ്രദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയോട് സഹകരിച്ചാൽ അതാണ് ഏറ്റവും ഉത്തമമെന്നും വ്യക്തമാക്കുകയാണ് ഖുർആൻ യഥാർത്ഥത്തിൽ ഇവിടെ ചെയ്തത്. അതായത് ഒരു സമ്പന്നൻ തന്റെ സ്വത്തിൽ നിന്ന് ഒരു പാവപ്പെട്ടവന് ജീവിക്കാനുള്ള ധനം ഒറ്റക്ക് നൽകുന്നതും (ഒരു മത്സ്യം നൽകുന്നതും) കുറെ സമ്പന്നർ ചേർന്നു ഒരു പാവപ്പെട്ടവന് വള്ളവും വലയും വാങ്ങിക്കൊടുത്ത് ജീവിതമാർഗ്ഗം ഉണ്ടാക്കിക്കൊടുക്കുന്നതും തമ്മിൽ വളരെ അന്തരമുണ്ട്. ഇത് വിശദമായി നേരത്തെ വിവരിച്ചിട്ടുണ്ട്.

വിശ്വാസിയായൊരു സമ്പന്നൻ ഒരു പാവപ്പെട്ടവനെ ഒറ്റക്ക് സംരക്ഷിക്കുന്നതും കുറെ സാമൂഹ്യ പ്രവർത്തകരും സമ്പന്നരും ചേർന്ന് പാവപ്പെട്ടവന് ഒരു ജീവിതമാർഗ്ഗം ഉണ്ടാക്കിക്കൊടുക്കുന്നതും (അസ്സിയാം) തമ്മിൽ വളരെ അന്തരമുണ്ട്. മനുഷ്യപ്രകൃതിയിൽ അല്ലാഹു ഒളിപ്പിച്ചുവെച്ചിട്ടുള്ള ഇത്തരം സഹജീവി സ്നേഹങ്ങളും കടമകളും ഒന്നുതൊട്ടുണർത്തുകയും, ഓർമ്മപ്പെടുത്തുകയുമാണ് ഖുർആൻ ചെയ്യുന്നത്. അതുകൊണ്ടാണ് ഖുർആൻ - ഇസ്‌ലാം - പ്രകൃതി മതമാണെന്ന് അല്ലാഹു ഇടയ്ക്കിടക്ക് നമ്മെ ഓർമ്മപ്പെടുത്തുന്നത്. അറിഞ്ഞോ അറിയാതെയോ ഇസ്‌ലാമിന്റെ ഖലീഫയും കാരുണ്യപ്രവർത്തകരും സർക്കാറും ചെയ്യുന്ന ഇത്തരം പ്രവൃത്തികൾക്ക് നാം മേലിലെങ്കിലും ഖുർആനിക വചനങ്ങളുടെ പിൻബലമുണ്ടെന്ന്-അല്ല പരോപകാരമുള്ള ആ സൽപ്രവൃത്തികൾക്കു മാത്രമേ ഖുർആനിൽ അടിസ്ഥാനമുള്ളു എന്ന കാര്യം-നമ്മുടെ സഹോദരങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുക. അപ്പോൾ അനാവശ്യമായി അതിനോട് ചേർത്തുവെച്ച അനാചാരങ്ങൾ അവർ തന്നെ സ്വയം പിൻവലിച്ചുകൊള്ളും. (മുൻ സർക്കാരിന്റെ 2 രൂപയ്ക്ക് ഒരു കിലോ അരി, ഇന്ദിരാഗാന്ധിയുടെ, മുൻസർക്കാരിന്റെ 'ഗരീബി ഹഢാവോ' മുസ്‌ലിംലീഗിന്റെ 'ബൈത്തുൽ റഹ്മ പദ്ധതി', മോദി സർക്കാരിന്റെ 'സ്വച്ഛ് ഭാരത്' (Clean India mission), മമ്മുട്ടിയുടെ 'മൈ ട്രീ ചാലഞ്ച്' (My Tree challenge) എന്നിവ അസ്സിയാമിന് നല്ല ഉദാഹരണങ്ങളാണ്.)

## നാം എന്തുചെയ്യണം?

സുന്നി - ശിയാ മുസ്‌ലിംകളുടെ രക്തത്തിൽ അലിഞ്ഞുചേർന്നുപോയ അഞ്ച്നേരനമസ്കാരം, നോമ്പ്, ഹജ്ജ്, ബാങ്ക്, ചേലാകർമ്മം എന്നിങ്ങനെയുള്ള അനാചാരങ്ങൾ ഒരു സുപ്രഭാതത്തിൽ ഇല്ലായ്മ ചെയ്യാനൊന്നും നമുക്കാവില്ല. അപ്പോൾ റംസാൻമാസം മുഴുവൻ അവർ പട്ടിണി കിടക്കുമ്പോൾ നമ്മൾ ആ മാസം മുഴുവൻ 'ഖുർആൻ പ്രചരണമാസ'മായി ആചരിക്കുക. നമ്മുടെ സഹോദരങ്ങളായ ഹിന്ദുക്കളുടെ രാമായണമാസം പോലെ. അതല്ല, ഇനിയെന്നെങ്കിലും സുന്നി മുസ്‌ലിംകൾ ചന്ദ്രവർഷത്തെ അടിസ്ഥാനമാക്കിയുള്ള മുആവിയയുടെ ഹിജ്റ കലണ്ടറിൽ നിന്ന് (Lunar Calender) നബിയുടെ സൂര്യവർഷത്തെ ആസ്പദമാക്കിയുള്ള സോളാർ കലണ്ടറിലേക്ക് (Solar Calender) ലേക്ക് മാറാൻ തയ്യാറായാൽ, നമുക്കവരോട് സഹകരിക്കാം. തകർന്നുതരിപ്പണമായിക്കൊണ്ടിരിക്കുന്ന മുജാഹിദ് പ്രസ്ഥാനത്തിലെ ആത്മാർത്ഥതയും ആത്മാഭിമാനവുമുള്ള വല്ല മൗലവിമാരും ബാക്കിയുണ്ടെങ്കിൽ അവർ ചെയ്യേണ്ടത് ഞങ്ങളോട് വാക്കാലെങ്കിലും സഹകരിക്കുകയാണ്. ഖുർആനിന് പകരം ഹദീസുകളുണ്ടാക്കുകയും, ഇസ്‌ലാമിന് പകരം 'അഹ്ലുസ്സുന്നത്ത് വൽ ജമാഅത്ത്' എന്ന സുന്നിമതമുണ്ടാക്കുകയും അതിന്റെ നെടുന്തൂണുകളാണ് ഖുർആനിൽ ഇല്ലാത്ത അഞ്ച്നേര നമസ്കാരവും ഹജ്ജും, ബാങ്കും, നോമ്പും എന്നും ആ ഒരു മാസത്തെ പകൽ പട്ടിണിയാണ് ഖുർആനും നബിയും പഠിപ്പിക്കുന്ന 'ത്വആമു മിസ്കീൻ' (ഒരഗതിക്കുള്ള ജീവിക്കാൻ വേണ്ട വക), അൽസിയാം (സമഗ്രദാരിദ്ര്യനിർമ്മാർജ്ജന പദ്ധതി) എന്നീ കർമ്മപദ്ധിതകളേക്കാൾ നല്ലതെന്നും കള്ള ഹദീസിലൂടെ നിയമമാക്കിയ - അങ്ങനെ നമ്മുടെ സഹോദരങ്ങളെ പട്ടിണിക്കിടുന്ന അബൂഹുറയ്റയുടെയും അമവി ഭരണാധികാരികളുടെയും കള്ളത്തരങ്ങളും പൊള്ളത്തരങ്ങളും ഇനിയും നാം കണ്ടില്ലെന്ന് നടിച്ചാൽ അനതിവിദൂര ഭാവിയിൽ തന്നെ അതിഗുരുതരമായ ഒരു ദുരന്തത്തിന് നാം കാതോർക്കുക..!!

തുടർന്ന് വരുന്ന 2:185 മുതൽ 2:188 വരെയുള്ള സൂക്തങ്ങളുടെ അർത്ഥവും അതിലെ പൊള്ളത്തരങ്ങളും വളരെ വിശദീകരിച്ച് നേരത്തെത്തന്നെ പ്രതിപാദിച്ചതിനാൽ അതിവിടെ ആവർത്തിക്കുന്നില്ല. പ്രസ്തുത പരിഭാഷയും സുന്നിപരിഭാഷയും ഒത്തുനോക്കുമ്പോൾ നിങ്ങൾക്കത് ബോധ്യമാകും.

## ചരിത്രത്തിൽ നിന്നൊരു പാഠം-അൽസിയാമിന്ന് ഒരു നല്ല ഉദാഹരണം. നബിയുടെ ഒന്നാമത്തെ (എത്യോപ്യൻ) ഹിജ്റയിൽ നിന്നു പാഠം പഠിക്കുക.

ഗോത്രയുദ്ധങ്ങൾ കാരണം, സാമൂഹ്യമായും, സാംസ്കാരികമായും സാമ്പത്തികമായും ആകെ തകർന്നുപോയ ഒരു നാടായിരുന്നല്ലോ അറേബ്യ. ചുട്ടുപൊള്ളുന്ന മരുഭൂമിയിലെ ജീവിതവിഭവങ്ങളുടെ ദൗർലഭ്യവും, ആഹാരപദാർത്ഥത്തിനും, ജലസ്രോതസ്സുകൾക്കും വേണ്ടിയുള്ള മത്സരത്തിനിടിയിൽ ന്യായന്യായങ്ങളൊന്നും നോക്കാൻ ഗോത്രത്തലവൻമാരിൽ പലരും മറന്നതും, അവരുടെ സ്വാർത്ഥതയുമായിരുന്നു ഗോത്രയുദ്ധങ്ങളിലും, രക്തച്ചൊരിച്ചിലിലും കലാശിച്ചിരുന്നത്. നൂറ്റാണ്ടുകളോളം നീണ്ടുനിന്ന ഈ ഗോത്രയുദ്ധങ്ങളും മാത്സര്യവുമായിരുന്നു അറേബ്യയെ തകർത്തുകളഞ്ഞതും ജാഹിലിയ്യ കാലഘട്ടത്തിന് (Period of ignorance) കാരണമായതും. സ്വന്തം കുടുംബത്തിനും, ഗോത്രത്തിനും, നാടിനും യാതൊരു ഉപകാരവുമില്ലാതെ-സമൂഹത്തിനു ഒരു ഭാരമായി-'ജീവച്ഛവങ്ങളായി' ജീവിച്ചിരുന്ന ധാരാളം യുവതീ യുവാക്കളും, മധ്യവയസ്കരുമൊക്കെ അറേബ്യയിൽ ഉണ്ടായിരുന്നു. അവരെ പഠിപ്പിക്കാനും, നിയന്ത്രിക്കാനും ദിശാബോധം നൽകാനും അറേബ്യയിൽ ആരും ഉണ്ടായിരുന്നില്ല. അബ്ദുൽ മുത്തലിബും, അബ്ദുൽമുത്തലിബിനുമുമ്പു ഖുസയ്യും, ജനങ്ങളുടെ എല്ലാ പ്രശ്നങ്ങളിലും ഇടപെട്ടു അവർക്കു വേണ്ട സൗകര്യങ്ങളും ജോലികളുമൊക്കെ കൊടുത്ത് അവരെ പുനരവധിസിപ്പിച്ചിരുന്നു.

എന്നാൽ അബ്ദുൽ മുത്തലിബിന് ശേഷം അറേബ്യ ഭരിച്ചിരുന്ന ഖുറൈശി ഗോത്രം, പത്തോളം കുടുംബങ്ങളായി (ഗ്രൂപ്പുകളായി) തിരിഞ്ഞു. പാവപ്പെട്ട അറേബ്യൻ കുടുംബങ്ങളെ മത്സരിച്ചു ചൂഷണം ചെയ്യുന്നതിലും, സ്വന്തം കീശ വീർപ്പിക്കുന്നതിലും മാത്രമായിരുന്നു അവരുടെ ശ്രദ്ധ.

ദരിദ്രരും നിസ്സഹയാരുമായ ചില അറേബ്യൻ ഗോത്രങ്ങളെ സംരക്ഷിക്കേണ്ടതു തങ്ങളുടെ ബാദ്ധ്യതയാണെന്നും അതുകൊണ്ട് അവരുടെ ഭക്ഷണത്തിനും സംരക്ഷണത്തിനും വേണ്ട മുൻകരുതലുകൾ എടുക്കേണ്ടത് സമ്പന്നരായ അറബ് ഗോത്രങ്ങളുടെ ബാദ്ധ്യതയാണ് എന്ന് സമർത്ഥിച്ചു ഖുസയ്യ് തന്റെ ധനാഢ്യരായ സഹോദരകുടുംബങ്ങളിൽ നിന്ന് 'രിഫാദ' എന്ന പേരിൽ ഒരു പ്രത്യേക നികുതി തന്നെ ഈടാക്കിയിരുന്നു. ഖുസയ്യിന്റെ പാത പിന്തുടർന്ന അബ്ദുൽ മുത്തലിബും 'രിഫാദ' നടപ്പിലാക്കിയിരുന്നു.

എന്നാൽ അബ്ദുൽ മുത്തലിബിന്റെ മരണശേഷം അദ്ദേഹത്തെപ്പോലെ ഭരണഗോത്രമായ ഖുറൈശി കുടുംബങ്ങളെ ഏകോപിപ്പിച്ചുനിർത്താനും ഭരിക്കാനും പറ്റിയ-ആജ്ഞാശക്തിയുള്ള ഒരു വ്യക്തിയും ഉണ്ടായില്ല. അതായിരുന്നു ഖുറൈശി ഗോത്രങ്ങൾ ഭിന്നിക്കാനും, ഒരുഅരാജകത്വത്തിലേക്ക് അറേബ്യൻ ഗോത്രങ്ങളും അറബികളും കൂപ്പുകുത്താനും കാരണമായത്.

നബിയുടെ പ്രസംഗത്തിലും, ഉദ്ബോധനത്തിലും, നിരന്തരമായ സാസ്കാരിക പ്രവർത്തനങ്ങളിലും ആകൃഷ്ടരായി കുറെ ദരിദ്രകുടുംബങ്ങൾ ആദ്യകാലത്ത് ഇസ്‌ലാമിലേക്ക് വന്നു. ജീവിത വിഭവങ്ങൾ കുറവായിരുന്ന അറേബ്യയിൽ അവരെ പുനരവധിസിപ്പിക്കുക (Rehabilitation) എന്നത് ആ ദൈവ ദൂതന് ഒരു വെല്ലുവിളി തന്നെയായിരുന്നു. ഇരുപത്തഞ്ച് വയസ്സായപ്പോഴേക്കും അറേബ്യയിലെ ഏറ്റവും കൂടുതൽ ലോകരാജ്യങ്ങളിൽ സഞ്ചരിച്ച വ്യക്തിയും, ഏറ്റവും സത്യസന്ധനായ കച്ചവടക്കാരനുമായി മാറിയിരുന്നു മുഹമ്മദ്. അതുകൊണ്ടുതന്നെ ഏറ്റവും കൂടുതൽ ലോകപരിചയവും അനുഭവസമ്പത്തുമുള്ള ഒരു വിജ്ഞാനസാഗരമായിരുന്നു നബിതിരുമേനി. താൻ വളർത്തിക്കൊണ്ടവരുന്ന ഈ വ്യക്തിത്വങ്ങളെ ഈ 'ഇട്ടാവട്ട'ത്തിലുള്ള അറേബ്യയിൽ-മക്കയിൽ-തുടരാൻ അനുവദിച്ചാൽ വീണ്ടും അവർ സാഹചര്യം മാറുമ്പോൾ, പഴയ ജാഹിലിയ്യത്തിലേക്ക് തന്നെ തിരിച്ചുപോകും എന്നു ആ ദൈവ ദൂതൻ ഭയപ്പെട്ടു. തന്റെ കച്ചവടയാത്രകൾക്കിടയിൽ നബി പരിചയപ്പെട്ട ഒരു മഹാ മനസ്കനായിരുന്നു അബിസിനിയയിലെ നജാശി രാജാവ്. നജാശി രാജാവിൽ നിന്നും സമ്മതം വാങ്ങിയശേഷം, നബിതിരുമേനി ആ കുടുംബങ്ങളെ അബിസ്സിനിയയിലേക്ക് യാത്രയാക്കി. സ്ത്രീകളും കുട്ടികളുമടക്കം അറുപതോളം അംഗങ്ങളുണ്ടായിരുന്ന ആ സംഘത്തിന്റെ നേതൃത്വം നബി ജഅഫർ ബിൻഅബൂത്വാലിബിനെ ഏൽപിച്ചു. അബിസ്സിനിയയിലെ അവർ ഉപയോഗിക്കാത്ത കൃഷിയോഗ്യമായ ഏതെങ്കിലും താഴ്വരയിലോ, മലഞ്ചെരുവിലോ, നദീതടങ്ങളിലോ ആ കുടുംബങ്ങളെ അവരുടെ സമ്മതത്തോടെ, (രാജാവിന്റെ അനുമതിയോടെ) കുടിയിരുത്തണം എന്നായിരുന്നു നബിയുടെ കൽപ്പന. അവിടത്തെ നാട്ടുനടപ്പുകളും, ഭരണക്രമങ്ങളുമൊക്കെ അനുസരിച്ച് ജീവിക്കണമെന്നും, ഏത് പ്രതികൂലാവസ്ഥയിലും സത്യവും നീതിയും കൈവിടരുതെന്നും ആ ദൈവദൂതൻ ആ കുടംബങ്ങളെ ഉപദേശിച്ചു. ഖുറൈശി

കളുടെ മർദ്ദനങ്ങളിലും അവഹേളനങ്ങളിലും, മനംമടുത്തവരായിരുന്നു സംഘത്തിലുണ്ടായിരുന്നവരി ലധികവും. അല്ലാഹുവിന്റെ ഭൂമി വിശാലമാണെന്നും, നീതിയും ന്യായവും മുറുകെപ്പിടിച്ചാൽ ഈ ഭൂലോകത്ത് എവിടെ വേണമെങ്കിലും സന്തോഷത്തോടെയും, സമാധാനത്തോടും കൂടി കഴിയാമെന്നും അത്തരമൊരു സമാധാന ജീവിതമാണ്, അത്തരമൊരു മാതൃകാസാമൂഹ്യ ജീവിതമാണ് എല്ലാവരും ആദ്യം വളർത്തിയെടുക്കേണ്ടതെന്നും, അതാണ് ഇസ്‌ലാമിന്റെ അടിസ്ഥാന ശിലയെന്നും ആ ദൈവ ദൂതൻ അവരെ ഉത്ബോധിപ്പിച്ചു.

ജഅഫർബിൻ അബൂത്വാലിബിന്റെ നേതൃത്വത്തിൽ മുസ്‌ലിംകൾ അബിസീനിയയിലെ കുടിയേറ്റ മേഖലയിൽ എത്തുന്നതിനുമുമ്പേ അബ്സുഫ്യാന്റെ പ്രതിനിധികൾ നജ്ജാശി രാജാവിന്റെ കൊട്ടാര ത്തിലെത്തി. മുഹമ്മദിന്റെ ആഹ്വാനപ്രകാരം അവിടെയെത്തിയ കുടുംബങ്ങളെ മക്കയിലേക്കു തന്നെ തിരിച്ചു പോവാൻ പ്രേരിപ്പിക്കണമെന്നും, മുഹമ്മദ് തങ്ങൾക്കെതിരെ നടത്തുന്ന ഒരു വിപ്ലവത്തിന്റെ ഭാഗമാണിതെന്നും അവർ നജ്ജാശി രാജാവിനോട് പരാതി പറഞ്ഞു. ഉടനെ നജ്ജാശി രാജാവ് മുസ്ലിം സംഘത്തോട് രാജസന്നിധിയിൽ ഹാജാരാവാൻ കൽപിച്ചു. നജ്ജാശി രാജാവിന്റെയും ഖുറൈശികളു ടെയും മുമ്പിൽ ജഅഫർബിൻ അബൂത്വാലിബ് മുസ്‌ലിം സംഘത്തെ ഹാജരാക്കി. അവരെല്ലാവരും കേൾക്കേ ജഅഫർ രാജാവിനോട് പറഞ്ഞു ‘‘..... പ്രഭോ ഞങ്ങൾ വിവരമില്ലാത്ത ഒരു ജനതയായിരു ന്നു... ഞങ്ങൾ ക്രൂരൻമാരായിരുന്നു... മാനുഷിക ബന്ധങ്ങളുടെ വിലയെന്തെന്ന് ഞങ്ങൾ അറിഞ്ഞിരു ന്നില്ല. അയൽക്കാരുടേയും അരികിലൂടെ പോകുന്നവരുടെയുമൊക്കെ മുതലുകൾ കൊള്ളയടിച്ചു ഞങ്ങൾ അധാർമ്മികമായി തിന്നിരുന്നു. വഴിയിൽ ചത്തുകിടന്ന മുയലുകളെയും ഒട്ടകങ്ങളെയും അതെ ങ്ങനെയാണ് ചത്തതെന്ന് നോക്കാതെ ഞങ്ങൾ വലിച്ചിഴച്ചുകൊണ്ടുവന്നു കണ്ടം തുണ്ടമാക്കി തിന്നിരു ന്നു. ഞങ്ങൾ കല്ലുകളെയും, ബിംബങ്ങളെയുമൊക്കെ ദൈവമായിക്കണ്ട് ആരാധിച്ചിരുന്നു. സദാചാരം എന്തെന്ന് ഞങ്ങൾക്കറിയുമായിരുന്നില്ല. ഞങ്ങൾക്കിടയിലുള്ള ഏറ്റവും ശക്തനായ മനുഷ്യൻ പറയു ന്നതായിരുന്നു ഞങ്ങളുടെ നീതി. ..!! ഞങ്ങളിൽ പലരെയും ചില ശക്തന്മാർ അടിമകളാക്കി വെച്ചു ഉപ യോഗിച്ചിരുന്നു. ഞങ്ങൾക്കുമതിയായ ഭക്ഷണമോ, വേതനമോ തരാതെ ക്രൂരമായി മർദ്ദിക്കുകയും ചെയ്തിരുന്നു. ഞങ്ങൾ മനുഷ്യരാണെന്നും, ഞങ്ങൾ അങ്ങേയറ്റം കഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാ ണെന്നും മനസ്സിലാക്കാൻ പോലുമുള്ള ബോധം പോലും ഞങ്ങൾക്കുണ്ടായിരുന്നില്ല. അപ്പോഴാണ് ഞങ്ങൾക്കിടയിലേക്ക് അല്ലാഹു ഒരു ദൈവദൂതനെ അയച്ചത്. അദ്ദേഹം സത്യസന്ധനായിരുന്നു. ധർമ്മ നിഷ്ടയുള്ളവനായിരുന്നു. ഞങ്ങളോട് കരുണയുള്ളവനായിരുന്നു. അദ്ദേഹം ഞങ്ങളോട് ഇങ്ങനെ കഷ്ടപ്പെടരുതെന്നും, നിങ്ങൾ വിചാരിച്ചാൽ നിങ്ങൾക്ക് ഈ ദുരിതത്തിൽ നിന്ന് കരകയറാം എന്നും ഓർമ്മിപ്പിച്ചു.

അല്ലാഹു അവന്റെ ഈ പ്രകൃതിയിലൂടെ, എല്ലാവരോടും ഒരുപോലെ കരുണ ചെയ്യുന്നവനാ



ണെന്നും, നിങ്ങൾ പ്രവർത്തിക്കാനും, മാറാനും തയ്യാറായാൽ അല്ലാഹു നിങ്ങളെ മാറ്റിയെടുക്കുകയും ഭൂമിയിലെ ഏറ്റവും നല്ല വ്യക്തികളായി നിങ്ങൾ മാറുകയും ചെയ്യുമെന്നും അദ്ദേഹം സമർത്ഥിച്ചു. കല്ലുകളെയും കഅബയിലെ ബിംബങ്ങളെയും നിങ്ങൾ ആരാധിക്കരുതെന്നും, നമുക്കു ചുറ്റുമുള്ള ഈ പ്രകൃതിയാണ് നമുക്ക് ജീവനും, ജീവിതവും നൽകുന്നതെന്നും ആ പ്രപഞ്ചത്തിന്റെ രക്ഷിതാവായ, ഏകദൈവത്തെ മാത്രം ആരാധിച്ച്, ഭൂമിയിലുള്ള എല്ലാവരെയും സ്നേഹിച്ച്, ഒന്നിച്ച് നിൽക്കണമെന്നും അങ്ങനെ ഒന്നിച്ചുനിന്നാൽ നിങ്ങളെ പരാജയപ്പെടുത്താൻ ആർക്കും കഴിയില്ലെന്നും അദ്ദേഹം ഞങ്ങളെ പഠിപ്പിച്ചു. എപ്പോഴും-ഏതു പ്രതിസന്ധിഘട്ടത്തിലും സത്യത്തോടും, നീതിയോടും ഒപ്പം നിൽക്കണമെന്നും അദ്ദേഹം പറഞ്ഞു. വാഗ്ദാനങ്ങൾ പാലിക്കണമെന്നും രക്തബന്ധം പവിത്രമായി കാണണമെന്നും അടുത്ത ബന്ധുക്കളുടെയും അയൽപക്കക്കാരുടെയും അവകാശങ്ങളെ മാനിക്കണമെന്നും, സ്ത്രീകളോടും, കുട്ടികളോടും, മോശമായും, ക്രൂരമായും പെരുമാറരുതെന്നും അദ്ദേഹം കൽപിച്ചു. അനാഥരുടെയും അഗതികളുടെയും മുതലുകൾ സ്വന്തമാക്കി തിന്നരുതെന്നും അദ്ദേഹം കൽപിച്ചു. അദ്ദേഹം ഞങ്ങൾക്കൊരു മഹത്തായ ഗ്രന്ഥം നൽകുകയും ആ ഗ്രന്ഥത്തിലുള്ള കൽപനകൾക്കനുസരിച്ചു ജീവിക്കണമെന്നും, പാവപ്പെട്ടവന്റെ അവകാശം നൽകാൻ മറക്കരുതെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുകയും ചെയ്തു. അല്ലാഹുവിന്റെ ഭൂമി വിശാലമാണെന്നും, വേദഗ്രന്ഥത്തിൽ പറഞ്ഞ ഇത്തരം കാര്യങ്ങൾക്ക് വിരുദ്ധമായ രീതിയിൽ ജീവിക്കാൻ നിങ്ങൾ നിർബന്ധിതരായാൽ ഉടനെ അവിടം വിട്ടു പോവണമെന്നും, വേദഗ്രന്ഥമനുസരിച്ച് ജീവിക്കാൻ പറ്റുന്ന സ്വതന്ത്രമായ ഒരിടം കണ്ടുപിടിച്ച് അവിടെ സുഖമായി ജീവിക്കണമെന്നും അദ്ദേഹം ഞങ്ങളെ ഉപദേശിച്ചു. മക്കയിലെ സാഹചര്യം ഞങ്ങൾക്കനുകൂലമല്ലാത്തതിനാൽ ഞങ്ങൾ അവിടം വിട്ടു. ഈ കാരണങ്ങൾകൊണ്ടൊക്കെയാണ് ഞങ്ങൾ മക്കവിട്ടത്. ഞങ്ങളെ മക്കയിലേക്ക് തിരിച്ചയക്കാൻ താങ്കളെ നിർബന്ധിക്കുന്നതിലൂടെ ഞങ്ങളെ ആ വിവരക്കേടിന്റെ കാലത്തിലേക്ക് ഞങ്ങൾ തിരിച്ചു ചെല്ലാനും അങ്ങനെ ഞങ്ങളെ വീണ്ടും അടിമകളാക്കാനും മർദ്ദിക്കാനും ചൂഷണം ചെയ്യാനുമാണ് ഖുറൈശികൾ ഉദ്ദേശിക്കുന്നത്... അതുകൊണ്ട് പ്രഭോ, ഞങ്ങളെ തിരിച്ചയക്കരുത്. ഞങ്ങളെ രക്ഷിച്ചാലും... അനുഗ്രഹിച്ചാലും...''!! ജഅഫർ ബിൻ അബൂത്വാലിബിന്റെ ഹൃദയഭേദകമായ വാക്കുകൾ കേട്ടു നജ്ജാശി രാജാവിന്റെ കണ്ണുനിറഞ്ഞു. അദ്ദേഹം അബൂസുഫ്യാന്റെ ദൂതന്മാരായിരുന്ന പ്രമുഖൻമാരോട് പറഞ്ഞു. ''ഇല്ല, ഇവരെ വിട്ടുതരുന്ന പ്രശ്നമില്ല... ഈ ഭൂമിക അല്ലാഹുവിന്റേതാകുന്നു. അവർക്കിഷ്ടമുള്ള കാലം അവർക്ക് അബിസിനിയയിൽ കഴിയാം... നിങ്ങൾക്കും എന്റെ നാട്ടിൽ കഴിയാം...'' അബിസിനീയയിലേക്കുള്ള ഒന്നാമത്തെ ഹിജ്റ (AD : 615) അങ്ങനെ വൻവിജയമായി മാറി.

തുടർന്ന് അടുത്തവർഷമായപ്പോഴേക്കും നൂറിൽ കൂടുതലുള്ള ഒരു സംഘത്തെ നബിതിരുമേനി എല്ലാവിധ ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകി അബിസിനിയയിലേക്കു യാത്രയാക്കി. മുഹമ്മദ് നജ്ജാശി രാജാവുമായി ചേർന്ന് മക്കയിലെ ഭരണം മറച്ചിടാൻ ശ്രമിക്കുകയാണെന്നു വരെ ഖുറൈശികൾ ആരോപിച്ചു. പാവപ്പെട്ടവന് എന്നും നരകമായ ചുട്ടുപൊള്ളുന്ന അറേബ്യയിൽ, 'പാരമ്പര്യവും പൈതൃകവും, നാട്ടുനടപ്പും' പറഞ്ഞ് അലസമായി ജീവിതം കഴിക്കാതെ, മെച്ചപ്പെട്ട ജീവിതസൗകര്യങ്ങൾ തേടി ഭൂമിയുടെ ഏതറ്റത്തേക്കും സഞ്ചരിക്കുക, മക്കയിൽ അലഞ്ഞതുകൊണ്ടോ, കഅബക്കു ചുറ്റും കറങ്ങിയതുകൊണ്ടോ, കേവലം ചടങ്ങു പ്രാർത്ഥനകൾ നടത്തിയത് കൊണ്ടോ അതിന് സാധ്യമല്ല. സുഖമായി ജീവിക്കാൻ നല്ല ഭക്ഷണം, നല്ല വസ്ത്രം സമാധാനത്തോടെ അന്തിയുറങ്ങാൻ സ്വന്തമായൊരു ഭവനം. അത്തരമൊരു സന്തോഷകരവും സമാധാനജീവിതവും കൈവരിക്കുമ്പോൾ-നിങ്ങൾ സുഖമായി ജീവിക്കുമ്പോൾ മാത്രമേ, അല്ലാഹു സന്തോഷിക്കൂ-ലോകം സന്തോഷിക്കൂ എന്ന മഹത്തായ ഒരു സന്ദേശമാണ് ഹിജ്റയിലൂടെ നബി നൽകിയത്. (അല്ലാഹുവിനെ മഹത്വപ്പെടുത്തുക, അല്ലാഹുവിനെ പ്രകീർത്തിക്കുക എന്നതിന്റെ പൊരുളും ഇതുതന്നെ.) സുഖകരവും സമാധാനപരവുമായ ജീവിതമാണ് ഇസ്ലാമിന്റെ-ശാന്തിമാർഗ്ഗത്തിന്റെ-പരലോകമോക്ഷത്തിന്റെ അസ്ഥിവാരം. അതിന് ഭൂമിയുടെ ഏതറ്റവുംവരെ പോവുക. വേണ്ടിവന്നാൽ ഇതര ഗോളങ്ങളിലേക്കും ചേക്കേറുക...!

അറേബ്യയിൽ ഇസ്ലാം വരുന്നതിന് മുമ്പും ഗ്രീസിലും, യൂറോപ്പിലും, ഇന്ത്യയിലുമൊക്കെ ദൈവീക വേദങ്ങൾ വന്നിരുന്നു. അതിൽ നിന്ന് പാഠം ഉൾക്കൊണ്ട് നാടുവിടാൻ -ഹിജ്റ് പോകാൻ - വിശ്വാസികളായ ജനങ്ങൾ പഠിച്ചിരുന്നു. അതനുസരിച്ച് ചന്ദ്രനിലും ചൊവ്വയിലുമൊക്കെ ചുവടുറപ്പിക്കാനുള്ള ശ്രമത്തിലാണ് മാനവരാശി ഇന്ന്. അതേസമയം ഇസ്ലാമിനെ-ഖുർആനിനെ-ദൈവത്തിന്റെ ആഹ്വാനത്തെ-കേവലം ഒരറേബ്യൻ പാരമ്പര്യമതമാക്കി മാറ്റി അറേബ്യയിൽ തന്നെ നമസ്കാരവും നോമ്പും, ഹജ്ജും, ഉംറയും, 'ഉറുതിയും, വറുതി'യുമായി തളച്ചിടാനുള്ള ശ്രമമാണ് അമവി - അബ്ബാസി അറബികൾ ചെയ്തത്...!! സൗദി അറേബ്യ, ദുബായ്, ഖത്തർ, ബഹ്റൈൻ, ഇറാക്ക്, ഇറാൻ തുടങ്ങിയ ഗൾഫ്-പേർഷ്യൻ നാടുകളിലും, അമേരിക്കയിലും, കാനഡയിലും, ലാറ്റിനമേരിക്കൻ രാജ്യങ്ങളിലുമൊക്കെയായി കോടിക്കണക്കിനു ജനങ്ങൾ പ്രവാസികളായി ജീവിക്കുന്നു. അവരെല്ലാം അവരുടെ

ജീവിതത്തിൽ നിന്ന് വേദവിരുദ്ധമായ ചടങ്ങുപ്രാർത്ഥനകൾ മാറ്റിനിർത്തി, അല്ലാഹു എന്ന പ്രാപഞ്ചിക വ്യവസ്ഥിതിയെ മനസ്സിൽ താലോലിച്ച് ജീവിച്ചാൽ-പരലോകത്തെ സ്നേഹിച്ചാൽ-യഥാർത്ഥവും നിഷ്കളങ്കവുമായ ദീനിൽ-ദൈവീക പ്രത്യയശാസ്ത്രത്തിൽ അവർ എത്തിച്ചേരുന്നു...!! നബിയും, ഇമാം അലിയും, ഖലീഫാ ഉമറുമൊക്കെ മക്ക വിട്ട് മദീനയിലേക്ക് ഹിജ്റ പോയതും, നബി അബിസിനിയായിലേക്ക് രണ്ട് പ്രാവശ്യം തന്റെ അനുയായികളെ യാത്രയാക്കിയതും (ഹിജ്റ) 'കേവലം നിസ്കരിക്കാനും, നോമ്പ് നോൽക്കാനും, ഹജ്ജ്' ചെയ്യാനുമല്ലെന്നും പ്രത്യുത മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ തേടിയുള്ള ഒരു യാത്രയായിരുന്നു അതെന്നും മനസ്സിലാക്കിയാൽ നാം രക്ഷപ്പെട്ടു. സ്വർഗ്ഗീയവും, സമാധാനപരവുമായ ഒരു ജീവിതമാണ് ഇസ്ലാമിന്റെ അടിത്തറയെന്നും അത്തരമൊരു സമാധാനജീവിതത്തിൽ നിങ്ങൾക്ക് അല്ലാഹുവിനെ കാണാമെന്നുമുള്ള ഖുർആനിക പാഠം നാം പഠിക്കുകയും ഉൾക്കൊള്ളുകയും ചെയ്താൽ നമ്മുടെ പരലോകവും സ്വർഗ്ഗീയമായി മാറും. ആരാധനകൾക്കും തല തിരിഞ്ഞ ഖുർആൻ വിരുദ്ധ അനുഷ്ഠാനങ്ങൾക്കും വേണ്ടി കഷ്ടപ്പെടാതെ-ജീവിതം സുഖകരമാക്കാൻ-എല്ലാവരേയും സമാധാനിപ്പിക്കാൻ കഠിനാധ്വാനം ചെയ്യുക- ദൈവീക വ്യവസ്ഥിതിയെ (സ്വലാത്ത്) സ്ഥാപിച്ചെടുക്കുക. അപ്പോൾ ആ സമാധാന ജീവിതത്തിൽ നാം അല്ലാഹുവിനെ കാണുന്നു. നാം മോക്ഷം പ്രാപിച്ചവരാകുന്നു. ഇവിടെയും അവിടെയും.!!

**മുഹമ്മദ് നബി തിരുമേനി ജീവിച്ചിരുന്ന കാലഘട്ടത്തിൽ-മുസ്ലിംകൾ മുആവിയയുടെ കാലത്ത് സുന്നികളും ശിയാക്കളുമായി രണ്ട് കക്ഷികളായി പിരിയുന്നതിനു മുമ്പ്-നബി തിരുമേനി അറേബ്യയിൽ പഠിപ്പിച്ച, ഖുർആനിലെ അൽസിയാമുമായി ബന്ധപ്പെട്ട സൂക്തങ്ങളുടെ അർത്ഥം യാതൊരു വക്രതയുമില്ലാതെ ഒന്നുകൂടി ഹ്രസ്വമായി അവതരിപ്പിച്ചശേഷം ഈ ഗ്രന്ഥം അവസാനിപ്പിക്കാം.**

**(2:183) യാ-അയ്യുഹല്ലദീന-ആമനൂ-കുതിബ അലൈക്കുമുസ്സിയാമ കമാ-കുതിബ അലല്ലദീന മിൻ ഖബ്ലിക്കും - ല അല്ലക്കും തത്തഖൂൻ.**

സത്യവിശ്വാസികളേ,

(സമൂഹത്തിൽ ശാന്തിയും സുരക്ഷിതത്വവും നൽകുന്നവരായി ജീവിച്ചുകൊള്ളാമെന്ന് - ദൈവദൂതൻ മുഖേന (ഖുർആൻ മുമ്പിൽ വെച്ചുകൊണ്ട് പ്രതിജ്ഞ ചെയ്തിട്ടുള്ള) സത്യവിശ്വാസികളേ (60:12, 48:10, 48:18, 2:62) (65:10,11) (4:100) (3:101)

(ദാരിദ്ര്യവും, ഭക്ഷ്യക്ഷാമവും തൊഴിലില്ലായ്മയും അതിനെത്തുടർന്ന് വരാൻ സാധ്യതയുള്ള



അക്രമവും അനീതിയും അന്ധവിശ്വാസങ്ങളും, അനാചാരങ്ങളും മറ്റു മനുഷ്യാവകാശലംഘനങ്ങളും തടഞ്ഞു നിർത്തുക - സമൂഹത്തിലെ തിന്മകളെ സംഘടിച്ച് ഇല്ലാതാക്കുക - അതിനുവേണ്ട തീവ്ര പരിശീലനം സംഘടിച്ചു നേടുക) എന്ന തീവ്രവ്രതാനുഷ്ഠാനം നിങ്ങൾക്ക് നിയമമാക്കിയിരിക്കുന്നു.

(മാനവരാശിയുടെ ഭൗതികവും ബൗദ്ധികവുമായ ദാരിദ്ര്യത്തിന് കാരണമായ എല്ലാ തിന്മകളും) തടയൽ നിങ്ങൾക്ക് നിയമമാക്കിയിരിക്കുന്നു.

മാനവരാശിയുടെ സമഗ്ര-ദാരിദ്ര്യ നിർമ്മാർജനത്തിനുള്ള രൂപരേഖ (അസ്സിയാം) നിങ്ങൾക്ക് നിയമമാക്കിയിരിക്കുന്നു.

(അറിവില്ലായ്മ, അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ, അക്രമം, അനീതി, ദാരിദ്ര്യം എന്നിങ്ങനെയുള്ള മാനവരാശിയെ ബാധിക്കുന്ന ഇരുട്ടുകളുടെ) നിർമ്മാർജ്ജനം നിങ്ങൾക്ക് നിയമമാക്കിയിരിക്കുന്നു.

(വേദഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിലുള്ള സമഗ്രദാരിദ്ര്യ) നിർമ്മാർജ്ജന പരിശീലന പരിപാടികൾ നിങ്ങൾക്ക് നിയമമാക്കിയിരിക്കുന്നു. നിങ്ങൾക്ക് മുമ്പുണ്ടായിരുന്ന സമൂഹങ്ങൾക്ക് നിയമമാക്കിയതുപോലെ. നിങ്ങൾ സൂക്ഷ്മതയുള്ളവരാവാൻ വേണ്ടി.

**(2 : 184) അയ്യാമൻ മഅ്ദൂദാതിൻ -**

മുന്നൊരുക്കത്തിന്റെ ഏതാനും ദിവസങ്ങൾ.

(തയ്യാറെടുപ്പിന്റെ ഏതാനും ദിവസങ്ങളായി നിങ്ങൾ അതാചരിക്കുക).

**ഫമൻകാന-മിൻകും മരീളൻ - ഔ -അലാ -സഫരിൻ - ഫഇദ്ദത്തുൻ-മിൻ അയ്യാമിൻ-ഉഖ്ർ=**

നിങ്ങളിലാരെങ്കിലും ''രോഗി '' യാവുകയോ, ''യാത്ര''യിലാവുകയോ '' ആണെങ്കിൽ (അത്തരം ശാരീരിക മാനസിക വൈകല്യങ്ങളെയൊക്കെ അതിജീവിച്ച ശേഷം) മറ്റൊരു ഘട്ടത്തിൽ ആ തയ്യാറെടുപ്പ് നടത്തേണ്ടതാണ്. (മറ്റ് ദിവസങ്ങളിൽ ആ പരിശീലനം അവർ പൂർത്തിയാക്കട്ടെ.)

**വ-അലല്ലദീന - യുത്വീഖൂനഹൂ - ഫിദ്‌യത്തുൻ-ത്വആമു മിസ്കീൻ :**

തീവ്ര വ്രതാനുഷ്ഠാനത്തിന് കഴിയുന്നവർ (സമഗ്രദാരിദ്ര്യ നിർമ്മാർജ്ജനപദ്ധതിയിൽ പങ്കെടുക്കാൻ കഴിയുന്നവർ) തന്റെ സമൂഹത്തിലുള്ള ഒരഗതിയുടെ സമ്പൂർണ്ണ സംരക്ഷണം (അവന്റെ ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നിവ നൽകിക്കൊണ്ട്) ഏറ്റെടുക്കുക (ഒരഗതിക്ക് ജീവിക്കാൻ വേണ്ട വക നൽകുക) എന്നത് ജീവിതത്തിൽ തന്റെ ബാധ്യതയായി (ലക്ഷ്യമായി) (Vision സ്വപ്നമായി-) കാണേണ്ടതാണ്.

(നമ്മുടെ പൂർവ്വികർ വേദഗ്രന്ഥമനുസരിച്ച് ജീവിക്കാതിരുന്നതുകൊണ്ടാണ് ഇവിടെ പട്ടിണിപ്പാവങ്ങൾ ഉണ്ടായത്. ഖുർആൻ പഠിപ്പിക്കുന്ന അസ്സ്വലാത്തും, സകാത്തും, അസ്സിയാമും, ഹജ്ജുമൊക്കെ അവർ മുറപോലെ അനുഷ്ഠിച്ചിരുന്നുവെങ്കിൽ നമ്മുടെ നാട്ടിൽ പട്ടിണിപ്പാവങ്ങൾ ഉണ്ടാകുമായിരുന്നില്ല. ആ തെറ്റ് നാം ആവർത്തിക്കാൻ പാടില്ല. അപ്പോൾ അവർ ചെയ്ത ആ തെറ്റിന്റെ ധാർമ്മികമായ ഉത്തരവാദിത്വം നാം സ്വയം ഏറ്റെടുത്ത്, അഗതി സംരക്ഷണം നമ്മുടെ ബാദ്ധ്യതയും ലക്ഷ്യവുമായി കാണണം എന്നും വ്യാഖ്യാനിക്കാം.)

വേദഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിലുള്ള സമഗ്ര ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിയിൽ-ആ കൂട്ടായ്മയിൽ- പങ്കെടുക്കാൻ കഴിയുന്നവർ (അൽ-സിയാമിനു കഴിയുന്നവർ) അതിൽ പങ്കെടുക്കാതെ മാറി നിൽക്കുകയാണെങ്കിൽ ഒരു പിഴ എന്ന നിലക്ക് (പകരമായി) ഒരഗതിക്ക് ജീവിക്കാൻ വേണ്ട വിഭവങ്ങൾ നൽകേണ്ടതാണ് എന്നും വ്യാഖ്യാനിച്ചവരുണ്ട്. **രണ്ടായാലും അഗതിസംരക്ഷണമാണ് സിയാമിന്റെ ലക്ഷ്യം.**

**ഫമൻ-തതവ്വഅ-ഖൈറൻ-ഫഹുവ-ഖൈറുൻലഹു-**

ആരെങ്കിലും ദൈവിക നിയമങ്ങളെ അനുസരിച്ചാൽ, അതിന്റെ ഗുണം അവനുതന്നെയാണ്.

(മാനവരാശിയുടെ സുഖത്തിനും സംതൃപ്തിക്കും, സന്തോഷത്തിനും വേണ്ടി, ഈ പ്രകൃതിയിലൂടെ ധാരാളം അനുഗ്രഹങ്ങൾ (പ്രകൃതി വിഭവങ്ങൾ) അല്ലാഹു നമുക്ക് നൽകിയിട്ടുണ്ട്. അവയെല്ലാം ഖൈർ (നന്മ) ആണ്. അതുപോലെ നമ്മുടെ ജീവിതത്തിനാവശ്യമായ നല്ലൊരു പ്രത്യയ

ശാസ്ത്രവും (ജീവിത പദ്ധതി) അല്ലാഹു നമുക്ക് നൽകിയിട്ടുണ്ട്. അതാണ് അൽ-ഖൈർ (2:105). അഥവാ വിശുദ്ധ ഖുർആൻ. ആ ദൈവിക നിയമങ്ങളെ അനുസരിച്ച് ജീവിക്കാനാണ് (ഇത്വാഅത്ത്) ചെയ്യാനാണ് ഖുർആൻ മാനവരാശിയെ നിരന്തരം ആഹ്വാനം ചെയ്യുന്നത്. അല്ലാഹു നമുക്ക് നൽകിയ വരദാനമായ ഈ ജീവിതം ആരെയും വെറുപ്പിക്കാതെ, സുഖമായും, സംതൃപ്തമായും, സമാധാനത്തോടെയും ജീവിച്ചു തീർക്കുക. അതുവഴി ഇഹപര മോക്ഷം നേടുക. അതുപോലെ സുഖമായി ജീവിക്കാനും പരലോക മോക്ഷം നേടുവാനും, സമൂഹത്തിലെ വേണ്ടത്ര വേദ ജ്ഞാനം ലഭിച്ചിട്ടില്ലാത്ത ദുർബല ജനവിഭാഗങ്ങളെ (അൽ-നിസാഉകളെയും) സഹായിക്കുക. ഇതാണ് വിശുദ്ധ ഖുർആന്റെ മഹത്തായ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ ഒന്ന്.

**വഅൻ തസൂമു-ഖൈറുൻ ലകും-ഇൻകുൻതും തഅ്‌ലമൂൻ**

(എന്നാൽ ദൈവിക നിയമങ്ങൾ അനുസരിച്ച് കൊണ്ട് കേവലം ഒരു അനുഭാവിയായി നിൽക്കാതെ, ദാരിദ്ര്യത്തിനും അനീതിക്കും, അക്രമത്തിനും, അന്ധവിശ്വാസത്തിനും, അനാചാരങ്ങൾക്കും, മറ്റു മനുഷ്യാവകാശ ലംഘനങ്ങൾക്കും എതിരായി പോരാടുക. അതിനു വേണ്ട കൂട്ടായ പരിശീലനം വേദഗ്രന്ഥത്തിലൂടെ നേടുക) സമഗ്രദാരിദ്ര്യനിർമ്മാർജ്ജന പരിശീലന പരിപാടികൾ കൂട്ടായി നടപ്പിലാക്കുക എന്നതാണ് നിങ്ങൾക്ക് കൂടുതൽ ഉത്തമമെന്ന് നിങ്ങൾ മനസ്സിലാക്കുകയും ചെയ്യുക.

**(2:185) ശഹറു റമളാനല്ലദി-ഉൻസില ഫീഹിൽ ഖുർആനു - ഹുദൻലിന്നാസി-വബയ്യിനാത്തിൻ മിനൽ ഹുദാ വൽഫുർഖാൻ**

(അറിവില്ലായ്മ, ദാരിദ്ര്യം, പട്ടിണി, തൊഴിലില്ലായ്മ, ഭക്ഷ്യക്ഷാമം, അവയെ തുടർന്നുണ്ടാകുന്ന, അക്രമങ്ങൾ, അനീതി അതിഭീകരമായ രക്ത ചൊരിച്ചിലുകൾ (ഗോത്ര യുദ്ധങ്ങൾ) അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ, പെൺശിശുഹത്യകൾ, മറ്റു മനുഷ്യാവകാശ ലംഘനങ്ങൾ എന്നിവ കൊണ്ടെല്ലാം ജനങ്ങൾ പ്രയാസപ്പെട്ട) 'പൊറുതിമുട്ടിയ' ഒരു സാഹചര്യത്തിലാണ്, മാനവരാശിക്ക് മാർഗദർശനമായി വിശുദ്ധഖുർആൻ അവതരിപ്പിക്കപ്പെട്ടത്.

('നിങ്ങൾക്കെല്ലാം വളരെ സുപരിചിതമായ, ചൂടുപിടിച്ച ഒരു കാലഘട്ടത്തിലാണു) (രക്ത പങ്കിലമായ ഒരവസ്ഥയിലാണ് - (കുപ്രസിദ്ധമായ ഒരു കൊടും വേനലിലാണ് അഥവാ) ശഹറു റംസാനിലാണ് ജനങ്ങൾക്ക് ഒരു മാർഗ്ഗദർശനമായിക്കൊണ്ടും സത്യവും, അസത്യവും വേർതിരിച്ചുകാണിക്കുന്ന സുവ്യക്ത തെളിവുകളുള്ള ഒരു ന്യായപ്രമാണം എന്ന നിലക്കും വിശുദ്ധ ഖുർആൻ അവതരിപ്പിക്കപ്പെട്ടത്'.

(ചരിത്രത്തിൽ ജാഹിലീയ്യ കാലഘട്ടം - ഇരുണ്ട യുഗം - അന്ധകാരയുഗം (Period of Ignorance) എന്നൊക്കെ അറിയപ്പെടുന്ന (AD 450 - AD 570) ഒരു കാലഘട്ടത്തിലാണ് പ്രവാചകൻ മക്കയിൽ ജനിച്ചത്. ദൈവദൂതന്റെ (ഖുർആന്റെ) ഏറ്റവും വലിയ നേട്ടമായി ചരിത്രത്തിൽ നമുക്ക് കാണാൻ കഴിയുന്നത് നബി അറേബ്യയിലെ (ലോകത്തിലെ) അന്ധകാരം അവസാനിപ്പിച്ചു എന്നതാണ്. കൂടുതൽ വിവരത്തിന് 'ഇസ്ലാമികഭരണത്തിന്റെ അവസാനവും അഹ്‌ലുസുന്നത്തുവൽ ജമാഅത്തിന്റെ ആരംഭവും' എന്ന ഗ്രന്ഥവും ഇസ്ലാമും ജനാധിപത്യവും - 'വുളുവിന്റെ സത്യം' എന്നീ ഗ്രന്ഥങ്ങളും പരിശോധിക്കുക www.khur-aan-sunnath society.com, www.aastana.com)

**ഫമൻ - ശഹിദ - മിൻകുമുശ്ശഹറ - ഫൽ - യസുംഹു -**

(അതുകൊണ്ട്) ആരെങ്കിലും അത്തരമൊരു (തിന്മയുടെ) സാഹചര്യത്തിന് സാക്ഷിയായാൽ അവൻ അതിനെ തടുത്തുനിർത്തട്ടെ

(അക്രമവും അനീതിയും കണ്ടാൽ സ്വയം അതിൽ നിന്ന് മാറി നിൽക്കുകയും അത് ചെയ്യുന്നവരെ അതിൽ നിന്ന് തടയുകയും ചെയ്യേണ്ടത് സത്യവിശ്വാസികളുടെ ബാധ്യതയാണ്). (അല്ലാതെ, റംസാൻ മാസത്തെ തടുക്കട്ടെ എന്നല്ല അർത്ഥം. നബിയുടെ മരണം കഴിഞ്ഞ് സുമാർ നാൽപ്പത് വർഷം കഴിഞ്ഞപ്പോൾ ഖലീഫാ ഉമറിന്റെ പേരിൽ അമവി അറബികൾ ഉണ്ടാക്കിയ ഹിജ്റ കലണ്ടർ അനുസരിച്ചുള്ള റംസാൻ മാസത്തിൽ പകൽ മുഴുവനും അവൻ പട്ടിണി കിടക്കട്ടെ എന്നല്ല അർത്ഥം. ഒരു നിമിഷത്തെയോ, ഒരു മണിക്കൂറിനെയോ, ഒരു ദിവസത്തെയോ, ഒരു മാസത്തെയോ തടുക്കാൻ നമുക്കാവില്ല. അതേ സമയം ആ സമയത്തു നടക്കുന്ന തിന്മകളെ തടുത്തു നിർത്താൻ നമുക്കു കഴിയും. ഫമൻ-ശഹിദ-മിൻകുമുശ്ശഹറ-ഫൽ-യസുംഹു- അതുകൊണ്ട് ആ മാസത്തിൽ

– റംളാൻ മാസത്തിൽ നിങ്ങൾ 'ഹാജരുണ്ടെങ്കിൽ' – 'നിങ്ങൾ ജീവനോടെയുണ്ടെങ്കിൽ ആ മാസത്തെ നിങ്ങൾ നോൽക്കുക' എന്നത് ഒരു വികലമായ ശൈലിയും പരിഭാഷയുമാണ്. ഖുർആനിലുള്ള എല്ലാ കൽപ്പനകളും ജീവിച്ചിരിക്കുന്നവർക്കു വേണ്ടി മാത്രമുള്ളതാണ്.) സത്യവും നീതിയും പ്രോത്സാഹിപ്പിക്കുന്ന-നന്മയെ പ്രോത്സാഹിപ്പിക്കുകയും തിന്മയെ തടയുകയും ചെയ്യുന്ന ഒരു സമൂഹം എന്നും ഈ ഭൂമിയിൽ ഉണ്ടാകണം. ഖുർആന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ ഒന്നാണത്. (11:116), (3:110), (3:104), (3:114), (4:85), (5:2), (9:67), (9:71), (7:199), (7:157), (16:89), (23:96), (13:22), (16:90)/(2:257) (5:15) (6:122) (14:1,5) (33:43) (57:19) (65:11).

**വമൻകാന മരീളൻ – ഔ – അലാ സഫരിൻ – ഫ- ഇദ്ദത്തുമിൻ – അയ്യാമിൻ – ഉഖ്ർ**

നിങ്ങളിൽ ആരെങ്കിലും രോഗിയാവുകയോ, യാത്രയിലാവുകയോ ചെയ്താൽ (അത്തരം ശാരീരിക മാനസിക വൈകല്യങ്ങളെയൊക്കെ അതിജീവിച്ച ശേഷം) മറ്റ് ദിവസങ്ങളിൽ – മറ്റൊരു ഘട്ടത്തിൽ ആ തീവ്ര പരിശീലന പരിപാടിയിൽ (അൽ സിയാമിൽ) അവർ പങ്കുചേരേണ്ടതാണ്.

**യുരീദുല്ലാഹു-ബികുമുൽ-യുസ്റ-വലാ യൂരീദുബികുമുൽ – ഉസ്റ**

(ഇത്തരം ഒരു ശിക്ഷണ പരിപാടിയിലൂടെ (ഈ രീതിയിലുള്ള സംഘടിതവും കർശനവുമായ-ഖുർആനിന്റെ അടിസ്ഥാനത്തിലുള്ള സമഗ്ര ദാരിദ്ര നിർമ്മാർജ്ജന പരിശീലന പരിപാടികളിലൂടെ) നിങ്ങൾക്ക് ആശ്വാസമുണ്ടാകുവാനാണ് (പ്രയാസരഹിതമായ ഒരു ജീവിതം) ഉണ്ടാക്കുവാനാണ് അല്ലാഹു ഉദ്ദേശിക്കുന്നത്. നിങ്ങൾക്ക് പ്രയാസമുണ്ടാക്കുവാൻ അല്ലാഹു ഉദ്ദേശിക്കുന്നില്ല.

**വലി-തുക്മിലുൽ ഇദ്ദത്ത – വലി തുകബ്ബിറുല്ലാഹ-അലാമാ-ഹദാക്കും-വലഅല്ലകും-തശ്കുറൂൻ.**

നിങ്ങൾ ആ പരിശീലനം (Intensive Training Programme) പൂർത്തിയാക്കുവാനും നിങ്ങൾക്ക് (വേദഗ്രന്ഥത്തിലൂടെ) സന്മാർഗ്ഗം കാണിച്ചുതന്നതിന്റെ പേരിൽ അല്ലാഹുവിന്റെ മഹത്വം നിങ്ങൾ പ്രകീർത്തിക്കുവാനും (അങ്ങനെ നിങ്ങൾക്ക് കിട്ടിയ വേദഗ്രന്ഥം ഉപയോഗിച്ച് പ്രയാസരഹിതമായ – സന്തോഷനിർഭരമായ – ഒരു സമാധാന ജീവിതം നിങ്ങൾക്ക് നൽകിയതിന്) അല്ലാഹുവിനോട് നന്ദിയുള്ളവരായിരിക്കാനും വേണ്ടിയാണ്, (അവൻ ഇത്തരത്തിലുള്ള ദാരിദ്ര്യനിർമ്മാർജ്ജന പരിശീലന പരിപാടികൾ (അൽസിയാം) നിങ്ങൾക്ക് നിയമമാക്കിയത്).

## അല്ലാഹു എവിടെ എന്നതിന് ഖുർആന്റെ മറുപടി

**(2:186) വ-ഇദാ-സഅലക-ഇബാദീ-അന്നീ-ഫ-ഇന്നീ-ഖരീബുൻ-ഉജീബു-ദഅ്വത്ത-ദാഈ- ഇദാ-ദആനീ-ഫൽയസ്തജീബൂലീ-വൽയുഉ്മിനൂബി-ല അല്ലഹും യർശദൂൻ;**

'എന്നെപ്പറ്റി എന്റെ ദാസൻമാർ നിന്നോട് ചോദിച്ചാൽ ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവനാണ് എന്ന് നീ മറുപടി പറയണം. ഞാൻ അവന്റെ വിളിക്ക് ഉത്തരം നൽകുന്നതാണ്. അതുകൊണ്ട് (ഈ വേദഗ്രന്ഥത്തിലൂടെ ഞാൻ നടത്തിയ ആഹ്വാനങ്ങൾക്ക്) അവൻ എനിക്കുത്തരം നൽകുകയും, എന്നെ ഉപയോഗിച്ച് (എന്റെ വേദഗ്രന്ഥം ഉപയോഗിച്ച്) അവൻ സമൂഹത്തിൽ സമാധാനം കൊണ്ടുവരികയും ചെയ്യട്ടെ. അവർ സന്മാർഗ്ഗം പ്രാപിച്ചേക്കാം'.

വിളിക്കുന്നവൻ എന്നെ വിളിച്ചാൽ (ചോദിക്കുന്നവൻ ചോദിക്കേണ്ട രീതിയിൽ എന്നോട് ചോദിച്ചാൽ) ഞാൻ ഉത്തരം നൽകുന്നതാണ് എന്നാണ് ഖുർആൻ തുടർന്നു പറയുന്നത്. മാനവരാശിയുടെ ഐശ്വര്യം നിറഞ്ഞ ജീവിതത്തിന് വേണ്ടി ഈ പ്രപഞ്ചത്തിൽ ഒരുപാട് നിയമങ്ങളും ചട്ടങ്ങളും നടപടിക്രമങ്ങളും അല്ലാഹു സംവിധാനിച്ചിട്ടുണ്ട്. അവയെന്തെന്ന് ഖുർആനിലൂടെ പഠിപ്പിച്ചിട്ടുമുണ്ട്. ആ കൽപനകൾ ചെവികൊണ്ടാൽ സമാധാനത്തോടെ ഭൂമിയിൽ നിങ്ങൾക്ക് സസുഖം വാഴാം. അല്ലാഹുവിനെ കാണാം. ഇവിടെ നമുക്കു സന്തോഷകരവും, സംതൃപ്തവുമായ ഒരു സമാധാന ജീവിതം കിട്ടിയാൽ പരലോകത്തും അതുതന്നെ ആവർത്തിക്കും. അതിൽപരം മോക്ഷം എന്തുണ്ട്.

**(2:187) ഉഹില്ല-ലകും-ലൈലത്തസ്സിയാമി-അർറഫസു-ഇലാ-നിസാഇകും.**

അർത്ഥം: – അജ്ഞാന കാലത്ത് (അന്ധകാരയുഗത്തിൽ-അറേബ്യയിലെ ദാരിദ്ര്യവും, പട്ടിണിയും ഗോത്രയുദ്ധങ്ങളും, കൂട്ടക്കുരുതികളും, അക്രമങ്ങളും, അനീതികളും മറ്റു മനുഷ്യാവകാശലംഘനങ്ങളും നിർമ്മാർജ്ജനം ചെയ്യാൻ മുഹമ്മദ്നബിയും കൂട്ടുകാരും രാവും പകലും അൽസിയാം (അൽഖുർആൻ) എന്ന അതിവിപ്ലവകരമായ ഒരു സമഗ്ര ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതി നടപ്പിലാക്കിയ കാലത്ത്)

(മാനവരാശിയുടെ സാംസ്കാരികവും ഭൗതികവുമായ ദാരിദ്ര്യം ഇല്ലായ്മ ചെയ്യാൻ അല്ലാഹുവിന്റെ ഒരു സമഗ്ര-ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി (അൽസിയാം=അഥവാ വിശുദ്ധ ഖുർആൻ) അവതരിപ്പിക്കപ്പെട്ടതുകൊണ്ട് ലൈലത്തസ്സിയാം എന്ന അപരാഭിധാനത്താൽ അറിയപ്പെട്ട ആ ജാഹിലിയ്യാ കാലഘട്ടത്തിൽ)

അസ്സിയാം (മാനവരാശിയുടെസമഗ്ര ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുള്ള രൂപരേഖ- അഥവാ വിശുദ്ധ ഖുർആൻ അവതരിക്കപ്പെട്ട ഇരുണ്ട കാലഘട്ടത്തിൽ) (AD 450-AD 570) ദുർബല ജനവിഭാഗങ്ങളോട് (അന്നിസാഇനോട്) മോശമായിപ്പെരുമാറുക എന്നത്, നിയമവിധേയമായി നിങ്ങൾ (സ്വയം) കരുതിയിരുന്നു. (പാവങ്ങളോട് എത്ര മോശമായും പെരുമാറാം - പാവങ്ങളെ എന്തും ചെയ്യാം എന്നൊരു ചിന്താഗതി-അവരെ കൊച്ചാക്കി സംസാരിക്കാം എന്നൊരു ധാരണ ആ സമൂഹത്തിൽ നിലനിന്നിരുന്നു. (അത് വലിയ ഒരു തെറ്റാണെന്ന് നിങ്ങൾ മനസ്സിലാക്കുക.)

**ഹുന്ന-ലിബാസുൻലകും-വഅൻതും-ലിബാസുൻ-ലഹുന്ന**

അവർ നിങ്ങൾക്കുള്ള വസ്ത്രമാകുന്നു. നിങ്ങൾ അവർക്കും ഒരു വസ്ത്രമാകുന്നു. (വസ്ത്രം നമ്മുടെ അത്യന്താപേക്ഷിതമായ ഒരു ഘടകമാണ്. അത് നമ്മുടെ ന്യൂനതകൾ മറച്ചുപിടിക്കുന്നു. നമ്മുടെ കുറവുകൾ നികത്തുന്നു. നമുക്ക് ഭംഗിയും സംരക്ഷണവും നൽകുന്നു. വസ്ത്രങ്ങൾ എപ്പോഴും നമ്മോട് ഒട്ടിച്ചേർന്നിരിക്കുന്നു. സമൂഹത്തിലെ ദുർബല ജനവിഭാഗങ്ങളെ, സമ്പന്നനായ ആണും പെണ്ണും തങ്ങൾക്കിഷ്ടപ്പെട്ട സ്വന്തം വസ്ത്രം പോലെ പരിഗണിക്കണം എന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്).

**അലിമല്ലാഹു-അന്നക്കും-കുൻതും തഖ്താനൂന-അൻ ഫുസക്കും-ഫതാബ അലൈക്കും - വ എഫാ എൻക്കും.** നിങ്ങൾ നിങ്ങളോടു തന്നെ (നിങ്ങളുടെ പ്രത്യയശാസ്ത്രത്തോട്) വഞ്ചന കാട്ടുകയാണെന്ന് അല്ലാഹു അറിഞ്ഞിരിക്കുന്നു.

(ഓരോ വിശ്വാസിയും ഖുർആൻ എന്ന അല്ലാഹുവിന്റെ ആത്മാവിനെ - ഖുർആൻ എന്ന പ്രത്യയശാസ്ത്രത്തെ (3:30) പഠിച്ച് സ്വന്തം ആത്മാവിൽ ആവാഹിക്കണം. ദുർബ്ബല ജനവിഭാഗങ്ങളോട് മോശമായി പെരുമാറുന്നതിലൂടെ നിങ്ങൾ നിങ്ങളോട്, തന്നെയാണ് മോശമായി പെരുമാറുന്നത്. പാവപ്പെട്ടവരെ അവഹേളിക്കുമ്പോൾ നിങ്ങൾ നിങ്ങളെത്തന്നെയാണ് അവഹേളിക്കുന്നത് എന്ന തിരിച്ചറിവ് നിങ്ങൾക്കുണ്ടാകണം. നിങ്ങൾ നിങ്ങളുടെ പ്രത്യയശാസ്ത്രത്തെ - ഖുർആനിനെ വഞ്ചിക്കുമ്പോൾ നിങ്ങളെത്തന്നെയാണ് വഞ്ചിക്കുന്നത്. താഴെക്കിടയിലുള്ളവരെ വഞ്ചിക്കുമ്പോൾ നിങ്ങൾ സ്വയം വഞ്ചിക്കപ്പെടുകയാണ് എന്ന തിരിച്ചറിവ് നിങ്ങൾക്കുണ്ടാകണം). ആ ആത്മവഞ്ചന സ്വയം മനസ്സിലാക്കിയതിനാൽ (നിങ്ങൾ പ്രായശ്ചിത്തം ചെയ്യാൻ തീരുമാനിച്ചതിനാൽ-4:17 , 4:18) നിങ്ങളുടെ പശ്ചാത്താപം അല്ലാഹു സ്വീകരിക്കുകയും, നിങ്ങളുടെ പാപങ്ങൾ അവൻ) നിങ്ങൾക്ക് പൊറുത്തുതരികയും ചെയ്തിരിക്കുന്നു.

**ഫതാബ അലൈക്കും-വ-അഫാ-എൻക്കും - 'അല്ലാഹു നിങ്ങളിലേക്ക് മടങ്ങി വന്നിരിക്കുന്നു നിങ്ങൾക്ക് പൊറുത്തു തരികയും ചെയ്തിരിക്കുന്നു'.**

അല്ലാഹു നിങ്ങളുടെ പാശ്ചാത്താപം സ്വീകരിച്ചിരിക്കുന്നു. (യഥാർത്ഥത്തിൽ അല്ലാഹു എന്നു പറഞ്ഞു ഖുർആൻ പരിചയപ്പെടുത്തുന്നത് മുഴുവൻ അല്ലാഹുവിന്റെ കാണുന്ന ഭാഗമായ ഈ പ്രകൃതിയും, മനുഷ്യനും, വിശുദ്ധ ഖുർആനിലുള്ള നിയമങ്ങളുമാണ്. ഇതെല്ലാം ഒന്നായി നിൽക്കുന്ന അവസ്ഥയാണ് ഇസ്ലാം-അഥവാ ശാന്തി. ഖുർആൻ അനുസരിച്ച് നാം ജീവിക്കുമ്പോൾ നാം ഒരു മുസ്ലീം (സമൂഹത്തിനു 'സമാധാനം നൽകുന്നവൻ') ആയി മാറുന്നു. ഖുർആൻ നമ്മിൽ നിന്നകലുമ്പോൾ നാം സമൂഹത്തിൽ ഒരു പ്രശ്നമായി മാറുന്നു - മൃഗമായി മാറുന്നു. 'അല്ലാഹു നിങ്ങളിലേക്ക് മടങ്ങി വരിക' എന്നു പറഞ്ഞാൽ ഖുർആനികാശയങ്ങൾ നിങ്ങളുടെ ജീവിതത്തിലേക്കു തിരിച്ചുകൊണ്ടുവരിക എന്നാണ്.

**ഫൽആന-ബാശിറൂഹുന്ന-വബ്തഗൂ-മാ-കതബല്ലാഹുലകും**

അതുകൊണ്ട് ഇനിമുതൽ നിങ്ങൾ ആ ദുർബല ജനവിഭാഗങ്ങളോട് ഉറ്റ സൗഹൃദം സ്ഥാപിക്കുകയും (അവർക്ക് സന്തോഷവാർത്തകൾ നൽകുന്നവരായിക്കൊണ്ട്) (ഈ വേദഗ്രന്ഥത്തിലൂടെ) അല്ലാഹു നിങ്ങൾക്കു നിയമമാക്കിയതു പ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും അനുഗ്രഹങ്ങളും) തേടിക്കൊള്ളുകയും ചെയ്യുക.)

വ കുലൂ-വഷറബൂ-നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്യുക. (ഇതു ആമാശയത്തിലേക്കുള്ള തീറ്റയും കുടിയും അല്ലെന്ന് തുർന്നുവരുന്ന വചനങ്ങൾ നമുക്ക് മനസ്സിലാക്കിത്തരുന്നു. ഖുർ

ആൻ പ്രതിപാദിക്കുന്ന തീറ്റയും കുടിയും 95 ശതമാനം സന്ദർഭങ്ങളിലും വയറ്റിലേക്കുള്ള തീറ്റയും കുടിയുമല്ല. മറിച്ച് ഹൃദയത്തിലേക്കുള്ള (ചിന്തയിലേക്കുള്ള) തീറ്റയും കുടിയുമാണ്. അഥവാ വേദം പഠിക്കലും അത് ഉൾക്കൊള്ളലുമാണ്.

**വകുലൂ-വശ്റബൂ-ഹത്താ-യതബയ്യനലകുമുൽ ഖൈത്തുൽ അബ്‌യളു-മിനൽ ഖൈത്തുൽ അസ്‌വദി-മിനൽ ഫജ്‌രി - സുമ്മ - അതിമ്മുസ്സിയാമ-ഇലല്ലൈലി**

വേദവചനങ്ങളാകുന്ന വെള്ളനൂൽ, സമൂഹത്തിലെ തിന്മകളാകുന്ന ആ കറുത്ത നൂലുകളെ തിരിച്ചറിയാനുള്ള കഴിവ് നിങ്ങൾക്ക് നൽകിയാൽ, അങ്ങനെ ഒരു ഖുർആനിക പുലരി (ഖുർആനിന്റേയതായ ഒരു നവയുഗം ഇവിടെ സംജാതമാകുകയും ചെയ്താൽ) കാലാകാലങ്ങളിലായി സമൂഹത്തിൽ വരാൻ സാധ്യതയുള്ള അത്തരം ഇരുട്ടുകൾ (അൽ-ലൈൽ) ഇല്ലാതാക്കേണ്ടതിലേക്ക് അൽസിയാം എന്ന സമഗ്ര ദാരിദ്ര്യ നിർമ്മാർജ്ജന പരിശീലനം (വിശുദ്ധ ഖുർആൻ) നിങ്ങൾ പൂർത്തിയാക്കി വയ്ക്കുക. (അഥവാ വിശുദ്ധ ഖുർആനിൽ പൂർണ്ണ അവഗാഹം നിങ്ങൾ നേടി വെയ്ക്കുക.)

**വ-ലാ തുബാശിറൂഹുന്ന-വ-അൻതും-ആകിഫുനഫിൽ മസാജിദി**

നിങ്ങൾ ദൈവികനിയമങ്ങൾ നടപ്പിൽ വരുത്താനുള്ള അണിയറ പ്രവർത്തനങ്ങളിൽ മുഴുകിയിരിക്കേ, (ആ പദ്ധതികൾ നടപ്പിൽ വരുത്തുന്നതിന് മുമ്പായി) ആദുർബല ജനവിഭാഗങ്ങൾക്ക് (വമ്പിച്ച വാഗ്ദാനങ്ങളാകുന്ന) സന്തോഷവാർത്തകൾ നൽകരുത്.

(വിശുദ്ധ ഖുർആനിലെ ഓരോ നിയമങ്ങളും മനുഷ്യന് ജീവിതത്തിൽ നടപ്പാക്കാനുള്ളതാണ്. അതിൽ വേദവിജ്ഞാനം വേണ്ടത്ര ലഭിച്ചിട്ടില്ലാത്ത ദുർബല ജനവിഭാഗങ്ങളെ (അന്നിസാഉകളെ) അർറിജാലുകളാക്കി  (ധീരന്മാരും, തന്റേടികളും സമൂഹത്തിന് ഉപകാരമുള്ളവരുമാക്കി) മാറ്റാനുള്ള നിയമങ്ങളാണധികവും. നടപ്പാക്കാൻ പറ്റാത്ത പദ്ധതികളെക്കുറിച്ച് മോഹനവാഗ്ദാനങ്ങൾ നൽകി നിങ്ങളുടെ കീഴിലുള്ള ദുർബലജന വിഭാഗങ്ങളെ നിങ്ങൾ നിരാശരും ശുഭാപ്തി വിശ്വാസം ഇല്ലാത്തവരും ആക്കരുത് എന്നു സാരം.)

**തിൽക്ക-ഹുദൂദുല്ലാഹി-വ-ലാ തഖ്‌റബൂഹാ**

അല്ലാഹുവിന്റെ നിയമപരിധികളാണ് അതെല്ലാം. (അതുകൊണ്ട് നിങ്ങൾ ആ പരിധികളെ അതിലംഘിക്കാൻ  അവയോടടുക്കരുത്.

**കദാലിക്ക-യുബയ്യിനുല്ലാഹു ആയാത്തിഹീ-ലിന്നാസി-ല അല്ലഹും-യത്തഖൂൻ-**

(ഇതൊക്കെ ശ്രദ്ധിച്ചു കേട്ട് മനസ്സിലാക്കി) ജനങ്ങൾ ശ്രദ്ധയുള്ളവരായേക്കാം എന്നത് കൊണ്ടാണ് ഈ രീതിയിലൊക്കെ അല്ലാഹുവിന്റെ വചനങ്ങൾ അവൻ നിങ്ങൾക്കു വിശദീകരിച്ചു തരുന്നത്.

**വ-ലാ-തഅ്കുലൂ- അംവാലക്കും-ബൈനക്കും-ബിൽ ബാത്വിലി-വതദ്‌ലൂ-ബിഹാ-ഇലൽഹുക്കാമി-ലി-തഅ്കുലൂ-ഫരീഖൻ-മിൻ-അംവാലിന്നാസി-ബിൽ-ഇസ്മി-വ-അൻതും-തഅ്‌ലമൂൻ.**

'നിങ്ങളുടെ മുതലുകൾ അന്യായമായി നിങ്ങൾ അന്യോന്യം തിന്നരുത്. അറിഞ്ഞുകൊണ്ടുതന്നെ ജനങ്ങളുടെ സ്വത്തുക്കളിൽ നിന്ന് (പൊതുമുതലുകളിൽ നിന്ന്) വല്ലതും അധാർമ്മികമായി നേടിയെടുത്ത് സ്വന്തമാക്കാൻ (കൈക്കൂലി നൽകിക്കൊണ്ട്) അതിൽ ഒരു വിഹിതവുമായി ഭരണകർത്താക്കളെ നിങ്ങൾ സമീപിക്കുകയും ചെയ്യരുത്.'

## ഖുർആനിലെ 'ശിക്ഷാ' നോമ്പുകൾ

### ശിക്ഷയും ശിക്ഷണങ്ങളും ആരാധനകളായപ്പോൾ...!!

അല്ലാഹുവിനെ ആരാധിക്കുന്നതിന്റെ ഭാഗമായി, ദൈവത്തെ തൃപ്തിപ്പെടുത്താൻ വേണ്ടി - ജീവിതത്തിൽ ഒരു ദിവസം പോലും പട്ടിണി കിടക്കാനുള്ള ഒരു കൽപനയും ഒരു വേദഗ്രന്ഥത്തിലും അല്ലാഹു അവതരിപ്പിച്ചിട്ടില്ല, എന്നു മാത്രമല്ല മനുഷ്യരെ - ദൈവദൂതൻമാരെപ്പോലും (സമയാസമയങ്ങളിൽ) ആഹാരം കഴിക്കുന്ന ഒരു പ്രകൃതത്തോടുകൂടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടുമില്ല എന്നുമാണ് ഖുർആനിലൂടെ അല്ലാഹു പഠിപ്പിക്കുന്നത്. 'ജീവിതം ചൈതന്യമാണ്. കർമ്മനിരതമാണ് വിശ്രമമെന്ന ഒന്ന് അതിലില്ല. ഉണ്ടെങ്കിൽ അതിന്റെ പേരാണ് മരണം'. എന്നു വിശ്വമഹാകവി അല്ലാമാ ഇക്ബാൽ പാടിയിട്ടുണ്ട്. നിരന്തരം നിഷ്കാമ കർമ്മം ചെയ്യാനാണ് ഖുർആനും നമ്മോട് ആവശ്യപ്പെടുന്നത്. പ്രവർത്തിക്കാൻ ഊർജ്ജം വേണം. പ്രവർത്തി ചെയ്യാനുള്ള കഴിവിനെ ഊർജ്ജം എന്നു ശാസ്ത്രം നിർവചിക്കുന്നു. നമ്മുടെ ശരീരത്തിന് ഊർജ്ജത്തിന്റെ ആവശ്യം വരുമ്പോൾ നമുക്ക് വിശക്കുന്നു. ഭക്ഷണം കഴിക്കാൻ പ്രകൃതിയിലൂടെ അല്ലാഹു നമ്മോട് ആവശ്യപ്പെടുന്നു. നമുക്ക് ദാഹിക്കുമ്പോൾ വെള്ളം കുടിക്കാൻ പ്രകൃതിയിലൂടെ അല്ലാഹു നമ്മോട് ആവശ്യപ്പെടുന്നു. നമുക്ക് മല-മൂത്ര-വിസർജ്ജനത്തിന്റെ സമയമായാൽ ഒട്ടും വൈകാതെ പ്രകൃതി-പ്രകൃതിയിലൂടെ അല്ലാഹു

നമ്മെ വിളിക്കുന്നു.! അതാണ് പ്രകൃതിമതം. പ്രകൃതിയെ ധിക്കരിക്കുന്ന ഒരൊറ്റ നിയമം പോലും ഖുർആനിൽ എവിടെയുമില്ല.

ജാതിമത ഭേദമന്യേ എല്ലാ മനുഷ്യരുടെയും അടിസ്ഥാന ആവശ്യമാണ് ഭക്ഷണം - വസ്ത്രം- പാർപ്പിടം (20:115-125). ആദമിനോട് - ആദിമമനുഷ്യസൂഹത്തോട് - വിദ്യാസമ്പന്നനായ മനുഷ്യനോട് ദൈവം ഉണർത്തുന്നതും അതുതന്നെയാണ്. അല്ലാഹുവിന്റെ കാണുന്ന ഭാഗമായ ഈ പ്രകൃതി അനുഗ്രഹങ്ങളുടെ ഒരു 'അക്ഷയപാത്ര'(അൽകൗസർ) മാണ്. അത് ജാതിമത ഭേദമന്യേ അധ്വാനിക്കുന്നവർക്ക് അവകാശപ്പെട്ടതാണ്. എന്നാൽ ഓരോ ആദമിനും-ഓരോ മനുഷ്യനും, വിശക്കാതെയും ദാഹിക്കാതെയും, വെയിൽക്കൊള്ളാതെയും സുഖമായി (സംതൃപ്തമായി) ജീവിക്കാനുള്ള വക ഈ പ്രകൃതിയിൽ അല്ലാഹു സംവിധാനിച്ചിട്ടുണ്ട്. 'മാത്സ'ര്യങ്ങളില്ലാതെ-വിവേചനരഹിതമായി ചൂഷണം ചെയ്യാതെ - അല്ലാഹു ഖുർആനിലൂടെ അപായ സൂചന നൽകിയ കാമം, ക്രോധം, മോഹം എന്നിങ്ങനെയുള്ള വളങ്ങളാൽ നട്ടുവളർത്തപ്പെടുന്ന-അപകടം, അപകടമരണങ്ങൾ, നാണക്കേടുകൾ, തീരാദുരിതങ്ങൾ എന്നിവ സമ്മാനിക്കുന്ന - കൊല, വഞ്ചന, അസൂയ തുടങ്ങിയ കനികൾ വിളയുന്ന - മാനവരാശിക്കു തീരാദുഃഖങ്ങൾ സമ്മാനിക്കുന്ന ആ മരത്തോട്-ശിർക്കിന്റെ വൃക്ഷത്തോട്-നിങ്ങൾ അടുക്കരുതെന്നാണ് ഖുർആൻ കൽപിക്കുന്നത്. അത്യാഗ്രഹങ്ങളും ദുരാഗ്രഹങ്ങളുമില്ലാതെ സംതൃപ്തിയോടെ ജീവിച്ചുകൊണ്ട് ഓരോരുത്തരും ഈ ഭൂമിയെ- സ്വന്തം ഭൂമികയെ ഒരു ഏദൻ തോട്ടമാക്കണം; ഭൂമിയിൽ സ്വർഗ്ഗം പണിയണം. ഇതാണ് ഓരോ മനുഷ്യനിൽ നിന്നും ദൈവം ആവശ്യപ്പെടുന്നത്; അതല്ലാതെ വേദഗ്രന്ഥത്തിലില്ലാത്ത, പ്രകൃതിയിലില്ലാത്ത - യാതൊരുനുഷ്ഠാനങ്ങളും ചടങ്ങുപ്രാർത്ഥനകളും ഖുർആൻ മനുഷ്യരുടെ തലയിൽ വെച്ചുകെട്ടുന്നില്ല. അതുകൊണ്ടുതന്നെ അഹ്ലുസ്സുന്നത്തിന്റെ പുരോഹിതൻമാർ പഠിപ്പിച്ച ഒരു ആരാധനയും (നമസ്കാരം, നോമ്പ്, ഹജ്ജ്, ബാങ്ക് എന്നിങ്ങനെ ഖുർആനിൽ കാണുക സാധ്യവുമല്ല. **ചുരുക്കത്തിൽ മനുഷ്യരുടെ അടിസ്ഥാനാവശ്യങ്ങളായ ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നിവയെ നിരാകരിക്കുന്ന ഒരു ആരാധനാ രീതിയും ഖുർആനും മുഹമ്മദ്നബിയും പഠിപ്പിക്കുന്നില്ല. ദൈവനാമത്തിൽ ഭക്ഷണം കഴിക്കാതിരിക്കലും, ആരാധനാ ഭ്രാന്ത് മൂത്ത് 'ദിഗംബരനാ'വലും വീടും നാടുമൊക്കെ വിട്ട് സന്യാസിയാവലും, 'നിസ്കരിക്കാൻ' വേണ്ടി ജോലി മാറ്റിവെക്കലുമൊക്കെഖുർആനിക ദൃഷ്ട്യാ കൊടിയ ശിർക്കും, മഹാപാതകവുമാണ് എന്ന് സാരം.**

ആദിമമനുഷ്യ സമൂഹത്തിൽ മാത്സര്യങ്ങൾ ഉണ്ടായിരുന്നില്ല. എന്നാൽ മനുഷ്യസമൂഹം വളരാൻ തുടങ്ങിയപ്പോൾ ആഗ്രഹങ്ങളും ആവശ്യങ്ങളും വർദ്ധിച്ചു. ഒപ്പം മാത്സര്യബുദ്ധിയും മത്സരവും, പരസ്പരമുള്ള ചൂഷണങ്ങളും ഏറിവന്നു. പ്രകൃതിയും പ്രകൃതിവിഭവങ്ങളുമൊന്നും തന്റേതല്ലെന്നും അത് ദൈവത്തിന് മാത്രം അവകാശപ്പെട്ടതാണെന്നും, അല്ലാഹുവാണ് ഈ ഭൂമിയിലെ സർവ്വചരാചരങ്ങളുടെയും യഥാർത്ഥ അനന്തരാവകാശി എന്ന വേദപാഠം മനസ്സിലാക്കിക്കൊണ്ട് പരസ്പരം ചൂഷണം ചെയ്യാതെ വേദഗ്രന്ഥമനുസരിച്ച് എല്ലാവരും സഹകരിച്ച് ജീവിക്കണമെന്ന ഖുർആനിക പാഠം-വേദപാഠം മനുഷ്യർ മറന്നു. അതവർ മറന്നില്ലായിരുന്നുവെങ്കിൽ എല്ലാവർക്കും സുഭിക്ഷമായും സന്തോഷമായും മരണംവരെ ഈ ഭൂമിയിൽ സമാധാനത്തോടെ കഴിയാമായിരുന്നു. വേദഗ്രന്ഥം പഠിപ്പിക്കുന്ന അസ്സിയാമും അസ്സ്വലാത്തും, അൽഹജ്ജുമൊക്കെ നമ്മുടെ പൂർവ്വികർ മുറപോലെ ചെയ്തിരുന്നുവെങ്കിൽ അവർക്കിവിടെ അല്ലാഹുവിനെ കാണാമായിരുന്നു. പട്ടിണിയും പരിവട്ടവുമില്ലാത്ത - ദരിദ്രനാരായണൻമാരില്ലാത്ത-ഒരു സമൂഹം ഇവിടെ ഉണ്ടാകുമായിരുന്നു. സംശയമില്ല., വേദഗ്രന്ഥത്തിൽ നിന്നകലുക മൂലം നമ്മുടെ പൂർവ്വികർക്ക് എവിടെയൊക്കെയോ തെറ്റുകൾ പറ്റിയിട്ടുണ്ട്. നാം അതാവർത്തിക്കാൻ പാടില്ല. നാം അതു തിരുത്തണം എന്നാണ് ഖുർആൻ പറയുന്നത്. പണവും പ്രതാപവുമുണ്ടായിട്ടും, പണക്കാരായ നമ്മുടെ പൂർവ്വികർ മുറപ്രകാരം സ്വലാത്തും സിയാമും ഹജ്ജും ചെയ്യാത്തതുകൊണ്ടുമാണ് ഇവിടെ പട്ടിണിപ്പാവങ്ങളുണ്ടായത്. നമ്മുടെ പൂർവ്വികരുടെ തെറ്റുകൾ സ്വയം ഏറ്റെടുത്ത് അതിനൊരു പ്രായശ്ചിത്തമായി (ഫിദ്‌യ) ഇവിടെ നാം സിയാമും, സ്വലാത്തും, ഹജ്ജുമൊക്കെ ചെയ്യണം. അപ്പോൾ വീണ്ടും നമ്മുടെ ജീവിതം സ്വർഗ്ഗീയമാകും...!! ഉള്ളവനും ഇല്ലാത്തവനും സന്തോഷത്തോടെ ജീവിക്കുമ്പോൾ നമുക്കിവിടെ നമ്മുടെ അല്ലാഹുവിനെ, നമ്മിലൂടെ കാണാൻ കഴിയും. ഇതാണ് ഖുർആൻ പഠിപ്പിക്കുന്നത്. കോടാനുകോടി വർഷം കഴിഞ്ഞുണ്ടാകുന്ന പരലോകജീവിതത്തിലും ഈ ജീവിതത്തിലെ രക്ഷയും ശിക്ഷയും പോലെ സ്വർഗ്ഗവും നരകവും നമ്മുടെ കർമ്മങ്ങൾക്കനുസ

രിച്ച് ഉണ്ടാകും എന്നും ഖുർആൻ പഠിപ്പിക്കുന്നു. അപ്പോൾ അടിസ്ഥാനരഹതിമായ ആരാധനകളല്ല വേണ്ടത്. ന്യായമായ അനുസരണവും നിഷ്കാമമായ പ്രവർത്തനവുമാണ്. അപ്പോൾ മാത്രമാണ് നമ്മുടെ ജീവിതം സ്വർഗ്ഗീയമാകുന്നത്. അതിന്റെ അടിസ്ഥാന ഘടകങ്ങളിലൊന്നാണ് നമ്മുടെ ഭക്ഷണം. ഭക്ഷണമില്ലാത്ത അവസ്ഥ-പട്ടിണി, മനുഷ്യരുടെ ഏറ്റവും വലിയ ശത്രുവാകുന്നു. ദാരിദ്ര്യം അല്ലാഹുവിന്റെ ഏറ്റവും വലിയ ശത്രുവാകുന്നു. ആ പട്ടിണിയെ-നമ്മുടെ ശാരീരികവും മാനസികവുമായ പട്ടിണിയെ (ഭൗതികവും പ്രത്യയശാത്രപരവുമായ പട്ടിണിയെ) ഇല്ലാതാക്കാനാണ് നാം അൽ-സിയാം എന്ന വ്രതം അനുഷ്ഠിക്കേണ്ടത്. അത് പട്ടിണി കിടന്നുകൊണ്ടല്ല. ഖുർആൻ സൂക്തങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം. പ്രകൃതിയിൽ നിന്നും പാഠം പഠിച്ചുകൊണ്ടായിരിക്കണം, ആ പരിശീലനം നാം നേടേണ്ടത്. അല്ലാതെ അബൂഹുറൈറകൾ പഠിപ്പിച്ചതുപോലെ പട്ടിണി മാറ്റാനുള്ള മാർഗ്ഗം പട്ടിണി കിടക്കലല്ല. പട്ടിണി മാറ്റാൻ വേണ്ട കർമ്മപദ്ധതികൾ ആവിഷ്കരിക്കാൻ അല്ലാഹു പറഞ്ഞവനോട് 'നീ ഒരു മാസം പട്ടിണി കിടക്കൂ' എന്നു പറഞ്ഞത് മദ്യവിരുദ്ധസമിതിക്കാർ ഉപരോധത്തിനിറങ്ങുമ്പോൾ ഒരല്പം 'സേവിച്ചിട്ട് തുടങ്ങിക്കൊള്ളൂ' എന്നു പറയുന്നതിനേക്കാൾ പരിഹാസ്യവും ക്രൂരവും പൈശാചികവുമായിപ്പോയി എന്നുപറയാതെ വയ്യ.

ഖുർആനിലെ സൗം, അസ്സിയാം എന്നിങ്ങനെയുള്ള പദത്തിൽ 'തൂങ്ങി'യാണ് സുന്നി-ശിയാ പുരോഹിതന്മാർ റംസാൻ വ്രതം എന്ന ഉണ്ണാവ്രതത്തിനു കള്ളഹദീസിലൂടെ അടിസ്ഥാനമുണ്ടാക്കുന്നത്. അതിൽ അസ്സിയാം എന്ന പദം വന്ന സ്ഥലത്തുള്ള വ്രതം (സമഗ്രദാരിദ്രനിർമ്മാർജ്ജന പരിശീലന പരിപാടി) നാം കണ്ടു. അതേപോലെ മറിയമിന്റെ നോമ്പിനെക്കുറിച്ചും മറ്റു ശിക്ഷാ നോമ്പിനെക്കുറിച്ചും ചെറുതായൊന്നു പരാമർശിക്കാം. വിശദമായി മറ്റുസ്ഥലങ്ങളിൽ പ്രതിപാദിച്ചതിനാൽ അതിവിടെ വിശദമായി ആവർത്തിക്കുന്നില്ല.

## 'മറിയമി'ന്റെ വ്രതാനുഷ്ഠാനം.

വേദഗ്രന്ഥം പഠിപ്പിച്ചുകൊണ്ട്-വേദവചനങ്ങളുടെ അടിസ്ഥാനത്തിൽ-നാടിനും സമൂഹത്തിനും എന്നും ഉപകാരപ്പെടുന്ന രീതിയിൽ തന്റെ മകനെ വളർത്തി വലുതാക്കും എന്നൊരു പ്രതിജ്ഞ 'മറിയം' എടുത്തതായി ഖുർആൻ ഉണർത്തുന്നു (19:26)

ഇന്നീ-നദർത്തു-ലിറഹ്മാനി-സൗമൻ - 'പരമകാരുണികനായ അല്ലാഹുവിന് വേണ്ടി ഞാൻ ഒരു വ്രതം അനുഷ്ഠിക്കുവാൻ തീരുമാനിച്ചിരിക്കുന്നു'. എന്നു നീ പറയുക എന്ന് മറിയമിനോട് ഖുർആൻ കൽപിക്കുന്നു. അപ്പോൾ ഖുർആൻ പറയുന്നത് ശ്രദ്ധിക്കുക '(മർയമേ) നീ തിന്നുകയും കുടിക്കുകയും (നീ വേദഗ്രന്ഥം പഠിക്കുകയും അത് പ്രയോഗവൽക്കരിക്കുകയും, ആ വേദവിജ്ഞാനം നേടിക്കൊണ്ടിരിക്കുന്ന തന്റെ പൊന്നോമന മകനെ കാണുമ്പോൾ) കൺകുളിർക്കുകയും (സന്തോഷിക്കുകയും ചെയ്യുക). അതിനിടയിൽ (നിന്റെ സമൂഹത്തിലെ) (മനുഷ്യരിൽ) ആരെങ്കിലും നിന്നെ കാണുന്ന പക്ഷം പരമകാരുണികനുവേണ്ടി ഞാൻ ഒരു വ്രതം അനുഷ്ഠിച്ചുകൊണ്ടിരിക്കുകയാണെന്നും ആ വ്രതം അവസാനിക്കുന്നതുവരെ(ഈസ-(ജീസസ്)-എന്ന കുട്ടിയെ പരിപൂർണ്ണ വേദജ്ഞാനിയാക്കുന്നതുവരെ) ഞാൻ ആരോടും സംസാരിക്കില്ലെന്നും (ആശയ സംവാദത്തിനില്ലെന്നും) നീ പറഞ്ഞേക്കുക. തുടർന്ന് വേദജ്ഞാനിയായ തന്റെ മകനെയും കൂട്ടി 'മറിയം' ആ സമൂഹത്തിലേക്ക് ചെന്നപ്പോൾ - ഈസ എന്ന യുവാവ് - പുരോഹിതൻമാരുടെ ഭാഷയിൽ പറഞ്ഞാൽ 'തൊട്ടിലിൽ കിടക്കുന്ന ആ പൈതൽ'-കാൽ വെള്ളയുടെ ചുവപ്പ് മാറാത്ത ആ പയ്യൻ-അവരുടെ പൗരോഹിത്യത്തെയും വേദവിരുദ്ധമായ ആചാരാനുഷ്ഠാനങ്ങളെയും ചോദ്യം ചെയ്തപ്പോൾ, 'പിഴച്ചുപെറ്റ തള്ള'യെക്കാൾ മോശമായ രീതിയിലാണ് ആ സമൂഹം ഈസയോടും 'മറിയമി'നോടും പെരുമാറിയത് എന്നും തുടർന്ന് ഖുർആൻ പഠിപ്പിക്കുന്നു. എന്നാൽ ഇതൊന്നും സുന്നി-ശിയാ തഫ്സീറുകൾ കൊണ്ട് വികലമാക്കിയ നമ്മുടെ ഖുർആൻ പരിഭാഷകളിൽ നിങ്ങൾക്ക് കാണാൻ സാധ്യമല്ല.

മീഞ്ചന്തയിൽ (കോഴിക്കോട്) താമസിക്കുന്ന രണ്ട് യുവാക്കൾ നമ്മുടെ ഖുർആൻ സുന്നത്ത് പ്രസ്ഥാനത്തിലേക്ക് വന്നപ്പോൾ പ്രദേശത്തെ പള്ളിയിലെ ഖത്തീബ് അവരെ വിളിക്കുകയും ഖുർആൻ സുന്നത്ത് സൊസൈറ്റിയിൽ അംഗമായാൽ മയ്യത്ത് ഈ പള്ളിയിൽ ഖബറടക്കാൻ സമ്മതിക്കില്ലെന്നും ഖുർആൻ സുന്നത്തുകാരൻ ആവുന്നതിലും ഭേദം മദ്യപാനികളോ, കഞ്ചാവ് അടിക്കുന്നവരോ ആകുന്നതാണെന്നും പറയുകയുണ്ടായി. ഖുർആൻ വിരുദ്ധമായ ആചാരങ്ങളെ എതിർക്കുന്ന, ഖുർആൻ വിശ്വാസികളെ വളരെ മോശമായ രീതിയിലാണ് സുന്നി പുരോഹിതർ ഇന്നും നോക്കിക്കാണുന്നത്.

എന്നാൽ യഥാർത്ഥ വിശ്വാസികളെ അത്തരം ഭീഷണികളൊന്നും ബാധിക്കുകയുമില്ല. ഖുർആനിക ആശയങ്ങൾ സമൂഹത്തിൽ വ്യാപകമാവുമ്പോൾ ഇത്തരം ഇരുട്ടുകൾ താനെ അപ്രത്യക്ഷമായിക്കൊള്ളും.

പട്ടിണിനോമ്പുണ്ടാക്കാൻ അബൂഹുറയ്റ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന പദമാണ് സൗം. അസ്സൗമുലീ-വഅന-അജ്സി-ബിഹി...'നോമ്പ് (റംസാനിലെ 30 ദിവസത്തെ പകൽ പട്ടിണി) അത് എനിക്കുള്ളതാണ്, അതിന്റെ പ്രതിഫലം നൽകുന്നതും ഞാനാണ്'. ഈ ഹദീസ് ഒരു മുസ്ലിയാർ വിശദീകരിച്ചതുകേട്ടപ്പോൾ ഖുർആൻ സുന്നത്ത് സൊസൈറ്റിയുടെ നേതാവായിരുന്ന പുത്തൂർ പള്ളിക്കലെ പി.സി.മുഹമ്മദ്കുട്ടി ഹാജി, 'അപ്പോൾ സുന്നി മുസ്ലിംകളുടെ അഞ്ച് നേര നമസ്കാരം, ഹജ്ജ്, സുന്നത്ത് നമസ്കാരങ്ങൾ, സുന്നത്ത് നോമ്പുകൾ എന്നിവക്കെല്ലാമുള്ള പ്രതിഫലം നൽകുന്നത് ആരാടാ... അബൂഹുറൈറയുടെ ബാപ്പയാണോ...?' എന്നു മുസ്ലിയാരോട് ചോദിച്ചത് ഇന്നും ഞങ്ങൾക്കൊരു ഹരമുള്ള ഓർമ്മയാണ്. അതുപോലെ പട്ടിണിനോമ്പനുഷ്ഠിക്കുന്നവർക്ക് മരിച്ചുചെന്നാൽ സ്വർഗ്ഗത്തിൽ ഒരു പ്രത്യേക ഭവനമുണ്ടെന്നും റയ്യാൻ എന്ന ഒരു സ്പെഷൽ വാതിലിലൂടെയാണ് നോമ്പനുഷ്ഠിച്ച മുസ്ലികംൾ സ്വർഗ്ഗത്തിലേക്ക് കടക്കുക എന്നും മറ്റുമുള്ള പച്ച നുണകൾ നോമ്പിനു മാർക്കറ്റുണ്ടാക്കാൻ വേണ്ടി അബൂഹുറയ്റ തന്നെ ധാരാളം എഴുതിവിട്ടിട്ടുണ്ട്.

'അയൽക്കാരൻ പട്ടിണി കിടക്കുമ്പോൾ വയർ നിറച്ചുണ്ണുന്നവൻ നമ്മിൽപ്പെട്ടവനല്ല', എന്ന നബിയുടേതായ ഒരു വചനം ഹദീസു ഗ്രന്ഥങ്ങളിൽ കാണാം. ബുഖാരിയിലെയു, മുസ്ലിമിലെയും കള്ള ഹദീസ്സുകളാകുന്ന മാലിന്യക്കൂമ്പാരങ്ങൾക്കിടയിൽ ഇത്തരത്തിലുള്ള നല്ല വചനങ്ങളും നബിയുടെതായി ഇവർ ഇടയ്ക്കൊക്കെ എഴുതിവച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ വിശുദ്ധ ഖുർആനിലെ അസ്സിയാമുമായി ബന്ധപ്പെട്ട എല്ലാ സൂക്തങ്ങളുടെയും താൽപ്പര്യവും ലക്ഷ്യവും ആ ഹദീസിൽ അടങ്ങിയതായി നമുക്കു കാണാം. ഏതു ചെയ്യാം മുസ്ലിം സമൂഹത്തെ കുരങ്ങു കളിപ്പിക്കുകയും പട്ടിണിക്കിടുകയും ആരാധാനാ ഭ്രാന്തൻമാരാക്കലുമായിരുന്നുവല്ലോ അമവി അബ്ബാസി രാജാക്കന്മാരുടെ ലക്ഷ്യം.

ഭക്ഷണം, വസ്ത്രം, പാർപ്പിടം, വിദ്യാഭ്യാസം എന്നിങ്ങനെ ജീവിതത്തിന്റെ അടിസ്ഥാനമായ സമസ്ഥ മേഖലകളിലും വിശ്വാസികൾ സ്വയം പര്യാപ്തത കൈവരിക്കണമെന്നും, അങ്ങനെ ഒരുത്തമ സമൂഹമായാൽ-അങ്ങനെ ഒരു കേന്ദ്രസമൂഹമായിത്തീർന്നാൽ (Central Community - ഉമ്മത്തൻ വസ്വത്തൻ) നിങ്ങളുടെ ആവശ്യം കഴിഞ്ഞ് മിച്ചം വരുന്നതെല്ലാം തങ്ങളുടെ സഹജീവികളായ ദുർബല ജനവിഭാഗങ്ങൾക്ക് ദാനമായി നൽകണമെന്നും, പോരാ, ആ ദുർബ്ബല ജനവിഭാഗങ്ങളേയും നിങ്ങളെപ്പോലെ സന്തുഷ്ടവും, സ്വർഗ്ഗീയവുമായ ഒരു ശാന്തജീവിതം കെട്ടിപ്പടുക്കാൻ എല്ലാരീതിയിലും സഹായിക്കണമെന്നും, അതാണ് സ്വലാത്തെന്നും - അതാണ്-അത്തരമൊരു ദൈവീക വ്യവസ്ഥിതി സ്ഥാപിച്ചെടുക്കലാണ് യഥാർത്ഥ സ്വലാത്തെന്നും, അതിലാണ് മാനവരാശിയുടെ വിജയമെന്നും അതാണ്, ഇസ്ലാമിന്റെ 'ആകെത്തുക'യെന്നും, ആ സ്വലാത്താണ് 'ദീനുൽഖയ്യിമ' എന്നും മുഹമ്മദ് നബിയും, ഖുർആനും പഠിപ്പിച്ചപ്പോൾ, അല്ല അഞ്ചുനേരം അറബിഭാഷയിൽ അറേബ്യയിലേക്ക് തിരിഞ്ഞു നിന്ന് കൂട്ടംകൂട്ടമായി ചടങ്ങു പ്രാർത്ഥന നടത്തലാണ് സ്വലാത്തെന്നും ആ അഞ്ചുനേര നമസ്കാരത്തിലാണ് മുസ്ലികളുടെ സർവ്വ ഐശ്വര്യവും, വിജയവും, 'പോരിശ'യുമെന്നും തെറ്റിദ്ധരിപ്പിച്ച, അങ്ങനെ നബി കൊണ്ടുവന്ന ദൈവീക വ്യവസ്ഥിതിയെ (Divine socialism ത്തെ) ഒരു 'മുആവിയൻ ക്യാപ്പിറ്റലി'സമാക്കിയ (Arabian Capitalism) അമവി അറബികളുടെ കുബുദ്ധിയേയും, കള്ള ഹദീസുകളേയും, ആ ഹദീസുകളുടെ പൊള്ളത്തരങ്ങളേയും മനസ്സിലായിട്ടും മനസ്സിലായില്ലെന്നു നടിക്കുന്ന സുന്നത്തു ജമാഅത്തിന്റെ പണ്ഡിതന്മാരെ അല്ലാഹു തന്നെ കൈകാര്യം ചെയ്യുന്ന കാലം അനതിവിദൂരമല്ലെന്ന് നാം പ്രതീക്ഷിക്കുക (ചില ശിയാവിഭാഗങ്ങളും, 'ബോറികളും' തങ്ങളുടെ സമ്പത്തിൽ നിന്ന് പത്തും, അമ്പതും ശതമാനം വരെ സകാത്ത് നൽകുമ്പോൾ ഉപയോഗിക്കാത്ത സമ്പാദ്യത്തിൽ നിന്ന് കേവലം രണ്ടര ശതമാനം (നക്കാപ്പിച്ച) സകാത്ത് കൊടുത്താൽ മതിയെന്നാണ് 'സുന്നി മദ്ഹബ്')

റംസാൻ വ്രതത്തിന് വളരേയേറെ പ്രതിഫലം ഉണ്ടെന്നാണ് പ്രചരിപ്പിക്കപ്പെട്ടത്. മറ്റൊരു കള്ള ഹദീസിൽ പറയുന്നത് മൻ സാമ-റമളാന-ഈമാനൻ-വഹ്തിസാബൻ-ഉഫിറലഹു-മാതഖദ്ദമ-മിൻ ദൻബിഹി, എന്നാണ്. ആരെങ്കിലും റംസാൻ വ്രതം വിശ്വാസത്തോടെ (പ്രതിഫലം കാംക്ഷിച്ചുകൊണ്ട്) അനുഷ്ഠിച്ചാൽ അവന്റെ സർവ്വ പാപങ്ങളും പൊറുക്കപ്പെടും എന്നാണ്. ഐച്ഛിക വ്രതാനുഷ്ഠാനങ്ങൾക്കുള്ള പ്രതിഫലത്തിനാണെങ്കിൽ കയ്യും കണക്കുമില്ല. എന്നാൽ സൗം എന്ന പദം ഖുർആനിൽ

ആകെ ഒരിടത്ത് (മറിയമിന്റെ ഒരു നേർച്ചയായി) മാത്രമാണുള്ളത്. 'നോമ്പ്' നുഷ്ഠിക്കുന്ന മറിയമിനോട് അല്ലാഹു തിന്നാനും കുടിക്കാനും സംസാരിക്കാനും പറഞ്ഞതായിക്കാണാം. ചില ജൂതൻമാരും ക്രിസ്ത്യൻ വിഭാഗങ്ങളും ആചരിച്ചുവരുന്ന 'മൗനവ്രതം' എന്ന ശരീഅത്തിന് പോലും ഖുർആനിൽ അവിടെ തെളിവില്ല എന്നുസാരം. ചുരുക്കത്തിൽ സൗമ്, സൗം എന്നൊക്കെ നാഴികക്ക് നാൽപതുവട്ടം സുന്നി പുരോഹിതൻമാർ നാവിട്ടടിക്കുന്നതിന് ഖുർആനിൽ ഒരു തെളിവുപോലും ഇല്ലെന്നർത്ഥം. സത്യം ഇതായിരിക്കെ ഒരു മാസം മുഴുവൻ യാതൊരു അടിസ്ഥാനവുമില്ലാതെ മുസ്ലിംകളെ വെറുതെ പട്ടിണിക്കിട്ട് കുരങ്ങ് കളിപ്പിച്ചാൽ തനി ആരാധനാഭ്രാന്തൻമാരല്ലാതെ, ആരാണത് വകവെക്കുക!!.

അതുപോലെ അൽ എന്ന പ്രത്യയമില്ലാതെ വെറും സിയാം എന്ന പേരിൽ നാലഞ്ച് സ്ഥലങ്ങളിൽ ഖുർആൻ ചില പരിശീലനപരിപാടികൾ (Special training to stop the concerned evil) പരാമർശിക്കുന്നുണ്ട്. (2:196), (4:92), (5:89), (5:95), (58:4), (19:26) അതെല്ലാം ശിക്ഷയും ശിക്ഷണവുമായി ബന്ധപ്പെട്ടതാണ്. കേവലം പട്ടിണി കിടക്കാനല്ല. രേഖാമൂലം എഴുതി നൽകിയ കരാറുകൾ പാലിച്ചിട്ടില്ലെങ്കിൽ (ഉടമ്പടികൾ ലംഘിച്ചാൽ) ഇസ്ലാമിക ഭരണകൂടത്തിനെതിരെ - സർക്കാറിനെതിരെ ഗൂഢാലോചനയും, അപവാദവും പ്രചരിപ്പിച്ചാൽ, സമാധാന ഉടമ്പടികൾ നിലനിൽക്കെ ശത്രുപക്ഷത്തെ സൈനികനെ അബദ്ധത്തിൽ കൊല്ലുകയോ, പരിക്കേൽപിക്കുകയോ ചെയ്താൽ, യുദ്ധരംഗത്ത് സ്വന്തം സഹോദരനെ അബദ്ധത്തിൽ കൊന്നുപോയാൽ, ഹജ്ജുനടക്കുന്നതിനിടയിൽ (മനുഷ്യാവകാശങ്ങൾക്ക് വേണ്ടിയുള്ള പോരാട്ടം നടന്നുകൊണ്ടിരിക്കെ) നേതൃത്വവുമായി തർക്കമുണ്ടാവുകയും, നേതൃത്വത്തെ ധിക്കരിക്കുകയും ചെയ്താൽ ഇത്തരം സന്ദർഭങ്ങളിൽ കുറ്റവാളികൾക്കുള്ള ഒരു ശിക്ഷയും ശിക്ഷണനടപടിയും എന്ന നിലക്ക് ഇസ്ലാമിന്റെ ഖലീഫയോ, സർക്കാറോ ഖുർആൻ പണ്ഡിതന്മാരായ ന്യായാധിപൻമാരോ വേദഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ വിധിക്കുന്ന ഏതാനും ദിവസത്തെ പ്രത്യേക ശിക്ഷണനടപടികൾക്ക് (സിയാമിന്) പരിശീലനപരിപാടികൾക്ക്-കുറ്റവാളി വിധേയനാവേണ്ടതാണ്. ചെയ്ത തെറ്റിൽ പശ്ചാത്തപിക്കാനും കുറ്റകൃത്യങ്ങൾ ആവർത്തിക്കാതിരിക്കാനും അത്തരം പരിശീലനങ്ങൾ ആവശ്യവുമാണ്. ശിക്ഷാനോമ്പുകളെക്കുറിച്ച് മറ്റൊരു സ്ഥലത്ത് വിശദമാക്കിയതിനാൽ അതിവിടെ ആവർത്തിക്കുന്നില്ല. (ഡോ.ഖമർ സമാൻ, അബൂയാസീൻ എന്നിവർ എഴുതിയ മുൻപറഞ്ഞ ഹജ്ജിന്റെ സത്യം The Truth about Hajj എന്നീ ഗ്രന്ഥങ്ങൾ കാണുക). ചുരുക്കത്തിൽ സൗം, സിയാം, അസ്സിയാം എന്നൊക്കെ ഖുർആൻ പഠിപ്പിച്ചത് മുഴുവൻ പട്ടിണി കിടക്കാനല്ല, വ്യക്തികളിലും സമൂഹത്തിലുമുള്ള കൂരിരിട്ടുകളാകുന്ന തിന്മകൾ നിർമ്മാർജ്ജനം ചെയ്യാനുള്ള സമഗ്രദാരിദ്ര്യനിർമ്മാർജ്ജന പരിശീലന പദ്ധതികളാണ്. ആമാശയ ദാരിദ്ര്യം മുതൽ ആശയപരമായ - പ്രത്യയശാസ്ത്രപരമായ ദാരിദ്ര്യം വരെ, അതിൽ ഉൾപ്പെടും.

## ദൈവനാമത്തിൽ പട്ടിണി കിടക്കാമോ?

ദൈവനാമത്തിൽ ഒരു ദിവസംപോലും പട്ടിണി കിടക്കാൻ പാടില്ലെന്നും, അത് ശിർക്കാണ് എന്നുമാണ് വേദഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ നമുക്ക് പറയാനുള്ളത്. മനുഷ്യന്റെ അടിസ്ഥാന ആവശ്യമാണ് ഭക്ഷണം, വസ്ത്രം, പാർപ്പിടം. ഒരു യാചകനുപോലും ആ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റാനുള്ള സാഹചര്യം ഒരുക്കിക്കൊടുക്കുക, അങ്ങനെ അല്ലാഹുവിന്റെ ഭൂമിയിൽ എല്ലാവരും സമാധാനത്തോടെ (സന്തോഷത്തോടെ )കഴിയാനുള്ള ജീവിത സാഹചര്യം ഉണ്ടാക്കിക്കൊടുക്കുക എന്നതാണ് ഖുർആന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ ഒന്ന്. ഏതൊരു വ്യക്തിയും സമാധാനത്തോടു കൂടി-സംതൃപ്തിയോടു കൂടി ജീവിക്കുമ്പോൾ മാത്രമേ അവന് അല്ലാഹുവിനെക്കുറിച്ച് ശരിക്കും ഓർക്കുവാനും അവനു വേണ്ടി (ഖുർആനു വേണ്ടി) പ്രവർത്തിക്കാനും കഴിയു. അപ്പോൾ മാത്രമേ അവന്റെ ഇഹ-പരജീവിതങ്ങൾ മോക്ഷം പ്രാപിച്ചതാകു. സുഖമായ ജീവിതത്തിന് ദുർവ്യയം ചെയ്തുകൊണ്ടുള്ള കുറേ ചടങ്ങുകളുടെയും അനുഷ്ഠാനങ്ങളുടെയും ആവശ്യമില്ല. രഹസ്യമായും ആത്മാർത്ഥമായും അല്ലാഹുവിനോടു പ്രാർത്ഥിച്ചുകൊണ്ട് കർമ്മനിരതനാകാനാണ് അല്ലാഹു നമ്മോട് ആവശ്യപ്പെടുന്നത്. അതുകൊണ്ട് തന്നെ മനുഷ്യന്റെ സമയവും, ശരീരവും, സമ്പത്തും നഷ്ടപ്പെടുത്തിക്കൊണ്ടുള്ള എല്ലാ ചടങ്ങ് പ്രാർത്ഥനകളേയും, അനുഷ്ഠാനങ്ങളേയും, അമിതാഹ്ലാദ പ്രകടനങ്ങളേയും ഖുർആൻ നിരാകരിക്കുന്നു. ഖുർആൻ പഠിപ്പിക്കാത്ത-മുഹമ്മദ് നബി കണ്ടിട്ടുപോലുമില്ലാത്ത അഞ്ച്നേര നമസ്കാരം, ബാങ്ക്, നോമ്പ് എന്നിങ്ങനെയുള്ള ആചാരങ്ങൾക്കുമാത്രം (ഇമാമിനും, മുക്രിക്കും ശമ്പളമായും, പള്ളിപ്പണിക്കും മറ്റും) 'അമ്പതിനായിരംകോടി ഡോളറാണ്' മുസ്ലീം സമുദായം വർഷംപ്രതി ചിലവഴിക്കുന്നത്. അതിൽ കൂടുതൽ മറ്റു ചില സമുദായങ്ങൾ തുലയ്ക്കുന്നുണ്ട്. പാവപ്പെട്ടവന് അർഹതപ്പെട്ട പണമാണത്. അത് പാവപ്പെട്ടവന്റെ പുനരധിവാസനത്തിന് വിനിയോഗിക്കണം എന്നാണ് ഖുർആൻ ആഴത്തിൽ പഠിച്ചാൽ നമുക്ക് മനസ്സിലാകുന്ന ഒരത്ഭുത സത്യം.

## വേണം, ഒരു ചികിത്സ...!

### ഭ്രാന്തിന് ചികിത്സ വേണം!  ആരാധനാ ഭ്രാന്തിനും വേണം, ഒരു ചികിത്സ...!!

എന്നാൽ അഞ്ച്നേര നമസ്കാര ഭ്രാന്തുപോലെ സുന്നി മുസ്ലിംകളുടെ രക്തത്തിൽ അലിഞ്ഞുപോയ ഒരനുഷ്ഠാനവും, ആരാധനാഭ്രാന്തുമാണ് റംസാൻ മാസത്തിലെ പകൽ പട്ടിണി. അബുഹുറൈറകൾ ആയിരത്തി അഞ്ഞൂറു വർഷങ്ങളിലൂടെ വളർത്തിയെടുത്ത ആ ആരാധാനാ ഭ്രാന്ത് മാറാൻ ഒരേയൊരു ചികിത്സയെ ഉള്ളു. അവർക്ക് ഒരു രണ്ടോ മൂന്നോ ദിവസം നോമ്പ് നോൽക്കാനുള്ള അനുവാദം നൽകുക.! പക്ഷേ അതിനുമുമ്പായി ഒരു നിബന്ധന അവർ പാലിക്കണം. നാട്ടിൽ ഒരു പട്ടിണിപ്പാവം പോലും ഇല്ലായെന്ന്-ഭക്ഷണവും, വസ്ത്രവും, പാർപ്പിടവും ഇല്ലാത്ത ഒരൊറ്റ യാചകൻപോലും ഇല്ലായെന്ന് അവർ ഉറപ്പ് വരുത്തണം. ഖലീഫാ ഉമറിന്റെ കാലത്ത് 'സകാത്ത്' വാങ്ങാൻ-ദാനധർമ്മങ്ങൾ വാങ്ങാൻ ആളില്ലാത്ത-ഒരു സ്ഥിതി ഉണ്ടായിരുന്നുവെന്ന് ചരിത്രത്തിൽ നമുക്ക് കാണാം. പട്ടിണിയും ദാരിദ്ര്യവും ഇല്ലാത്ത-കള്ളവും ചതിയും പൊള്ളു പറയലും എള്ളോളമില്ലാത്ത, മഹാബലിയുടെയും, ഖലീഫാ ഉമറിന്റെയുമൊക്കെ രാമരാജ്യങ്ങൾ വീണ്ടും വന്നാൽ അവർക്ക് ഒരു രണ്ടോ മൂന്നോ ദിവസം ഒരു 'ചടങ്ങ് പട്ടിണി കിടക്കാം'. നമ്മളും, നമ്മളുടെ പൂർവ്വികരും ചെറുപ്പത്തിൽ അനുഭവിച്ച-പോയ നൂറ്റാണ്ടുകളിൽ അനുഭവിച്ചുപോയ-പോയ നൂറ്റാണ്ടുകളിൽ നമ്മുടെ പൂർവ്വികർ അനുഭവിച്ച ആ മഹാദുരിതത്തിൽ നിന്ന്-പട്ടിണിയിൽ നിന്ന് നമ്മെ രക്ഷിച്ച അല്ലാഹുവിനെ ഓർത്തുകൊണ്ട്, പട്ടിണി എന്താണെന്നറിയാൻ.. വിശപ്പെന്താണന്നറിയാൻ...!

**-ശുഭം-**



## ചരിത്രം സൃഷ്ടിച്ച ഗ്രന്ഥങ്ങൾ....!
## ചേകന്നൂർ മൗലവിയുടെ ഗ്രന്ഥങ്ങൾ...!
## (എ.ഡി. 1985–എ.ഡി. 2000)

- പ്രമാണയോഗ്യമായ ഹദീസേത്?
- അബൂഹുറൈറയുടെ തനിനിറം?
- നമസ്കാരം എങ്ങനെ? എത്ര? എപ്പോൾ?
- ഖുർആനിൽ നമസ്കാരത്തിനുള്ള സ്ഥാനം. (അഞ്ചുനേരത്തെ നമസ്കാരം ഖുർആനിൽ എന്ന സി.എൻ.അഹമ്മദ് മൗലവിയുടെ ഗ്രന്ഥത്തിനുള്ള മറുപടി)
- ഖുർആനിൽ നമസ്കാരം മൂന്ന് മാത്രം
  സി.എൻ. മൗലവിക്ക് ചുട്ടമറുപടി (രണ്ടാം ഭാഗം)
- ഖുർആനിലെ പിൻതുടർച്ചാനിയമം
- ഖുത്തുബ പരിഭാഷയും സ്ത്രീകളുടെ ജുമുഅയും
- തറാവീഹ് നബിക്ക് മാത്രം
- ഖുർആനിലെ ഹജ്ജ്
- ഖുർആൻ വിരുദ്ധ ബാങ്കും ജമാഅത്തും
- ഇസ്ലാം കാര്യം പത്ത്
- ഖുർആനിലെ നമസ്കാരരൂപം
- സർവമത സത്യവാദം ഖുർആനിൽ
- ഇസ്രാഉും മിഅ്റാജും
- നബിയുടെ പേരിൽ സ്വലാത്തു ചൊല്ലൽ എങ്ങനെ?
- ബുഖാരിയും മുസ്ലിമും ലോകപൊള്ളന്മാർ?
- ഇന്ത്യൻ ശരീഅത്തും ഇസ്ലാമിക ശരീഅത്തും സുപ്രീംകോർട്ട് വിധിയും
- സലാം സുല്ലമിക്ക് സമുചിത മറുപടി
- മുസ്ലിം പിന്തുടർച്ചാ നിയമം – വിമർശകർക്ക് മറുപടി

1. ചേലാകർമ്മം അനിസ്ലാമികം (*ഡോ. എം. അബ്ദുൽ ജലീൽ, പുറ്റേക്കാട്* )
2. ചേകന്നൂർ മൗലവിയുടെ ഖുർആനിക ദർശനങ്ങൾ (*ഡോ. എം. അബ്ദുൽ ജലീൽ, പുറ്റേക്കാട്* )
3. ഇസ്ലാമും ജനാധിപത്യവും *(ഡോ. എം. അബ്ദുൽ ജലീൽ, പുറ്റേക്കാട് )*
4. വിശുദ്ധ ഖുർആൻ –
   മുസ്ലിംകളുടെ ഒരേയൊരു പ്രമാണ ഗ്രന്ഥം *(ഡോ. എം. അബ്ദുൽ ജലീൽ, പുറ്റേക്കാട് )*
5. ആമീൻ എന്ന ഖുർആൻ വിരുദ്ധ പ്രാർത്ഥനാ മൊഴിയും വിഗ്രഹാരാധനയും
   *(ഡോ. എം. അബ്ദുൽ ജലീൽ, പുറ്റേക്കാട് )*
6 ഹദീസുകളുടെ പ്രാമാണികത *(എം.പി. മുഹമ്മദുണ്ണി മൗലവി മാറഞ്ചേരി)*
7. ഈ ഹദീസുകൾ ആർക്കു വേണ്ടി *(പി.സി. മുഹമ്മദ് കുട്ടി ഹാജി)*
8. ചേകന്നൂർ മൗലവിയുടെ ആദർശ പടയോട്ടം (*മൗലവി യൂസുഫ് കരുനാഗപ്പള്ളി* )
9. ഇസ്ലാമിലെ ചിന്താ പ്രസ്ഥാനങ്ങൾ *(മുഹമ്മദുണ്ണി മൗലവി* )
10. ഹസ്രത്ത് അലി (*മുഹമ്മദുണ്ണി മൗലവി )*
11. വേദദർശനം മാസിക
12. ഇസ്ലാമിൽ നടന്ന ഗുരുതമായ അട്ടിമറികൾ (ഇസ്ലാമിലേക്കുള്ള പാത) വിശുദ്ധ ഖുർആനെയും, ഖുർആൻ സുന്നത്ത് പ്രസ്ഥാനത്തെയും പരിചയപ്പെടുത്തുന്ന 50 മണിക്കൂർ ദൈർഘ്യമുള്ള പ്രഭാഷണപരമ്പര. ഓഡിയോ സി.ഡി. (MP3 ഫോർമാറ്റ് )
13. മരണമില്ലാത്ത മൗലവി ചേകന്നൂർ (വി.സി.ഡി.)

# മൗലവിക്ക് ശേഷം

## ഖുർആൻ സുന്നത്ത് സൊസൈറ്റി-രണ്ടാംഘട്ടം

| | | | |
|---|---|---|---|
| 1. | സ്വലാത്തിന്റെ സത്യം | - | അബൂയാസിൻ |
| 2. | The truth about Salath | - | Dr. Qamer Zaman |
| 3). | The truth about soum | - | ,, |
| 4. | The truth about HAJJ | - | ,, |
| 5. | 'വുളു' വിന്റെ സത്യം | - | ഡോ: അബ്ദുൽ ജലീൽ |
| 6. | നമസ്ക്കാരത്തിന്റെ യാഥാർത്ഥ്യം | - | ,, |
| 7. | ഹജ്ജിന്റെ സത്യം | - | അബൂയാസിൻ |
| 8. | ആത്മീയ സാക്ഷരതയ്ക്ക് ഒരാമുഖം | - | ,, |
| 9. | സുജൂദ് | - | ,, |
| 10. | ഇസ്ലാം - ആത്മീയാധിഷ്ഠിത ഭൗതികവാദം | - | ,, |
| 11. | മസ്ജിദ് | - | മുതൂർ അബൂബക്കർ മൗലവി & ഡോ: ജലീൽ |
| 12. | മസ്ജിദിന്റെ സത്യം | - | ഡോ: അബ്ദുൽ ജലീൽ |
| 13. | മലക്കുകളുടെ സത്യം | - | അബൂയാസിൻ |
| 14. | ചേലാ കർമ്മം അനിസ്ലാമികം | - | ഡോ: അബ്ദുൽ ജലീൽ |
| 15. | ഇസ്ലാമികഭരണത്തിന്റെ അവസാനവും അഹ്ലു സുന്നത്ത് വൽ ജമാ അത്തിന്റെ ആരംഭവും | - | ,, |
| 16. | ആദമും ഇബ്ലീസും | - | ,, |
| 17. | മൂസാനബിയുടെ വടി | - | ,, |
| 18. | അന്നിസാഉം സ്ത്രീകളും; പാവങ്ങളും പെണ്ണുങ്ങളും ഖുർആനിക വീക്ഷണത്തിൽ | - | ,, |
| 19. | രക്തച്ചൊരിച്ചിൽ (ഗോത്രയുദ്ധങ്ങൾ) ആർത്തവമായപ്പോൾ | - | ,, |
| 20. | ഗുഹാവാസികൾ; യാഥാർത്ഥ്യമെന്ത്? | - | ,, |
| 21. | യൂസുഫ് നബിയും സുലൈഖയും. യാഥാർത്ഥ്യമെന്ത് ? | - | ,, |
| 22. | ഇസ്ലാമിക് ബാങ്കിംഗ്. സത്യവും മിഥ്യയും | - | ,, |
| 23. | ഭാര്യയെ തല്ലാമോ..? | - | ,, |
| 24. | വിവാഹവും, വിവാഹ മോചനവും. യാഥാർത്ഥ്യമെന്ത്? | - | ,, |
| 25. | പട്ടിയും പന്നിയും പിന്നെ കുറേ കുരങ്ങൻമാരും ഖുർആൻഎന്തു പറയുന്നു | - | ,, |
| 26. | സ്വാലിഹ് നബിയുടെ 'ഒട്ടകം' | - | ,, |
| 27. | ഇസ്ലാമും ജനാധിപത്യവും | - | ,, |
| 28. | ആമിൻ എന്ന ഖുർആൻ വിരുദ്ധ പ്രാർഥനാമൊഴിയും ബിംബാരാധനയും | - | ,, |
| 29. | ഇസ്ലാം മതവും ക്രിസ്തുമതവും | - | ,, |
| 30. | മതരഹിത സമൂഹം | - | ,, |

Websites

www.aastana.com
www.thequranicvision.in
www.chekanoormoulavi.com
www.khur-aansunnathsociety.com

# നോമ്പിന്റെ യാഥാർത്ഥ്യം

വിശുദ്ധ ഖുർആനിലെ അസ്സിയാം സംബന്ധിച്ച ഖുർആനിക സൂക്തങ്ങളുടെ വെളിച്ചത്തിൽ തയ്യാറാക്കിയ മലയാളത്തിലെ ആദ്യ ഗ്രന്ഥമാണിത്. ശഹറുറംസാൻ എന്ന ഖുർആനിലെ പ്രയോഗം ഖുർആൻ അവതരിച്ചു അഞ്ചു പതിറ്റാണ്ടുകൾക്കു ശേഷം അമവി അറബികൾ രൂപപ്പെടുത്തിയ ഹിജറ കലണ്ടറിലെ റംസാൻ മാസത്തെക്കുറിച്ചല്ലെന്നും അനീതിയുടെയും അക്രമത്തിന്റെയും മനുഷ്യാവകാശ ലംഘനങ്ങളുടെയും ഒരു ഇരുണ്ട യുഗത്തെ സംബന്ധിച്ചാണ് ഈ ആലങ്കാരിക പ്രയോഗമെന്നും, അസ്സിയാം ഇരുളുകളുടെ നിർമ്മാർജ്ജനമാണെന്നും ഇതിൽ ഖുർആനിക സൂക്തങ്ങളുടെ പിൻബലത്തിൽ സമർത്ഥിച്ചിരിക്കുന്നു. അനുവാചകരെ ഖുർആൻ വിഭാവനം ചെയ്യുന്ന യാഥാർത്ഥ സരണിയിലേക്ക് ആനയിക്കുന്ന ഒരുത്തമ രചനാവിശേഷം. അന്ധകാരത്തിന്റേയും അനാചാരങ്ങളുടേയും, അർത്ഥശൂന്യമായ ചടങ്ങു പ്രാർത്ഥനകളുടേയും ചങ്ങലകളാൽ ബന്ധിക്കപ്പെട്ട ഒരു സമുദായം യുഗാന്തരങ്ങളായി നവോത്ഥാനത്തിന്റെ പൊൻപുലരിയ്ക്കായി കാത്തിരുന്ന സവിശേഷമായ ഒരു പ്രമേയത്തിന്റെ ആവിഷ്കാരം. ഒപ്പം വേറിട്ട ഒരു വായനാനുഭവവും.

സംഗീതാത്മകവും ആത്മീയ സാന്ദ്രവുമായ ഖുർആൻ വചനങ്ങളുടെ

പൊരുൾ തേടി വീണ്ടും...

ഖുർആൻ സൂക്തങ്ങളുടെ ആത്മാവിലൂടെ...